നേതൃസ്മൃതി



ഒ. ആബു

ഇബ്രാഹിം ബേവിഞ്ച
സി.ടി. ബഷീർ

ഒ. ആബു

ഇബ്രാഹിം ബേവിഞ്ച
സി.ടി. ബഷീർ

പ്രസാധനം:
ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ

mappilaheritagelibrary.com

Malayalam
Nethru Smrithi Sanchika-1
O. Aabu
(Biography)

by

Ebrahim Bevinja
&
C.T. Basheer

General Editor
P.A. Rasheed

Project Co-ordinator
K. Aboobacker
kayaboobacker@gmail.com

All rights reserved
First Edition: December 2010

Published by
Grace Educational Association, P.B. No: 3
Malappuram Dt., PIN : 676317

Production & Design
www.wampee.in

DTP & Layout
SignX-Vtk / 9495642332

Printed in India
at
.....

Distributors:
Grace Books
Camp Sayyid, P.B.No. 3
Malappuram Dt - 676317

Rs. 75/-

mappilaheritagelibrary.com

പ്രസാധകക്കുറിപ്പ്

ആകാശത്തു പടരാനും കനി നൽകാനും കഴിയണമെങ്കിൽ മണ്ണിൽ വേരിറക്കി വീര്യം വലിച്ചെടുക്കണമെന്നത് പ്രകൃതിനിയമമാണ്. ഓരോ തലമുറയും മുൻമുറക്കാരിൽ നിന്ന് സാംസ്കാരികാസ്തികൾ ഏറ്റുവാങ്ങുകയും പുതുമുറക്കാർക്ക് പാകമാകുന്ന തരത്തിൽ പുതുക്കുകയും വരുംതലമുറക്ക് വേണ്ടി കരുതലോടെ കാത്തുവെക്കുകയും ചെയ്യുന്നത് അതുകൊണ്ടാണ്. മാറ്റങ്ങളോടിണങ്ങിനിന്ന് പൊരുത്തപ്പെടുന്നതിന് സമൂഹമനസ്സ് എപ്പോഴും സാവകാശം തേടുന്നുണ്ട്. അതിന്നവസരം നൽകാത്തത്ര കൂടിയ ഗതിവേഗമാണ് മലയാളിയുടെ മാറ്റത്തിനുള്ളത്. കേരളീയർ കാലങ്ങളായി കാത്തുവെച്ച ഈടുവെപ്പുകൾ പലതും ഈ കുത്തൊഴുക്കിൽ കടപുഴകുന്നു. മണ്ണിന്റെ മണവും നിറവുമില്ലാത്ത ഒരു വിചിത്ര സംസ്കാരം പതുക്കെ കേരളത്തിൽ രൂപപ്പെട്ടുവരുന്നു. സാംസ്കാരിക തുടർച്ചയിൽ സംഭവിക്കുന്ന ഇടർച്ചയിലുള്ള വേവലാതി പലരെയും ഇടപെടുന്നതിന്ന് പ്രേരിപ്പിക്കുന്നുണ്ട്. 'നേതൃസ്മൃതിസഞ്ചിക' പ്രസക്തമാകുന്നത് ഇവിടെയാണ്. ദീർഘകാല പ്രസക്തിയുള്ള മൂല്യങ്ങളുടെ ജീവൽമാതൃകകൾ പുതുതലമുറയ്ക്ക് കൈമാറുവാനുള്ള എളിയ ശ്രമമാണിത്.

ഉദാരമതികളായ പണ്ഡിതൻമാർ പോലും 'അശുദ്ധ'മെന്നു വിളിച്ച് ഭാഷാഭേദങ്ങളെ വിചാരണ ചെയ്ത കാലത്ത് അറബിമലയാളത്തെ കുറിച്ച് അഭിമാനത്തോടെ സംസാരിച്ചുകൊണ്ടിരുന്ന ഭാഷാസ്നേഹിയാണ് ഒ.ആബു. ഹൈസ്കൂൾ വിദ്യാഭ്യാസവും മൂർക്കോത്ത് കുമാരന്റെ ശിഷ്യത്വവും മാത്രം ആസ്തിയാക്കി, പ്രതിഭയും പ്രയത്നവും കൊണ്ട് അക്ഷരലോകത്ത് 'കടന്നിരുന്ന' വ്യക്തി. ഭാഷാ ഗവേഷണവും സാഹിത്യ ചരിത്രരചനയുമായി, ചരിത്രജീവചരിത്ര രചനയുമായി, പത്രപ്രവർത്തനവും വിവർത്തനവുമായി, കവിതയെഴുത്തായി... അങ്ങനെ ആബുസാഹിബിന്റെ കർമ്മമണ്ഡലങ്ങളെല്ലാം അക്ഷരങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു. അദ്ദേഹത്തിന്റെ സാഹിത്യശ്രമങ്ങളെ അടുത്തുനിന്ന് പരിശോധിക്കുകയാണ് ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത് ഇബ്രാഹിം ബേവിഞ്ച. ആബുവിന്റെ വ്യക്തിജീവിതത്തിലേക്ക് വെളിച്ചംവീശുന്നു, അനന്തരഭാഗത്ത് സഹപ്രവർത്തകനായിരുന്ന സി.ടി. ബഷീർ.

ഒരു ദശാബ്ദക്കാലമായി വിദ്യാഭ്യാസ സാംസ്കാരികരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘടനയാണ് ഗ്രെയ്സ് എജ്യുക്കേഷണൽ അസോസിയേഷൻ. പാരമ്പര്യപഠനത്തിന്റെ ഭാഗമായി ഏറ്റെടുത്ത പ്രധാന പ്രൊജക്ടുകളിലൊന്നാണ് 'നേതൃസ്മൃതിസഞ്ചിക'. ഏറ്റവും അനിവാര്യമെന്നു കരുതുന്ന ഈ സംരംഭത്തോട് മലയാളീവായനക്കാർ അനുകൂലമായി പ്രതികരിക്കുമെന്ന് വിശ്വസിക്കുന്നു.

ഇബ്രാഹിം ബേവിഞ്ച



കാസർഗോട് ജില്ലയിലെ ബേവിഞ്ചയിൽ 1954 മെയ് 30ന് അബ്ദുല്ലക്കുഞ്ഞി മുസ്ല്യാരുടെ യും ചെമ്പിരിക്ക ഉമ്മാലിയുമ്മയുടേയും മകനായി ജനിച്ചു. കാസർഗോട് ഗവൺമെന്റ് കോളേജിൽ നിന്ന് ഇംഗ്ലീഷ് ഭാഷയിലും സാഹിത്യത്തിലും ബിരുദം. പട്ടാമ്പി സംസ്കൃത കോളേജിൽ നിന്ന് മലയാളത്തിൽ എം.എ. ബിരുദം. കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ നിന്ന് എം.ഫിൽ. 1980-81 കാലത്ത് ചന്ദ്രിക ദിനപത്രത്തിൽ സഹപത്രാധിപർ. 1981 മുതൽ കാസർകോട് ഗവൺമെന്റ് കോളേജ്, കണ്ണൂർ വിമൻസ് കോളേജ്, ഗോവിന്ദപൈ സ്മാരക കോളേജ്, മഞ്ചേശ്വരം എന്നിവിടങ്ങളിൽ മലയാളം അധ്യാപകൻ. 2010 മാർച്ച് 31ന് വിരമിച്ചു. കേരള സാഹിത്യ അക്കാദമി അംഗമായിരുന്നു. സമസ്ത കേരള സാഹിത്യ പരിഷത്തിലും അംഗമാണ്. കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ നിന്ന് യു.ജി. ബോർഡ് ഓഫ് സ്റ്റഡീസിലും പി.ജി. ബോർഡ് ഓഫ് സ്റ്റഡീസിലും അംഗമായിരുന്നു.

ഉബൈദിന്റെ കവിതാലോകം, മുസ്ലിം സാമൂഹികജീവിതം മലയാളത്തിൽ, ഇസ്ലാമിക സാഹിത്യം മലയാളത്തിൽ, പക്ഷിപ്പാട്ട് ഒരു പുനർവായന, ബഷീർ ദി മുസ്ലിം, നിളതന്ന നാട്ടെഴുത്തുകൾ എന്നിവയാണ് പ്രസിദ്ധീകരിച്ച കൃതികൾ. മൊഗ്രാൽ കവികൾ, പള്ളിക്കര എം.കെ. അഹമ്മദിന്റെ മാപ്പിളപ്പാട്ടുകൾ, പൊൻകുന്നം സെയ്ദുമുഹമ്മദിന്റെ മാഹമ്മദം എന്നിവയെകുറിച്ച് പഠനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പി.ടി.അബ്ദുറഹ്മാന്റെ കറുത്ത മുത്ത് തൊട്ട് പതിനഞ്ചോളം പ്രസിദ്ധരായ എഴുത്തുകാരുടെ പുസ്തകങ്ങൾക്ക് മുഖപഠനങ്ങൾ.

അബൂദാബി കെ.എം.സി.സി, അബുദാബി റൈറ്റേഴ്സ് ഫോറം, ഷാർജ കെ.എം.സി.സി, കാസർഗോട് സാഹിത്യവേദി, നടുത്തോപ്പിൽ അബ്ദുല്ല, എം.എസ്.മൊഗ്രാൽ, മൊറയൂർ മിത്രവേദി തുടങ്ങി പത്ത് അവാർഡുകൾ. ചന്ദ്രിക വാരാന്തപ്പതിപ്പിൽ പ്രസക്തി (18 വർഷം), മാധ്യമം ദിനപത്രത്തിൽ കാര്യവിചാരം (5 വർഷം), മാധ്യമം വാരാന്തപ്പതിപ്പിൽ കഥ പോയ മാസത്തിൽ (6 വർഷം), ആരാമം മാസികയിൽ പെൺവഴികൾ (6 വർഷം), തൂലിക മാസികയിൽ ചിന്തന (7 വർഷം), രിസാല വാരികയിൽ പ്രകാശകം (3 വർഷം) എന്നീ കോളങ്ങൾ എഴുതി. കാസർഗോട് വാർത്താ നെറ്റിൽ ഹൃദയപൂർവ്വം എന്ന കോളം കൈകാര്യം ചെയ്യുന്നു. ഖുർആനിക സൗന്ദര്യ ശാസ്ത്രത്തെകുറിച്ച് ഗവേഷണം ചെയ്യുന്നു. മലയാള സാഹിത്യത്തിലെ മതേതരഭാവത്തെ കുറിച്ചുള്ള പഠനം പൂർത്തിയായിട്ടുണ്ട്. ഭാര്യ ടി.പി.ഷാഹിദ, മക്കൾ: ശബാന റഫീഖ്, റിസ്വാന സവാബ്, ശിബിലി അജ്മൽ, വിലാസം: തെക്കിൽഫെറി പി.ഒ, ചെങ്ങള, കാസർകോട്. ഫോൺ: 04994280402

സിടി ബഷീർ



ജനനം: തലശ്ശേരിയിൽ, മേയ് 31 1940. ചെറിയ തൈത്തോടത്ത് പച്ചുവിന്റെയും യുടി അബ്ദുൽ ഖാദറുടെയും ദ്വിതീയ പുത്രൻ. സഹോദരർ മുസ്സക്കുട്ടി, ഹാരിസ്. ഭാര്യ: എകെ റുഖിയ. മക്കൾ: മുഹമ്മദ് റഫീഖ്, റശീദാ സലിം, മുബാറക്, മുഹമ്മദ് ഫാറൂഖ്. വിദ്യാഭ്യാസം: മദ്രസ്സതുൽ ഇസ്ലാമിയ സ്കൂൾ, മുബാറക് ഹൈസ്കൂൾ, ഗവ. ബ്രണ്ണൻ കോളേജ്. ഉദ്യോഗം: വളപട്ടണം വെസ്റ്റേൺ ഇന്ത്യാ പ്ളൈവുഡ്സിലെ സെയിൽസ് മാനേജർ. 2006 -ൽ വിരമിച്ചു.

കൃതികൾ: സ്വർഗ്ഗീയ സല്ലാപം (ലേഖനസമാഹാരം), വയലാറും വാൽകമ്പിയും (പഠനങ്ങൾ), ഏകാന്തസന്ധ്യകൾ (മിനി കവിതകൾ), പാതിബാല്യം പാതിമരണം (സ്മരണകൾ)

തൂലികാനാമം: അബൂ മുബാറക്

വിലാസം: പ്രശാന്തം, പി.ഒ ചിറക്കൽ, കണ്ണൂർ-670011, ഫോൺ: 0497-2778593

ഉള്ളടക്കം

1. ആബുപഠനങ്ങളുടെ പശ്ചാത്തലം 8
2. ആബുവിന്റെ പാട്ടുകളിലെ കാവ്യാത്മകത 17

ആബുവിന്റെ വിവർത്തനസാഹിത്യം

3. മുഹമ്മദ് അസദിന്റെ ഇസ്ലാം വഴിത്തിരിവിൽ..... 22
4. ഇഖ്ബാലിന്റെ ജീവിതരഹസ്യം 28
5. ദൈവത്തിന്റെ മനുഷ്യൻ 34
6. ഗസ്സാലിയുടെ ഇഹ്യാ ഉലൂമുദ്ദീൻ 38
7. ഖാജാകമാലുദ്ദീന്റെ ഖുർആൻ പഠനത്തിന് ഒരാമുഖം..... 41
8. അഹ്മദ് ഏജൽ വാശിന്റെ ദീനുൽ ഇസ്ലാം 44

ആബുവിന്റെ ജീവചരിത്രഗ്രന്ഥങ്ങൾ

9. ജീവചരിത്രരചനയ്ക്ക് ഒരു മുഖക്കുറിപ്പ് 47
10. ഗൗസുൽ അഅ്ളം..... 49
11. സീതിസാഹിബ് 53
12. മഹാൻമാരുടെ കുട്ടിക്കാലം..... 58
5. ഉബൈദും ആബുവും..... 61
6. ആബു- വൈചിത്ര്യങ്ങളുടെ ആൾരൂപം 65

ഭാഗം-2

1. ആബുവിന്റെ അറബീമലയാള പര്യടനം 72
2. ദൈന്യതയുടെ വടക്കേയറ്റം 88
3. ഗുരുശിഷ്യബന്ധത്തിന്റെ അനുപമ ചക്രവാളം 98

mappilaheritagelibrary.com

mappilaheritagelibrary.com

മുഖവുര

ആബുവിന്റെ അക്ഷരലോകം വളരെ വിപുലമാണ്. വിശേഷപ്പെട്ട ആ ലോകത്തെ സമ്പൂർണ്ണവും സമഗ്രവുമായി വിലയിരുത്താൻ കഴിഞ്ഞിട്ടില്ല. ആബു പുസ്തകങ്ങളുടെ അലഭ്യതയാണ് മുഖ്യ കാരണം. ലഭ്യമായ പുസ്തകങ്ങളെക്കുറിച്ചുള്ള കൊച്ചുപഠനങ്ങളാണിത്.

ആബുവിന്റെ മുഖ്യ കൃതികളായ അറബീമല യാളസാഹിത്യ ചരിത്രം, ശ്രീനാരായണന്റെ ഏകലോകം എന്നീ വിലപ്പെട്ട പുസ്തകങ്ങളെ വിലയിരുത്തിയിരിക്കുന്നത് സി.ടി.ബഷീറാണ്. ആബു സാഹിത്യത്തിന്റെ അകവും പുറവും മനസ്സിലാക്കിയ ആളാണ് അദ്ദേഹം. അതിനാൽ ആ പുസ്തകങ്ങളെക്കുറിച്ച് കാര്യമായ ഒന്നും ഞാൻ തയ്യാറാക്കിയ ഭാഗത്തില്ല.

ആബുമാഷ് മരിച്ചിട്ട് 30 വർഷം പൂർത്തിയാവുകയാണ്. ഇപ്പോഴെങ്കിലും പരിമിതികളോടെ ഈ പുസ്തകമൊരുക്കാൻ കഴിഞ്ഞതിൽ ധന്യതയുണ്ട്. ഉബൈദ് കവിതകളെക്കുറിച്ചുള്ള എന്റെ പുസ്തകത്തിന്റെ രണ്ടാം ഭാഗമെന്ന് പറയാവുന്ന 'ഒ.ആബുവിന്റെ അക്ഷരലോകം' എഴുതാനായതിൽ ചാരിതാർത്ഥ്യമുണ്ട്. പുന്നയൂർകുളം ബാപ്പുവിനെക്കുറിച്ച് എഴുതണമെന്ന് ആശിക്കുന്നു. അത് സാധിച്ചാൽ മാപ്പിളപ്പാട്ട് കവിത്രയത്തിലെ മൂന്നു പേരെക്കുറിച്ചും എഴുതാനായി എന്ന് സമാധാനിക്കാം.

ബേവിഞ്ച — ***ഇബ്രാഹിം ബേവിഞ്ച***

21 ഡിസംബർ 2009

ആബുപഠനങ്ങളുടെ പശ്ചാത്തലം

1978-ൽ കേരള സംഗീതനാടകഅക്കാദമി ചെയർമാനായിരുന്ന വൈക്കം ചന്ദ്രശേഖരൻ നായർ ആബുവിന്റെ സാഹിത്യ ജീവിതത്തെ പ്രകീർത്തിച്ചുകൊണ്ട് നൽകിയ പ്രശംസാ പത്രത്തിൽ ഇങ്ങനെ കാണാം: "മലയാളസാഹിത്യത്തിലെ ഒരു മുഖ്യവിഭാഗമായ മാപ്പിളസാഹിത്യത്തെ തളിരു കൊള്ളിച്ചുപോന്ന പ്രതിഭാധനനാണ് ആബു. വിഭൂതി നിറഞ്ഞ പ്രതിഭയാൽ അനുഗൃഹീതനായ അദ്ദേഹത്തിന്റെ ശ്രേഷ്ഠകൃതികൾ മനസ്സിൽ വെളിച്ചവും ചൈതന്യവും ദീപ്തിയും നൽകുന്നു." സരളങ്ങളും ഭാവപ്രധാനങ്ങളുമായ മാപ്പിളപ്പാട്ടുകളുടെ രചയിതാവ്, ഉജ്ജ്വലനായ ഉപന്യാസകാരൻ, മലയാളത്തിലെ ഏത് ഭാഷാ പണ്ഡിതനോടുമൊപ്പം നിർത്താവുന്ന പ്രതിഭാശാലി. ആബുവിന്റെ ഗദ്യശൈലിയും ഭാഷാപരിജ്ഞാനവും കുട്ടികൃഷ്ണമാരാരെ ഓർമ്മിപ്പിക്കുന്നു. 'അറബിമലയാള സാഹിത്യചരിത്രം' എന്ന ഒറ്റകൃതി മാത്രം ആബുവിന്റെ ഗദ്യശൈലിയുടെ അതുല്യത വെളിവാക്കും- ഇങ്ങനെ എഴുതുന്ന സി.കെ. ആ പുസ്തകത്തിൽ ആബു അവതരിപ്പിച്ച ആശയങ്ങളെ ശ്ലാഘിച്ചിട്ടുണ്ട്.

മുസ്‌ലിംസാംസ്കാരികജീവിതതലങ്ങളിൽ ഇന്നും പരിഹരിക്കപ്പെടാതെ കിടക്കുന്ന ചില പ്രശ്നങ്ങൾ ഇരുപത്തഞ്ചിലധികം കൊല്ലങ്ങൾക്കു മുമ്പേ സി.കെ.കരീം എഴുതിയിട്ടുണ്ട്. അവ താഴെ ചേർക്കുന്നു:

1. മൂന്ന് ഡസനിലേറെ കൃതികളെഴുതിയ ആബുവിന്റെ സാഹിത്യകൃതികൾ പഠിക്കാൻ ആരും വേണ്ടത്ര ശ്രമിച്ചിട്ടില്ല.
2. അപ്രകാശിതകൃതികൾ തേടിപ്പിടിച്ച് പ്രസിദ്ധീകരിക്കാൻ ആരും മുമ്പോട്ട് വന്നില്ല.
3. മാപ്പിളപ്പാട്ടുകളുടെ വൈവിദ്ധ്യമാർന്ന ശീലുകൾ റിക്കാർഡ് ചെയ്തു സൂക്ഷിക്കാൻ ആബു ആഗ്രഹിച്ചിരുന്നു. അക്കാര്യം അദ്ദേഹം ഉദ്ദേശിച്ചതുപോലെ നടന്നില്ല.

mappilaheritagelibrary.com

4. പ്രശസ്തങ്ങളായ മാപ്പിളകാവ്യങ്ങൾക്ക് വ്യാഖ്യാനങ്ങളും ടിപ്പണികളും നല്കി പുനഃപ്രകാശനം ചെയ്യാൻ ആരും ഒന്നും ചെയ്തില്ല.
5. 'അറബിമലയാളം- മലയാളം ഡിക്ഷ്ണറി' എന്ന ആബുവിന്റെ വലിയ സ്വപ്നം ഇന്നും നിറവേറ്റപ്പെട്ടിട്ടില്ല.
6. അർഹിക്കുന്ന അംഗീകാരം ആബുവിന് കിട്ടിയില്ല.

ബഹളവും പെരുമ്പറയുമില്ലാത്ത നിശ്ശബ്ദസേവകൻ, പരാതികളും പരിദേവനങ്ങളുമില്ല. അവാർഡുകൾക്ക് ദാഹിച്ചില്ല. എഴുത്ത് അദ്ദേഹത്തിന് ആത്മീയമായ സന്തുഷ്ടി നേടാനുള്ള സുകൃതമായിരുന്നു. 1982-ലാണ് സി.കെ.കരീം ഇങ്ങനെ എഴുതിയത്. ഇക്കാര്യത്തിൽ കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടിവൈദ്യർ സ്മാരകസമിതി കുറേ കാര്യങ്ങൾ ഇപ്പോൾ ചെയ്തിട്ടുണ്ട്. വൈദ്യരുടെ സമ്പൂർണ്ണ കൃതികളുടെ വ്യാഖ്യാനവും ടിപ്പണിയും ഈ രംഗത്തെ ഏറ്റവും ബൃഹത്തായ പ്രവൃത്തിയാണ്. ഇശലുകളുടെ റിക്കാർഡിങ്ങും അവിടെ നടത്തിയിട്ടുണ്ട്. മാപ്പിളപ്പാട്ടുകളെക്കുറിച്ച് പ്രസിദ്ധീകരിക്കപ്പെട്ട അക്കാദമിക്ക് പഠനങ്ങൾ ശ്രദ്ധേയങ്ങൾ തന്നെ. 'ബിരുദങ്ങൾ നേടുക, പ്രശസ്തി സമ്പാദിക്കുക'-അതിനപ്പുറം ആത്മാർത്ഥമായ പഠനങ്ങൾ ഇപ്പോഴും നടന്നിട്ടില്ല. 1982 കാലത്തേക്കാളേറെ ഇപ്പോൾ മാപ്പിളസംസ്കൃതിയും പാട്ടുകളും പൊതുശ്രദ്ധയിൽ വന്നിട്ടുണ്ട്. യുവജനോത്സവങ്ങൾ, സർവ്വകലാശാലാ കലോത്സവമത്സരവേദികൾ, വിവിധ ചാനലുകൾ ഇവയൊക്കെയാണ് മാപ്പിളപ്പാട്ടുകളും അതിന്റെ സംസ്കൃതിയും പൊതുശ്രദ്ധയിൽ പെടുന്നതിന് കാരണമായിത്തീർന്നത്. രാഷ്ട്രീയ വ്യക്തിതാത്പര്യങ്ങളും ഇവയുടെ പിന്നിലുണ്ട്. പാട്ടുകൾ അധികവും നിലകൊള്ളുന്നത് സഹൃദയന്റെ ശ്രോതൃതടത്തിൽ മാത്രം. ഉബൈദ്, ആബു, കെ.കെ.മുഹമ്മദ് അബ്ദുൽ കരീം, സി.എൻ.അഹ്മദ് മൗലവി, ബാലകൃഷ്ണൻ വള്ളിക്കുന്ന് തുടങ്ങിയവർ ചെയ്തതുപോലെ തപസ്യാ സമാനങ്ങളായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ചാനലുകളിൽ തിളങ്ങുന്ന പാട്ടുകാർക്കും പാട്ടുകാരികൾക്കും പാട്ടെഴുത്തുകാർക്കും വിധികർത്താക്കൾക്കും ഈ വിഷയത്തിലുള്ള അറിവില്ലായ്മ ആരെയും അമ്പരപ്പിക്കുന്നതാണ്. പ്രതീക്ഷ തീരെയില്ലെന്നല്ല. ഈ വിഷയത്തിൽ അറിവുള്ളവർ വിരലിലെണ്ണാൻ മാത്രമേയുള്ളൂ. അവരിൽ പലരും അധികം താമസിയാതെ ജീവിതവേദിയിൽ നിന്ന് വിടവാങ്ങാൻ തക്കപ്രായമുള്ളവരുമാണ്. 'സമസ്ത കേരളസാഹിത്യപരിഷത്തി'ലൂടെ ഉബൈദ്മാഷും ദീർഘമായ എഴുത്ത് തപസ്യയിലൂടെ ആബുമാഷും നടത്തിയ ശ്രമങ്ങൾ ഈ സാഹിത്യശാഖയെ പൊതുശ്രദ്ധയിൽ കൊണ്ടുവന്നുവെങ്കിലും പിന്നീടു നടന്ന സൃഷ്ടിപരമായ സംഭാവനകൾ എന്ത് എന്ന ചോദ്യം ബാക്കി നിൽക്കുന്നു. മലയാളത്തിലെ പ്രമുഖ സാഹിത്യകാരന്മാരുടെയും പണ്ഡിതന്മാരുടെയും വിമർശകരുടെയും കുറേ വാക്യങ്ങൾ ഉചിതാനുചിതാവസ്ഥകളിൽ ഉദ്ധരിക്കാൻ നമുക്കു കിട്ടി എന്ന നേട്ടവും മറക്കുന്നില്ല. 'മാപ്പിളപ്പാട്ടു കവിത്രയം' എന്നു വിശേഷിപ്പിക്കപ്പെടു

ന്നവരിൽ ഒ. ആബു, പുന്നയൂർക്കുളം ബാപ്പു എന്നിവരെക്കുറിച്ച് ആഴമേറിയ പഠനങ്ങൾ വന്നതേയില്ല. നിർഭാഗ്യകരമായ ഈ സാഹചര്യത്തിലാണ് ഒ.ആബു സ്മാരകഗ്രന്ഥത്തിന്റെ (1982) അഞ്ച്, ആറ് പേജുകളിൽ വൈക്കം മുഹമ്മദ് ബഷീർ കുറിച്ചിട്ട വാചകങ്ങൾ വായനക്കാരനെ സംബന്ധിച്ചിടത്തോളം പൊള്ളുന്നതാകുന്നത്.

"ഒ.ആബു എന്ന സാഹിത്യകാരൻ 45 കൃതികൾ രചിച്ച് മരിച്ചുപോയി. അറബിമലയാളഭാഷയെപ്പറ്റി ഗവേഷണം ചെയ്ത്, ഒരു കൃതി രചിച്ചതിന് 'കേരളസംഗീതനാടകഅക്കാദമി' അവാർഡ് കൊടുത്തു. രണ്ട് മൂന്ന് ഗ്രന്ഥങ്ങൾക്ക് സമ്മാനങ്ങളും വാങ്ങിയിരുന്നു.... അറബി കൊള്ളാം. മലയാളവും കൊള്ളാം. അറബി മലയാളം 800 കൊല്ലക്കാലത്തെ മുസ്‌ലിം മണ്ടത്തരം. ഒരു പാട് ചിന്തകന്മാർ, മഹാകവികൾ ഒക്കെ മുസ്‌ലിം സമുദായത്തിനും മലയാളഭാഷയ്ക്കും നഷ്ടപ്പെട്ടു. മോയിൻകുട്ടിവൈദ്യരെപ്പോലുള്ളവർ നല്ല മലയാളഭാഷയിലാണ് എഴുതിയിരുന്നതെങ്കിലോ? ഒ.ആബു ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തിരുന്നു. ലോഹ്യയുടെ ആഹ്വാനം കേട്ട് സോഷ്യലിസ്റ്റ് കുപ്പായമിട്ടു നടന്ന നാളുകളും ഉണ്ടായിരുന്നു. മൂർക്കോത്ത് കുമാരന്റെ ശിഷ്യനായിരുന്നു. 'ശ്രീനാരായണന്റെ ഏകലോകം' എന്ന പ്രബന്ധത്തിന് എസ്. എൻ.ഡി.പി.ക്കാർ സ്വർണ്ണമെഡൽ കൊടുത്തു. ശ്രീനാരായണനെപ്പറ്റി ഭാഷയിൽ ഇറങ്ങിയിട്ടുള്ള ഏറ്റവും നല്ല കൃതി ആബുവിന്റേതാണ്. ഇഖ്ബാലിനെക്കുറിച്ച് രചിച്ച പ്രബന്ധത്തിന് സ്വർണ്ണമെഡൽ കിട്ടി. ആ പ്രബന്ധം ഗ്രന്ഥരൂപത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. മുസ്‌ലിമീങ്ങളുടെ അനാസ്ഥയ്ക്ക് അതിരില്ലല്ലോ? കൂട്ടത്തിൽ പറയട്ടെ. തലശ്ശേരിയിൽ ഒരു പൂച്ച ചത്തതുപോലെ ആബു മരിച്ചു." അറബിമലയാളഭാഷയെക്കുറിച്ചുള്ള ബഷീറിന്റെ അഭിപ്രായം അഭിപ്രായവ്യത്യാസങ്ങളുടെ കൊടുങ്കാറ്റുകൾ ഉണ്ടാക്കിയതാണ്. ആബു സാഹിബിന്റെ വീക്ഷണങ്ങൾക്ക് വിരുദ്ധമാണ് അത്. ബഷീർ തന്റെ സ്വന്തം അഭിപ്രായം പറയുമ്പോഴും ആബു ചെയ്ത സാഹിത്യപ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്നുണ്ട്. സാഹിത്യം തന്നെ ഒരർത്ഥത്തിൽ അഭിപ്രായവ്യത്യാസങ്ങളുടെ കലയാണ്. രണ്ടു പേരുടെ നിരീക്ഷണങ്ങളിലും അതാതിന്റേതായ യുക്തികളുണ്ട്. അറബിമലയാളസാഹിത്യം, ഇസ്‌ലാമികസംസ്കൃതി, മുസ്‌ലിമീങ്ങളുടെ ചരിത്രം ഇവയിലെല്ലാം തത്പരരായി, തങ്ങളാൽ കഴിയുന്ന കനത്തസംഭാവനകൾ നൽകിയ ഡോ. സി.കെ.കരീമിനെയും ഒരുപാട് നല്ലകാര്യങ്ങൾ ചെയ്ത പി.എ.സെയ്ദ് മുഹമ്മദിനെയും ബഷീർ ഓർമ്മിക്കുന്നുണ്ട്. അവരുടെ മരണം മുസ്‌ലിംസമുദായത്തിന് വലിയ നഷ്ടമാണ്. 1982-ൽ ബഷീർ എഴുതിയ ഈ കുറിപ്പ് ഇന്നും കയ്പുള്ള സത്യമായി അവശേഷിക്കുന്നു.

ആബുപഠനങ്ങളുടെ പശ്ചാത്തലം പരിശോധിക്കുന്ന ഒരു പഠിതാവിന്റെ മുമ്പിൽ വരുന്നത് പ്രധാനമായും 'ഒ.ആബു സ്മാരകഗ്രന്ഥ'മാണ്. ആരൊക്കെ, എവിടെയൊക്കെ ആബുവിനെക്കുറിച്ച് എഴുതിയിട്ടുണ്ട് എന്ന

mappilaheritagelibrary.com

അന്വേഷണം ഭാരിച്ചതാണ്. അത് കണ്ടുപിടിക്കാൻ ഇനിയും ഏറെ ഗവേഷണങ്ങൾ നടത്തണം.

'ആബു സ്മാരകഗ്രന്ഥ'ത്തിൽ എന്തൊക്കെ എഴുതപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ച് വിഹഗവീക്ഷണം നടത്താനാണ് ഇവിടെ തുനിയുന്നത്. ഗ്രന്ഥത്തിന്റെ മുൻപേജിൽ തന്നെ എം.എ.കൽപ്പറ്റ എന്ന പ്രശസ്തകവിയുടെ 'വറ്റിപ്പോയ തേനാർ' എന്ന പേരിൽ ഒരു കവിത ആബുവിനെക്കുറിച്ചുണ്ട്. കുറേ നല്ല മാപ്പിളപ്പാട്ടുകൾ രചിച്ച്, ഈയടുത്ത കാലം വരെ ജീവിച്ച, മലയാളത്തിലെ പൂന്താനത്തെ ഓർമ്മിപ്പിക്കുന്ന ആളാണ് കൽപ്പറ്റ. അദ്ദേഹത്തിനും വേണ്ടത്ര അംഗീകാരം കിട്ടിയിരുന്നില്ല. തൊങ്കൽ ഇശലിൽ രചിച്ച കവിതയിൽ, 'പിഴ പറ്റാത്ത പേന'യായും 'മലനാട്ടിലെ പുല്ലാങ്കുഴലാ'യും 'മരുഭൂമിയിലെ പൂന്തേൻ' ആയും ആബുവിനെ കൽപ്പിക്കുന്നുണ്ട്. 'അറിവിന്റെ ബഹറാ(കടലാ)യി നിന്നുകൊണ്ട് ദീനാൽ(മതം കൊണ്ട്) സുവർക്കത്തെ(സ്വർഗ്ഗത്തെ) തെളിച്ചു കാട്ടിയ 'സബീന'കളിലെ വിരുത്തങ്ങൾ കൊണ്ട് മാലോകരെ അദ്യപ്പപ്പെടുത്തിയ(ആശ്ചര്യഭരിതരാക്കിയ) കവി'യായി ആബുവിനെ കല്പറ്റ അവതരിപ്പിക്കുന്നു.

തുടർന്നുള്ള ലേഖനത്തിൽ ജാതിമതഭേദമില്ലാതെ മാപ്പിളപ്പാട്ടിന്റെ മാധുര്യം ആസ്വദിക്കുന്ന ഒരു സഹൃദയലോകം നമുക്കു ഉണ്ടാവുന്നതിന്റെ പിന്നിൽ പ്രവർത്തിച്ച രണ്ട് സാഹിത്യനായകന്മാരായി ഉബൈദിനെയും ആബുവിനെയും സി.എച്ച്. മുഹമ്മദ്കോയ ചൂണ്ടിക്കാട്ടുന്നു. അരനൂറ്റാണ്ടു കാലത്തെ ആബുവിന്റെ സാഹിത്യപരിശ്രമങ്ങളുടെ ഫലമായാണ്, 'അറബിമലയാളസാഹിത്യചരിത്രം' എന്ന നിസ്തുലകൃതി നമുക്കു ലഭിച്ചതെന്ന് സി.എച്ച് എഴുതുന്നു. ഗവേഷണപ്രധാനമായ ആ പുസ്തകം ഭാഷാസാഹിത്യത്തിന് മുതൽക്കൂട്ട് തന്നെയെന്ന് ഉറപ്പിച്ചെഴുതിയിരിക്കുന്നു. സയ്യിദ് മൊഹ്യുദ്ദീൻ ഷാ എഴുതിയിരിക്കുന്നത്, 'അറബിമലയാള'ത്തെക്കുറിച്ചാണ്. ഈ ഭാഷയിലുണ്ടായിട്ടുള്ള പദ്യഗദ്യകൃതികളെ സ്പർശിച്ചുകൊണ്ട് ആബുവിന്റെ ഗവേഷണചാതുരിയെ വെളിപ്പെടുത്തുന്നു. മലബാറിലെ മുസ്‌ലിംസമുദായത്തിന്റെ വേരുകൾ അറബിമലയാളത്തിലാണെന്നും ഈ വാസ്തവം മലയാളിയെ ബോധ്യപ്പെടുത്തിയത് ഉബൈദും ആബുവുമാണെന്നും നിരീക്ഷിക്കുന്ന എം.എൻ.കാരശ്ശേരി, മതതത്ത്വവിചാരവും വിശുദ്ധപാഠങ്ങളെന്ന പോലെ പ്രാദേശിക ജീവിതത്തിന്റെ ചരിത്ര സ്മരണകളും സംസ്കൃതിയുടെ പ്രത്യേകതകളും തെളിഞ്ഞുകിടക്കുന്ന ഈ സാഹിതിയിലെ പൂർവ്വകാലകൃതികൾ തേടി വിശദമായ പഠനം നടത്തി, അതിനായി ഒരായുസ്സ് മുഴുവൻ കഠിനതപസ്സനുഷ്ഠിച്ചയാളാണ് ആബുവെന്ന് വിശദമാക്കുന്നു. പാരമ്പര്യത്തിന്റെ വേരുകൾ തേടിയുള്ള ഒരു തീർത്ഥയാത്രയായിരുന്നു ആബുവിന്റെ ജീവിതം. ഇസ്‌ലാമിക തത്ത്വചിന്തയായിരുന്നു കൃതികളിലധികത്തിലെയും വിഷയം. ഇച്ചമസ്താൻ എന്ന് പ്രസിദ്ധനായ അബ്ദുൽഖാദർ മസ്താന്റെ വിരുത്തങ്ങൾ ശേഖരിച്ചു പ്രസിദ്ധീകരിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

ടി. ഉബൈദിന്റെയും ആബുവിന്റെയും എഴുത്ത് ഭൂപടത്തേയാണ് ആബുവിനെ ഏറെ അടുത്തറിഞ്ഞ സി.ടി.ബഷീർ സഹൃദയർക്കും വിശദീരിച്ചുകൊടുത്തിട്ടുള്ളത്. ആബുവിനെ പലരീതിയിൽ നോക്കിക്കണ്ട ആളാണ് ബഷീർ. കവിത്വം കൂടുതൽ ഉബൈദിലും പാണ്ഡിത്യം കൂടുതൽ ആബുവിലാണെന്നും അദ്ദേഹം നിരീക്ഷിക്കുന്നു. അറബി മലയാള സാഹിത്യത്തിലെ വള്ളത്തോൾ ഉബൈദാണെന്നും പറയാനാണ് ഈ പഠിതാവിന് തോന്നുന്നത്. ആബു അന്തർമുഖനാണെങ്കിൽ ഉബൈദ് ബഹിർമുഖനാണ്. ഈ അന്തർമുഖത്വം ആശാനിലും കാണാം. മാപ്പിളപ്പാട്ടുകളും നാടൻ പാട്ടുകളുമായുള്ള ബന്ധത്തെക്കുറിച്ച് സ്പർശവും സി.ടി.ബഷീറിന്റെ ലേഖനത്തിൽ കാണാം.

കൗതുകകരമായ ഒരു താരതമ്യം എ.പി.സുബൈറിന്റെ പഠനത്തിലുണ്ട്. ആബുവിന്റെ പാണ്ഡിത്യത്തിന്റെ മറ്റൊരു മുഖമാണ് ഈ താരതമ്യത്തിൽ തെളിയുന്നത്. സ്കാൻഡിനേവിയയിലെ 'സാഗാ'സാഹിത്യരൂപത്തെയും അമേരിക്കൻ ഇംഗ്ലീഷ് സാഹിത്യത്തെയും കൂട്ടുപിടിച്ച്, മാപ്പിളസാഹിത്യത്തെ അതുമായി ചേർത്തുവായിക്കുന്ന ഒരു രീതി ആബു കണ്ടെത്തിയ കാര്യമാണ് സഹൃദയസമക്ഷം സുബൈർ എടുത്തു കാട്ടുന്നത്. മാപ്പിളസാഹിത്യത്തിന് വ്യാകരണമുണ്ടെന്ന് ആബു സ്ഥാപിക്കാൻ ശ്രമിച്ചു. മാപ്പിളസാഹിത്യത്തിലെ പദങ്ങൾ പഴഞ്ചനാണെന്നും അതിന് മാറ്റം വരണമെന്നുമുള്ള മുസ്‌ലിം എഴുത്തുകാരുടെ നിലപാടുമായി ആബു വിയോജിച്ചു. ഭാഷാശാസ്ത്രത്തെക്കുറിച്ചുള്ള ഗഹനമായ ജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു ഭാഷയിൽ നിന്ന് ഒരു വാക്ക് നശിച്ചു പോവുക എന്നത്, ചിലപ്പോൾ ആ ഭാഷ കൈകാര്യം ചെയ്യുന്ന ജനതയുടെ സാംസ്കാരിക ചരിത്രത്തിന്റെ ഒരു ഭാഗം നശിച്ചു പോകുന്നതിന് തുല്യമായിരിക്കുമെന്ന് ആബു എഴുതി. പഴഞ്ചൻ പദങ്ങൾ മാറ്റി പുതിയ പദങ്ങൾ പകരം വെക്കുന്നത് ഒരു മഹത്തായ സാഹിത്യത്തിന്റെ കണ്ണും കരളും നുള്ളിയെടുത്ത് അതിനെ ഇല്ലായ്മ ചെയ്യുന്നവരാണെന്ന ആബുവിന്റെ അഭിപ്രായം സുബൈർ ഉദ്ധരിക്കുന്നുണ്ട്. അറബിമലയാള ലിപിപരിഷ്കരണത്തിനും ആബു ശ്രമിച്ചു. പക്ഷെ വലിയ അംഗീകാരം കിട്ടിയില്ല. ഒരുതരം മൗലികതാവാദമായിരുന്നു അത്. വിവർത്തനസാഹിത്യത്തിന് ആബു നൽകിയ സംഭാവനകളും ചെറുതല്ല. ഇംഗ്ലീഷിലെ വാചകങ്ങൾ മനസ്സിലാക്കി ലളിതമായ ശൈലിയിൽ അവതരിപ്പിക്കാനുള്ള ആബുവിന്റെ കഴിവിനെ സുബൈർ പ്രകീർത്തിക്കുന്നു. സ്വതന്ത്രവിവർത്തന ശൈലിയായിരുന്നു ആബു സ്വീകരിച്ചത്. ആബുവിന്റെ ഗവേഷണചാതുരിയെക്കുറിച്ചും അതിലെ ആത്മാർത്ഥതയെക്കുറിച്ചും സി.പി.ഉമ്മർ തന്റെ ലേഖനത്തിൽ ചൂണ്ടിക്കാട്ടുന്നുണ്ട്.

സഫീനപ്പാട്ടുകളെക്കുറിച്ചുള്ള ആബുവിന്റെ അഭിപ്രായം വിശദീകരിച്ച്, ആബുവിനേയും ഉബൈദിനേയും സി.കെ.കരീം താരതമ്യം ചെയ്യുന്നത് ഇങ്ങനെയാണ്: "ഉബൈദ് മാപ്പിളകാവ്യപ്രപഞ്ചത്തെ വൈകാരികവും വൈജ്ഞാനികവുമായ വിശാലമണ്ഡലത്തിലേക്ക് ഉയർത്തി. ആബു അപാ

mappilaheritagelibrary.com

രമായ തന്റെ മേധാവിലാസം കൊണ്ടും അപാരമായ പാണ്ഡിത്യം കൊണ്ടും 'സഫീനപ്പാട്ടുകൾ'ക്ക് താത്വികാംഗീകാരവും വ്യാകരണവുമുണ്ടാക്കി അതിനെ സമ്പുഷ്ടമാക്കി.'' ആബുവിന്റെ മൊത്തം സംഭാവനകളെ തൊട്ടുപോകുന്ന ലേഖനമാണ് ഡോക്ടർ എം.പി.മുഹമ്മദ് എഴുതിയിരിക്കുന്നത്. പതിനൊന്ന് നൂറ്റാണ്ടുകാലത്തെ പഴക്കമുള്ള അറബിമലയാള ഗദ്യസാഹിത്യ പ്രസിദ്ധീകരണങ്ങൾ തേടിപ്പിടിച്ച്, ആ ഭാഷ ഇവിടുത്തെ മുസ്‌ലിമീങ്ങളുടെ മതഭാഷയാണെന്നും ആ സാഹിത്യം അവരുടെ മതസാഹിത്യമാണെന്നും സമർത്ഥിച്ച്, അറബിമലയാളത്തെ സമ്പുഷ്ടമാക്കിയ നബിചരിത്രങ്ങളും കഥാപുസ്തകങ്ങളും പരതിപ്പിടിച്ച്, നൂറ്റാണ്ടുകൾ പഴക്കമുള്ള അറബിമലയാളകാവ്യങ്ങളെ ആബു മറ്റുള്ളവർക്ക് പരിചയപ്പെടുത്തിക്കൊടുത്തതിനെക്കുറിച്ചാണ് കെ.പി.കുഞ്ഞിമൂസ്സ എഴുതിയിരിക്കുന്നത്. ടി.പി.കുട്ട്യമ്മുസാഹിബ് എന്തെഴുതിയാലും അതിനൊരു തനിമയും വ്യത്യസ്തതയുമുണ്ടാകും. ആബുവിന്റെ ലിപി പരിഷ്കരണത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ലേഖനത്തിലും ഈ തനിമ കാണാം.

നാൽപതിൽപരം വൈവിധ്യമുള്ള കൃതികൾ രചിച്ച ഈ സാഹിത്യകാരന്റെ ജീവിതത്തിലെ വ്യത്യസ്തമായ കാലഘട്ടങ്ങളിലെ വീക്ഷണവിശേഷങ്ങളാണ് അതാതു കാലത്തെ കൃതികളിൽ നിഴലിക്കുന്നതെന്ന് അബൂമുബാറക്കിന്റെ ലേഖനത്തിൽ വിശദമാക്കുന്നുണ്ട്. നാൽപത് വയസ്സിനു ശേഷം ഇസ്‌ലാമിക തത്ത്വചിന്തയിൽ താൽപര്യം പ്രകടിപ്പിച്ച ആബു പിൽക്കാലത്ത് കർമ്മശാസ്ത്രങ്ങളിൽ അതീവ തൽപരനായി. 'ഫത്ഹുൽമുഈൻ' മാസ്റ്ററുടെ കൈകളിലൂടെ വന്നതുകൊണ്ടാണ് മലയാളികൾക്ക് മനസ്സിലാവുന്ന പരുവത്തിലായതെന്നു പറയുന്ന അബൂ മുബാറക്ക് ആബുവിന്റെ നാടകങ്ങൾ സമുദായത്തിലുണ്ടാക്കിയ എതിർപ്പുകളെക്കുറിച്ചും ഒപ്പം നേടിയ അംഗീകാരത്തെക്കുറിച്ചും പറഞ്ഞുകൊണ്ട് മുസ്‌ലിംകൾക്കിടയിലെ കാത്കുത്ത് കല്യാണത്തിനും സ്ത്രീധനത്തിനുമെതിരെ നടത്തിയ പോരാട്ടങ്ങൾ വിവരിക്കുന്നുണ്ട്. 'ആബുവിന്റെ സദസ്സ്' ആബുവിനെ രൂപപ്പെടുത്തിയതെങ്ങനെയെന്നും ആ ലേഖനത്തിൽ നമുക്കു വായിക്കാനാവുന്നുണ്ട്. മുസ്‌ലിമീങ്ങൾക്കിടയിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ കരുത്തുറ്റ കാവ്യങ്ങൾ രചിച്ച ആബു നടത്തിയ സമുദായ പരിഷ്കരണസംരംഭങ്ങൾ വിവരിക്കുന്ന സി.പി.ഉമ്മറിന്റെ ലേഖനം ആബു എഴുതിയ ചെറുകഥകളെക്കുറിച്ചും ചെറുകഥകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തതിനെക്കുറിച്ചും ആബുവിന്റെ നാടകങ്ങളെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. ഇച്ചമസ്താന്റെ വിരുത്തങ്ങളെ മൂന്ന് ഭാഗങ്ങളായി പ്രസിദ്ധീകരിച്ചുവെങ്കിലും ചില ഭാഗങ്ങൾ ഇപ്പോൾ കിട്ടാനേയില്ല.

ഇന്നത്തെ എഴുത്തുകാർ പോലും അനുഭവിക്കുന്ന തീക്ഷ്ണമായ സത്യങ്ങളെക്കുറിച്ച് സി.പി ഉമ്മർ ആബുവിനെ ആധാരമാക്കി വിശദീകരിച്ചിട്ടുണ്ട്. ആബുവിന്റെ ചൈതന്യം ശബ്ദകോലാഹലങ്ങളിലൂടെയായിരുന്നി

ല്ല. അടിയൊഴുക്കായി, നിശ്ശബ്ദമായി പ്രസരിക്കുകയാണ് ചെയ്തത്. സഹൃദയരുടെ ആന്തരതലത്തിലാണ് ബാഹ്യതലത്തിലല്ല അദ്ദേഹം പ്രവർത്തിച്ചത്. എഴുത്തുകാരൻ എന്ന ഏകമുഖത്വത്തിന് പുറമേ, സാഹിത്യ ബാഹ്യങ്ങളായ പ്രവർത്തനങ്ങൾ കൂടി നടത്തിയിരുന്നുവെങ്കിൽ സംഘടനകളും സംഘടിതയത്നങ്ങളും സ്മാരക യത്നങ്ങളുമായി പിറകെ ചെല്ലാൻ ആളുകൾ ഉണ്ടാകുമായിരുന്നു. സുഹൃത്തുക്കളുടെയും സഹായികളുടെയും വലയം സൃഷ്ടിക്കാനുള്ള മയക്കുമരുന്നുകൾ അദ്ദേഹത്തിന് അന്യമായിരുന്നു. പിന്നിൽ നിൽക്കുന്ന പുരുഷാരമാണ് ഒരാളെ വളർത്തുന്നതും തളർത്തുന്നതും. മണിമാളികയും കണ്ണഞ്ചിക്കുന്ന കാറും ഒക്കെ മഹത്വത്തിന്റെ മാനദണ്ഡമായി സ്വീകരിക്കാൻ വെമ്പുന്ന നമ്മുടെ സമൂഹത്തിൽ കീർത്തിക്ക് നിദാനമായ കലാവൈഭവവും ആദരണീയമായ സ്വഭാവഗുണവും ഒത്തു ചേർന്ന സംസ്കാരത്തിന്റെ സ്വരം ഒറ്റപ്പെട്ടതാണ്. അവർക്ക് ശരീരം മതി. ബുദ്ധി ഒരു ആഡംബരമാണ്. ഇങ്ങനെ എഴുതിയ സി.പി.ഉമ്മറിന്റെ ലേഖനം അന്നത്തേയും ഇന്നത്തേയും കപടമുഖാവരണങ്ങളെ വെളിപ്പെടുത്തുന്നു. മന്ത്രി മന്ദിരങ്ങളും കാറും സുഖസൗകര്യങ്ങളുമുള്ള സാഹിത്യകാരന് സാമ്പത്തിക സഹായം നൽകാൻ ഭരണാധികാരികൾ തയ്യാറായപ്പോഴും ഓലമേഞ്ഞ വീട്ടിന്റെ കോലായിൽ കയ്യൊടിഞ്ഞ കസേരയിലിരുന്ന്, സാഹിത്യതപസ്യയിലേർപ്പെട്ട മാസ്റ്ററെ തിരിഞ്ഞുനോക്കാൻ ആരുമുണ്ടായിരുന്നില്ലെന്ന് കെ.പി.കുഞ്ഞിമൂസയുടെ ദുഃഖം സഹൃദയസമൂഹം മുഴുവൻ പങ്കിടുന്നതാണ്. ജീവിക്കാൻ മറന്നു പോയ എഴുത്തുകാരനായിട്ടാണ് ആബുവിനെ കുഞ്ഞിമൂസ വിശേഷിപ്പിക്കുന്നത്.

എഴുതാൻ പോകുന്നതിനു മുമ്പ് ആ വിഷയത്തെ സർവ്വതലത്തിലും പഠിക്കുക എന്നത് ആബുവിന്റെ വിഷയത്തോടുള്ള ആത്മാർത്ഥതയെ ചൂണ്ടിക്കാട്ടുന്നു. ഒരു മരുന്നിന്റെ പേര് മലയാളത്തിലാക്കാൻ അതിന്റെ പഠനത്തിനായി മാസങ്ങൾ ഉപയോഗിച്ച ആബുവിന്റെ സമർപ്പണബോധം പരാമർശിച്ചിട്ടുണ്ട്. കുഞ്ഞായൻ മുസ്ല്യാരുടെ 'കപ്പപ്പാട്ട്' എന്ന പ്രഖ്യാതഗ്രന്ഥത്തിന് ഒരു വ്യാഖ്യാനം എഴുതാൻ ആശിച്ച ആബു സാഹിബ് രോഗത്തിന്റെ അവശതയിലും കഠിനാദ്ധ്വാനം ചെയ്തു. പൗരാണികകാലത്തെ പായ്ക്കപ്പലിനേയും മനുഷ്യശരീരഘടനയേയും താരതമ്യപ്പെടുത്തിയുള്ള പ്രസ്തുത കാവ്യഗ്രന്ഥത്തിന് വ്യാഖ്യാനമെഴുതുക എളുപ്പമല്ലായിരുന്നു. പായ്ക്കപ്പലിന്റെ ഘടകങ്ങളെപ്പറ്റിയും അതിന്റെ പ്രയോഗങ്ങളെക്കുറിച്ചും അറിവു നേടണം. ഈ വിഷയത്തിൽ റഫറൻസുകൾ കിട്ടുക നന്നേ വിഷമമായിരുന്നു. നിരന്തരമായ അന്വേഷണങ്ങൾക്കു ശേഷം വടകരക്കടുത്തു നിന്ന് ഈ വിഷയത്തിൽ പരിചയം സിദ്ധിച്ച ഒരു വയോവൃദ്ധനെ കണ്ടെത്തി. പ്രതീക്ഷയിൽ കവിഞ്ഞ വിവരങ്ങൾ അദ്ദേഹം നൽകി. അദ്ദേഹത്തിന് കപ്പലിനെക്കുറിച്ചും കപ്പപ്പാട്ടിനെക്കുറിച്ചും സാമാന്യജ്ഞാനമുണ്ടായിരുന്നു. ആ വൃദ്ധന്റെ സൗകര്യത്തെ മുൻനിർത്തി ചർച്ച മറ്റൊരു ദിവസത്തേക്ക് മാറ്റി. പക്ഷെ പിന്നീട്

mappilaheritagelibrary.com

ആ വൃദ്ധൻ തിരിച്ചുവരികയുണ്ടായില്ല. കൂട്ടിക്കൊണ്ടു വരാൻ കഴിഞ്ഞുമില്ല. ആബുവിന്റെ ബന്ധുവിന്റെ ആകസ്മികമരണമായിരുന്നു അതിന്റെ കാരണം. മറ്റാർക്കും അയാളെ അറിയുമായിരുന്നില്ല. അങ്ങനെയാണ് കപ്പപ്പാട്ടിന്റെ വ്യാഖ്യാനം മലയാളിക്ക് നഷ്ടമായത്.

അർഹിക്കുന്ന അംഗീകാരങ്ങൾ കിട്ടാതെ മരിച്ചു പോയ മറ്റൊരു നിർഭാഗ്യവാനായ എം.കെ അഹമ്മദ് പള്ളിക്കര 'കിളി ഒഴിഞ്ഞ കൂട്'എന്നൊരു ചെറുകവിതയിൽ ആബുവിനെക്കുറിച്ച് എഴുതിയതിങ്ങനെ:

അറിവിൻ അമൃത പൊൻകുടം ചുമന്ന്
അകക്കാമ്പിലേക്കത് പകർന്നു തന്ന്
അറബിമലയാളം ചുരുൾ നിവർന്നു
അതിന്റെ പല പൂക്കൾ നമുക്ക് തന്നു

തന്നാമലർ മണം പരത്തീടുന്നെ
തനിമ നശിക്കാത്ത വിധത്തിൽ തന്നെ
തുന്നിപ്പിടിച്ചാ കവി പോയിന്നെ
തങ്കത്തെളിവിളക്കൊളിയകന്നെ

ലോകത്തിൽ വെച്ച് ഏറ്റവും അതിക്രമിയായ ഒരു രോഗം തന്നെ കീഴ്പ്പെടുത്തിക്കൊണ്ടിരുന്നപ്പോൾ 1954-ൽ തലശ്ശേരി കോട്ടമൈതാനിയിൽ ഒരു വൈദ്യമഹാസമ്മേളനത്തിന്റെ ശിൽപിയായി പ്രവർത്തിച്ച ആബു മാഷെക്കുറിച്ച് 'ആബുസ്മാരകഗ്രന്ഥ'ത്തിൽ പലരും പരാമർശിക്കുന്നുണ്ട്. എം.കെ അപ്പുക്കുട്ടൻ കോട്ടൂളി എന്നൊരു ലേഖകന്റെ ഒരു വാചകം ഇങ്ങിനെയാണ്: "വൈദ്യനായിരുന്നില്ലെങ്കിലും വൈദ്യശാസ്ത്രജ്ഞനായിരുന്ന മാസ്റ്റർ 'ഉപശയ'ങ്ങളാൽ തന്നിൽ പതിയിരിക്കുന്ന രോഗത്തെ ഉപശമിപ്പിച്ചു കൊണ്ടിരിക്കെത്തന്നെ അന്ത്യനാൾ വരെ ഒരു സാഹിത്യോപാസകനായി കഴിഞ്ഞുകൂടുകയാണുണ്ടായത്." 'രോഗത്തിന്റെ പൂക്കൾ' എന്ന വി.രാജകൃഷ്ണന്റെ പുസ്തകം ഈ സന്ദർഭത്തിൽ ഓർമ്മിച്ചാൽ പുതുചിന്തകളിലേക്ക് വായനക്കാർ ചെന്നെത്തും.

ഓരോ പ്രഭാതത്തിലും ആബു ആദ്യം എന്ത് ചെയ്തിരുന്നുവെന്നതിന്റെ ചിത്രം കെ.യൂസഫിന്റെ ലേഖനത്തിൽ ഉണ്ട്. "പ്രഭാതം പൊട്ടിവിടരും മുമ്പ് ആബുമാസ്റ്റർ നിസ്കാരപ്പായയിലെത്തും. 'ദിക്റു'കളും 'ദുആ'കളും ഖുർആൻപാരായണവും കഴിഞ്ഞ്, ചൂടുള്ള ചായ കഴിച്ച്, സ്വന്തം ശിൽപശാലയിലെത്തുകയാണ് സാധാരണ ആബു ചെയ്യുന്നത്. ഒരുപാട് ഡിക്ഷ്ണറികളും കടലാസുകളും കുറിപ്പുകളും അടങ്ങുന്ന ലോകത്ത്, കുടുംബാംഗങ്ങളിൽ ആരും എത്തിനോക്കി ശല്യപ്പെടുത്താറില്ല. "അവിടെ ഒരേഒരാൾക്കു മാത്രമേ സർവ്വസ്വാതന്ത്ര്യങ്ങളുമുണ്ടായിരുന്നുള്ളൂ-യൂസഫിന്റെ മകൾ താഹിറയ്ക്ക്." പ്രമേഹവും ക്ഷയരോഗവും തളർത്തുന്ന സന്ദർഭത്തിൽ കേരളസംഗീതനാടകഅക്കാദമിഅവാർഡു വാങ്ങാൻ തലശ്ശേ

രിയിൽ നിന്ന് കൊച്ചിയിലേക്കു പോയ, ആനന്ദനിർഭരമായ നിമിഷങ്ങളെ ക്കുറിച്ച് സ്മാരകഗ്രന്ഥത്തിൽ ഒ.സുബൈർ എഴുതിയിട്ടുണ്ട്. 'അനാരോഗ്യം കണക്കിലെടുക്കാതെയും വിഷമതകൾ സഹിച്ചും താൻ ഈ യാത്ര ചെയ്യു ന്നത് ഒ.ആബുവിന് കിട്ടുന്ന വല്ല അവാർഡും സ്വീകരിക്കുവാനല്ല. മാപ്പിള പ്പാട്ടിനും അറബിമലയാളസാഹിത്യത്തിനും ലഭിക്കുന്ന അംഗീകാരം വാങ്ങു വാനാണ്' എന്നതായിരുന്നു ആബുവിന്റെ നിലപാട്. ഈ വിനയവും നിസ്വാർത്ഥതയും ആബുവിന്റെ മനസ്സിന്റെ വലുപ്പത്തെ ബോധ്യപ്പെടുത്തു ന്നു. മാപ്പിളസംസ്കൃതിയുടെ അവതാരകനായ ആബു തലശ്ശേരിയുടെ ഓമ നപുത്രൻ മാത്രമല്ലെന്നും സമുദായത്തിന്റെ മുഴുവൻ കേരളത്തിന്റെ മുഴു വൻ അഭിമാനഭാജനമായ നായകനായിരുന്നുവെന്നും കേരളസഹൃ ദയലോകത്തെ ബോധ്യപ്പെടുത്തിയ നിമിഷങ്ങളായിരുന്നു ആ അവാർഡ്ദാന ദിനം. അന്ന് ഒരു സൂഫിയുടെ ആകാരവൈശിഷ്ട്യം ആബുവിനുണ്ടായിരുന്നു. പി.ഭാസ്കരൻ ആബുമാഷെ പൊന്നാട ചാർത്തി ആദരിച്ചപ്പോൾ ഉണ്ടായ കൈയടി ആബുമാസ്റ്ററുടെ ജീവിതത്തിലെ ആദ്യത്തേയും അവസാനത്തേയും കൈയടിയായിരുന്നു. ആബു എഴുതിത്തയ്യാറാക്കിയ പ്രസംഗം സി.ടി ബഷീ റാണ് വായിച്ചത്. ഹ്രസ്വസുന്ദരമായ ആ പ്രസംഗം മാപ്പിളപ്പാട്ടുകളെപ്പറ്റി നാളതുവരെ പുലർത്തിപ്പോന്ന ധാരണകളെ തിരുത്തിക്കുറിക്കുന്നതായിരുന്നു.

വി. ശംസുദ്ദീൻ എഴുതിയ ചെറുകാവ്യത്തിൽ ആബുമാഷിന്റെ മാതൃസംസ്കൃതിയുടെ സൗന്ദര്യത്തെ ധന്യാത്മകരീതിയിൽ കവിതാമധു രമായി അവതരിപ്പിച്ചിട്ടുണ്ട്. 'രോദനം' എന്ന ആ കവിത ഹൃദയഭേദകമായ ഒരു ചോദ്യത്തിലാണ് അവസാനിക്കുന്നത്.

"മൂസായുടെ സീനായും
യൂസഫിന്റെ അങ്ങാടിയും
ശൂന്യമായി
ഇസ്ലാമിന്റെ കൊടിക്കീഴിൽ
ഇബ്റാഹീമില്ല
ഇഖ്ബാലുമില്ല
പൂങ്കുയിലുകൾ ഓരോന്നോരോന്നായി
പറന്നകന്ന പൂവാടിയിൽ
ആരെയാണിനി കാത്തിരിക്കുക?
ആരാണിനി പുല്ലാങ്കുഴലൂതുക?"

പിൽക്കാലത്ത് മലയാളകവിതാലോകത്തിൽ സ്വന്തം ഇടം നേടിയ കെ.ജി.ശങ്കരപ്പിള്ളയുടെ 'വരും വരും എന്ന പ്രതീക്ഷ' എന്ന കവിതയെ ഓർമ്മിപ്പിക്കുന്ന വരികളാണ് ശംസുദ്ദീന്റേത്.

***** ***** *****

mappilaheritagelibrary.com

ആബുവിന്റെ പാട്ടുകളിലെ കാവ്യാത്മകത

കേരളസംഗീതനാടകഅക്കാദമി ആബുസാഹിബിന്റെ സാഹിത്യപ്ര വർത്തനങ്ങളെ ശ്ലാഘിച്ചു കൊണ്ട് നൽകിയ പ്രശംസാപത്രത്തിൽ ഇങ്ങനെ കാണാം: '1. മാപ്പിളസാഹിത്യത്തെ തളിർകൊള്ളിച്ചു പോന്ന പ്രതിഭാധനൻ 2. വിഭൂതി നിറഞ്ഞ പ്രതിഭയാൽ അനുഗൃഹീതൻ 3. മനസ്സിൽ വെളിച്ചവും ചൈതന്യവും ദീപ്തിയും നൽകുന്ന ശ്രേഷ്ഠകൃതികളുടെ കർത്താവ് 4. സര ളങ്ങളും ഭാവപ്രധാനങ്ങളുമായ മാപ്പിളപ്പാട്ടുകളുടെ രചയിതാവ്.' 'സംഗീതനാടകഅക്കാദമി'യുടെ അന്നത്തെ ചെയർമാനായിരുന്ന വൈക്കം ചന്ദ്രശേഖരൻ നായരാണ് ഈ പ്രശംസാപത്രം എഴുതിയത്. ജാതിമതഭേദ മെന്യേ മാപ്പിളപ്പാട്ടിന്റെ മാധുര്യം ആസ്വദിക്കുന്ന ഒരു സഹൃദയലോകത്തെ ഉണ്ടാക്കിയെടുക്കുന്നതിലും ആബുവും സൃഷ്ടിച്ചു. മാപ്പിളപ്പാട്ടിന് നൂതനമായ ഈണവും ആക്കവും നൽകി. മാപ്പിളപ്പാട്ടിലെ ഇശലുകളും ശീലുകളും ആബുവിനെ മാപ്പിളക്കവികോകിലങ്ങളുടെ കൂട്ടത്തിൽ ഉന്നതന്മാരിൽ ഒരാളാക്കി. എം.എ. കൽപ്പറ്റ പാടിയത് ഇങ്ങനെ:

"കവിതക്കുലത്തിൽ വന്നുദിച്ചു പൊന്തീ
കനകത്തെളിവോടെ കുതിച്ചു മുന്തീ"

ആബുവിന്റെ പാട്ടുകളിലെ കാവ്യാത്മകതയെ എം.എ കൽപ്പറ്റ വിളഞ്ഞ പദങ്ങളുടെ തേൻകനിയായി വിശേഷിപ്പിച്ചു. ആബുവിന്റെ പാട്ടുകൾ വിപു ലമായ പ്രചാരം നേടിയതായി കാരശ്ശേരി എഴുതിയിട്ടുണ്ട്. മാപ്പിളപ്പാട്ടുക ളുടെ ലക്ഷ്യം മനുഷ്യനെ മതകാര്യങ്ങൾ പഠിപ്പിക്കുകയാണെന്ന് വിശ്വസിച്ച ആബു പ്രാദേശികവും ആധുനികവും ഇസ്ലാമികേതരവുമായ ഇതിവൃത്ത ങ്ങൾ ഈ ഗാനസാഹിതിയിലേക്കു വരുന്നത് അതിന്റെ തനിമ നശിപ്പിക്കു മെന്ന് വിശ്വസിച്ചിരുന്നു. സിനിമയും നാടകവും മാപ്പിളപ്പാട്ടിന്റെ ഇശലുകളെ

അലങ്കോലപ്പെടുത്തുമെന്ന് അദ്ദേഹം ശങ്കിച്ചു. ആബുവിന്റെ പാട്ടുകളെക്കുറിച്ചുള്ള ഉബൈദിന്റെ അഭിപ്രായം ആബുവും ഉബൈദും എന്ന ലേഖനത്തിൽ വിശദമാക്കിയിട്ടുണ്ട്. ഭക്തിഗാനങ്ങളെഴുതുന്നതിലായിരുന്നു ഈ കവിയുടെ മിടുക്ക്. പദസൗന്ദര്യം, ആശയലാളിത്യം, ഘടനാസാരള്യം എന്നിവ അദ്ദേഹത്തിന്റെ പാട്ടുകളുടെ സവിശേഷതകളായിരുന്നു. സമുദായത്തെ ഉണർത്തുക, ചിന്തിപ്പിക്കുക എന്നതായിരുന്നു ആബുവിന്റെ പാട്ടുകളുടെ ലക്ഷ്യം. സാമൂഹിക വിമർശനം ആബുവിന്റെ കവിതകളിൽ കാണാം.

സമുദായത്തെ മുടിക്കുന്ന കാശുപണത്തെ മഹാമാരിയായി അദ്ദേഹം കൽപിച്ചു. കാതുകുത്തിനെതിരെ പാട്ടുകളെഴുതി.

ആബുവിന്റെ കാവ്യാത്മകത നിറഞ്ഞ പാട്ടുകളുടെ ഉദാഹരണങ്ങൾ സ്മാരകഗ്രന്ഥത്തിലുണ്ട്.

“തൃണത്തിൽ നിസ്സാരമാം
ഹിമത്തിൻ കണത്താലെ
രത്നരാഗമുണ്ടാക്കും
സ്രഷ്ടാവ് ശക്തൻ തന്നെ.”

കുറത്തിപ്പാട്ടിലും കാണാം ഈ സർഗ്ഗാത്മകത:

“നേരം വെളുത്തപ്പോൾ ഉമ്മറത്തോപ്പിലെ
വല്ലരി പെറ്റിതല്ലോ കുറത്തി
വല്ലരി പെറ്റിതല്ലോ
ഇന്നലെയന്തി വെളുക്കുംവരെയവൾ
പേറ്റുനോവേറ്റിരിക്കും കുറവാ
പേറ്റുനോവേറ്റിരിക്കും.”

പൂമ്പാറ്റയെക്കുറിച്ച് ലളിതകോമളപദങ്ങൾ കൊണ്ട് പാട്ടെഴുതിയ കവി അതിനെ മൊട്ടിനോട് പുഞ്ചിരിക്കുന്ന മൊഞ്ചണിഞ്ഞവളായി കൽപിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള ആബുവിന്റെ ചില വരികൾക്കു പുതുമയുള്ള നിരീക്ഷണപാടവവും ഒപ്പം തത്വചിന്താ സ്പർശവുമുണ്ട്.

“താഴെ നിൽക്കും പുൽക്കൊടിക്കും
ആഴമേറും വൻ നദിക്കും
ചൂഴെ നിൽക്കും മാമലക്കും
ഊഴിവാനം തൊട്ടവയ്ക്കും
ജീവനിട്ട തമ്പുരാൻ.....”

മാപ്പിളപ്പാട്ട് രചയിതാവെന്ന നിലയിൽ ആബു നിസ്തുലനായിരുന്നു. പ്രസ്തുത പാട്ടിന്റെ സവിശേഷതകളും സഹജഗുണങ്ങളും എന്താണെന്നും ആബു മനസ്സിലാക്കിയിരുന്നു. മാപ്പിളപ്പാട്ടുകൾ എന്ന പേരിൽ ഇന്ന് പ്രചരിക്കുന്ന പുത്തൻ ചരക്കുകൾ പലതും കൃത്രിമവും ഗാനാത്മകതയല്ലാതെ

mappilaheritagelibrary.com

മാപ്പിളപ്പാട്ടിന്റെ മറ്റൊരു ഗുണവുമില്ലാത്തതുമാണെന്നും ചൂണ്ടിക്കാണിച്ച ആബു ആ പാട്ടുരൂപത്തോട് എത്രമാത്രം ആത്മാർത്ഥത വെച്ചു പുലർത്തിയിരുന്നുവെന്ന് സഹൃദയരെ ബോധ്യപ്പെടുത്തുന്നു.

മുഹമ്മദ് നബിയെക്കുറിച്ച് എഴുതിയ ഒരു മാപ്പിളപ്പാട്ടിൽ അതു രചിക്കുന്ന കാലത്ത് പല മാപ്പിളപ്പാട്ടുകളിലും ഉപയോഗിച്ച തരത്തിലുള്ള അലങ്കാരങ്ങളാണ് കാണുന്നതെങ്കിലും ഇശൽ മധുരിമ ധാരാളമുണ്ട്. ലളിതകോമളകാന്ത പദാവലികളിൽ തന്നെയായിട്ടുണ്ട്. ആ പാട്ടിൽ പലരീതികളിൽ ‘ഒളിവ്’ എന്ന പദത്തെ ആവർത്തിച്ചുപയോഗിച്ചു കൊണ്ട് നബിപ്രഭാവത്തെ പൊലിപ്പിക്കുന്നു.

അതിൽ പ്രവാചകനായ മുഹമ്മദു നബിയെ മക്കയിൽ ഉദിച്ച ഒളിവ്, ആദിയോൻ തൻ ഒളിവ്, ഈ ലോകത്തിന്റെ മുഖത്തിന്റെ ഒളിവ്, ആലത്തിൻ ഒളിവ് എന്നിങ്ങനെ ഒളിവ് എന്ന പദത്തെ മാല പോലെ ചേർത്തു വെച്ച് നബിയുടെ മാഹാത്മ്യത്തെ പ്രശോഭിപ്പിക്കുന്നു. ഈ വരികളിലെ താളം, ലയം, ഉചിതമായ അലങ്കാര പ്രയോഗം എന്നിവ സംഗീതാത്മകവും മനോഹരവുമായിരിക്കുന്നു. ഈ നബികീർത്തനത്തിൽ അശ്റഫുൽ ഖൽഖൊളിവ്, ചന്ദ്ര സുന്ദരർ(ചന്ദ്രനെപ്പോലെ സുന്ദരൻ), ചന്തമിയന്നവർ, അൽ അമീനായവർ, റഹ്മത്തുടയവർ, പാപങ്ങളറ്റവർ, പേരിൽ മികന്തവർ, മുത്ത് മുഹമ്മദർ, വാനത്തിലേറിയോർ, മിഅ്റാജിൻ ആനന്ദം കൊണ്ടവർ, അർശിന്റെ പൊന്നൊളി കണ്ടവർ എന്നിങ്ങനെ സ്തുതിമാലയായി പാട്ടിനെ പരിവർത്തിപ്പിച്ചിരിക്കുന്നു. ഉപമ, രൂപകം, അന്ത്യപ്രാസം- ഇതാണ് ഈ വരികളിലെ കാവ്യാത്മകതയ്ക്ക് ആധാരം. നബിയെക്കുറിച്ചുള്ള വേറെയും പാട്ടുകൾ ‘കൊമ്പ് കേറ്റം’ പോലുള്ള ഇശലുകളിൽ ആബു എഴുതിയിട്ടുണ്ട്. ഖുർആനിലെപ്പോലെ ചീത്തക്കവികളെ ഭർത്സിക്കുന്നുമുണ്ട്. ‘ദുഷ്ക്കവി’ എന്ന കവിത ഉദാഹരണം. ഈ കവിത ഗദ്യരൂപത്തിലാണ് എഴുതിയിരിക്കുന്നത്. ‘മദിരകവി’ എന്ന ഇശലിൽ രചിച്ച ‘മനത്തത്തയോട്’ എന്ന പാട്ട് അത്യന്തം താളാത്മകമാണ്. ഈമാനാകുന്ന നീരാറ്, ഇസ്ലാമതെന്ന കനിരസം, സുന്നത്തെന്ന പൂങ്കാവ്, തഖ്വാന്റെ തൂമധുരമേറുന്ന തേൻതുള്ളി, റഹ്മത്തതെന്ന നിധി-ഇങ്ങനെയുള്ള രൂപകമാല കൊണ്ടാണ് ‘മനത്തത്തയോട്’ എന്ന പാട്ട് എഴുതിയിരിക്കുന്നത്. ‘അല്ലാഹു അല്ലാതെ ഇല്ല ഇലാഹ്’ എന്ന് പാടാനും ‘അല്ലാഹുവിന്റെ റസൂലാണ് മുഹമ്മദ്’ എന്ന് ഉച്ചത്തിൽ പാടാനും സ്വന്തം മനസ്സാകുന്ന തത്തയോട് കവി കൽപ്പിക്കുന്നു. മാധുര്യവും ലാളിത്യവും നബിപ്രേമത്തിൽ ലയിപ്പിച്ചാണ് ഈ പാട്ട് രചിച്ചിരിക്കുന്നത്. ഈ പാട്ടുഭാഗങ്ങൾ തുഞ്ചത്തെഴുത്തച്ഛന്റെ തത്തയെ മലയാളിയുടെ മനസ്സിലെത്തിക്കും.

ഇസ്ലാംമതവിശ്വാസിയായ ഒരു കവിക്കും മുഹമ്മദ്നബിയുടെ ‘പോരിശ’കൾ പറഞ്ഞാൽ തീരാറില്ല. നബിമദ്ഹുകൾ അവതരിപ്പിക്കുന്ന പാട്ടുകളുടെ കലവറ തന്നെ ലോകസാഹിത്യത്തിലുണ്ട്. മലയാളത്തിൽ വള്ളത്തോൾ, കുഞ്ഞിരാമൻ നായർ എന്നിവർ തൊട്ട് യൂസഫലി കേച്ചേരി, ഉബൈ

ദ്, പി.ടി.അബ്ദുറഹ്മാൻ വരെയുള്ളവരും മാപ്പിളപ്പാട്ട് രചയിതാക്കളായ പുതിയ തലമുറയിലെ പാട്ടെഴുത്തുകാരും വരെ നബിമാഹാത്മ്യത്തെക്കുറിച്ച് മതിവരാതെ പാടിയിട്ടുണ്ട്. ആബുവിന്റെ കാര്യം പ്രത്യേകിച്ച് പറയാനില്ല. നബിയുടെ ജനനം മുതൽ നബിത്വപദവി കിട്ടിയതു വരെയുള്ള ചരിത്രം മദ്രസാവിദ്യാർത്ഥികൾക്കു വേണ്ടി ആബു രചിച്ചിട്ടുണ്ട്.

ആമിനാ ബുക്ക്സ്റ്റാളിന്റേതാണ് പുസ്തകം. പഴയകാലകാവ്യസാഹിത്യത്തിലാകെയുള്ള ഒരു പ്രവണത പുസ്തകരചന പൂർത്തീകരിക്കാനുള്ള ദൈവത്തോടുള്ള പ്രാർത്ഥനയാണ്. അത് ആബുവിലും കാണാനുണ്ട്.

"ആദരവായ റസൂലുള്ളാന്റെ മതത്തെ ആദരാലൊട്ടു ചുരുക്കിപ്പാടാനു തക്കത്തെ റബ്ബായ നാഥാ നീ ഏകുക എന്നിൽ കനിവോടെ" എന്നാണ് ആബുവിന്റെ പ്രാർത്ഥന. 'തൗഹീദെന്ന തിരി കൊളുത്തിയ നൂറുള്ള, അഴകർ നബിയുള്ള' എന്നിങ്ങനെയുള്ള വിശേഷണങ്ങൾ മലയാളത്തിൽ പുതുതാണ്. 'മാരരന്നബി' എന്ന ഇശലിൽ നബിയുടെ ജനനത്തെക്കുറിച്ച്, പിതൃമാതൃപാരമ്പര്യത്തെക്കുറിച്ച്, ആമിന നാലുമാസം ഗർഭിണിയായപ്പോൾ ഭർത്താവ് അബ്ദുള്ള മരിച്ചതിനെക്കുറിച്ച്, ആശകൾ കരിഞ്ഞ ആമിനയുടെ ദുഃഖത്തെക്കുറിച്ചൊക്കെ ആബു എഴുതിയിരിക്കുന്നു. പിതാവിനെ കാണാനാവാത്ത പിഞ്ചുകുഞ്ഞിനെക്കുറിച്ച് ആബു എഴുതിയത് കുട്ടികൾക്ക് രസനീയമായ മട്ടിൽ തന്നെ.

"മൊഞ്ചിലഞ്ചിക്കൊഞ്ചിടാൻ
മുത്തുമ്മ കുഞ്ഞേ നിന്റെ
മൊഞ്ചുകാണാനാശ വെച്ചു
ബാപ്പ തന്നെ"

എന്നെഴുതുമ്പോൾ അതിലെ ലാളിത്യം മാത്രം പ്രാസങ്ങൾ ചേർത്ത് താളപ്പെടുത്താനും ആകർഷകമാക്കാനും ആബുവിന് സാധിക്കുന്നു. നബി ജനനം ചെയ്തപ്പോൾ പ്രകൃതിയിലുണ്ടായ അദ്യപ്പങ്ങളെപ്പറ്റിയും എഴുതിയിട്ടുണ്ട്. പിതാവിന്റെ മരണത്തോടെ മാതാവ് ആമിനയുടെ ചിത്തത്തിലത്തലിൻ തീച്ചൂട് അണഞ്ഞില്ലെന്നും മുഹമ്മദിന്റെ ആനന്ദപ്പൂമുഖം കാണുമ്പോൾ ബാപ്പാന്റെ ഓർമ്മ ഒഴിഞ്ഞില്ല എന്നുമൊക്കെ എഴുതിയതിലുള്ള ഭാവാത്മകത ശ്രദ്ധേയം തന്നെ. താലേലപ്പാട്ടുകളുടെ രീതിയിലും ആദ്യാക്ഷരപ്രാസം ചേർത്തും രസനീയമാക്കാൻ ആബുവിന് കഴിയുന്നു.

"കളിച്ചില്ല വെറുപ്പിക്കും
കളിയൊന്നുമതുപോലെ
കഥിച്ചില്ല മുഷിപ്പിക്കും
മൊഴികളൊന്നും"

'അൽഅമീൻ' എന്ന നബിവിശേഷണത്തെ മലയാളത്തിൽ ആബു വിവർത്തനം ചെയ്തത് 'നേരസ്ഥൻ ' എന്ന പുതുമയുള്ള പദം ഉണ്ടാക്കിയെടുത്താണ്.

mappilaheritagelibrary.com

'അക്ബർ സദഖ' എന്ന ഇശലിൽ നബിയുടെ കല്യാണത്തെക്കുറിച്ച് എഴുതിയ പാട്ട് പീർമുഹമ്മദ് എന്ന ഗായകൻ പാടി ഹിറ്റാക്കിയിട്ടുമുണ്ട്. ഒപ്പം വിപുലമായി പാടപ്പെടുന്നതുമാണ്.

"അഴകർ മുഹമ്മദിൻ
ശീലവും കോലവും
നേരും നെറിയും കണ്ട്
ഖദീജാബി ആശിച്ച്
ഖൽബിൽ നിറയെ
കനത്ത കൊതിവെച്ച്
നല്ലെ മുഹമ്മദെ
കല്യാണം ചെയ്യുവാൻ
നാരീ ഖദീജാബി
ആശിച്ചുറപ്പിച്ച്
ബാപ്പ ഖുവൈലോതീ
വിവരങ്ങൾ"

അപ്പോൾ ബാപ്പയുടെ മറുപടി ദേഷ്യപ്പെട്ടായിരുന്നു. ബങ്കീശക്കാരനായ വീരൻ ഖുവൈലിദിന്റെ ആരമ്പപ്പൂമോളെ വേളി കഴിക്കാൻ, ഖോജാത്തിയായ നീ കീഴാളനായ മുഹമ്മദിനെയാണോ തിരഞ്ഞെടുത്തത് എന്നായിരുന്നു ഖുവൈലിദിന്റെ ചോദ്യം.

"മാനവും പൊന്നും
പെരുമമികച്ചൊരു
മാരനെക്കൊണ്ടു ഞാൻ
കെട്ടിക്കും നിന്നെ ഞാൻ"

എന്ന് അയാൾ വിശദീകരിക്കുകയും ചെയ്തു. ഇതു കേട്ട ഖദീജയുടെ മനസ്സിനെ ആബു അവതരിപ്പിച്ചത് 'കോളിൽ കുടുങ്ങി' എന്നാണ്. എത്ര മാത്രം ദുഃഖവും കലക്കവും ഖദീജയുടെ മനസ്സിലുണ്ടായി എന്ന് ഈ ഭാഗം ഭംഗിയായി സഹൃദയരെ ബോധ്യപ്പെടുത്തും. ആരാണ് മുഹമ്മദ് എന്ന് കവി ഈ ഭാഗത്ത് പറയുന്നുണ്ട്. "കേഴുന്നോരെ കൈവിടാത്തവൻ, കാലത്തിന്നൊപ്പിച്ച് കോലം കെട്ടാത്തവൻ" എന്നിങ്ങനെയാണ് ഖദീജയുടെ മറുപടി. നബി ജനനത്തെക്കുറിച്ച് പറയുമ്പോൾ അത്ഭുതങ്ങളുണ്ടായി എന്ന അന്ധവിശ്വാസത്തെ ആബു സ്വീകരിച്ചതായി കാണുന്നുണ്ട്.

***** ***** *****

ആബുവിന്റെ വിവർത്തനസാഹിത്യം

മുഹമ്മദ് അസദിന്റെ ഇസ്‌ലാം വഴിത്തിരിവിൽ

മലയാളത്തിലെ ഇസ്‌ലാമിക സാഹിത്യകൃതികളുടെ എണ്ണം നോക്കിയാൽ അവ കുറവൊന്നുമല്ല. പക്ഷെ മൗലികത അവകാശപ്പെടാവുന്നവ കുറവു തന്നെയാണ്. ഇന്നിപ്പോൾ ഇസ്‌ലാമിക സാഹിത്യം അച്ചടിക്കുന്ന ചെറുതും വലുതുമായ അനേകം പ്രസിദ്ധീകരണാലയങ്ങളുണ്ട്. മതമീമാംസാകൃതികളാണ് അധികവും പ്രസിദ്ധീകരിക്കപ്പെടുന്നത്. ഇസ്‌ലാമിക ദാർശനികതയേയോ ഇസ്‌ലാമിക സൗന്ദര്യശിക്ഷണങ്ങളെയോ തനിമയോടെ അവതരിപ്പിക്കുന്നവ അധികമില്ല. മൗലികഗ്രന്ഥങ്ങൾ രചിക്കാൻ പ്രതിഭാശാലിത്വം വേണം. ഓരോ വായനയിലും പുതിയ പുതിയ അർത്ഥങ്ങൾ നൽകുന്നവയായിരിക്കും പ്രതിഭാശാലികൾ രചിക്കുന്ന ഗ്രന്ഥങ്ങൾ. നവനവോന്മേഷം പകരുന്ന ഇസ്‌ലാമികകൃതികൾ കിട്ടാൻ അന്യഭാഷകളെത്തന്നെ സമീപിക്കണം. അക്കാര്യം തിരിച്ചറിഞ്ഞിട്ടാണ് ആബു മാഷ് ഇതരഭാഷകളിൽ നിന്നും മികച്ച കൃതികൾ വിവർത്തനം ചെയ്യാൻ തുനിഞ്ഞത്. മുഹമ്മദ് അസദിന്റെ 'ഇസ്‌ലാം വഴിത്തിരിവിൽ' അത്തരമൊരു കൃതിയാണ്.

അസദ് 1935 ൽ എഴുതിയ 'ഇസ്‌ലാം അറ്റ് ദി ക്രോസ്‌റോഡ്‌സ് ' എന്ന പുസ്തകം ആബു 1975-ലാണ് വിവർത്തനം ചെയ്ത് 'ഇസ്‌ലാം വഴിത്തിരിവിൽ' എന്ന പേരിൽ പ്രസിദ്ധീകരിക്കുന്നത്. പാശ്ചാത്യനായി ഒരു ജൂത കുടുംബത്തിൽ ജനിച്ച്, അതിന്റെ തണലിൽ വളർന്ന്, അതിന്റെ വിപത്തിനെക്കുറിച്ച് ബോധവാനായപ്പോൾ ആ ജീവിതരീതി വലിച്ചെറിഞ്ഞ് ഇസ്‌ലാം മതം സ്വീകരിച്ച ഒരു പത്രപ്രവർത്തകനാണ് മുഹമ്മദ് അസദ്. 1900-ത്തിൽ പൗരോഹിത്യപാരമ്പര്യമുള്ള ഒരു ജൂതകുടുംബത്തിൽ പിറന്ന ലിയോ പോൾഡ്

mappilaheritagelibrary.com

വെയ്സ് എന്ന അസദ് ഹിബ്രു, അരമായ ഭാഷകളിലും ജൂതവേദങ്ങളിലും കുട്ടിക്കാലത്തു തന്നെ വ്യുൽപ്പത്തി നേടി. വിയന്ന സർവ്വകലാശാലയിൽ തത്വചിന്തയും കലാചരിത്രവും പഠിക്കാൻ ആരംഭിച്ചുവെങ്കിലും അതു മുഴുമിച്ചില്ല. കുറച്ചുകാലം സൈനികനായിരുന്നു. പത്രപ്രവർത്തകനായി ജീവിതം ആരംഭിക്കുന്നതിനു വേണ്ടി വീട്ടിൽ നിന്നും ഒളിച്ചു പോയി. എത്തിപ്പെട്ടത് സിനിമാ രംഗത്താണ്. തിരക്കഥാരചയിതാവും സഹസംവിധായകനുമായി പ്രവർത്തിച്ചു. ഒടുവിൽ പത്രപ്രവർത്തകനായി. വിശ്വപ്രസിദ്ധങ്ങളായ പല പത്രങ്ങളുടെയും മധ്യപൗരസ്ത്യദേശത്തെ ലേഖകനായിരുന്നു. സാഹസികതയും സഞ്ചാരവും രക്തത്തിൽ അലിഞ്ഞുചേർന്നിരുന്ന വെയ്സ് ഒരിടത്തും സ്ഥിരമായി താമസിച്ചില്ല. മധ്യപൗരസ്ത്യദേശത്ത് എത്രയോ വർഷം താമസിച്ചു. ആ യാത്രകളെപ്പറ്റിയെല്ലാം പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. അറബികളുടെ ജീവിതവും തുടർന്ന് അവരുടെ വിശ്വാസവും വെയ്സിനെ ആകർഷിച്ചു. ഇരുപത്തിയാറാം വയസ്സിൽ ബർലിനിൽ വെച്ച് ഇസ്‌ലാംമതം വിശ്വസിച്ച് അദ്ദേഹം മുഹമ്മദ് അസദായി. തുടർന്ന് അറബിഭാഷയിലും ഇസ്‌ലാമികവിജ്ഞാനങ്ങളിലും അറിവു നേടി. നിരവധി വർഷങ്ങളുടെ അധ്വാനഫലമായി ഖുർആനും നബിചര്യകളും വ്യാഖ്യാനിച്ചു. ഇബ്നു സുഊദ്, രിസാഷാ, ഫൈസൽ തുടങ്ങിയ ഭരണാധിപന്മാരുടെയും സയ്യിദ് അഹ്മദ്, ഉമർ മുഖ്താർ തുടങ്ങിയ പ്രസ്ഥാനനായകന്മാരുടെയും മുഹമ്മദ് ഇഖ്ബാലിനെപ്പോലെയുള്ള മഹാകവികളുടെയും സുഹൃത്തായിരുന്നു അസദ്.

പാശ്ചാത്യസംസ്കാരത്തെ അതിന്റെ എല്ലാ ഭീകരതകളോടും കാപട്യങ്ങളോടുമൊപ്പം അവതരിപ്പിച്ച് അതിന്റെ അന്തസ്സാരശൂന്യതയേയും അപകടകാരിതയേയും അതിസമർത്ഥമായി അനാവരണം ചെയ്യുന്ന കൃതിയാണ് അസദിന്റെ 'ഇസ്‌ലാം അറ്റ് ക്രോസ്‌റോഡ്‌സ്'. ഇസ്‌ലാം എന്ന മനോഹരമായ വാസ്തുശിൽപത്തിന്റെ ഏതു ഭാഗത്തിനാണ് ഭംഗി എന്നു പറയാനാവാതെ അതിനെ സമസ്തകോണുകളിൽ നിന്നും നോക്കി അന്യസംസ്കാരസൗധങ്ങളുമായി അതിന്റെ സൗന്ദര്യവും സൗഷ്ഠവവും തുലനം ചെയ്യുകയാണ് അസദ് ചെയ്യുന്നത്. ഖുർആനിലേക്കും ഹദീസിലേക്കും തിരിച്ചുവരാനുള്ള ആഹ്വാനം, ആശയങ്ങളുടെ ഗാംഭീര്യം, ആവിഷ്കരണത്തിന്റെ ശാസ്ത്രീയത ഇതൊക്കെയാണ് ഈ കൃതിയുടെ പ്രത്യേകത. പാശ്ചാത്യനാഗരികതയുടെ നേരെ മുസ്‌ലിംകൾ സ്വീകരിക്കേണ്ട നിലപാട് ഈ പുസ്തകത്തിൽ അസദ് മുന്നോട്ട് വെക്കുന്നു. എല്ലാ ഘടകങ്ങളും എല്ലാ ഭാഗങ്ങളും ഒന്ന് മറ്റൊന്നിനെ താങ്ങും ഊക്കുമാക്കിക്കൊണ്ട് യാതൊരു ഏറ്റക്കുറച്ചിലും കൂടാതെ, പരിപൂർണ്ണമായ സമതുലിതയോടെ, കെട്ടുറപ്പോടെ, വിദഗ്ധമായി പണിതെടുത്ത ഒരു വാസ്തുശിൽപം പോലെയാണ് ഇസ്‌ലാം നിലകൊള്ളുന്നതെന്ന് ഉൾക്കാഴ്ചയോടു കൂടി അസദ് കാണുന്നു. സമൂഹജീവിതത്തിന് ഏറെക്കുറെ സഹായകമായ പല മതങ്ങളിൽ ഒന്നു മാത്രമാണ് ഇസ്‌ലാം എന്ന് ധരിച്ചു പോരുന്നവർക്കു വേണ്ടി എഴുതപ്പെട്ടിട്ടുള്ളതല്ല ഈ പുസ്തകം. നബിയുടെ സഹചരന്മാരുടെ ഹൃദയങ്ങളിൽ

എരിഞ്ഞു നിന്ന, ഒരു കാലത്ത് ഇസ്‌ലാമിനെ ഒരു സാമൂഹികപദ്ധതിയും സാംസ്കാരികനേട്ടവുമാക്കിത്തീർത്ത ആ ജ്വാലയുടെ സ്ഫുലിംഗമെങ്കിലും ഹൃദയങ്ങളിൽ അവശേഷിച്ചിട്ടുള്ളവർക്കു വേണ്ടി എഴുതപ്പെട്ട പുസ്തകമാണിത്.

പഴയ ആചാരങ്ങളും വിശ്വാസങ്ങളും സാവകാശം അപ്രത്യക്ഷമാവുകയും പുതിയ രീതികൾ കിളിർത്തു വരികയും ചെയ്യുന്ന കാഴ്ച ഇസ്‌ലാമികലോകത്തും ഉണ്ട്. ഇത് എവിടേക്കാണ് മുസ്‌ലിമീങ്ങളെ എത്തിക്കുകയെന്ന ചോദ്യത്തിനുള്ള വിശദമായ ഉത്തരവുമല്ല ഈ കൃതിയെന്നും ഗ്രന്ഥകാരൻ പറയുന്നുണ്ട്. പാശ്ചാത്യ നാഗരികതയുടെ നേരെ അവർ അവലംബിക്കേണ്ട നിലപാട് എന്ന പ്രശ്നം മാത്രമേ പ്രതിപാദനത്തിന് താൻ തെരഞ്ഞെടുത്തിട്ടുള്ളൂ എന്ന് അസദ് പറയുന്നു: "ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ ചില ദർശനങ്ങളെക്കുറിച്ച്, വിശേഷിച്ച് നബിചര്യകളെക്കുറിച്ച് എഴുതിയാൽത്തന്നെ അത് ബൃഹത്തായ ഗ്രന്ഥമാവും. വളരെ വ്യാപകമായ ഈ വിഷയത്തിന്റെ കേവലരേഖ മാത്രമേ ഞാൻ വരക്കുന്നുള്ളൂ. അതിപ്രധാനമായ ഈ വിഷയത്തെക്കുറിച്ച് കൂടുതൽ ചിന്തിക്കുവാൻ ഈ ഹ്രസ്വമായ രൂപരേഖ മറ്റുള്ളവർക്ക് പ്രേരകമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു"- അസദ് എഴുതുന്നു. പത്രപ്രവർത്തകനെന്ന നിലയിലും മറ്റും ജീവിതത്തിന്റെ അധികകാലം ഇസ്‌ലാമിക പൗരസ്ത്യദേശങ്ങളിൽ കഴിച്ചു കൂട്ടിയ അസദ് യൂറോപ്പിൽ നിന്നും ഭിന്നമായ ഒരു സാമൂഹികക്രമവും ജീവിതവീക്ഷണവും ആ നാടുകളിൽ കണ്ടു. യാന്ത്രികമായ യൂറോപ്യൻ ജീവിതരീതിയുമായി താരതമ്യപ്പെടുത്തുമ്പോൾ അതിപ്രശാന്തമായ, കൂടുതൽ മാനുഷികമായ ജീവിതക്രമം കണ്ടു. അതോടെ ആ സംസ്കാരവുമായി തനിക്ക് ഇണക്കം വന്നുവെന്നും ആ വ്യത്യാസത്തിന്റെ കാരണങ്ങളെക്കുറിച്ച് പഠിക്കാനുള്ള ശ്രമത്തിലാണ് മുസ്‌ലിംകളുടെ മതബോധനങ്ങളിൽ താൻ തൽപരനായതെന്ന് അസദ് എഴുതുന്നു. യഥാർത്ഥമായ സാഹോദര്യത്തിന്റെ പരമമായ ബോധത്തോടുകൂടി സംഘടിപ്പിക്കപ്പെട്ട രൂപത്തിലാണ് താൻ മുസ്‌ലിംകളുടെ മതബോധനങ്ങളിൽ തൽപരനായതെന്നും അസദ് വെളിപ്പെടുത്തുന്നു. പക്ഷെ ആധുനികമുസ്‌ലിംജീവിതത്തിന്റെ അവസ്ഥ ഇസ്‌ലാമികമതബോധനങ്ങളിൽ നിന്ന് നന്നേ അകലെയാണെന്ന സത്യം മനസ്സിലായപ്പോൾ, ഉന്നതിയും കർമ്മവുമാണ് ഇസ്‌ലാമിലുള്ളതെന്ന് തിരിച്ചറിഞ്ഞപ്പോൾ, മുസ്‌ലിംകൾക്കിടയിൽ അവ അലസതയും നിഷ്ക്രിയത്വവുമായി മാറ്റപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കിയപ്പോൾ, ഔദാര്യവും ത്യാഗസന്നദ്ധതയുമാണ് ഈ മതത്തിലുള്ളതെങ്കിലും അതിന്റെ വിപരീതത്തിലാണ് ഇന്നത്തെ മുസ്‌ലിംകളുള്ളതെന്ന് മനസ്സിലാക്കിയപ്പോൾ, സങ്കുചിതമനോഭാവവും സുഖജീവിതലോലുപതയും ഇന്നത്തെ മുസ്‌ലിംകളിൽ കണ്ടപ്പോൾ ഉണ്ടായ പ്രതികരണമാണ് 'ഇസ്‌ലാം ഒരു വഴിത്തിരിവിൽ' എന്ന ഗ്രന്ഥത്തിന്റെ രചനയിലേക്ക് അസദിന്റെ ശ്രദ്ധ പോകാൻ കാരണം.

ഇസ്‌ലാമുണ്ട്, പക്ഷെ ശരീരത്തിൽ ചൈതന്യമില്ല. എന്താവാം ഇതിന്റെ

mappilaheritagelibrary.com

കാരണമെന്നറിയാൻ പല മുസ്‌ലിം ചിന്തകരുമായി ചർച്ച നടത്തിയ അസദ് അന്ന് അമുസ്‌ലിമായിട്ടും ഇസ്‌ലാമിന്റെ പക്ഷത്തുനിന്നും പഠിച്ചതിന്റെ ഫലമായിട്ടാണ് അദ്ദേഹം ഇസ്‌ലാമിലേക്കു വന്നത്. ഇസ്‌ലാമിന്റെ ഏതെങ്കിലും പ്രത്യേക പ്രബോധനമല്ല മറിച്ച് ധാർമികബോധനങ്ങളുടെയും പ്രായോഗികജീവിതപദ്ധതിയുടെയും സർവ്വതലചുംബിയും അവിഭേദ്യവുമായ ഘടനാവിശേഷമാണ് അസദിനെ ഇസ്‌ലാമിലേക്ക് ആകർഷിച്ചത്. അന്യൂനമായ ഒരു വാസ്തുശിൽപം പോലെ ഇസ്‌ലാം നിലകൊള്ളുന്നു. എല്ലാ ഭാഗങ്ങളും എല്ലാ ഘടകങ്ങളും ഒന്നിനെ മറ്റൊന്ന് താങ്ങും ഊക്കുമാക്കിക്കൊണ്ട് യാതൊരു ഏറ്റക്കുറച്ചിലും കൂടാതെ പരിപൂർണ്ണമായ സമതുലിതയോടും കെട്ടുറപ്പോടും കൂടി വിദഗ്ധമായി പണിതെടുത്ത ഒരു വാസ്തുശിൽപം പോലെ ഇസ്‌ലാമിന്റെ ബോധനങ്ങളും അടിസ്ഥാന പ്രമാണങ്ങളും യഥാസ്ഥാനത്ത് സ്ഥിതിചെയ്യുന്നുവെന്ന ബോധ്യം അസദിൽ സുദൃഢമായ പരിണാമം സൃഷ്ടിച്ചു

അങ്ങനെ അസദ് ഖുർആനും ഹദീസും പഠിച്ചു. ഇസ്‌ലാമിന്റെ ഭാഷയും അതിന്റെ ചരിത്രവും പഠിച്ചു. ഇസ്‌ലാമിനെക്കുറിച്ചും അതിനെതിരെ എഴുതപ്പെട്ടതും പഠിച്ചു. നബി പ്രബോധനം നടത്തിയ ആദിസങ്കേതത്തിന്റെ ചുറ്റുപാടുകളിൽ നിന്ന് അനുഭവങ്ങൾ നേടിയെടുക്കാൻ ഹിജാസിലും നജ്ദിലും മദീനയിലും അഞ്ച് സംവത്സരക്കാലം കഴിച്ചു കൂട്ടി. പല നാട്ടുകാരായ മുസ്‌ലിംകളുടെ കേന്ദ്രമായതു കൊണ്ട് മുസ്‌ലിം ലോകത്ത് ഇന്നു നിലനിൽക്കുന്ന മതപരവും സാമൂഹികവുമായ ഭിന്നവീക്ഷണഗതികളെ താരതമ്യം ചെയ്തു പഠിച്ചു. മുസ്‌ലിംകളുടെ പോരായ്മ മൂലം പല അപകർഷങ്ങൾ സംഭവിച്ചിട്ടുണ്ടെങ്കിലും ആത്മീയവും സാമൂഹികവുമായ പ്രതിഭാസമെന്ന നിലയ്ക്ക് മനുഷ്യരാശിയെ ഉന്നതിയിലേക്ക് നയിക്കുന്ന അതിമഹത്തായ ശക്തിയായി ഇസ്‌ലാം നിലനിൽക്കുന്നു എന്ന വിശ്വാസം ആ നിരീക്ഷണങ്ങളും താരതമ്യപഠനങ്ങളും അസദിൽ ഉളവാക്കി. അതോടെ അതിനെ പുനരുദ്ധരിക്കുക എന്ന പ്രശ്നത്തിൽ തന്റെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചു. ആ മഹത്തായ ലക്ഷ്യത്തിലേക്കുള്ള എളിയ സംഭാവനയായാണ് അസദ് 'ഇസ്‌ലാം അറ്റ് ക്രോസ്‌റോഡ്സി'നെ കാണുന്നത്. ഇസ്‌ലാമും പാശ്ചാത്യ സംസ്കാരവും തമ്മിലുള്ള വ്യവഹാരത്തിൽ ഒരു കാഴ്ചക്കാരൻ എന്ന നിലക്കുള്ള മൊഴിയാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം.

അസദിന്റെ ഈ വിശദീകരണങ്ങളും അതിന് അദ്ദേഹം സ്വീകരിച്ച ഭാഷയും ഏറെ വ്യത്യസ്തതയുള്ള ഒന്നാണെന്ന് ഇത്രയും എഴുതിയതിൽ നിന്നു തന്നെ മനസ്സിലാക്കാനാവും. അസദിന്റെ ഇംഗ്ലീഷിനെ ആബു എന്ന മലയാളി ഉചിതപദാവലികളിലൂടെ മലയാളത്തിലാക്കിയതെങ്ങനെയാണെന്നതിന് മേൽപറഞ്ഞ വാക്യങ്ങൾ തന്നെ ഉദാഹരണം. ആബുവിന്റെ വാക്യങ്ങൾ ഇംഗ്ലീഷിലുള്ള അദ്ദേഹത്തിന്റെ പ്രാവീണ്യം ഈ വിവർത്തനകൃതി സാക്ഷിനിൽക്കുന്നു. അസദ് ഇസ്‌ലാമിനെ കാണുന്ന രീതി തന്നെയാണ് പുസ്തകത്തിന്റെ മൗലികത.

'ഇസ്‌ലാം വഴിത്തിരിവിൽ' എന്ന പുസ്തകത്തിന് ഒമ്പത് അധ്യായങ്ങളുണ്ട്. 'ആമുഖ'ത്തിലുള്ള സൂക്ഷ്മവും വേറിട്ടതുമായ ചില വാക്യങ്ങളുടെ സത്താണ് മുകളിൽ പരിശോധിച്ചത്

രണ്ടാമധ്യായം 'ഇസ്‌ലാമിന്റെ സത്യമാർഗ്ഗം' എന്ന പേരിലുള്ളതാണ് അത്യന്തം സമതുലിതമായ, ഏകലമായ സാകല്യമായിട്ടാണ് മതങ്ങൾ മനുഷ്യനെ സഹായിക്കുന്നതെന്ന് അസദ് പറയുന്നു. 'ഏകലം' എന്ന പദം 'ഹാർമോണിയസ്' എന്ന ഇംഗ്ലീഷ് പദത്തിന്റെ തർജ്ജമയായാണ് ആബു നൽകിയിരിക്കുന്നത്. ഹാർമോണിയസ് എന്ന പദത്തിന് യോജിപ്പുള്ള, ചേർച്ചയുള്ള, മനപ്പൊരുത്തമുള്ള, അനുരൂപമായ, ഏകതാനമായ എന്നൊക്കെയാണ് ഗുപ്തൻ നായർ ആ പദത്തിന് നൽയിയിരിക്കുന്ന അർത്ഥം. പക്ഷെ ഈ 'ഏകലം' എന്ന മലയാളപദത്തിന് ഒറ്റക്കായ, തനിച്ചായ എന്നിങ്ങനെയുള്ള അർത്ഥമുണ്ട്. വേറിട്ട സാകല്യം എന്നാവാം ആബു ഉദ്ദേശിച്ചത്. മറ്റു മതങ്ങളിൽ നിന്നും ഇസ്‌ലാം വ്യത്യസ്തമാകുന്നതെങ്ങനെയെന്നുള്ളതിന്റെ സൂക്ഷ്മ നിരീക്ഷണമാണ് അസദ് നടത്തുന്നത്. ദൈവഹിതത്തിനു വഴങ്ങി മനുഷ്യന് ധർമ്മോപദേശം നൽകുക എന്ന സാധാരണ മതധർമ്മത്തിൽ നിന്നു അപ്പുറത്തേക്കു പോകുന്ന മതമായി അസദ് ഇസ്‌ലാമിനെ കാണുന്നു. അല്ലാഹുവിന്റെ ഏകതയിൽ നിന്ന് ഉത്ഭവിച്ച ഇസ്‌ലാം, ജീവിതമാകമാനം നിശ്ചയമായും ഒരു ഒന്നിപ്പാണെന്ന് മാത്രമല്ല ഓരോ വ്യക്തിക്കും അവന്റെ വ്യക്തിപരമായ പരിധിയിൽ നിന്നു കൊണ്ട് ഭൗതികജീവിതത്തിൽ, കർമ്മത്തിലും ചിന്തയിലും ഐക്യം പുലർത്തുവാനുള്ള പ്രായോഗികമാർഗ്ഗങ്ങളെ അത് കാട്ടിക്കൊടുക്കുകയും ചെയ്യുന്നു.

പരമ ലക്ഷ്യംനേടാൻ ഭൗതികലോകനിരാകരണം ഇസ്‌ലാമിൽ ഇല്ല. ആത്മീയവിശുദ്ധിയുടെ രഹസ്യ കവാടം തുറക്കാൻ ഉഗ്രതപസ്സ് എന്ന വീക്ഷണവും ഈ മതത്തിലില്ല. മോക്ഷം നേടാൻ ദുർഗ്രഹങ്ങളായ അവ്യക്തപ്രമാണങ്ങളിൽ വിശ്വസിക്കാനും ഇസ്‌ലാം നിർബന്ധിക്കുന്നില്ല. ഈ മതം ഗൂഢാർത്ഥപ്രമാണമല്ല. ദൈവം അവന്റെ സൃഷ്ടികൾക്ക് നിശ്ചയിച്ച പ്രകൃതിനിയമമനുസരിച്ചുള്ള ഒരു ജീവിതപദ്ധതി എന്ന കാഴ്ചപ്പാടാണ് ഗ്രന്ഥകാരന്നുള്ളത്. മനുഷ്യജീവിതത്തിന്റെ ആത്മീയവും ഭൗതികവുമായ ഭാവങ്ങളെ സമഗ്രമായി ഏകോപിപ്പിക്കുന്നതാണ് ഇസ്‌ലാമിന്റെ തനിമ. ഇസ്‌ലാം അതിന്റെ ബോധനത്തിൽ മനുഷ്യന്റെ ശാരീരികവും മാനസികവുമായ ജീവിതങ്ങൾക്കിടയിൽ യാതൊരു സംഘട്ടനത്തിനും അവസരം നൽകാതെ ഈ രണ്ടു ഭാവങ്ങളെയും സംയോജിപ്പിച്ചുവെന്ന് മാത്രമല്ല അവയുടെ സഹവർത്തിത്വവും അവിച്ഛേദ്യതയും ജീവിതത്തിന്റെ സ്വാഭാവിക അടിസ്ഥാനമായി കൽപിക്കുകയും ചെയ്തു. പശ്ചാത്യരാജ്യത്തിന്റെ ചൈതന്യം, കുരിശുയുദ്ധങ്ങളുടെ നിഴൽ, വിദ്യാഭ്യാസത്തെപ്പറ്റി, അനുകരണത്തെപ്പറ്റി, 'ഹദീസും' 'സുന്നത്തും', 'സുന്നത്തി'ന്റെ പ്രഭാവം ഇങ്ങനെ വ്യത്യസ്ത തലക്കെട്ടുകളിലൂടെ ഇസ്‌ലാം മേൽപറഞ്ഞ വിഷയങ്ങളെ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്ന് അസദ് അതിസൂക്ഷ്മതയോടെ വെളിപ്പെടുത്തുന്നു.

mappilaheritagelibrary.com

ഇസ്‌ലാമിന്റെ പ്രത്യേകത എല്ലാ കാര്യങ്ങൾക്കും അടിസ്ഥാനമായി മതബോധമുണ്ട് എന്നതാണ്. പാശ്ചാത്യസംസ്കാരവുമായി അതിനെ തുലനം ചെയ്താൽ അതിവിപുലമായ വിടവു കാണാം. ആധുനിക പാശ്ചാത്യ പ്രവർത്തനങ്ങളിൽ ലൗകികസമ്പാദ്യമോഹം, പ്രഭാവമോഹം- ഇതിലൊക്കെയാണ് ആധിപത്യം ചെലുത്തുന്നത്. ജീവിതത്തിന് അതിന്റേതായ ധാർമികയാഥാർത്ഥ്യം കൽപിക്കുന്നില്ല. പലപല സംസ്കാരങ്ങളിലൂടെ സഞ്ചരിച്ച് ഇസ്‌ലാമികസംസ്കാരത്തിന്റെ സ്വത്വവും ഉണ്മയും വളർച്ചയും അസദ് വിശദീകരിക്കുന്നു.

***** ***** *****

ഇഖ്ബാലിന്റെ ജീവിതരഹസ്യം

പാരമ്പര്യത്തിന്റെ സമൃദ്ധതടങ്ങളിൽ നിന്നുകൊണ്ട് ഹൃദയാവർജ്ജക മായ കാവ്യങ്ങൾ രചിച്ച ഭുവനപ്രസിദ്ധനായ കവിയാണ് ഡോക്ടർ മുഹമ്മദ് ഇഖ്ബാൽ. ലോകത്തെമ്പാടുമുള്ള കവികളിൽ ഇഖ്ബാൽ ചെലുത്തിയി ട്ടുള്ള സ്വാധീനം അത്ഭുതാവഹമാണ്. ഇന്ത്യയിലെ പ്രത്യേകിച്ച് മലയാള ത്തിലെ എഴുത്തുകാർക്കും കവികൾക്കും ഇഖ്ബാൽ കവിത ഏറെ പ്രിയ പ്പെട്ടതാണ്. അതിൽ ചിലർ അദ്ദേഹത്തിന്റെ മികച്ച കവിതകളിൽ ചിലതിനെ മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. മലയാളത്തിലെ കവിത്രയ ത്തിൽ ഒരാളായ, മലയാള കവിതയെ കാൽപനിക പ്രസ്ഥാനത്തിലേക്ക് നയിച്ച കുമാരനാശാന്റെ 'വീണപൂവ്' എന്ന ഖണ്ഡകാവ്യത്തിന് ഇഖ്ബാ ലിന്റെ 'ദി ഫോളൻ ഫ്ളവർ' എന്ന കൃതിയുമായിട്ടുള്ള സാധർമ്യത്തെക്കു റിച്ച് എം.എൻ.വിജയൻ മാഷ് നേരത്തേ നിരീക്ഷിച്ചിട്ടുണ്ട്. മലയാളത്തിലെ മുസ്ലിം കവികളിലും എഴുത്തുകാരിലും ചിന്തകരിലും പ്രസംഗകരിലും വായ നക്കാരിലും ഇഖ്ബാൽ ചെലുത്തിയിട്ടുള്ള സ്വാധീനം വലിയ ഗവേഷണ വിഷയം തന്നെയാണ്. ഈ പശ്ചാത്തലത്തിലാണ് ഒ.ആബു വിവർത്തനം ചെയ്ത 'ഖിസ്റേ റാഹ്' എന്ന ഉർദു ഖണ്ഡകാവ്യത്തിന്റെ പ്രസക്തി. 'ജീവി തരഹസ്യം' എന്നാണ് വിവർത്തകൻ പുസ്തകത്തിനു പേരിട്ടിരിക്കുന്നത്. പുസ്തകത്തിന് എം.അബൂബക്കർ എഴുതിയ അവതാരികയിൽ ഇങ്ങനെ കാണുന്നു. 'യഥാർത്ഥമായ പ്രകൃത്യോപാസകൻ, അഗാധചിന്തകൻ, അനന്യസാധാരണനായ കർമ്മയോഗി, വിജ്ഞാനപാരംഗതൻ, അതുല്യനായ ആത്മജ്ഞാനി, പൗരസ്ത്യപാശ്ചാത്യകലകളിൽ അറിവുള്ളയാൾ, അനുഗൃ ഹീതനായ കവികോകിലം, നവംനവങ്ങളായ ഉല്ലേഖങ്ങളിലൂടെ സുമ ധുരസുന്ദരമായ പദവിന്യാസത്തിലൂടെ, അതിന്റെ ശ്രുതിസൗഖ്യരസത്തിലൂ ടെ, അതീവ ഗഹനങ്ങളായ തത്ത്വചിന്താശകലങ്ങളെ സന്ദർഭോചിതമായ

mappilaheritagelibrary.com

ഉപമകളിലൂടെ വികാരജനകങ്ങളും വികാരോദ്ദീപകങ്ങളുമായ തത്ത്വങ്ങളെ ഉജ്ജ്വലവും പ്രൗഢവുമായ കവനഭാഷയിൽ അവതരിപ്പിച്ച' ഇഖ്ബാലിന്റെ പ്രത്യേകതകളെക്കുറിച്ച് വിശദമാക്കുന്നുണ്ട്. ഉറുദു സാഹിത്യത്തിൽ നവ സരണി സൃഷ്ടിച്ച, അർത്ഥപുഷ്ടിയും രസസ്ഫൂർത്തിയും തികഞ്ഞ കവിത കൾ എഴുതുമ്പോൾ മുസ്ലിം സമുദായത്തിന്റെ വർത്തമാനകാലാവസ്ഥ ചൂണ്ടിക്കാട്ടി അതിൽ നിന്നെങ്ങനെ ഉയിർത്തെഴുന്നേൽക്കാനാവും എന്ന ആശയത്തെ ധന്യാത്മകമായ സൂചനകളിലൂടെ ഇഖ്ബാൽ അവതരിപ്പിച്ചു. ഓരോ മനുഷ്യനും തന്നിലുള്ള ആത്മജ്ഞാനത്തെ ഉണർത്താൻ കഴി ഞ്ഞാൽ അവന്ന് പുതിയ ലോകം സൃഷ്ടിക്കാനാവും. മനുഷ്യരില്ലാത്ത ഭൂമി സൗന്ദര്യരഹിതമാണ്. അതുകൊണ്ട് തന്നെ ഭൂമിയിൽ മനുഷ്യന്ന് പ്രസ ക്തിയുണ്ട്. ഇഖ്ബാൽ എഴുതുന്നു. "ചിലപ്പോൾ ദൈവം നിന്നെ നക്ഷത്ര ങ്ങളിലൂടെ മാടിവിളിക്കുന്നു. ചിലപ്പോൾ മിന്നൽ പിണരുകളാകുന്ന വിളക്കു കത്തിച്ച് നിന്നെ തിരയുന്നു. ചിലപ്പോൾ ഭയങ്കരമായ ഇടിനാദം പുറപ്പെടു വിച്ച് നിന്നെ ഭയപ്പെടുത്തി വശത്താക്കാൻ ശ്രമിക്കുന്നു. എന്നാൽ താദൃശന യോപായങ്ങളിൽ നീ വീണുപോവരുത്. നീ നിന്നെ അറിയുക, നിന്റെ അറി വുകളെ നീ ഗ്രഹിക്കുക, നിന്റെ കർത്തവ്യങ്ങൾ നീ നിർവ്വഹിക്കുക. അപ്പോൾ ദൈവിക ശക്തി നിന്നിൽ അലിഞ്ഞു ചേരും. നീ ദൈവാംശമായി തീരുകയും ചെയ്യും."

സ്വന്തമായി ഒരു നവീനലോകം സൃഷ്ടിക്കാനായിരുന്ന ഇഖ്ബാലിന് താൽപര്യം. വ്യക്തിയിൽ അന്തർഭവിച്ചിരിക്കുന്ന സമസ്ത ശക്തികളുടെയും സമഞ്ജസവും പരമോന്നതവുമായ വികാസം വഴി മാത്രമേ നവ ലോകസൃഷ്ടി നടത്താനാവുകയുള്ളൂ. 'ഖുദി'യെ ആസ്പദമാക്കി ഇഖ്ബാൽ രചിച്ച കവിതകൾ ആത്മവികാസത്തിന്റെ മാന്ത്രികവാതിലുകളാണ് തുറ ന്നിട്ടുള്ളത്. സ്വത്വത്തെ, ഉണ്മയെ കെട്ടിപ്പടുക്കുവാനുള്ള വിചാരപദ്ധതി തന്നെ യാണ് ഇഖ്ബാലിന്റെ കവിതയിലെ തത്ത്വചിന്തയിൽ നാം കാണുന്നത്. പ്രപഞ്ചരഹസ്യങ്ങൾ സ്ഥിതിചെയ്യുന്നത് ആത്മാവിന്റെ അത്ഭുതശക്തികളി ലാണ്. അനേകശതം ലോകങ്ങൾ ആത്മാവിൽ അനാവിഷ്കൃതമായി കിട ക്കുന്നു. ഈ അനാവിഷ്കൃതലോകങ്ങളിൽ ഒന്നിനെയെങ്കിലും കണ്ടെ ത്താനും ആവിഷ്കരിക്കാനും കഴിയുമ്പോൾ മാത്രമേ വ്യക്തിസ്വത്വപ്രകാ ശനം നടക്കുകയുള്ളൂ. അങ്ങനെ ആവിഷ്കരിക്കപ്പെട്ട നവീനമായ സൗന്ദ ര്യതീരങ്ങളിലൂടെ തീർത്ഥയാത്ര നടത്തുന്ന സഹൃദയരും അതോടെ നവ ലോകങ്ങളിലേക്ക് ആനീതരാകുന്നു.ഇഖ്ബാൽ കവിതകളെ ആഴത്തിൽ പഠിച്ച പ്രൊഫ. അന്നാമേരി ഷിമ്മൽ പറയുന്നു. "സർവ്വാശ്ലേഷിയായ സ്വത്വം സ്വയം പ്രകാശനം നൽകുന്നതോടൊപ്പം അനേകം വ്യക്തിസ്വത്വ ങ്ങൾക്ക് ജന്മം നൽകുകയും ചെയ്യുന്നു. സ്വത്വം ഉറങ്ങുമ്പോൾ രാത്രി ഉണ്ടാ വുന്നു. അതിന്റെ ഉണർവ്വിൽ നിന്നാണ് പകൽ ഉയർന്നു വരുന്നത്. ഉപമി ക്കാനാവാത്ത വ്യക്തിയെയാണ് ഇഖ്ബാൽ അതിമാനുഷനായി അവതരി പ്പിക്കുന്നത്.

ആത്മപ്രഭാവത്തെ മഹോത്സവം പോലെ കവിതയിലൂടെ കൊണ്ടാടിയ കവിയാണ് ഇഖ്ബാൽ. ഓരോ പരമാണുവിലും ആത്മാവിന്റെ മേദുരപ്രഭാവമുണ്ട്. ചില സന്ദർഭങ്ങൾ താഴെ ചേർക്കുന്നു. നീ ഉണർന്ന് പാത്രത്തിൽ മധു നിറയ്ക്കുക, അത് ചിന്തയെ കൂടുതൽ ശാന്തവും മഹിതവുമാക്കുന്നു. ഒരു പുൽത്തുമ്പിന് പർവ്വതത്തിന്റെ ഈട് നൽകുന്നു. മൺപൊടിയെ താരപഥത്തിലേക്ക് ഉയർത്തുന്നു. ഒരു ജലബിന്ദുവിന് സമുദ്ര വിസ്തൃതി നൽകുന്നു. ആത്മാവ് ജീവിതസ്ഫുലിംഗമാവുന്നു. സത്തയുടെ കലശത്തിൽ നിന്ന് അരുണമായ മധുവിനെ ആവോളം നുകരുക. എരിവെയിലിൽ ദാഹിച്ചാലും കിസ്റിനോടു പോലും യാചിക്കരുത്. നീർക്കുമിളപോലെ നീരധിയുടെ നടുവിലായിരുന്നാലും നീ പാത്രത്തെ കമഴ്ത്തിപ്പിടിക്കുക. നീ നിന്റെ നൂതനലോകത്തെ സൃഷ്ടിക്കുക. അഗ്നിജ്വാലകൾ കൊണ്ട് നിന്നെ നീ പുതക്കുക. ഇബ്രാഹിമിനെപ്പോലെ അഗ്നിനാളങ്ങളിൽ നിന്ന് പനിനീർപ്പൂക്കളെ ശേഖരിക്കുക.' ദൈവം മനുഷ്യനോട് പറയുന്ന വർത്തമാനങ്ങൾ ഇഖ്ബാൽ ആവിഷ്കരിക്കുന്നത് ഇങ്ങനെയാണ്. "നീ ജീവിച്ചിരിക്കുന്നുണ്ടോ? എങ്കിൽ ഉത്സുകനായിരിക്കുക. എന്നെപ്പോലെ അഖിലപ്രപഞ്ചത്തെയും അടക്കി ഭരിക്കുന്നവനായിരിക്കുക. നിന്റെ ജീവിതത്തിന്റെ സ്വന്തം ആഴത്തിൽ നിന്നും ഒരു പുതിയ ലോകത്തെ രൂപവൽക്കരിക്കുക.അന്യരുണ്ടാക്കുന്ന ലോകത്ത് താമസിക്കുക എന്നത് സ്വതന്ത്രനായ മനുഷ്യന് ഹിതകരമല്ല. സൃഷ്ടിക്കുവാനുള്ള ശക്തിയില്ലാത്തവൻ എന്റെ ദൃഷ്ടിയിൽ നാസ്തികനും അവിശ്വാസിയുമാകുന്നു. എന്റെ സൗന്ദര്യസമ്പത്തിൽ നിന്ന് അവൻ ഒന്നും സമ്പാദിച്ചിട്ടില്ല. അവൻ ജീവവൃക്ഷത്തിലെ ഫലങ്ങൾ ഭക്ഷിച്ചിട്ടില്ല. ദൈവത്തിന്റെ മനുഷ്യാ നീ വെട്ടിത്തിളങ്ങുന്ന ഖഡ്ഗത്തെപ്പോലെ നിശിതനായിരിക്കുക. പ്രഭാകരനായിരിക്കുക."

ഒരു വ്യക്തിയിൽ ഉറങ്ങിക്കിടക്കുന്ന ശക്തികളെ വളർത്തിയെടുക്കാനും പ്രചോദിപ്പിക്കുന്നു. സ്വന്തം സംസ്കൃതീ തടങ്ങളിൽ നിറഞ്ഞുനിൽക്കുന്ന സൗന്ദര്യസമ്പത്തുകളെ കണ്ടെത്തുവാനും ഇഖ്ബാൽ മുസ്ലിം സമുദായത്തെ പ്രേരിപ്പിക്കുന്നു. അതിന്റെ ആവിഷ്കാരം അത്യധികം ഹൃദയഹാരിതയോടെയാണ്. "മറ്റുള്ളവരുടെ ഗാനത്തിൽ ദത്തശ്രദ്ധനാവുമ്പോൾ നീ സ്വയം മുരളിയാണെന്ന തത്വം മറക്കുന്നു. അന്യന്റെ കമ്പോളത്തേക്കാൾ മികച്ച ഭോജനസാധനങ്ങൾ നിന്റെ കലവറയിൽ സമൃദ്ധമായുണ്ട്."

സ്വന്തം കഴിവുകളെ കണ്ടെത്തുന്നവനാവാൻ വേണ്ടി പ്രചോദനമരുളുന്ന ഇഖ്ബാൽ നിരന്തരമായി കർമ്മം ചെയ്യുക എന്ന ആഹ്വാനം കവിതകളിലൂടെ നൽകുന്നു. "ഹേ കർഷകാ, നിന്റെ യഥാർത്ഥനില ഗ്രഹിക്കുക. വിത്തും വിളയും വയലും മഴയും നീ തന്നെ. കൊടുങ്കാറ്റടിക്കുമ്പോൾ നീ പരിഭ്രമിക്കരുത്. വഞ്ചിക്കാരനും വഞ്ചിയും നദീതീരവും നീ തന്നെ. അൽപം മൊട്ടുകളാൽ സംതൃപ്തിയടയുന്ന നീ വിഡ്ഢി തന്നെ. നിന്റെ മടിത്തട്ട് നിറയുവോളം വാരിയെടുക്കുവാൻ മാത്രം പൂക്കൾ നിന്റെ ഉദ്യാനത്തിലുണ്ട്. നീ ഒരു തുള്ളി മാത്രമാണെങ്കിലും അപാരമായ സമുദ്രത്തിന്റെ കഴിവ് നിനക്കുണ്ട്. നിനക്ക് വിവേകമുണ്ടെങ്കിൽ വാളും പരിചയും കൂടാതെ തന്നെ സപ്തഖണ്ഡങ്ങളെ അധീനമാക്കാനുള്ള ശക്തി നിന്നിൽ ലീനമായി കിടക്കുന്നു. ജീവിതായോധനത്തിൽ ഉരുക്കുപോലുള്ള ഹൃദയത്തെ സൃഷ്ടിക്കുമ്പോൾ തന്നെ ആ ഹൃദയം പ്രേമത്തിന്റെ പട്ടുമെത്തയായിരിക്കട്ടെ.

mappilaheritagelibrary.com

ജീവിതത്തെക്കുറിച്ചുള്ള അഗാധചിന്തകളുടെ രത്നശേഖരമാകുന്നു ഇഖ്ബാലിന്റെ 'ജീവിതരഹസ്യ'മെന്ന കൃതി. ഒരു ശുക്ലപക്ഷരാത്രി. പൂർണ്ണചന്ദ്രൻ മണലിൽ പൂവിരിച്ചിരിക്കുന്നു. പ്രശാന്തസുന്ദരമായ രാത്രി. തണുത്ത കാറ്റ് വീശുന്നു. സമുദ്രം ഒരു ചിത്രത്തിൽ വരച്ചുവെച്ചതു പോലെ ശാന്തം. മുലക്കുഞ്ഞ് പെറ്റമ്മയുടെ മാറിലെന്ന പോലെ ഓളങ്ങൾ സമുദ്രത്തിൽ വിശ്രമിക്കുന്നു. മനം കുളിർപ്പിക്കുന്ന ആ സമയത്ത് കവി തന്റെ ഭാവനയിൽ ഖിസ്റിനെ കാണുന്നു. ഖിസ്റ് ഒരു പ്രവാചകനാണെന്നും പറയപ്പെടുന്നു. പക്ഷെ അദ്ദേഹം ജീവിച്ചിരിപ്പുണ്ടെന്നാണ് വിശ്വാസം. ഖിസ്റിനെ കണ്ട കവി അദ്ദേഹത്തോട് സാമുദായിക രാഷ്ട്രീയ സംബന്ധിയായ ചില സജീവപ്രശ്നങ്ങൾക്ക് ഉത്തരം തേടുന്നു. അറിവിന്റെ സമുദ്രമായ ഖിസ്ർ അവയ്ക്കെല്ലാം ഉത്തരം നൽകുന്നു. ഇതാണ് കവിതയുടെ തുടക്കത്തിൽ വായനക്കാരൻ കാണുന്നത്. ഇഖ്ബാലിന്റെ പതിവു രീതിയിൽ തന്നെ ആശയങ്ങൾ തത്ത്വചിന്തകൾ ഇവയെല്ലാം കാവ്യാത്മകമായി അവതരിപ്പിക്കുന്നു.

ഖിസ്ർ പറഞ്ഞുതുടങ്ങുന്നത് ഇങ്ങിനെയാണ്: "ദൈവികരഹസ്യത്തെ ആരാഞ്ഞലയുന്ന മനുഷ്യാ നിന്റെ അന്തർ നേത്രങ്ങൾക്ക് പ്രകാശമുണ്ടെങ്കിൽ നിനക്ക് ഈ ലോകത്തിന്റെ തഖ്ദീർ (നീതി) കണ്ടറിയാൻ സാധിക്കും. കവിയുടെ ചോദ്യങ്ങൾക്കുള്ള ഖിസ്റിന്റെ മറുപടിയിലാണ് വർത്തമാനകാലത്ത് മനുഷ്യരാശി, പ്രത്യേകിച്ച് മുസ്ലിംസമൂഹം നേരിടുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം നിർദ്ദേശിക്കപ്പെടുന്നത്. എന്തിനു മണലാരണ്യത്തിൽ എന്നുമെന്നും കഴിയുന്നുവെന്ന ചോദ്യത്തിനുള്ള ഖിസ്റിന്റെ മറുപടി നിരന്തരമായ പരിശ്രമം ജീവിതത്തിന്റെ നിദർശനമാകുന്നുവെന്നാണ്. പ്രതീക്ഷയേയും സന്തോഷത്തേയും പൊലിപ്പിച്ചെടുക്കുന്ന മറുപടികളാണ് ഖിസ്റിന്റെ ഭാഗത്തുനിന്നുണ്ടാവുക. ഈ സികതാരണ്യത്തിൽ ലക്ഷ്യമില്ലാതെ മാൻപേടകൾ ചാടിച്ചാടി പുളക്കുന്ന മനോഹരമായ കാഴ്ച നീ കണ്ടില്ലേ? ആകാശത്തു നിന്ന് 'ജിബ്രീൽ' എന്ന പോലെ പുലരിയുടെ പുഞ്ചിരിക്കുള്ളിൽ നിന്ന് ഭാനുമാന്റെ ഭാസുരകിരണങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് നീ കാണുന്നില്ലേ? സൂര്യൻ അസ്തമനഗിരിയെ പ്രാപിച്ചപ്പോൾ ഖലീലിന്റെ (പ്രവാചകനായ ഇബ്രാഹിമിന്റെ) 'സത്യാ'ന്വേഷണവ്യഗ്രങ്ങളായ നയനങ്ങൾക്ക് നൈരാശ്യവും സൂക്ഷ്മതയും വളർത്തിയ മരുഭൂമിയിലെ സായാഹ്നത്തിന്റെ നിശ്ശബ്ദസുന്ദരമായ അവസ്ഥ നീ ദർശിച്ചിട്ടില്ലേ. 'സൽസബീലിനു ചുറ്റും സ്വർഗ്ഗവാസികളെന്നപോലെ മരുഭൂമിയിലെ യാത്രക്കാർ അവിടങ്ങളിലെ അരുവികൾക്ക് ചുറ്റും പറ്റിക്കൂടുന്ന കൗതുകകരമായ കാഴ്ചയും നീ കണ്ടിട്ടില്ല. വിജനസ്ഥലത്ത് നിന്ന് നീ പ്രേമത്തെ തേടുക. കറക്കത്തിന്റെ ആധിക്യമത്രെ ജീവിതകുംഭത്തെ ബലവത്താക്കിത്തീർക്കുന്നത്. പരമമായ ജീവിതരഹസ്യവും അതുതന്നെ.

ഇന്നു നാളെ എന്ന മാനദണ്ഡം കൊണ്ട് നീ ജീവിതത്തെ അളക്കരുത്. ജീവിതം അനശ്വരവും ചലനനിരതവും നിത്യയൗവനയുക്തവുമാകുന്നു. പർവ്വതം വെട്ടിനീക്കി നദിയൊഴുക്കിയ ഫർഹാദിന്റെ ഹൃദയത്തോട് ജീവിതത്തിന്റെ രഹസ്യമെന്തെന്ന് അന്വേഷിക്കുക. അപ്പോളറിയാം ക്ഷീരനദി, വെട്ടുവാൾ, പാറക്കെട്ട് എന്നിവയാണ് ജീവിതം എന്ന്. അടിമജീവിതം-അത് വറ്റിക്കാൻ കെട്ടി നിറുത്തിയ നദിക്ക് തുല്യമാണ്. സ്വതന്ത്രജീവിതം പാരാവാരം പോലെ വിശാല സുന്ദരമത്രെ. ഒരു പിടി മണ്ണുകൊണ്ട് സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ആകാരത്തിനുള്ളിൽ ജീവിതം ഗുപ്തമായി കിടക്കുന്നു. അതിന്റെ ശക്തിപ്രഭാവം പ്രത്യക്ഷപ്പെടുന്നത് അത് കർമ്മനിരതമാകുമ്പോഴത്രെ. ജീവിതം അത് കർമ്മങ്ങളാൽ പാകത വരുത്താതിരുന്നാൽ വെറുമൊരു മൺകട്ടപോലെ കിടക്കും. നിരന്തര കർമ്മങ്ങൾകൊണ്ട് പാകത വരുമ്പോൾ അതൊരു വെട്ടിത്തിളങ്ങുന്ന വാളായി മാറും. ഭംഗുരങ്ങളായ ആകാശത്തേയും ഭൂമിയേയും നിന്റെ കർമാഗ്നിയിൽ ദഹിപ്പിക്കുക. ആ ചാമ്പലിൽ നിന്ന് നീ നിന്റെ കർമ്മലോകത്തെ സ്വയം കെട്ടിപ്പടുക്കുക. നിന്റെ പരിശ്രമം കൊണ്ട് നീ ബദഖ്ശാനിലെ വിലയേറിയ മുത്തുകളെ നിർമ്മിക്കുക. അവ പൗരസ്ത്യ ലോകത്തിൽ അർക്കതുല്യം പ്രകാശിക്കട്ടെ" ഖിസ്റിന്റെ മറുപടിയിൽ ഭരണകൂടം, തൊഴിലും വേതനവും, ഇസ്ലാമികലോകം തുടങ്ങിയ പല വിഷയങ്ങളും സ്പർശിക്കപ്പെടുന്നുണ്ട്. ആധുനിക ലോകത്തിലെ പരിഷ്കൃതസമൂഹത്തിന്റെ ജാലവിദ്യയായാണ് ഭരണകൂടത്തെ കവി കാണുന്നത്. പാശ്ചാത്യരുടെ പ്രജായത്തം കൈസർ ഭരണകൂടത്തിന്റെ വിത്ത് പൊടിച്ചുണ്ടായ യാഥാസ്ഥിതികത്വമല്ലാത്ത മറ്റൊന്നുമല്ല. മുതലാളികൾ തൊഴിലാളികളുടെ ചോര പിഴിഞ്ഞെടുക്കുന്നതിന്റെ രീതികൾ തൊഴിലും വേതനവും' എന്ന ഭാഗത്ത് കാണാം. തൊഴിലിന്റെ പ്രതിഫലം ധനികർ ദരിദ്രർക്ക് സക്കാത്ത് കൊടുക്കുന്നതു പോലെയായിത്തീർന്നിരിക്കുന്നതിലുള്ള രോഷം കവിതയിലുണ്ട്. മുതലാളിമാരുടെ വഞ്ചനകൾ കവി എടുത്തു കാട്ടുന്നു. എന്നിട്ട് ഉണരാനും പ്രവർത്തിക്കാനുമുള്ള ആഹ്വാനം നൽകുന്നു. ഇസ്ലാമിക ലോകത്തെക്കുറിച്ചുള്ള കാവ്യഭാഗത്ത് മുസൽമാന്റെ രക്തം പച്ചവെള്ളത്തേക്കാൾ തണുത്തു പോയതിനെക്കുറിച്ച് ദുഃഖിക്കുന്നു. സ്വന്തം സംസ്കൃതിയേയും സ്വത്വത്തെയും മറന്ന് ഇതരസംസ്കൃതികളെ വാരിപ്പുണരുന്നതിലുള്ള ഉൽക്കണ്ഠ രേഖപ്പെടുത്തുന്നു. തുർക്കികളുടെയും അറബികളുടെയും പൂർവ്വചരിത്രം ഓർമ്മിപ്പിക്കുന്നു. സ്വർണ്ണത്തെ തട്ടാന്മാരെന്ന പോലെ പശ്ചാത്യരുടെ തന്ത്രം സമുദായത്തെ നുറുക്കി വികൃതപ്പെടുത്തിയതിനെ ചൂണ്ടിക്കാട്ടുന്നു. സ്വന്തം ഹൃദയരഹസ്യത്തെകുറിച്ചു പോലും തിരിച്ചറിവില്ലാത്ത വിധത്തിൽ ജീവിക്കുന്ന സമുദായാംഗങ്ങളോട് കണ്ണുകൾ തുറക്കാനും ആവശ്യങ്ങൾ വീണ്ടെടുക്കാനും ആഹ്വാനം ചെയ്യുന്നു. ഇസ്ലാമിക നീതി പുനഃസ്ഥാപിതമാവാൻ പ്രാചീനരുടെ മനോധൈര്യവും ആത്മവിശ്വാസവും സമാർജ്ജിക്കണം. കുലമഹിമ മതത്തെ അതിജീവിക്കാൻ ഇടയാകരുത്. അങ്ങനെ സംഭവിച്ചതിനാലാണ് മുസ്ലിം സമൂഹം വഴിമധ്യേ ഉള്ള ധൂമപ

mappilaheritagelibrary.com

ടലം പോലെ ചിന്നിച്ചിതറി വശംകെട്ടു പോയത്. മുസൽമാന്റെ ഹൃദയത്തിൽ ജീവിതാശ തളിർക്കണം. അവന്റെ ജീവിതത്തിന്റെ പരമമായ ആദർശം ദൈവത്തിന്റെ പ്രീതി സമാർജ്ജിക്കലാവണം.

ഇഖ്ബാലിന്റെ കാവ്യസത്ത എന്താണെന്നും അത് ആവിഷ്കരിക്കാൻ അദ്ദേഹം ഉപയോഗിച്ച ഭാഷയുടെ കാവ്യാത്മകത എന്താണെന്നും തിരിച്ചറിഞ്ഞാൽ മാത്രമേ ശരിയായ വിവർത്തനം സാധ്യമാകൂ. പദാനുപദവിവർത്തനവും വാക്യാനുവാക്യവിവർത്തനവും നടത്തുമ്പോൾ പലപ്പോഴും അതിന്റെ കാവ്യാത്മകത ചോർന്നുപോവാറുണ്ട്. 'വിവർത്തനം ചെയ്യപ്പെടുമ്പോൾ നഷ്ടപ്പെടുന്നതെന്തോ അതാണ് കവിത' എന്നൊരു ചൊല്ല് തന്നെ ഉണ്ടായിട്ടുണ്ട്. ശുഷ്കമായ വിവർത്തനം മൂലകവിയോട് ചെയ്യുന്ന വലിയ അപരാധമായിരിക്കും. വിവർത്തനം പുനഃസൃഷ്ടിയാവണം എന്ന തത്വവും ഉണ്ടായിട്ടുണ്ട്. ഈ വീക്ഷണങ്ങളെല്ലാം ഉൾക്കൊണ്ടിട്ട് വിവർത്തനം ചെയ്യാൻ വിവർത്തകർ മൂലഗ്രന്ഥകാരനെപ്പോലെ പ്രതിഭയുള്ള ആളായിരിക്കണം. ആബുവിന്റെ വിവർത്തനം കവിതയുടെ പുനഃസൃഷ്ടിയാകുന്ന അപൂർവ്വം സന്ദർഭങ്ങൾ ജീവിതരഹസ്യത്തിലുണ്ട്. ഒരു ഉദാഹരണം കാണുക. "സ്വേച്ഛാപ്രഭുത്വമാകുന്ന രാക്ഷസി പ്രജായത്തമാകുന്ന പട്ടാടയണിഞ്ഞ് നൃത്തം വെക്കുകയാണ്. കഷ്ടം! നീ അതിനെ സ്വാതന്ത്ര്യത്തിന്റെ മുഗ്ധസ്വരൂപമാണെന്ന് വ്യാമോഹിക്കുന്നു." ഇന്ത്യയിലെ വർത്തമാന കാലത്തിന്റെ യഥാതഥമായ ചിത്രം പോലും നൽകുന്ന ഇഖ്ബാലിന്റെ ഈ വരികൾ കവിയുടെ മനസ്സ് സമ്പൂർണ്ണമായി ഉൾക്കൊണ്ടിട്ടാണ് ആബു വിവർത്തനം ചെയ്തിരിക്കുന്നത്. അതിനാൽത്തന്നെ ആബുവിന്റെ ഈ വിവർത്തനം ഒരു വിജയം തന്നെ.

***** ***** *****

ദൈവത്തിന്റെ മനുഷ്യൻ

ലോകപ്രസിദ്ധനായ മഹാകവി ഡോക്ടർ മുഹമ്മദ് ഇഖ്ബാലിന്റെ അഗാധമായ ആശയങ്ങളുള്ള കവിതകളെ മാപ്പിളപ്പാട്ടിന്റെ ഇശലുകളിലേക്ക് പരാവർത്തനം ചെയ്യുക എന്ന അത്യധികം കൗതുകകരമായ ഒരു പുനഃസൃഷ്ടി പ്രയത്നം ഒ.ആബു നടത്തിയിട്ടുണ്ട്. ഇഖ്ബാലിന്റെ 'ദൈവത്തിന്റെ മനുഷ്യൻ'എന്ന കാവ്യത്തിന്റെ മറുപിറവിയാണിവിടെ നടന്നിരിക്കുന്നത്. കടൽ ഇരമ്പുന്നത് പോലെ ഗംഭീരമായ കവിതകൾ ഇഖ്ബാൽ എഴുതിയിട്ടുണ്ടല്ലോ. അതിനെ മലയാളീകരിക്കുക മാത്രമല്ല മാപ്പിളപ്പാട്ട് കൂടിയാക്കുക എന്ന അത്യന്തം ക്ലേശകരമായ പ്രവൃത്തി ആബു നടത്തിയിട്ടുണ്ട്. ഇങ്ങനെ ചെയ്യാൻ അത്യധികമായ കവനശേഷിയും പ്രതിഭാശേഷിയും ആവശ്യമുണ്ട്. ആബു മാപ്പിളപ്പാട്ടുവത്കരിച്ച ഇഖ്ബാലിന്റെ ചില വരികൾ വായിക്കുക. ദൈവം മനുഷ്യനോട് പറയുന്നതായി ഇഖ്ബാൽ എഴുതിയ ഒരു കാവ്യഭാഗമാണിത്. "നീ ജീവിച്ചിരിക്കുന്നുണ്ടോ? എങ്കിൽ ഉത്സുകനായിരിക്കുക. സൃഷ്ടിക്കുന്നവനായിരിക്കുക. എന്നെപ്പോലെ അഖിലപ്രപഞ്ചത്തെയും അടക്കി ഭരിക്കുന്നവനായിരിക്കുക.നിനക്ക് വിലയില്ലാത്ത എന്തിനേയും അടിച്ചു തകർത്തുകളയുക. നിന്റെ സ്വന്തം ജീവിതത്തിന്റെ ആഴത്തിൽ നിന്ന് നീ ഒരു പുതിയ ലോകത്തെ രൂപവൽക്കരിക്കുക. അന്യരുണ്ടാക്കുന്ന ലോകത്ത് താമസിക്കുക എന്നത് സ്വതന്ത്രനായ ഒരു മനുഷ്യന് യോജിച്ചതല്ല. സൃഷ്ടിക്കുവാനുള്ള ശക്തിയില്ലാത്തവൻ എന്റെ ദൃഷ്ടിയിൽ നാസ്തികനും അവിശ്വാസിയുമാകുന്നു. (വക്കം അബ്ദുൽ ഖാദറിന്റെ വിവർത്തനമാണിത്)

mappilaheritagelibrary.com

സ്വത്വത്തെ അഥവാ ഉണ്മയെ പടുത്തുയർത്താൻ വായനക്കാർക്ക് പ്രചോദനം നൽകുന്ന, കടൽ ഇരമ്പുന്നതു പോലുള്ള ഈ വരികളെ ആബു 'മാനിദക്കൊതി ഖൽബിൽ' എന്ന ഇശലിൽ മാപ്പിളപ്പാട്ടായി അവതരിപ്പിക്കുന്നത് ഇങ്ങനെ.

"ഖല്ലാഖിൻ പടപ്പാകും മനുഷ്യാ നീ ഉണർന്നില്ലേ
പൊല്ലാപ്പും പുതച്ചു നീ മരിച്ചു പോയോ?"

ഗദ്യത്തിലുള്ള ഇഖ്ബാലിന്റെ വരികളുടെ ആവിഷ്കാരപ്രൗഢത ആബുവിന്റെ വരികളിൽ നൂറ് ശതമാനം കാണാനാവുന്നില്ല. ഇതിന്റെ കാരണം ആവിഷ്കാരപ്രകാരത്തിന്റെ വ്യത്യസ്തതയാണ് എന്ന് പറയാം. കരുത്ത് നേടി, മനസ്സമ്പന്നത ആർജ്ജിച്ച്, ഉണർന്ന് നിന്ന് പുതിയ ലോകത്തെ സൃഷ്ടിക്കാനുള്ള ഇഖ്ബാലിന്റെ കാവ്യാത്മകമായ ആഹ്വാനം ഒരു പരിധിവരെ മാപ്പിളപ്പാട്ടിൽ ചോർന്നുപോയിരിക്കുന്നു. 'ഉണരുക'- 'ഉണർന്നില്ലേ' എന്നാകുമ്പോൾ അർത്ഥദാർഢ്യം കുറയുന്നു. ഒരുവിഷയത്തെ ദുർബലവും ശക്തവുമായി അവതരിപ്പിക്കുന്നതിന്റെ ഉദാഹരണം മലയാള കവിതയിലൊരിടത്തുണ്ട്. ചങ്ങമ്പുഴയുടെ വാഴക്കുലയുടെ ആവിഷ്കാരവും ഇടശ്ശേരി ഗോവിന്ദൻനായരുടെ പുത്തൻകലവും അരിവാളും എന്ന കവിതയുടെ ആവിഷ്കാരവും താരതമ്യം ചെയ്യുമ്പോൾ മേൽപറഞ്ഞ കാര്യം തെളിഞ്ഞുകിട്ടും. കോമൻ ഒരു വാഴ നട്ടു. അതു വളർന്ന് വലുതായി കുലച്ചു. പലപ്പോഴും പട്ടിണിയിൽ കഴിയേണ്ടുന്ന കോമന്റെ മക്കൾ വാഴ കുലക്കുന്നതും പഴുക്കുന്നതും കാത്ത് കാത്ത് നോക്കി നോക്കി ഇരിപ്പായിരുന്നു. പഴക്കുല മുതലാളിയുടെ ആൾക്കാർ കൊത്തിയെടുത്ത് കൊണ്ടുപോയപ്പോൾ കോമനും മക്കളും നല്ലോണം ദുഃഖിച്ചു. കരുത്തോടെ തടയാനും എതിർക്കാനും അവർക്കായില്ല. ചങ്ങമ്പുഴ ആ രംഗം ഇങ്ങനെ ആവിഷ്കരിക്കുന്നു. "ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ, പതിതരേ നിങ്ങൾ തൻ പിൻമുറക്കാർ." മുതലാളിത്തത്തിന്റെ അധർമ്മത്തെ എതിർക്കാൻ ത്രാണിയില്ലാത്തതിനാൽ വരുന്ന തലമുറയെങ്കിലും അതു ചെയ്യുമെന്നു സമാധാനിക്കുകയാണ് കോമൻ അല്ലെങ്കിൽ കവി. അതേ സമയത്ത് ഇത്തരം സന്ദർഭങ്ങളിൽ എന്താണ് ചെയ്യേണ്ടതെന്ന് ഇടശ്ശേരി ദൃഢമായി ചൂണ്ടിക്കാട്ടുന്നുണ്ട്. "അധികാരം കൊയ്യണമാദ്യം നാം, അതിനു മേലാവട്ടെ പൊന്നാര്യൻ." ചങ്ങമ്പുഴയും ഇടശ്ശേരിയും ഏതാണ്ടൊരേ കാലത്ത് ജീവിച്ചവരാണെന്ന കാര്യവും ഓർമ്മിക്കണം. കാൽപനിക കവിതയിലെ ആവിഷ്കാരതലം ദുർബലവും യഥാതഥാവിഷ്കാരരീതിയിൽ ശക്തവുമാവുന്നു എന്ന് ന്യായീകരിച്ചു പറയുകയുമാവാം. ഇക്കാര്യം ചങ്ങമ്പുഴയുടെയോ ആബുവിന്റെയോ തകരാറല്ലെന്നും കവിത രചിക്കാൻ അവർ സ്വീകരിച്ച മീഡിയയുടെ വ്യത്യസ്തതയാണെന്നും പറയാം.

"ആലത്തിന്നുടമതന്നടിമയോടുരത്തില്ലേ
ചേലൊത്ത പുതുലോകം പടച്ചീടുവാൻ"

എന്ന വിവർത്തനഭാഗം മികച്ചതായിത്തീർന്നിട്ടുണ്ട്. ചുരുക്കിപ്പറയലിന്റെ ഒതുക്കവും ഈ മാപ്പിളപ്പാട്ടുവൽക്കരണത്തിൽ കാണാനുണ്ട്.

"ഉണ്ടോ നിൻ തടിയിൽ റൂഹുണർന്നതിൻ ജവാബോത്
ഉണ്ടെങ്കിലതിനോടീ ഉറുതിയോത്"

"വേണ്ടാത്ത സകലതും ഹലാക്കാക്കീട്ടതിൽ നിന്ന്
വീണ്ടും പുതുലോകം പടക്കുകൊന്ന്"

"ദൈവത്തിൻ മനുഷ്യാ നീ പടക്കാനും വിധിക്കാനും
ദൈവത്താലരുളപ്പെട്ടയച്ചോനല്ലേ"

ഇത്തരം പാട്ടുഭാഗങ്ങൾ ഔചിത്യപൂർണ്ണമാണ്.

ഇതുപോലെ 'ചലിയ്ക്കുക, ചലിയ്ക്കുക, നിരന്തരം ചലിയ്ക്കുക. ചലനമാണ് ജീവിതത്തെ വാർത്തെടുക്കുന്നത്' എന്ന ഇഖ്ബാലിന്റെ വരികൾ ആബു തീർത്തും സ്വതന്ത്രമായി ഒപ്പം ആശയത്തെ ഉൾക്കൊണ്ടു കൊണ്ട് മാപ്പിളപ്പാട്ടാക്കിയിരിക്കുന്നു. സ്വീകരിച്ച ഇശൽ തടകിമണത്തെ എന്നതാണ്.

രസരാജനായ ശൃംഗാരത്തെ കാൽപനിക ഭാഷയിൽ ആവിഷ്കരിക്കാനുള്ള ആബുവിന്റെ കഴിവ് മാരൻ വരും ദിനം വരുന്നേ എന്ന പാട്ടിൽ കാണാനുണ്ട്. 'മാരരന്നബി' എന്ന ഇശലിൽ അത്തരമൊരു സന്ദർഭമുണ്ട്.

"മുല്ലനട്ട് നീ നനച്ച്
വല്ലിയായി- പിന്നേ
വല്ലി പെറ്റ് മുല്ലമൊട്ട്
ഭംഗിയായി
മൊട്ടണഞ്ഞ നാളുപോയി
ക്കാലമായ് അപ്പോൾ
ക്കെട്ടു പൊട്ടിപ്പുഞ്ചിരിച്ചത്
പൂവുമായി"

വല്ലി മൊട്ടായി കെട്ടുപൊട്ടി പുഞ്ചിരിക്കുന്നതാണ് പൂവ് എന്ന കൽപനയിൽ കാൽപനിക ഭാഷയുടെ ഭംഗിയും കാവ്യാത്മകതയുമുണ്ട്. അദ്ധ്വാനിയുടെ മഹിമയെ പുതുമാരൻ എന്ന കവിതയിൽ പുകഴ്ത്തുന്നു.

മാപ്പിളപ്പാട്ടിനെക്കുറിച്ച് തന്നെ ആബു ഒരു പാട്ടെഴുതിയിട്ടുണ്ട്. മാപ്പിളപ്പാട്ട് ആർക്കും എപ്പോഴും കയറിച്ചെല്ലാനുള്ള വഴിയമ്പലമല്ലെന്നും, അതിന് അതിന്റേതായ തന്റേടവും ഭാഷയുമുണ്ടെന്നും മാരരന്നബി, ചായലും മുറുക്കവും എന്നീ ഇശൽ ചേർപ്പിലൂടെ അദ്ദേഹം വിശദമാക്കിയിട്ടുണ്ട്. ഇതിൽ ജീവിതത്തിന്റെ നിസ്സാരത ഒരു തത്ത്വചിന്തയുടെ മട്ടിൽ അവതരിപ്പിച്ചിരിക്കുന്നു. ഇന്നത്തെ മട്ടിൽ പറഞ്ഞാൽ മാപ്പിളപ്പാട്ടിലെ 'ഇശൽ ഫ്യൂഷൻ' ആണിതെന്നു പറയാം. 'ബീവിയും പൂവും' എന്ന പാട്ടിലും പൂന്താനത്തിന്റെ 'ജ്ഞാപ്പാന'യിലെന്നപോലെ ഗഹനങ്ങളായ തത്ത്വചിന്തകളെ ലളിതമായി ആവിഷ്കരിച്ചിട്ടുണ്ട്.

mappilaheritagelibrary.com

"ഏഴയെന്നും മന്നനെന്നും
താഴെയെന്നും മീതെയെന്നും.
ഊഴിയിൽ ഭേദങ്ങൾ ചിന്നും
പൂഴിയിൽ ചേരും നരനും."

'ഫിത്ർ സക്കാതി'ന് പുറപ്പെടുന്ന സഹോദരികളുടെ നിലയും പെരുന്നാളിൽ ദുഃഖിച്ചിരുന്ന ബാലനെ നബി വാരിയെടുത്ത് ചുമലിലേറ്റി താലോലിച്ചാനന്ദിപ്പിച്ച സന്ദർഭവും പാട്ടിന് വിഷയമാക്കിയ ആബു പ്രതീക്ഷയെ പൊലിപ്പിക്കാനും ശ്രമിക്കുന്നുണ്ട്. മരിക്കാൻ പിറന്ന മനുഷ്യനോട്, നബിയുടെ ഹിജ്റ, യാത്രയിലെ സംഭവം (പുരോഗതി), റംസാൻ മാസവും പെരുന്നാളും- ഇങ്ങനെ പലപല വിഷയങ്ങളായി ആബു സ്വീകരിച്ചിട്ടുണ്ട്.

***** ***** *****

ഗസ്സാലിയുടെ 'ഇഹ്യാ ഉലൂമുദ്ദീൻ'

ലോകപ്രസിദ്ധതത്ത്വചിന്തകനും ജ്ഞാനിയും കുശാഗ്രബുദ്ധിയും വശ്യ വചസ്സുമായ ഇമാം ഗസ്സാലിയുടെ 'ഇഹ്യാ ഉലൂമുദ്ദീൻ' ആബു മലയാള ത്തിലാക്കിയിട്ടുണ്ട്. അതിന്റെ നാലാം ഭാഗം മാത്രമേ ലഭ്യമായിട്ടുള്ളൂ. ഇസ്‌ലാമിനെ സംബന്ധിച്ച് മനുഷ്യവിരചിതമായ വിശ്വോത്തരഗ്രന്ഥം എന്ന വിശേഷണമുള്ള പുസ്തകമാണ് 'ഇഹ്യാ ഉലൂമുദ്ദീൻ'. ആ ഒറ്റ കൃതി വെച്ചുകൊണ്ടു തന്നെ ഉലൂമുദ്ദീന്റെ ആഴവും അതിന്റെ വിവർത്തന സൗന്ദ ര്യവും നമുക്കു മനസ്സിലാക്കാനാവും. ആ മഹദ്ഗ്രന്ഥത്തിന്റെ സാരാംശമാണ് ആബു നൽകുന്നത്. ഗസ്സാലിയുടെ ഈ പുസ്തകത്തെ വിവർത്തനത്തിന്നെടുക്കുക എന്നത് സാഹസപ്രവൃത്തിയാണ്. അതിനെ ഉൾക്കൊള്ളാൻ ആഴമേറിയ അറിവും ബുദ്ധിശക്തിയും അവതരിപ്പിക്കാൻ ഭാഷാപാടവവും ആവശ്യമാണ്. ഇമാമിന്റെ വിജ്ഞേയങ്ങളായ ഗ്രന്ഥ ങ്ങളുമായി ചിരകാലം ബന്ധം പുലർത്തിയ സയ്യിദ് നവാബ് അലി ആ ജ്ഞാനസാഗരത്തിൽ നിന്നും ശേഖരിച്ച മുത്തുമണികളെ ഇണക്കിക്കോർത്ത് ഇംഗ്ലീഷിൽ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അറബി അറിയാത്തവരും ഇംഗ്ലീഷ് അറിയാത്തവരുമായ ആളുകൾക്ക് ഗസ്സാലിയുടെ പ്രൗഢവിജ്ഞാ നത്തിന്റെ ദീപ്തിവിശേഷത്തെ പരിചയപ്പെടുത്തിക്കൊടുക്കുക എന്ന ഉദ്ദേശ്യ മാണ് ഈ വിവർത്തനത്തിന്നു പ്രേരകമെന്ന് ആബു എഴുതിയിട്ടുണ്ട്.

മനുഷ്യന്റെ പ്രകൃതി, മാനുഷികേച്ഛയും ചുമതലയും, പേനയുടെ രൂപക കഥ, അഹങ്കാരവും പൊങ്ങച്ചവും, ചങ്ങാതിത്തവും ആത്മാർത്ഥതയും, പ്രേമ ത്തിന്റെ സ്വഭാവം, മനുഷ്യന്റെ പരമമായ ആനന്ദം, അല്ലാഹുവിന്റെ ഏകത, അല്ലാഹുവോടുള്ള സ്നേഹവും അതിന്റെ ചിഹ്നങ്ങളും, സസന്തോഷം

mappilaheritagelibrary.com

അവന്റെ ഹിതത്തിന് വഴങ്ങൽ- ഇതാണ് ഗസ്സാലി ഇമാം നാലാം ഭാഗത്ത് അവതരിപ്പിച്ചിട്ടുള്ള വിഷയങ്ങൾ. തലക്കെട്ടുകൾ തന്നെ കലാപരമാണ്. ഗസ്സാലിയുടെ അറിവിന്റെയും ഭാഷയുടെയും ഒപ്പം പോവുക നന്നേ പ്രയാ സകരമാണ്. അത്ര കണ്ട് ആഴമുള്ളതും ഭാഷാസവിശേഷതകളുള്ളതുമാണ് ആ കൃതികൾ. പുസ്തകത്തിന്റെ അനുബന്ധമായി ഏഴു ഉപത്യകൾ ചേർത്തിട്ടുണ്ട്. (1) ജ്ഞാനത്തിന്റെ പൈതൃകം (2) പശ്ചാത്താപത്തിന്റെ പൈതൃകം (3) ഉപരോധങ്ങളുടെ പൈതൃകം (4) കഷ്ടപ്പാടുകളുടെ പൈതൃകം (5) ഇടിമുഴക്കത്തിന്റെ പൈതൃകം (6) അഗാധതയുടെ പൈതൃകം. (7) സ്ത്രോത്രത്തിന്റെ പൈതൃകം ഈ ഉപത്യകകൾ 'മിൻഹാ ജുൽ ആബിദീൻ എന്ന ഗ്രന്ഥത്തിൽ നിന്നും എടുത്തു ചേർത്തതാണെന്നും പറയുന്നുണ്ട്.

ജീവിതത്തിന്റെ അഗാധതകളെയും ആന്തരതത്ത്വങ്ങളെയും ഒരു അന്യാ പദേശകഥയുടെ മട്ടിലാണ് ഗസ്സാലി അവതരിപ്പിക്കുന്നത്. മനുഷ്യജീവിത ത്തിന്റെ ആന്തരഭാവങ്ങളെ വെളിപ്പെടുത്താൻ ഗസ്സാലി സ്വീകരിച്ച കഥാ മട്ടി ലുള്ള പരച്ചിലിന്റെ രീതി താഴെ ചേർക്കുന്നു. പേനയുടെ രൂപകകഥയാണി ത്. പ്രകാശത്തിലേക്ക് യാത്ര ചെയ്യുകയായിരുന്ന ഒരു ഭക്തൻ വരകളോടു കൂടിയ ഒരു കടലാസ് കഷ്ണം കണ്ടു. നീ എന്തിനാണ് നിന്റെ സുന്ദരമായ മുഖം കറുപ്പിച്ചിരിക്കുന്നത് എന്ന് ആ ഭക്തൻ ചോദിച്ചു. എന്നെ അധിക്ഷേ പിക്കുന്നത് നന്നല്ല. താൻ സ്വസ്ഥമായി ഇരുന്നേടത്ത് നിന്നു ചാടിയിറങ്ങി ബലാൽക്കാരേണ എന്റെ മുഖം കറുപ്പിച്ചതെന്തിനാണെന്നു പേനയോട് ചോദി ക്കുന്നു. മഷിയോടു ചോദിക്കൂ എന്ന് കടലാസ് പറഞ്ഞു. "നീ പറഞ്ഞത് ശരിയാണെ"ന്ന് പറഞ്ഞു കൊണ്ട് ആ ഭക്തൻ മഷിയുടെ നേരെ തിരിഞ്ഞു നിന്നു കാര്യം ചോദിച്ചു.

'താങ്കൾ എന്നോടു ചോദിക്കുന്നതെന്തിന്? ഞാൻ മഷിത്തട്ടിൽ അട ങ്ങിയൊതുങ്ങിയിരിക്കുകയായിരുന്നു. എനിക്കു പുറത്തു വരാൻ ഉദ്ദേശ്യമു ണ്ടായിരുന്നില്ല. ക്രൂരനായ ഈ പേന എന്റെ മേൽ ചാടി വീണ് എന്നെവലി ച്ചിഴച്ച് ഈ കടലാസിന്മേൽ തള്ളിയിട്ടു. ഇവിടെ നിസ്സഹായനായി ഞാൻ കിടക്കുന്നത് നീ കാണുന്നുണ്ടല്ലോ. നിങ്ങൾ അങ്ങോട്ടു പോയി ആ പേന യോട് അന്വേഷിക്കൂ' എന്ന് മഷി പറഞ്ഞു. ഭക്തൻ പേനയെ സമീപിച്ചു. പേന മരത്തെക്കുറിച്ച് പറഞ്ഞു. അതിനെ വെട്ടിവെട്ടി തുണ്ടം തുണ്ടമാക്കിയ കൈയ്യിനെക്കുറിച്ച് ചോദിച്ചപ്പോൾ അതു പറയുന്നത്..... ഇങ്ങനെ അർത്ഥ ചാരുതയിലേക്ക് നീളുന്ന ചങ്ങലക്കൊളുത്ത് പോലുള്ള ആശയങ്ങൾ. അത് ഇച്ഛയിലേക്ക്, അറിവിലേക്ക്, യുക്തിയിലേക്ക് നയിക്കുന്നു. ഭക്തൻ അറിവി നോട് പറഞ്ഞു. 'ഞാൻ എന്റെ അന്വേഷണമാർഗ്ഗത്തിൽ ചുറ്റിക്കറങ്ങുകയാ ണ്. കാരണമന്വേഷിച്ചുകൊണ്ട് ഞാൻ സമീപിക്കുന്ന ഓരോരുത്തരും മറ്റൊരാളെ ചൂണ്ടിക്കാട്ടുന്നു. എന്നാലും എന്റെ അന്വേഷണത്തിൽ ഒരു ആന ന്ദമുണ്ട്. കാരണം ഓരോരുത്തരും ന്യായമാണെന്ന് തോന്നിക്കുന്ന ഓരോ കാരണം പറയുന്നുണ്ട്. വീണ്ടും ചോദ്യങ്ങളും ഉത്തരങ്ങളും. ഒടുവിൽ എത്തു

ന്നത് ദൈവത്തിലാണ്. ജ്ഞാനത്തിന്റെ ഉപദേശം കേട്ടാണ് ദൈവത്തിലെത്തുന്നത്. ദൈവവചനം ഇങ്ങനെയായിരുന്നു. ഏതൊരാൾ നന്മയുടെ മാർഗ്ഗത്തിൽ തീവ്രയത്നം ചെയ്യുന്നുവോ നന്മയിലേക്കുള്ള മാർഗ്ഗം നിശ്ചയമായും നാം അവർക്കു കാണിച്ചുകൊടുക്കും. ഒടുവിലത്തെ പ്രാർത്ഥനയിൽ ഭക്തൻ പറയുന്നത് ഇങ്ങനെ: റബ്ബേ, അങ്ങയുടെ നാമം ധന്യമാകുന്നു. മേലിൽ ഞാൻ നശ്വരമായതിനെ, മർത്ത്യമായതിനെ ഭയപ്പെടുകയില്ല. ഞാൻ എന്റെ മുഴുവൻ ഏല്പനയും അങ്ങയിൽ അർപ്പിക്കുന്നു. അങ്ങയുടെ പൊരുത്തത്തിലാണ് എന്റെ സമാധാനം. അങ്ങയുടെ കാരുണ്യമാണ് എന്റെ അഭയം.' ഭക്തൻ, കടലാസ്, മഷി, പേന, മരം, കൈ ഇങ്ങനെ ഓരോന്നും മനുഷ്യന് ദൈവസാന്നിധ്യത്തിലെത്താൻ ദൃഷ്ടാന്തീകരിക്കപ്പെടുന്നു.

***** ***** *****

ഏല്പന = ഏറ്റിരിപ്പ്, ഏൽക്കൽ എന്നൊക്കെയാണ്.

mappilaheritagelibrary.com

ഖുർആൻ പഠനത്തിനൊരാമുഖം

ഖാജാ കമാലുദ്ദീന്റെ 'ഖുർആൻ പഠനത്തിന് ഒരു മുഖവുര' (ഇൻട്രൊഡക്ഷൻ റ്റു ദി സ്റ്റഡി ഓഫ് ഹോളി ഖുർആൻ) 1967-ലാണ് ആബു വിവർത്തനം ചെയ്തത്. വിശേഷപ്പെട്ടതെന്ന് തോന്നിപ്പിക്കുന്ന ചില തലക്കെട്ടുകളിലൂടെ ഖുർആൻ പഠനത്തെ വ്യക്തമാക്കാനാണ് മൂലഗ്രന്ഥകാരന്റെ ശ്രമം. അധ്യായങ്ങൾക്ക് നൽകിയിട്ടുള്ള പേരുകൾ അതിന്റെ സൂചകമാണ്. 'വഹ്യ് ഒരു മുഖ്യാവശ്യം', 'ഖുർആന്റെ ആഭിമുഖ്യത്തിൽ പരിഷ്കാരം', 'വേദകാല പരിഷ്കാരം', 'ഖുർആൻ ഒരാവശ്യം', 'അല്ലാഹുവിന്റെ അസ്തിത്വം', 'ഖുർആന്റെ അമാനുഷിക ധർമ്മങ്ങൾ', 'ഖുർആൻ അല്ലാഹുവിൽ നിന്നുള്ള ഒരു ഗ്രന്ഥം', 'ഖുർആൻ ഒരു അത്ഭുതം', 'ഭാഷാസരണി', 'ഖുർആനിലെ പ്രവചനങ്ങൾ', 'ജഗദ്ഗ്രന്ഥം' തുടങ്ങിയ തലക്കെട്ടുകൾ ഖുർആൻ പഠിക്കുമ്പോൾ എങ്ങനെ സമീപിക്കണം എന്നതിന്റെ സൂചനകൾ നൽകുന്നു. അതേ സമയം 'ഖുർആന്റെ ആഭിമുഖ്യത്തിൽ പരിഷ്കാരം' എന്ന തലക്കെട്ട് ഉദ്ദേശിക്കുന്ന അർത്ഥത്തിലേക്ക് വായനക്കാരനെ എത്തിക്കുമോ എന്ന സംശയമുണ്ടാക്കുന്നുണ്ട്. ഖുർആൻ പണ്ഡിതന്മാർ ഖുർആനെക്കുറിച്ച് എഴുതുമ്പോൾ പറയാറുള്ള കാര്യങ്ങൾ മാത്രമേ (പതിവ് പരിചയപ്പെടുത്തലുകൾ) ഈ പുസ്തകത്തിലുള്ളൂ. ഖുർആന്റെ തനിമയും അതിന്റെ ആവിഷ്കാരപ്രകാരത്തിന്റെ വേറിട്ട രീതിയും ഈ ഗ്രന്ഥത്തിൽ കാണാനാവില്ല. ഖുർആനിലൂടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള അനന്യസാധാരണമായ മൂല്യങ്ങൾ, ഖുർആൻ പഠനത്തിലൂടെ ലഭ്യമാകുന്ന വിശാലഹൃദയത്വം, ഖുർആന്റെ അർത്ഥചാരുത, ഖുർആനിക ഭാഷയുടെ ദിവ്യസ്വഭാവം, ഖുർആനിക

പദങ്ങളിലെ തത്ത്വജ്ഞാനം, വഹ്‌യിന്റെ പരിസമാപ്തി, ഹേതുവും മതവിശ്വാസങ്ങളും എന്നിങ്ങനെയുള്ള 1960-കളിലെ മലയാള ഇസ്‌ലാമിക സാഹിത്യത്തിൽ അത്ര കണ്ട് കടന്നുവന്നിട്ടില്ലാത്ത ചില സൂക്ഷ്മചിന്തകൾ ഈ പുസ്തകത്തിലുണ്ട്. അക്കാര്യം വായനക്കാരനെ ബോധ്യപ്പെടുത്താനുള്ള ഉദാഹരണങ്ങളും നൽകുന്നുണ്ട്. 314 പേജുകളുള്ള ഈ പുസ്തകത്തിൽ വലിയ തലക്കെട്ടുകൾക്കു കീഴിൽ ചെറിയ തലക്കെട്ടുകളും നൽകിയിട്ടുണ്ട്. ചില സന്ദർഭങ്ങൾ അധ്യാപകൻ കുട്ടികളെ പഠിപ്പിക്കാൻ തയ്യാറാക്കുന്ന കുറിപ്പുകൾ പോലെയാണ്. 'ഖുർആൻ ഒരാവശ്യം', 'ഖുർആൻ ഒരത്ഭുതം' ഇത്തരം ഒരു,ഒരു എന്നിങ്ങനെയുള്ള അനുചിതമായ ആവർത്തനങ്ങൾ ഈ പുസ്തകത്തിലുണ്ട്. വാഗ്‌രസം എന്ന അർത്ഥത്തിൽ വാഗ്രസം കല്ലുകടിയുണ്ടാക്കുന്നു. ജഗദ്ഗ്രന്ഥം എന്ന പ്രയോഗം മികവുള്ളത് തന്നെയാണ് ഇസ്‌ലാമിന്റെ സൗന്ദര്യം.

മുഗൾചക്രവർത്തിമാരുടെ കീഴിൽ ഉന്നതസ്ഥാനം വഹിച്ചിരുന്ന മുഹമ്മദ് സർഫറാസ് ഹുസൈന്റെ 'ഇസ്‌ലാമിന്റെ സൗന്ദര്യം' എന്ന പുസ്തകം ആബുവിന്റെ വിവർത്തനങ്ങളുടെ കൂട്ടത്തിൽ മികവേറിയതാണ്. ഇസ്‌ലാമിക തത്ത്വങ്ങളെക്കുറിച്ചും ആശയാദർശങ്ങളെക്കുറിച്ചും പാപത്തിന് ദൈവം നൽകുന്ന ശിക്ഷയെക്കുറിച്ചുമല്ലാതെ ഒരു ജീവിതപ്രത്യയശാസ്ത്രം എന്ന നിലയിലുള്ള ഇസ്‌ലാമിന്റെ സൗന്ദര്യത്തെക്കുറിച്ചുള്ള അന്വേഷണം മലയാളസാഹിത്യത്തിൽ ഈയടുത്ത കാലത്താണ് ആരംഭിച്ചത്.

എല്ലാ മതത്തിനും അതിന്റേതായ യോഗാത്മക അന്തസ്സത്തയുണ്ട്. ദൈവവുമായി സംലയിച്ചുള്ള ബ്രഹ്മസാക്ഷാത്കാരത്തിന്റേതെന്ന് പറയാവുന്ന മിസ്റ്റിക്ഭാവം വായനക്കാർക്ക് സുപരിചിതമാണ്. 'അഹം ബ്രഹ്മാസ്മി' എന്ന ഭാരതീയ യോഗാത്മകചിന്തയ്ക്ക് സമാനമായി 'അനൽഹഖ്' എന്ന ഇസ്‌ലാമിക മിസ്റ്റിസിസമുണ്ടെന്ന് ചില പണ്ഡിതന്മാർ പറയുന്നുണ്ട്. ഭൗതികതയേയും ആധ്യാത്മികതയേയും ഇണക്കിക്കൊണ്ട് പോകുന്ന രീതിയാണ് ഇസ്‌ലാമിക മിസ്റ്റിസിസമെന്ന് ഈ വിഷയത്തെ ശാസ്ത്രീയമായി പഠിച്ചിട്ടുള്ളവർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇതാണ് കൂടുതൽ ശരി. 'ഹിറ'യിലെ ധ്യാനാന്ത്യത്തിൽ ദൈവവചനങ്ങൾ പ്രവാചകന് ലഭ്യമായപ്പോൾ ആ വചനസുധ സാർത്ഥകമാക്കാൻ സമൂഹമധ്യത്തിലേക്കാണ് നബി കടന്നു വന്നതെന്ന് പ്രത്യേകം ഓർക്കേണ്ടതാണ്. എന്നാലും പലതരം സംസ്കാരവുമായി ഇടപെടേണ്ടിവന്നിട്ടുള്ളതു കൊണ്ടാകാം പലതരത്തിലുള്ള ആത്മീയവിചാരങ്ങൾ ഈ മതത്തിനകത്ത് നിരന്തരമായി കലർന്നിരുന്നു. ഇക്കാര്യങ്ങൾക്കുള്ള ഉദാഹരണങ്ങളാണ് 'ത്വരീഖത്തുകൾ'. എണ്ണമറ്റ 'ത്വരീഖത്തുകൾ' പലേടങ്ങളിലായി ഇസ്‌ലാമിക സമൂഹത്തിനകത്ത് പിൽക്കാലത്ത് രൂപപ്പെടുകയുണ്ടായി. അങ്ങനെ രൂപപ്പെട്ട ത്വരീഖത്തുകളാണ് 'ചിശ്തിയ്യ', 'നിസാമിയ്യ' തുടങ്ങിയവ. ആബു സാഹിബിൽ ഒരു മിസ്റ്റിക് മനസ്സുണ്ടായിരുന്നുവെന്ന് ഇച്ചമസ്താന്റെ വിരുത്തങ്ങളുടെ വിവർത്തനവും മുഹ്‌യിദ്ദീൻ ശൈഖിനോട് ആബു സാഹിബിനുണ്ടായിരുന്ന സ്നേഹാതിരേകവും വ്യക്തമാക്കുന്നുണ്ട്.

mappilaheritagelibrary.com

സർഫറാസ് ഹുസൈന്റെ ലേഖനങ്ങളും പഠനങ്ങളും അധികമായി എഴുതപ്പെട്ടത് ഉറുദു ഭാഷയിലാണ്. ഇന്നും ഇന്ത്യയിൽ ആഴമേറിയ ഇസ്‌ലാമിക പഠനങ്ങൾ നടക്കുന്നത് ഉറുദുവിലാണ്. 1900-ൽ മധുരയിൽ നടന്ന വിശ്വമതസമ്മേളനത്തിലും 1905 -06 ൽ ജപ്പാനിൽ നടന്ന അഖിലലോക മതസമ്മേളനത്തിലും ഇസ്‌ലാമിനെ പ്രതിനിധീകരിച്ചു പ്രസംഗിച്ചത് സർഫറാസ് ഹുസൈനാണ്. ഇസ്‌ലാമിലെ അദ്വൈതസിദ്ധാന്തം സൂക്ഷ്മമായി പഠിച്ചിട്ടുള്ളയാളാണ് സർഫറാസ് ഹുസൈൻ. ശ്രീശങ്കരന്റെ അദ്വൈതവും ഇസ്‌ലാമിലെ അദ്വൈതവും തമ്മിൽ യോജിക്കില്ലെന്ന് പറയുന്നവരുമുണ്ട്.

'ഇസ്‌ലാമിന്റെ സൗന്ദര്യാന്വേഷണ'ത്തിൽ ആത്മീയ ശിക്ഷണങ്ങളെക്കുറിച്ചാണ് ഗ്രന്ഥകാരൻ ആദ്യമായി പറയുന്നത്. വിഷയാവതരണത്തിൽ ചോദ്യോത്തര രീതിയാണ് പുസ്തകത്തിൽ സ്വീകരിച്ചു കാണുന്നത്. ഇന്ത്യയിൽ ഗുരുകുലസമ്പ്രദായം ഉണ്ടായിരുന്ന കാലത്ത് വിദ്യാർത്ഥികൾ തലനാരിഴകീറുന്ന ചോദ്യങ്ങൾ ഗുരുനാഥന്മാർക്കു നേരെ ഉയർത്തിയിരുന്നുവെന്ന് വായനക്കാർക്ക് അറിയാം. അറിവിന്റെ സൂക്ഷ്മതകളിലേക്ക് എത്തിച്ചേരാനാണിത്. ആബുവിന്റെ മനസ്സിലെ സൂഫീചിന്താഗതി തന്നെയാകണം ഈ പുസ്തകവിവർത്തനത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചിരിക്കുക. ഇസ്‌ലാമിന്റെ സൗന്ദര്യത്തെ എട്ട് അദ്ധ്യായങ്ങളിലായി വിശദമാക്കുന്ന പുസ്തകമാണിത്. 1. ആത്മീയ ശിക്ഷണങ്ങൾ, 2. ധന്യമായ ഏകത്വം 3. ധന്യാത്മാക്കൾ 4.അഞ്ചു പ്രമാണങ്ങൾ 5. തൊട്ടിൽ തൊട്ട് ചുടലവരെ 7. ജീവിതത്തിന്റെ രഹസ്യങ്ങൾ 8. പരിഷ്കാരത്തിന്റെ മതം. ഇത്തരം തലക്കെട്ടുകൾ അന്വേഷണാത്മകതയുടെ പുതിയ ലോകത്തിലേക്ക് വായനക്കാരനെ എത്തിക്കും. ജീവിതത്തെ ആകെ പൊതിഞ്ഞു നിൽക്കുന്ന ദുരൂഹതയിലേക്ക് സഞ്ചരിക്കുന്ന മനസ്സ് ഓരോ അദ്ധ്യായങ്ങളിലൂടെ അതിനുള്ള ഉത്തരങ്ങളും കണ്ടെത്തുന്നുണ്ട്. ഇത്തരം ഉത്തരങ്ങൾ ശാന്തിയുടെ തീരത്തേക്ക് മനുഷ്യമനസ്സിനെ എത്തിക്കുന്ന തരത്തിലുള്ളതാണ്. അവസാനത്ത അധ്യായത്തിന് 'പരിഷ്കാരത്തിന്റെ മതം' എന്ന തലക്കെട്ടാണ് നൽകിക്കാണുന്നത്. പരിഷ്കാരം, സംസ്കാരം എന്നീ പദങ്ങളുടെ വേറിട്ട അർത്ഥങ്ങൾ ആബു മനസ്സിലാക്കിയിട്ടില്ലേ എന്നൊരു സന്ദേഹവും വായനക്കാരന് തോന്നാനിടയുണ്ട്. 'പരിഷ്കാരത്തിന്റെ മതം' എന്നതിനേക്കാൾ കുറേക്കൂടി ഔചിത്യം നൽകുക 'സംസ്കൃതിയുടെ മതം' എന്നതായിരുന്നില്ലേ?

***** ***** *****

ദീനുൽ ഇസ്‌ലാം

ഒ.ആബുവിന്റെ മറ്റൊരു വിവർത്തനകൃതിയാണ് 'ദീനുൽ ഇസ്‌ലാം'. ആബുവിന്റെ ഭാഷയിൽ പറഞ്ഞാൽ "വശ്യവചസ്സും ചരിത്രപടുവുമായ അഹ്മദ് ഏജൽ വാശ് എന്ന ഇസ്‌ലാമിക പണ്ഡിതൻ 'ദ റിലീജിയൻ ഓഫ് ഇസ്‌ലാം' എഴുതിയത് ഇസ്‌ലാം മതത്തെക്കുറിച്ച് ബോധപൂർവ്വമോ അല്ലാതെയോ ഉള്ള തെറ്റിദ്ധാരണകൾ നീക്കാനാണ്." ഈ കൃതി ഇന്നത്തെ ലോക സാഹചര്യത്തിലും പ്രസക്തമായിത്തീരുന്നുവെന്ന് പ്രത്യേകം പറയേണ്ടതില്ല. ഏജൽ വാശ് എഴുതിയ കാലത്തേക്കാൾ കൂടുതൽ തെറ്റിദ്ധാരണകൾ ഇന്ന് മുസ്‌ലിംകളെ കുറിച്ച് ലോകത്തെമ്പാടുമുണ്ട്. നബിതിരുമേനിയുടെ നിഷ്പക്ഷമായ ജീവചരിത്രവും ഇസ്‌ലാമിന്റെ ശിക്ഷണങ്ങളും സംക്ഷിപ്തമായി ജനസമക്ഷം അവതരിപ്പിക്കാനാണ് ഈ കൃതി രചിച്ചതെന്ന് മൂല ഗ്രന്ഥകാരൻ എഴുതിയിട്ടുണ്ട്. ഇസ്‌ലാമിന്റെ സാരാംശങ്ങളെ സത്യസന്ധമായി പ്രതിപാദിക്കാനും നിഷ്പക്ഷമായി വിലയിരുത്താനും വേണ്ടി രചിക്കപ്പെട്ട പുസ്തകമാണിത്. സത്യസന്ധനും നീതിമാനുമായ ഒരു ചരിത്രകാരന്റെ മനസ്സോടെയാണ് പുസ്തകരചന നിർവ്വഹിക്കപ്പെട്ടിരിക്കുന്നത്. ഇസ്‌ലാമിന്റെ ആവിർഭാവത്തിനു മുമ്പുള്ള അറബികളുടെ മതരാഷ്ട്രീയസാമൂഹിക ധാർമ്മിക അവസ്ഥകളെ ചുരുക്കിപ്പറയുകയാണ് ഈ കൃതിയിൽ ചെയ്തിട്ടുള്ളത്.

അഹ്മദ് ഏജൽ വാശ് ഈജിപ്ഷ്യൻ സാമൂഹിക പരിഷ്കർത്താവായിരുന്നു. ആദ്യകാലപഠനം ഇംഗ്ലണ്ടിലായിരുന്നു. സൂഫിസത്തെ ആധാരമാ

mappilaheritagelibrary.com

ക്കിയാണ് ബ്രസ്സൽസ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയത്. ഒരു ആക്ടിവിസ്റ്റ് എന്ന നിലയിൽ ലോകത്താസകലം ലഹരിവിരുദ്ധപ്രവർത്തനങ്ങൾ നടത്തിയ ഏജൽ വാശ് അതുമായി ബന്ധപ്പെട്ട സമ്മേളനങ്ങളിലും പ്രവർത്തനങ്ങളിലുമെല്ലാം ഖുർആനെയും പരിചയപ്പെടുത്തുകയായിരുന്നു. അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തിയാർജ്ജിച്ച പുസ്തകമാണ് ഇംഗ്ലീഷിൽ രചിക്കപ്പെട്ട "ദ റിലിജ്യൻ ഓഫ് ഇസ്‌ലാം." അതാണ് ഒ. ആബു വിവർത്തനം ചെയ്തപ്പോൾ 'ദീനുൽഇസ്‌ലാം' ആയത്. ഇസ്‌ലാമിനെപ്പറ്റി എഴുതപ്പെട്ട അനേകം കൃതികൾ വായിച്ച് പഠിച്ചും ആശയങ്ങൾ കോട്ടം തട്ടാതെയും സ്വന്തം ഭാവനകൾ കൂട്ടിച്ചേർക്കാതെയും രചിച്ച പുസ്തകമാണിത്. മുസ്‌ലിംകൾക്കും അന്യമതസ്ഥർക്കുമിടയിലുള്ള സൗഹൃദം വളർത്താനായി രചിക്കപ്പെട്ട ഗ്രന്ഥമാണിത്. നബി വരുത്തിയ സാമൂഹിക പരിവർത്തനങ്ങൾ, ഇസ്‌ലാമിന്റെ രാഷ്ട്രീയസാമൂഹികവ്യവസ്ഥകൾ ഇവ ഈ കൃതിയിൽ വിശദീകരിക്കുന്നു. ഇസ്‌ലാമിനെതിരായി കെട്ടിച്ചമച്ച വാസ്തവവിരുദ്ധമായ കുറ്റാരോപണങ്ങളുടെ ഖണ്ഡനം, ഇസ്‌ലാമിൽ സ്ത്രീകൾക്കുള്ള പദവി, വിവാഹവും വിവാഹമോചനവും, വധുവിന്റെ സമ്മതവും രക്ഷിതാവും, വിവാഹമോചനവും ഭാര്യാഭർത്താക്കന്മാരുടെ പോരായ്മകളും, വിവാഹമോചനത്തിന്റെ പരിധി, അനുരഞ്ജനത്തിന് ഇസ്‌ലാം നൽകുന്ന പ്രോത്സാഹനം തുടങ്ങി ലോകം ഇസ്‌ലാമിനെക്കുറിച്ച് തെറ്റിദ്ധരിച്ച വിഷയങ്ങളാണ് നിഷ്പക്ഷമായ വിശകലനത്തിന് വിധേയമാവുന്നത്. ഒരർത്ഥത്തിൽ ഇസ്‌ലാം വിമർശനങ്ങൾക്കുള്ള മറുപടിയാണിത്. മുസ്‌ലിമീങ്ങളല്ലാത്ത, അതേസമയം ഇസ്‌ലാമിനെക്കുറിച്ച് തെറ്റിദ്ധാരണകൾ ആദ്യകാലത്ത് പ്രചരിപ്പിക്കുന്നതിൽ മുമ്പിൽ നിന്ന ക്രൈസ്തവ പണ്ഡിതന്മാർക്ക് ക്രൈസ്തവപണ്ഡിതന്മാരെക്കൊണ്ട് തന്നെ മറുപടി പറയിപ്പിക്കുന്ന രീതിയിലാണ് രചന നടന്നിരിക്കുന്നത്. അമേരിക്കൻ പണ്ഡിതനായ വില്യം എ.ജോൺസൺ, അലക്സാണ്ടറിയക്കാരനായ ടി.എച്ച്. സ്റ്റേൺ, പ്രൊഫ. ജറാൾഡ് ബ്രാക്കൺബറി തുടങ്ങിയ ക്രൈസ്തവ പണ്ഡിതന്മാരാണ് ഈ പുസ്തകത്തെ വായിച്ചറിയാനും അങ്ങനെ ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റിദ്ധാരണകൾ നീക്കാനും ആവശ്യപ്പെട്ടിരിക്കുന്നത്. ക്രൈസ്തവ ഇസ്‌ലാമിക വീക്ഷണങ്ങളെ യോജിപ്പിക്കുന്ന കണ്ണിയെന്നാണ് 'ദീനുൽ ഇസ്‌ലാം' വിശേഷിപ്പിക്കപ്പെട്ടിരിക്കുന്നത്. ഏജൽ വാശിന്റെ ഭാഷാ ശൈലിയുടെ ലാളിത്യം, നിഷ്പക്ഷവും സമഗ്രവുമായ പ്രതിപാദനം, വിഷയാവതരണ പാടവം- എന്തു കൊണ്ടും മികവേറിയ പുസ്തകമാണിത്. ഓറിയന്റലിസ്റ്റായ ഹെർമൻ ബെസ്സർ എഴുതുന്നു. "ഇക്കഴിഞ്ഞ നാൽപത് കൊല്ലക്കാലം ഇസ്‌ലാമിനെ പ്രതിപാദിക്കുന്ന അനേകം ഗ്രന്ഥങ്ങളുമായി നിരന്തരം പരിചയപ്പെട്ടിട്ടുള്ള ഒരു വ്യക്തി എന്ന നിലയിൽ ഞാൻ പറയുന്നു. ഈ വിഷയത്തിൽ ഇത്ര സത്യസന്ധമായും, നിഷ്പക്ഷമായും ഋജുവായും ശുദ്ധമായും രചിക്കപ്പെട്ട മറ്റൊരു ഗ്രന്ഥം ഞാൻ വേറെ കണ്ടിട്ടില്ല." അറബികളുടെ ഉന്നതമായ സംസ്കാരം, നാഗരികത, ചിന്താഗതി, ആചാരമര്യാദകൾ, മഹത്തായ ധീരശൂരതകൾ മാനവ സമുദായത്തിന്റെ ഉദ്ധാരണത്തിൽ ഉത്തേജനം

നൽകിയ യുദ്ധനീതികൾ, പരാജിതരോട് കാണിച്ച സഹിഷ്ണുത, ഔദാര്യം, മുസ്‌ലിം ശാസ്ത്രജ്ഞന്മാരും തത്ത്വജ്ഞാനികളും ലോകത്തിലുണ്ടാക്കിയ അത്ഭുതപ്പെടുത്തുന്ന പരിവർത്തനങ്ങൾ, വിദ്യാഭ്യാസതൃഷ്ണ, ധൈഷണിക വൈജ്ഞാനിക രംഗത്തു നൽകിയ സേവനങ്ങൾ, മഹത്തായ സാഹിത്യസംസ്കൃതികൾ, ഇസ്‌ലാം എത്തിയ നാട്ടിലുണ്ടായ മാറ്റങ്ങൾ, മതസ്വഭാവ സംസ്കരണത്തിന് ഈ മതം നൽകിയ സംഭാവനകൾ ഇങ്ങനെ അറിവിന്റെ അനേകം കൈവഴികളിലൂടെ സഞ്ചരിക്കാൻ 'ദീനുൽ ഇസ്‌ലാമി'ന് സാധിക്കുന്നുണ്ട്.

മനുഷ്യരാശിക്ക് മഹത്തായ സമ്മാനവുമായി അയക്കപ്പെട്ട മുഹമ്മദ് നബിയെക്കുറിച്ച് പാശ്ചത്യരിൽ ചിലർ പറഞ്ഞു പരത്തിയ കള്ളക്കഥകൾ. 1. പിശാചുക്കളുടെ തലവൻ. 2. നരബലി ആഗ്രഹിച്ചയാൾ 3. ഭൂമിയിൽ മത വിരോധത്തിന്റെ വിഷവിത്തുവിതച്ചവൻ 4. വഷളൻ 5. ഒട്ടകമോഷ്ടാവ്. 6.മാന്യതയുടെ കാതലറിയത്തവൻ 7. സ്വന്തം സഹോദരങ്ങളോട് പകവീട്ടുന്നതിന്നായി നൂതനമതം കണ്ടുപിടിച്ചയാൾ 8. ക്രിസ്തുവിരോധിയായ പാപി 9. അജ്ഞൻ 10. കള്ളപ്രവാചകൻ 11. അന്തസ്സാരവിഹീനൻ 12. സ്ത്രീലമ്പടൻ ഇങ്ങനെ നബിയുടെ നേരെ നീണ്ട അതിവിചിത്രങ്ങളായ വിമർശനങ്ങൾക്കും അപവാദങ്ങൾക്കും മറുപടി പറയുകയാണ് ദീനുൽ ഇസ്‌ലാമിന്റെ കർത്താവ്. ലോകപ്രസിദ്ധനായ കാർലൈൽ തന്റെ പുസ്തകമായ ഹീറോ ആസ് എ പ്രൊഫറ്റ് മുഹമ്മദ് ആയി നബിയെ തെരെഞ്ഞെടുത്ത് പല പാശ്ചാത്യ പണ്ഡിതരേയും അമ്പരപ്പിച്ചു. പലകാലഘട്ടങ്ങളിൽ പലനിലകളിൽ പ്രഖ്യാതി നേടിയ പാശ്ചാത്യഗ്രന്ഥകാരന്മാർ ഇസ്‌ലാമിനെക്കുറിച്ചും പ്രവാചകനെക്കുറിച്ചും പ്രചരിപ്പിച്ച കള്ളക്കഥകൾ നിഷ്പക്ഷപഠിതാക്കളെ അമ്പരപ്പിച്ചു. ഇതിനുള്ള ഉചിതമായ മറുപടി പറയുകയാണ് ദീനുൽ ഇസ്‌ലാമിലൂടെ ഏജൽ വാശ് ചെയ്തത്. മുഹമ്മദ് അസദിന്റെ 'ഇസ്‌ലാം വഴിത്തിരിവിൽ' എന്ന ഗ്രന്ഥത്തിലെ വിവർത്തനമേന്മ ഈ ഗ്രന്ഥത്തിൽ സൂക്ഷിക്കാൻ ആബുവിന് കഴിഞ്ഞിട്ടില്ല. എങ്കിലും മൂലഗ്രന്ഥകാരൻ പറയാനുദ്ദേശിച്ച കാര്യങ്ങൾ ഏതാണ്ട് അതേപടി അവതരിപ്പിക്കാൻ വിവർത്തകന് കഴിഞ്ഞിട്ടുണ്ട്. "മൃത്യുത്തര ജാതപുത്രൻ"തുടങ്ങിയ കല്ലു കടിക്കുന്ന വാക്കുകൾ പുസ്തകത്തിലുണ്ട്.

***** ***** *****

mappilaheritagelibrary.com

ആബുവിന്റെ ജീവചരിത്രഗ്രന്ഥങ്ങൾ

ജീവചരിത്രരചനയ്ക്ക് ഒരു മുഖക്കുറിപ്പ്

ഒരാൾ മറ്റൊരാളുടെ ജീവിതവൃത്താന്തം സുന്ദരമായി എഴുതുന്നതാണ് ജീവചരിത്രം. ഒരു പ്രത്യേക വ്യക്തിയുടെ ജീവിതത്തെക്കുറിച്ചുള്ള ചരിത്രം എന്ന അർത്ഥത്തിലാണ് ഇംഗ്ലീഷിൽ ബയോഗ്രഫി എന്ന പദം പ്രയോഗിക്കുന്നത്. 1683 ൽ ഡ്രൈഡൻ എന്ന ഇംഗ്ലീഷ് എഴുത്തുകാരനാണ് ബയോഗ്രഫി എന്ന പദം ആദ്യമായി ഉപയോഗിച്ചത്. 'കലാസൃഷ്ടി എന്ന നിലയിൽ തയ്യാറാക്കപ്പെട്ട ഒരു വ്യക്തിയുടെ സത്യസന്ധമായ രേഖ' എന്നാണ് ഹാരോൾഡ് നിക്സൻ ജീവചരിത്രത്തിന് നൽകിയ നിർവ്വചനം. വ്യക്തികളുടെ ജീവിതകഥ പ്രതിപാദിക്കുന്ന സാഹിത്യശാഖയാണ് ജീവചരിത്രമെന്ന് ഓക്സ്ഫോർഡ് നിഘണ്ടുവിൽ കാണാം. ചരിത്രം, വ്യക്തി, സാഹിത്യം ഇവ മൂന്നിലുമാണ് അത് ഊന്നി നിൽക്കുന്നത്. വ്യക്തിയുടെ സത്യസന്ധമായ രേഖയാണ് ജീവചരിത്രം. കലാപരമായി ഇത് സംവിധാനം ചെയ്തിരിക്കണം. ജീവചരിത്രകാരൻ ദോഷൈകദൃക്കോ ഗുണപ്രചാരകനോ മാത്രമാകരുത്. ചരിത്രപുരുഷൻ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ ചലനങ്ങൾ ഗ്രഹിക്കാതെ സമഗ്രമായ ജീവചരിത്രം എഴുതാനാവില്ല. അപ്പോൾ ഒരു സാമൂഹിക

ചരിത്രകാരന്റെ ഉത്തരവാദിത്തം കൂടി ജീവചരിത്രകാരൻ നിർവ്വഹിക്കണം. ഒ.ആബുവിന്റെ ജീവചരിത്രകൃതികൾ ഈ നിയമങ്ങളെല്ലാം പാലിച്ച് എഴുതപ്പെട്ടതല്ല. പെട്ടെന്നുണ്ടായ ചില സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലും മതപരമായ താൽപര്യങ്ങളുടെ അടിസ്ഥാനത്തിലും തനിക്കറിയാവുന്ന കാര്യങ്ങൾ എഴുതുക എന്നതുമാത്രമാണ് ആബു ജീവചരിത്രരചനകളിൽ ചെയ്തിരിക്കുന്നത്. തനിക്ക് പ്രിയപ്പെട്ടവരുടെ ജീവിതങ്ങളെക്കുറിച്ച് സാമാന്യമായ പരിചയപ്പെടുത്തലുകൾക്കപ്പുറം ജീവചരിത്രശാഖയുടെ നിയമങ്ങളും കലാത്മകതയും ദീക്ഷിച്ചു കൊണ്ടല്ല ആബുവിന്റെ ഇത്തരം കൃതികൾ രൂപം കൊണ്ടിരിക്കുന്നത്.

ഗൗസുൽ അഅ്ളം

മലയാളസാഹിത്യത്തിലെ ജീവചരിത്രശാഖ അത്രയൊന്നും സമ്പന്നമല്ല. മുസ്‌ലിം മഹത്തുക്കളെക്കുറിച്ച് എഴുതപ്പെട്ട കൃതികൾ വിരലിലെണ്ണാവുന്നത്രയേ ഉള്ളൂ. ഇത്തരമൊരു സാഹചര്യത്തിൽ ആബു എഴുതിയ ചരിത്രകൃതികൾക്ക് വളരെ പ്രാധാന്യം ഉണ്ട്. ധാരാളം ചരിത്രകൃതികൾ ആബു രചിച്ചിട്ടുണ്ട്. ഇമാം ഗസ്സാലി, സീതിസാഹിബ്, മുഹമ്മദ് മുസ്തഫ, മുസ്‌ലിം രാജ്യചരിത്രം, സമ്പൂർണ്ണ ഇസ്‌ലാം ചരിത്രം, ലിയാഖത്ത് അലി ഖാൻ, മഹാന്മാരുടെ കുട്ടിക്കാലം, ഇഖ്ബാൽ ജിന്നക്കയച്ച കത്തുകൾ, ശ്രീ നാരായണന്റെ ഏകലോകം, അറബിമലയാള സാഹിത്യചരിത്രം, ജിന്നാസാഹിബിന്റെ സന്ദേശം, ആധുനിക ലോകവും മുഹമ്മദ് നബിയും, ഗൗസുൽ അഅ്ളം, യൂസഫ് നബി ചരിത്രം (മാപ്പിളപ്പാട്ടുകൾ) എന്നിങ്ങനെ അനേകം കൃതികൾ ആബു രചിച്ചിട്ടുണ്ടെങ്കിലും പലതും ലഭ്യമല്ല. ഇക്കൂട്ടത്തിൽ പെട്ട അറബിമലയാള സാഹിത്യചരിത്രത്തെക്കുറിച്ചും ശ്രീ നാരായണനെക്കുറിച്ചും സി.ടി. ബഷീർ ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗത്തിൽ വിശദീകരിച്ച് എഴുതിയിട്ടുണ്ട്. അവയാകട്ടെ ആബുവിന്റെ മികച്ച കൃതികളുമാണ്.

കേരളത്തിലെ മുസ്‌ലിം മനസ്സുകളിൽ പ്രകാശിക്കുന്ന ആത്മീയ ദീപശിഖയാണ് 'ഗൗസുൽ അഅ്ളം' എന്ന വിശേഷണമുള്ള ശൈഖ് മുഹ്യിദ്ദീൻ അബ്ദുൽ ഖാദിർ ജീലാനി തങ്ങൾ. അദ്ദേഹത്തെ ഏറ്റവും ഇഷ്ടപ്പെടുന്നവർക്കു പോലും ആ മഹാപണ്ഡിതനെ അറിയേണ്ടതു പോലെ അറിയാനായിട്ടില്ല. അദ്ദേഹത്തെ വിമർശിക്കുന്നവരും ധാരാളമുണ്ട്. അവരും അദ്ദേഹത്തെ ഉചിതമായി പഠിക്കുകയോ വിലയിരുത്തുകയോ ചെയ്തിട്ടില്ല. ശൈഖിന്റെ സംഭവബഹുലമായ വ്യക്തിജീവിതത്തെക്കുറിച്ചോ അന്നത്തെ സമൂഹത്തിൽ

mappilaheritagelibrary.com

അദ്ദേഹം ഉണ്ടാക്കിയ ആത്മീയ പരിവർത്തനത്തെക്കുറിച്ചോ അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ആത്മീയ പ്രസ്ഥാനത്തെക്കുറിച്ചോ പഠിക്കാതെ അദ്ദേഹം പ്രദർശിപ്പിച്ചതായി പറയുന്ന അത്ഭുതകൃത്യങ്ങൾ പ്രചരിപ്പിക്കപ്പെടുന്ന ദൗർഭാഗ്യാവസ്ഥയാണ് നിലവിലുള്ളത്. മുസ്‌ലിം സാമൂഹികരംഗത്തും ജ്ഞാനമേഖലയിലും ജീവിതസമീപനരംഗത്തും ആ മഹാത്മാവ് വരുത്തിയ പരിവർത്തനങ്ങൾ പഠിക്കുകയും വിലയിരുത്തുകയും ചെയ്യാത്ത സാഹചര്യത്തിലാണ് ഒ.ആബുവിന്റെ 'ഗൗസുൽ അഅ്ളം' എന്ന ജീവചരിത്ര സംക്ഷേപം പ്രസക്തമാകുന്നത്. ഖാദി മുഹമ്മദ് രചിച്ചതായി കരുതപ്പെടുന്ന 'മുഹ്‌യിദ്ദീൻ മാല'യിലൂടെയാണ് കേരളമുസ്‌ലിംകൾ, അബ്ദുൽ ഖാദിർ ജീലാനിയെ അറിഞ്ഞത്. അതിലാകട്ടെ ശൈഖിന്റെ അത്ഭുത കൃത്യങ്ങളാണ് കൂടുതലായി അവതരിപ്പിച്ചിട്ടുള്ളത്. മലയാളത്തിനു പുറത്തുള്ള ഇംഗ്ലീഷ്, അറബി ഭാഷകളിൽ ജീലാനിയുടെ ശരാശരി ജീവിതചിത്രങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. ആ ആത്മീയ ഗുരുവിനെക്കുറിച്ച് ലക്ഷണമൊത്ത ജീവചരിത്രം മലയാളത്തിൽ എഴുതി എന്നതാണ് ആബുവിന്റെ ഈ ജീവചരിത്രത്തിന്റെ പ്രസക്തി എന്ന് ഈ കൃതി പ്രസിദ്ധീകരിച്ചവർ അവകാശപ്പെടുന്നുണ്ട്. 1963-ൽ രചിച്ച ഈ കൃതി ശൈഖിന്റെ സംക്ഷിപ്ത ജീവചരിത്രം മാത്രമാണ്. 37 വർഷം മുമ്പ് രചിക്കപ്പെട്ട ഈ പുസ്തകത്തിന്റെ പ്രസാധനം രണ്ടായിരാമാണ്ടിലാണ് നടന്നതെന്ന അത്ഭുതവുമുണ്ട്. മുഹ്‌യിദ്ദീൻ ശൈഖുമായി ആബുവിനുണ്ടായിരുന്ന ആത്മീയമായ അടുപ്പത്തിൽ നിന്ന് രചിച്ച ഈ കൃതിയുടെ രചനയ്ക്കായി സ്വീകരിച്ച ആധികാരിക രേഖകൾ വ്യക്തമാക്കപ്പെട്ടിട്ടുമില്ല. അതേസമയം 'മുഹ്‌യിദ്ദീൻ മാല'യെ നിരവധി തവണ ആബു പരാമർശിച്ചിട്ടുമുണ്ട്. ഭക്തികാവ്യങ്ങളെ തിരസ്കരിച്ചതാണ് സമൂഹത്തിന്റെ ധാർമിക ച്യുതിയുടെ കാരണമെന്ന അഭിപ്രായം ഈ ഗ്രന്ഥകാരനുണ്ടായിരുന്നു. ഖാദിരിയ്യാ ത്വരീഖത്തിന്റെ വക്താവായിരുന്നു ആബുവെന്നും പറയപ്പെടുന്നുണ്ട്. വിവിധ തലക്കെട്ടുകളിലുള്ള ചെറുവിവരണങ്ങളായിട്ടാണ് ഈ പുസ്തകം തയ്യാറാക്കപ്പെട്ടിരിക്കുന്നത്. കേരളീയരായ മുസ്‌ലിംകൾ പരസ്പരം പറഞ്ഞും കേട്ടും വായിച്ച കാര്യങ്ങൾ തന്നെയാണ് ഈ ജീവചരിത്രത്തിലുള്ളത്. ശൈഖിന്റെ പേരിനോട് ചേർത്തു വെക്കുന്ന വിവിധ വിശേഷണങ്ങൾ എങ്ങിനെ വന്നുവെന്നും എന്താണതിന്റെ യുക്തിയെന്നും പുസ്തകത്തിലുണ്ട്. ഇസ്‌ലാമിന്റെ തനിമയാർന്ന ഭാവങ്ങൾ സമൂഹജീവിതത്തിൽ നിന്ന് അപ്രത്യക്ഷമായപ്പോൾ ഇസ്‌ലാമിനെ പുനരുജ്ജീവിപ്പിച്ചയാൾ എന്ന അർത്ഥമുള്ള മുഹ്‌യിദ്ദീൻ എന്ന പേര് ശൈഖിന് ലഭിച്ചതിനെക്കുറിച്ചു തന്നെ ഒരു അത്ഭുതകഥ ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. ശൈഖ് അബൂ മുഹമ്മദ് അബ്ദുല്ലാഹിബിൻ അബുൽ ഫത്താഹ് പറയുന്ന ഒരു കഥ ഇതാണ്. ഞാൻ 40 വർഷം ഗൗസുൽ അഅ്ളമിന്റെ കൂടെ ജീവിച്ചിട്ടുണ്ട്. രാത്രിയുടെ ആദ്യയാമങ്ങളിൽ ആ ഭക്തൻ നിസ്കാരങ്ങളെല്ലാം നിർവ്വഹിക്കും. മധ്യയാമത്തിൽ വീണ്ടും പ്രാർത്ഥനാനിരതനാവും. പ്രഭാതത്തിൽ അദ്ദേഹത്തിന്റെ നെറ്റിത്തടത്തിൽ കണ്ണഞ്ചിക്കുന്ന ഒരു ദിവ്യപ്രകാശം പ്രോജ്ജ്വലിക്കുന്നത് ഞാൻ കണ്ടിരുന്നു. ഈ

mappilaheritagelibrary.com

കഥയെ എങ്ങനെ വിശദീകരിക്കണം എന്നത് ഒരു പ്രശ്നം തന്നെയാണ്.

അസാധാരണവും മനസ്സിനെ ഉണർത്തുന്നതുമായ ധാരാളം വചനരത്നങ്ങൾ ഈ പുസ്തകത്തിലുണ്ട്. അഹന്തയെക്കുറിച്ച് ശൈഖ് പറയുന്നത് ഒരു ഉദാഹരണം: "അഹങ്കാരമെന്ന അവിശുദ്ധതയെ നിർമ്മാർജ്ജനം ചെയ്യാത്ത കാലത്തോളം ഹൃദയം വിശുദ്ധമായിത്തീരില്ല. ഗുഹാന്തർഭാഗത്ത് വസിക്കുന്നവർ അവരുടെ നായയെ ഗുഹാമുഖത്തിനപ്പുറം ഇരുത്തുന്നതു പോലെ ദൈവഹിതത്തിന്റെ വാതിലിനപ്പുറം അഹന്തയെ ഇരുത്താത്ത കാലത്തോളം ഹൃദയത്തിന് വെളിച്ചം കിട്ടില്ല". എട്ടു പ്രവാചകന്മാരെക്കുറിച്ച് എട്ടു ഗുണങ്ങൾ ശൈഖ് പറയുന്നത് താഴെ കുറിക്കുന്നു. (1) ദാരിദ്ര്യം-മുഹമ്മദ് നബി (2) ത്യാഗം-ഇബ്രാഹിം നബി (3) വസ്ത്രധാരണം - മൂസാനബി (4) ദേശാടനം-ഈസാനബി (5) ക്ഷമ- അയ്യൂബ് നബി (6) കരച്ചിൽ-യൂനുസ് നബി (7) വണക്കം - ഇസ്ഹാക് നബി (8) പ്രാർത്ഥന-സക്കറിയാ നബി. ഇത് ശൈഖിന്റെ കൗതുകമുള്ളവാക്കുന്ന നിരീക്ഷണം തന്നെയാണ്. മനവികതയെ പ്രവാചകരിലൂടെ സ്ഫുടീകരിച്ചെടുക്കുന്നുവെന്നതാണ് ഇതിലെ പുതുമ. ഗൗസുൽ അഅ്ളം കാണിച്ച അത്ഭുതങ്ങളും പുസ്തകത്തിലുണ്ട്. എങ്ങനെ നല്ല ജീവിതം നയിക്കാമെന്നതിനെക്കുറിച്ചുള്ള ശൈഖിന്റെ നിർദ്ദേശങ്ങളുള്ള ഈ പുസ്തകം ചരിത്രരചനക്കാധാരമാക്കിയ മഹാത്മാവിന്റെ ജീവിതത്തെയും തത്ത്വങ്ങളെയും കുറിച്ച് ആഴമേറിയ അറിവുകൾ നൽകുന്നില്ല.

മുഹ്‌യിദ്ദീൻ അബ്ദുൽ ഖാദിർ ജീലാനിയുടെ ജീവചരിത്രസംക്ഷേപം നടത്തിയ ഒ.ആബു ശൈഖിന്റെ 'ഫുതൂഹുൽ ഗൈബി'ന്റെ പരിഭാഷ 'ആത്മീയ പ്രഭാഷണങ്ങൾ' എന്ന പേരിൽ വിവർത്തനം ചെയ്തിട്ടുണ്ട്. ജീലാനിയുടെ ആഴമേറിയ വിജ്ഞാന ദീപ്തി പ്രകാശിപ്പിക്കുന്ന പ്രശസ്തഗ്രന്ഥമാണ് 'ഫുതൂഹുൽ ഗൈബ്.' ഗുപ്തമായതിന്റെ പ്രകാശനം എന്നാണീ പേരിന്റെ അർത്ഥം. ഇതിനോട് കിടപിടിക്കുന്ന ഗ്രന്ഥങ്ങൾ ഈയിനത്തിൽ വേറെയില്ല എന്ന അവകാശവാദവുമുണ്ട്. ഫുതൂഹുൽ ഗൈബ് എന്ന ഗദ്യമോ പദ്യമോ ശൈഖ് രചിച്ചിട്ടില്ലെന്ന് പറയുന്നവരുമുണ്ട്. നമ്മുടെതായ ഈ ആസുരകാലത്തിൽ മനുഷ്യരെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ശരിയായ പരിഹാരം കാണുന്നതിന് ഉപകരിക്കുന്ന മാനസികവീക്ഷണം ഉണ്ടാക്കാൻ ഈ കൃതി സഹായകമാകുന്നുവെന്നാണ് ചിലരുടെ വീക്ഷണം. ഉന്നതമായ ജീവിതവീക്ഷണം പകരുന്ന ഫുതൂഹുൽ ഗൈബ് പ്രാപഞ്ചികസുഖം നേടാൻ നടത്തുന്ന ആർത്തിപൂണ്ട മാത്സര്യങ്ങൾ കുറക്കാനുപകരിക്കും. ദൈവത്തിലേക്കുള്ള മുഖംതിരിപ്പിലൂടെ മനുഷ്യരുടെ ഇഛാശക്തി വർദ്ധിപ്പിക്കുമെന്നതിരിച്ചറിവ് നൽകുന്ന ഈ കൃതി, 'ജ്ഞാനികൾ പ്രവാചകന്മാരുടെ പിന്തുടർച്ചക്കാരാണെ'ന്ന നബിവചനത്തെ സാർത്ഥകമാക്കുന്നുവെന്ന അഭിപ്രായമുള്ളവരുമുണ്ട്.

'ഫുതൂഹുൽ ഗൈബ്' മനുഷ്യജീവിതത്തെ ഏതു രീതിയിലാണ് ദൈവവഴിയിൽ എത്തിക്കേണ്ടതെന്നതിനെക്കുറിച്ചുള്ള അഗാധമായ വിവരങ്ങൾ നൽകുന്നു. ഇക്കാര്യം വിശദീകരിക്കുന്നതിന് പുസ്തകത്തിലെ

വ്യത്യസ്തകുറിപ്പുകൾക്ക് നൽകിയിരിക്കുന്ന തലക്കെട്ടുകൾ തന്നെ ധാരാളം മതിയാകും. വിശ്വാസിയുടെ ലക്ഷണം, ആരാണ് പുണ്യാത്മാവ്, ഹൃദയം പതക്കും, നീയും ആദരണീയനാകും, സമ്പന്നർ സൂക്ഷിക്കുക, നീ നിസ്സഹായനാണ്, പരാശ്രയമെന്ന ശിർക്ക്, അടുപ്പത്തിന്റെ രഹസ്യം, അല്ലാഹുവിനെ പഴിക്കരുത്, സംശയം ജനിപ്പിക്കുന്നത് പിശാചിന്റെ വാദം, അല്ലാഹുവിനെ മറികടക്കാൻ നോക്കണ്ട. എന്തിന് പരാതി, വിനയാന്വിതനാവുക, സാവകാശം നടക്കൂ, സമയം വരും-കാത്തിരിക്കുക, അതിരിനടുത്ത് പോകേണ്ട, സ്വേച്ഛാനുവർത്തിയാവരുത്, ഇല്ലാത്തത് അവകാശപ്പെടരുത്, സ്വന്തം അഹന്തയുടെ ശത്രുവാകുക, മനുഷ്യർ അറിഞ്ഞിരുന്നുവെങ്കിൽ, ചോദിച്ചില്ലെങ്കിലും കിട്ടും, ഔചിത്യത്തിലേക്കുള്ള ചവിട്ടുപടികൾ, നിയമവും സ്വീകാരവും, എന്തിന് ഓടിയൊളിക്കുന്നു, ആത്മസത്തയോട് പൊരുതുക, സൃഷ്ടിരഹസ്യം, ശത്രുവിനും നന്മ വരട്ടെ- എന്നിങ്ങനെയുള്ള അമ്പത് അദ്ധ്യായങ്ങളിലൂടെ അതിശ്രേഷ്ഠമായ ജീവിതബോധം ഗ്രന്ഥം പകരുന്നു. സൂര്യസമാനമായ ആത്മീയ തേജസ്സുകൊണ്ട് 12-ാം നൂറ്റാണ്ടിനെ പ്രകാശമാനമാക്കിയ ജീലാനിയുടെ 80 ആത്മീയ പ്രഭാഷണങ്ങളുടെ സമാഹാരമാണ് 'ഫുതൂഹുൽ ഗൈബ്'. ധാർമികവും മതപരവുമായ അധഃപതനത്തിൽ നിന്ന് തന്റെ കാലഘട്ടത്തെ മുഹ്യിദ്ദീൻ ശൈഖ് പരിവർത്തിപ്പിച്ചതെങ്ങനെ, അന്നത്തെ ആത്മീയപ്രശ്നങ്ങളുടെ സ്വഭാവം എന്തായിരുന്നു എന്ന് വായനക്കാരെ ബോധ്യപ്പെടുത്തുന്ന പ്രഭാഷണങ്ങൾ. വിഷയം ആദ്ധ്യാത്മികമാണെങ്കിലും സാധാരണക്കാർക്കു കൂടി സുഗ്രാഹ്യമാകും വിധം ആവിഷ്കരിക്കുന്നു എന്നതാണ് ഈ കൃതിയുടെ മേന്മ. ഇസ്ലാമിക ദർശനങ്ങൾ വിസ്മൃതമാവുകയും മുസ്ലിംകൾ വെറും നാമധാരികളാവുകയും ചെയ്ത ഹിജ്റ അഞ്ചാം നൂറ്റാണ്ടിലാണ് ശൈഖിന്റെ പ്രവർത്തനങ്ങൾ അരങ്ങേറിയത്.

ഇരുപത്തഞ്ച് വർഷത്തെ ആത്മീയചിന്താഗതിയും ദൈവാരാധനയിൽ മുഴുകിയ ജീവിതവും, മരുഭൂമിയിലും വനാന്തരങ്ങളിലുമുള്ള ഏകാന്തവാസവും, യുവത്വത്തിന്റെ തിളച്ചുമറിയലിന്റേതായ സന്ദർഭങ്ങളിൽ മുഴുവൻ ഭൗതിക സുഖാസക്തി ഉപേക്ഷിക്കുകയും അപ്പോഴൊക്കെ വിജ്ഞാന സമ്പാദനവും ആത്മീയ ശിക്ഷണവും നേടുകയും, പകലിന്റെ ഏറിയനേരവും ജനങ്ങൾക്ക് അറിവു നൽകുകയും, രാത്രിയുടെ മുഖ്യഭാഗവും ഖുർആൻ പാരായണത്തിനും നിസ്കാരത്തിനും വേണ്ടി സമയം നീക്കി വെയ്ക്കുകയും ചെയ്ത് ഇങ്ങനെ ജീവിതത്തെ കെട്ടിപ്പടുത്ത് വിജയം നേടിയ വ്യക്തിയാണ് ജീലാനി തങ്ങൾ.

മുഹ്യിദ്ദീൻ ശൈഖിന്റെ ജീവിതദൗത്യം 'ആത്മീയഭൗതികവിനാശത്തിൽ നിന്നു തന്റെ കാലത്തെ രക്ഷിച്ചെടുക്കുക' എന്നതായിരുന്നു. ഈ ആത്മീയഗുരുവിന്റെ ശരാശരി ചിത്രം ആബുവിന്റെ ഈ രണ്ട് പുസ്തകങ്ങളിൽ നിന്ന് ലഭ്യമാവുന്നു. രചനയിൽ സൂക്ഷ്മത പുലർത്തിയിട്ടുണ്ട്.

***** ***** *****

mappilaheritagelibrary.com

സീതി സാഹിബ്

കേരളത്തിലെ മുസ്ലിംകളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ വരുത്തുന്നതിന് കാരണക്കാരനായ സീതിസാഹിബിനെക്കുറിച്ച് ലഘുവായ ഒരു ജീവചരിത്രം ആബു രചിച്ചിട്ടുണ്ട്. അത് പ്രസിദ്ധീകരിച്ച തലശ്ശേരിയിലെ സുബൈദ പബ്ലിഷിംഗ് ഹൗസിന്റേതായ കുറിപ്പിൽ ഇങ്ങനെ കാണാം: 'സീതി സാഹിബിന്റെ സമ്പൂർണ്ണ ജീവചരിത്രവും ജീവിച്ചിരിക്കുന്നവരും മരിച്ചുപോയവരുമായ എല്ലാ മുസ്ലിം നേതാക്കളുടെയും ജീവചരിത്രങ്ങൾ ഒന്നൊന്നായി പ്രസിദ്ധപ്പെടുത്താൻ ഞങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കേരളത്തിനകത്തും പുറത്തുമുള്ള മലയാളീ മുസ്ലിം സമൂഹം പ്രത്യേകമായും മറ്റു സഹൃദയർ പൊതുവിലും ഞങ്ങളെ പ്രോത്സാഹിപ്പിക്കണമെന്ന് ആശിക്കുകയും അതിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.' 1954 ഏപ്രിൽ ഒമ്പതിനാണ് ഇതെഴുതിയിരിക്കുന്നത്. അറുപതിലധികം വർഷം കഴിഞ്ഞിട്ടും അന്നത്തെപ്പോലെ ഇന്നും സംഗതികൾ കിടക്കുന്നു. മുസ്ലിം അനാസ്ഥയുടെ ദുരവസ്ഥ വ്യക്തമാക്കാൻ ഇതിൽ കൂടുതലായി മറ്റെന്താണാവശ്യം?

സീതിസാഹിബിന്റെ ജീവിതത്തിന്റെ ചെറുചിമിഴാണീ കൃതി. അവിസ്മരണീയങ്ങളായ സംഭവങ്ങളെ ക്രോഡീകരിക്കുക മാത്രമാണ് ഈ പുസ്തകത്തിൽ ചെയ്തതെന്നും ഏതാനും ദിവസം കൊണ്ട് എഴുതിത്തീർത്തതാണെന്നും ഗ്രന്ഥകർത്താവ് പറയുന്നു. ആ പരിമിതി പുസ്തകത്തിൽ കാണാനുണ്ട്. സീതിസാഹിബിന്റെ പാരമ്പര്യത്തെക്കുറിച്ച് പുസ്തകത്തിൽ പറയുന്നുണ്ട്. മുസ്ലിം കേരളത്തിന് അപരിചിതമായിരുന്ന പരിഷ്കാരങ്ങൾ വരുത്തുന്നതിനും കേരള മുസ്ലിംകളുടെ ജീവിതത്തിന് സൃഷ്ടിപരമായ സംഭാവനകൾ നൽകുന്നതിനും കാരണമായ കേരള മുസ്ലിം ഐക്യസംഘം സ്ഥാപിക്കുന്നതിൽ മുമ്പിൽ നിന്നയാളായിരുന്നു സീതിസാ

ഹിബിന്റെ പിതാവ് കെ.സീതി മുഹമ്മദ്. സാമൂഹികപരിഷ്കർത്താവ് എന്ന നിലയിൽ അദ്ദേഹം ധാരാളമായി പ്രവർത്തിച്ചിരുന്നു. ജീവിതത്തിന്റെ അർത്ഥം ജീവിതപ്രവൃത്തികളിലൂടെ തെളിയിച്ച സീതി മുഹമ്മദ് കേരള മുസ്ലിംകൾക്കിടയിലെ അനൈക്യത്തെ ഇല്ലായ്മ ചെയ്യാനാണ് ഐക്യസംഘത്തിന്റെ സ്ഥാപനത്തിലൂടെ ഉദ്ദേശിച്ചത്. 'അൽ അമീൻ' എന്ന പ്രസിദ്ധീകരണത്തിന്റെ ഡയറക്ടർ, ഇത്തരം പത്രപ്രവർത്തനങ്ങൾക്കെല്ലാം സഹായിയായി നിലകൊണ്ടയാൾ, കൊച്ചി സ്റ്റേറ്റ് മാനുവൽ അച്ചടിക്ക് പിന്നിലെ ധനദാതാവ്, 1099ലെ വെള്ളപ്പൊക്കക്കെടുതിക്ക് ഇരയായവർക്ക് തുണയായി നിന്നയാൾ, 1921-ലെ മലബാർ ലഹളക്കാലത്ത് മലബാർ മുസ്ലിംകൾക്ക് സേവനം ചെയ്തയാൾ, നിഷ്കളങ്കനായ ദേശാഭിമാനി (സ്വന്തം ഭാര്യയുടെ ജനാസ കഫൻ ചെയ്യാനായി ഖദർ വസ്ത്രം തന്നെ ഉപയോഗിച്ച ആദർശധീരത) ഇങ്ങിനെയൊക്കെ പ്രവർത്തിച്ച സീതി മുഹമ്മദിന്റെ മകനായി കെ.എം.സീതി സാഹിബ് ജനിച്ചു. ലൗകികവിദ്യാഭ്യാസവും മതവിദ്യാഭ്യാസവും മുസ്ലിം സമുദായത്തിന് നിർബന്ധമാണെന്ന് വാദമുണ്ടായിരുന്ന നാളുകൾ ആയിരുന്നു അന്നത്തേത്. എറണാകുളം മഹാരാജാസിലും തിരുവനന്തപുരത്തുമായിരുന്നു സീതിസാഹിബിന്റെ വിദ്യാഭ്യാസം. ഡിഗ്രിക്ക് പഠിക്കുമ്പോൾ തന്നെ രാഷ്ട്രീയരംഗങ്ങളിൽ തൽപരനായിരുന്നു. പത്രവാർത്ത അധാർമികമാണെന്ന വാദം നിലനിന്ന ആ നാളുകളിൽ പത്രം വായിച്ചാലല്ലാതെ ഉറങ്ങാൻ കഴിയാത്ത ആളായിരുന്നു സീതി. രാത്രികാലങ്ങളിൽ പത്രം വയിച്ച് ഉപ്പയെ കേൾപ്പിച്ചിരുന്നു. ഇംഗ്ലീഷ് പത്രങ്ങൾ വായിച്ച് മലയാളത്തിൽ സ്വന്തം പിതാവിന് പറഞ്ഞുകൊടുക്കാനായതു മൂലം പിന്നീട് അദ്ദേഹത്തിന് നല്ല പ്രസംഗകനാകാനും ദിഭാഷിയാകാനും സാധിച്ചു. അലി സഹോദരന്മാരിൽ നിന്നും സർ സയ്യിദ് അഹ്മദ് ഖാനിൽ നിന്നും ആവേശം ഉൾക്കൊണ്ട് തിരുവിതാംകൂറിൽ പ്രവർത്തിച്ചു. വെള്ളക്കാരനെതിരായുള്ള സ്വാതന്ത്ര്യസമരത്തിൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ സമുദായത്തിലും സമൂഹത്തിലും വലിയ പരിവർത്തനങ്ങൾക്കു കാരണമായി. നിസ്സഹകരണപ്രസ്ഥാനത്തിന്റെ ഭാഗമായി ക്ലാസ് ബഹിഷ്കരിച്ച് സമരം നടത്താൻ സീതി സാഹിബിനെ പിതാവു സമ്മതിച്ചില്ല. സമുദായത്തിൽ വിദ്യാസമ്പന്നരുണ്ടാവുന്നത് ഇതുമൂലം ഇല്ലാതായിത്തീരുമെന്നായിരുന്നു അദ്ദേഹത്തിന്റെ ഭയം. പഠിച്ചു വളർന്ന ശേഷം സമരം ചെയ്തതു മൂലം മഹാത്മാ ഗാന്ധിയുടെ ആശയപൂർണ്ണമായ ഇംഗ്ലീഷ് പ്രസംഗങ്ങൾ ഗാന്ധിജിക്കു തന്നെ തൃപ്തിയുണ്ടാക്കുന്ന തരത്തിൽ പരിഭാഷ നിർവ്വഹിച്ച് ഗാന്ധിജിയുടെ അഭിനന്ദനം നേടുവാൻ സീതിസാഹിബിന് കഴിഞ്ഞു. 1937-ലാണ് സീതി സാഹിബ് ഹൈക്കോടതി വക്കീലാവുന്നത്. എറണാകുളത്ത് പ്രാക്ടീസ് ആരംഭിച്ച് തലശ്ശേരിയിൽ തുടരുകയാണു ചെയ്തത്. കേരള പ്രൊവിൻഷ്യൽ കോൺഗ്രസ്സ് കമ്മിറ്റിയിലേയും അഖിലേന്ത്യാ കോൺഗ്രസ്സ് പ്രവർത്തക കമ്മിറ്റിയിലേയും പ്രമുഖാഗംങ്ങളിൽ ഒരാളായിരുന്നു അദ്ദേഹം. കോൺഗ്രസ്സിന്റെ ആദർശങ്ങളാണ് ഭാര്യയുടെയും പിതാവിന്റെയും മയ്യത്തുകൾ ഖാദി വസ്ത്രത്തിൽ കഫൻ ചെയ്യാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അതിനു മുമ്പ്

mappilaheritagelibrary.com

മുസ്ലിം സമുദായത്തിൽ അങ്ങനെ ഒരു സമ്പ്രദായം നടന്നിട്ടില്ല.

കൊല്ലവർഷം 1103-ലെ തെരഞ്ഞെടുപ്പിൽ സീതി സാഹിബ് നിയമസഭയിലേക്ക് ഇദംപ്രഥമമായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. ഇങ്ങനെ മൂന്ന് തവണ തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. കൊച്ചി നിയമനിർമ്മാണസഭയിൽ വഖഫ് ബിൽ, കച്ച് മേമൻകാർക്കുള്ള മുസ്ലിം നിയമ ബിൽ എന്നിവ ചരിത്ര പുരുഷനാണ് അവതരിപ്പിച്ചത്. ആലുവ കോളേജ് ഫണ്ടിലേക്കുള്ള ധനശേഖരണാർത്ഥമാണ് സീതി ആദ്യമായി തലശ്ശേരിയിൽ വരുന്നത്. നാലണ വിലയുള്ള ടിക്കറ്റു വിറ്റാണ് പണം പിരിച്ചത്. 1922-ൽ തലശ്ശേരിയിൽ നടന്ന സ്പെഷ്യൽ ഖിലാഫത്ത് കോൺഫറൻസിൽ സംബന്ധിക്കാനാണ് അദ്ദേഹം രണ്ടാമത് തലശ്ശേരിയിൽ വന്നത്. 1934-മുതൽക്കാണ് അദ്ദേഹം തലശ്ശേരിയിൽ സ്ഥിരതാമസമാക്കിയത്. തലശ്ശേരിയിൽ പ്രാക്ടീസ് ചെയ്തു കൊണ്ടിരിക്കുമ്പോഴാണ് ഒ.ആബു ഈ ഗ്രന്ഥം എഴുതുന്നത്. ഖിലാഫത്ത് ഫണ്ടിലേക്കും സമരഫണ്ടിലേക്കും സീതിസാഹിബിന്റെ കുടുംബം നൽകിയ സംഭാവനകളുടെ ചരിത്രം പരിശോധിക്കുമ്പോൾ ആരും അമ്പരന്നു പോകും. സീതിസാഹിബിന്റെ ഉമ്മ സംഭാവന നൽകിയ സ്വർണ്ണമോതിരം സീതിസാഹിബിന്റെ പിതാവ് ലേലത്തിൽ പിടിച്ചു. സീതി സാഹിബ് സ്വന്തം റിസ്റ്റ് വാച്ചാണ് നൽകിയത്. അതും അദ്ദേഹത്തിന്റെ പിതാവ് ലേലത്തിൽ പിടിച്ചു. സീതി സാഹിബ് മറ്റൊരു മോതിരം സംഭാവന നൽകിയപ്പോൾ അതും അതേയാൾ ഗണ്യമായ വിലക്ക് ലേലം പിടിച്ചെടുത്തു. സ്മരണാദിനാഘോഷവേളയിൽ നൽകിയ മോതിരവും യോഗത്തിൽ വെച്ച് ലേലത്തിൽ തിരിച്ചെടുത്തു. വാശിയിൽ വിലകൂടിക്കൊണ്ടിരുന്നപ്പോഴും സീതി സാഹിബിന്റെ റിസ്റ്റ് വാച്ച് ആ പിതാവ് ലേലത്തിൽ പിടിച്ചെടുത്തു. ഈ സന്ദർഭം രസകരമായി 'സംഭാവനക്ക് മത്സരം' എന്ന തലക്കെട്ടിൽ വിശദീകരിച്ചതിനു ശേഷം ആബു എഴുതുന്നു: "ദേശീയ ആവശ്യങ്ങൾക്കു പണം ചെലവഴിക്കുന്ന വിഷയത്തിൽ ഇങ്ങനെ മത്സരിച്ച ഒരു കുടുംബം അന്ന് കേരളത്തിൽ വേറെയുണ്ടായിരുന്നില്ല."

പ്രസംഗകനൊപ്പം എഴുത്തുകാരനുമായിരുന്ന സീതിസാഹിബിനെ ഗ്രന്ഥകർത്താവ് പരിചയപ്പെടുത്തിയിട്ടുണ്ട്. ധാരാളമായി എഴുതാൻ അദ്ദേഹത്തിനു സമയം കിട്ടിയിരുന്നില്ല. കൊച്ചിയിൽ നിന്ന് വന്നിരുന്ന 'മലബാർ ഇസ്ലാം' എന്ന പത്രത്തിലും 'കേരളവ്യാസൻ' എന്ന മാസികയിലും സീതി സാഹിബ് എഴുതിയിട്ടുണ്ട്. കോഴിക്കോട്ടെ അൽഅമീനിൽ, ആലപ്പുഴയിലെ മുസ്ലിം എന്ന പ്രസിദ്ധീകരണത്തിൽ... അങ്ങനെയങ്ങനെ കുറെയൊക്കെ എഴുതിയ സീതി സാഹിബ് 'മൗലാനാ മുഹമ്മദലി' എന്ന പുസ്തകമൊരുക്കിയത് ഈ ലേഖനങ്ങളിൽ ചിലത് തിരഞ്ഞെടുത്താണ് കേരളത്തിലെ മുസ്ലിംകളുടെ ചരിത്രം, സംസ്കാരം, ജീവിതക്രമം തുടങ്ങിയ വിഷയങ്ങൾ വിവരിച്ചുകൊണ്ട് മലയാളികളല്ലാത്തവർക്കായി ഇംഗ്ലീഷിൽ അദ്ദേഹം എഴുതിയിരുന്നു. എറണാകുളത്തുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന 'ഐക്യം' എന്ന പത്രത്തിന്റെ എഡിറ്ററായിരുന്ന സീതി സാഹിബ് മൗലാനാ മുഹമ്മദലി, ജിന്ന എന്നീ രണ്ടു ജീവചരിത്രഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. തലശ്ശേരിയിൽ നടന്ന സമസ്തകേരള

സാഹിത്യപരിഷത്ത് സമ്മേളനത്തിൽ അധ്യക്ഷനായിരുന്നു.

1930-ലാണ് സീതി സാഹിബ് മുസ്‌ലിം ലീഗിൽ പ്രവർത്തിച്ചു തുടങ്ങിയത്. സമുദായ സമുദ്ധാരണത്തിൽ പങ്കു വഹിക്കാൻ ഇതു മൂലം അദ്ദേഹത്തിനു സാധിച്ചു. തലശ്ശേരിയിൽ താമസം തുടങ്ങിയതോടെയാണ് സി.പി.മമ്മുക്കേയി, എ.കെ.കുഞ്ഞിമായൻ ഹാജി, കെ.ഉപ്പി സാഹിബ്, സത്താർ സേട്ടു സാഹിബ് എന്നിവരോടൊപ്പം പ്രവർത്തിക്കുവാൻ അവസരം കിട്ടിയത്. സീതി സാഹിബിന്റെ വാഗ്മിത സംഘടനയ്ക്ക് അത്ഭുതകരമായ വേഗത കൂട്ടി. ലീഗുകാരനായ സീതിസാഹിബിന്റെ പ്രവർത്തനം മലബാറിന് ഏറെ മെച്ചമുണ്ടാക്കി. 1934-ലെ ലെജിസ്ലേറ്റീവ് അസംബ്ലി തെരഞ്ഞെടുപ്പ്, പശ്ചിമതീരമണ്ഡലത്തിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥിയും മുസ്‌ലിംലീഗ് സ്ഥാനാർത്ഥിയും മത്സരിച്ച ആദ്യതെരെഞ്ഞെടുപ്പായിരുന്നു. ലീഗ് സ്ഥാനാർത്ഥിയായ ഇസ്ഹാഖ് സേട്ടുവാണ് ജയിച്ചത്. അക്കാലത്താണ് സീതി സാഹിബ് ഒരു പ്രസ്ഥാനമായി വളർന്നത്. ഇതു തകർക്കാൻ കോൺഗ്രസ്, മുസ്‌ലിംമജ്‌ലിസ് എന്നൊരു സംഘടന സൃഷ്ടിച്ച് മത്സരിപ്പിച്ചുവെങ്കിലും ഉദ്ദേശിച്ച ഫലം കിട്ടിയില്ല. മുസ്‌ലിംലീഗ് എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ വളർച്ചക്ക് തടയിടാൻ അന്നാർക്കും കഴിഞ്ഞില്ല. അക്കാലത്തു നടന്ന സുപ്രസിദ്ധ നേതാക്കളുടെ മലബാർ സന്ദർശനം വിജയകരമാക്കിത്തീർത്തത് സീതിസാഹിബിന്റെ പ്രവർത്തനമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗഭാഷാന്തരം ആരേയും വിസ്മയിപ്പിക്കുന്ന തരത്തിലുള്ളതായിരുന്നു. സീതി സാഹിബിന്റെ പ്രസംഗത്തിന്റെ പ്രത്യേകതകൾ ആകർഷകമായ ഭാഷാഗുണം, ഹൃദയസ്പർശിയായ ശബ്ദസുഖം മുതലായവയായിരുന്നു. മലബാർ മുസ്‌ലിംലീഗിന്റെ സെക്രട്ടറിയായും സംസ്ഥാന മുസ്‌ലിംലീഗ് കൗൺസിലറായും പ്രവർത്തിക്കുകയുണ്ടായി. വിഭജനാനന്തര മുസ്‌ലിംലീഗിനെ നിലനിർത്താൻ സീതിസാഹിബ് പറഞ്ഞ കാരണങ്ങൾ ഇവയാണ്. മതവിരുദ്ധവും വിദ്രോഹപരവുമായ വിപ്ലവാശയങ്ങളിൽ വിശ്വസിക്കുന്ന രാഷ്ട്രീയ കക്ഷികളുടെ കെണിയിൽ പെട്ട് മുസ്‌ലിംകളുടെ ആത്മീയവ്യക്തിത്വം നശിച്ചുപോകാതിരിക്കാൻ, ആവശ്യമായി വരുമ്പോൾ നാട്ടിനും സമുദായത്തിനും ഗുണപരമായ വിധത്തിൽ മുസ്‌ലിംകളുടെ സംഘടിത ശക്തിയെ ഉപയോഗപ്പെടുത്താൻ ഒരു മതസംഘടനയുടെ കീഴിൽ മുസ്‌ലിംകൾ അണിനിരക്കണമെന്ന വാദക്കാരനായിരുന്നു അദ്ദേഹം. അതിനു പറ്റിയ സംഘടന മുസ്‌ലിംലീഗാണെന്ന് അദ്ദേഹം വാദിച്ചു. 1946-ലും 1951-ലും നടന്ന തെരഞ്ഞെടുപ്പുകളിൽ മലപ്പുറം മണ്ഡലത്തിൽ നിന്ന് അദ്ദേഹം ജയിച്ചു. മദിരാശി നിയമസഭയിലെ അഞ്ച് മുസ്‌ലിം ലീഗ് അംഗങ്ങളിൽ ഒരാളായിരുന്നു സീതി സാഹിബ്. നിയമസഭാംഗമെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനം ശത്രുക്കൾ പോലും അംഗീകരിച്ചതാണ്. കക്ഷിവ്യത്യാസം കൂടാതെ പൊതുപ്രശ്നങ്ങളിൽ അദ്ദേഹം സഹകരിച്ചു. മദിരാശി നിയമസഭയിലും അദ്ദേഹം മുസ്‌ലിം താൽപര്യങ്ങളെ ശക്തമായി നിലനിർത്തി. ശരീഅത്ത് ബില്ല്,വഖഫ് ബില്ല് തുടങ്ങിയ മുസ്‌ലിംകളെ മാത്രം ബാധിക്കുന്ന ചില പ്രത്യേക ബില്ലുകൾ ഗവർമെന്റിനെക്കൊണ്ട് അദ്ദേഹം അംഗീകരിപ്പിച്ചു.

mappilaheritagelibrary.com

ശ്രദ്ധേയമാം വിധം വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ച് മുസ്‌ലിം യാഥാസ്ഥിതികതയെ അദ്ദേഹം പരാജയപ്പെടുത്തി. വിദ്യാഭ്യാസവിഷയത്തിൽ കേരള മുസ്‌ലിംകളിൽ കാണുന്ന ഉത്സാഹത്തിനു പിന്നിൽ സീതി സാഹിബുണ്ടായിരുന്നു. ആലുവാ കോളേജ്, മലപ്പുറം ഗവ.സ്കൂൾ, വെട്ടത്ത് പുതിയങ്ങാടി ഗേൾസ് ഹൈസ്കൂൾ, ഫാറൂഖ് കോളേജ്, തലശ്ശേരി മുബാറക് ഹൈസ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളുടെ വളർച്ചയുടെ പിന്നിൽ സീതി സാഹിബിന്റെ ശക്തമായ പിൻബലമുണ്ടായിരുന്നു. വിദ്യാഭ്യാസ സംബന്ധമായി മുസ്‌ലിംകൾക്ക് ധാരാളമായി ആനുകൂല്യങ്ങൾ ലഭിക്കാൻ പ്രവർത്തിച്ച സീതി സാഹിബ് മുസ്‌ലിംസ്കൂളിലെ പാഠ്യപദ്ധതിയിൽ നിന്ന് മതപഠനം നീക്കം ചെയ്തു കളഞ്ഞപ്പോഴും വിദ്യാഭ്യാസപരമായി മുസ്‌ലിംകൾക്ക് നൽകിവന്ന പ്രോൽസാഹനാനുകൂല്യങ്ങൾ പിൻവലിക്കപ്പെട്ടപ്പോഴും ആ നടപടികൾക്കെതിരെ ശക്തമായി നിലകൊണ്ടു. മുസ്‌ലിം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പു നൽകുന്നതിനായി ഏർപ്പെടുത്തപ്പെട്ട ഹുസ്സൻ കാസിം ദാദാ ട്രസ്റ്റിന്റെ സ്ഥാപകരിൽ ഒരാളായിരുന്നു സീതി സാഹിബ്. കോൺഗ്രസ്സിലൂടെയായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രവേശമെങ്കിലും മുസ്‌ലിംലീഗിന്റെ ആവശ്യകത മനസ്സിലാക്കിയപ്പോൾ ആ പ്രസ്ഥാനത്തിനു വേണ്ടി ജീവിതം സമർപ്പിച്ചു. അദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങളെപ്പറ്റി ഈ പുസ്തകത്തിൽ ആബുവും വിശദമായി പറയുന്നുണ്ട്. എന്നും മതനിഷ്ഠനായിരുന്ന അദ്ദേഹം ദുരാചാരങ്ങൾക്കെതിരെ മുസ്‌ലിംകൾക്കിടയിൽ നിന്നുകൊണ്ടുതന്നെ പ്രവർത്തിച്ചിട്ടുണ്ട്. ചാവടിയന്തിരത്തെ പാരമ്പര്യമായിത്തന്നെ എതിർത്ത കുടുംബമായിരുന്നു അദ്ദേഹത്തിന്റെത്. മുസ്‌ലിംലീഗിന്റെ മുഖപത്രമായി 'ചന്ദ്രികയെ' വളർത്തിയെടുത്ത അദ്ദേഹം ആ പേരിൽതന്നെ ഒരു വാരിക തുടങ്ങുന്നതിലും അതിനായി 'മുസ്‌ലിം പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി' സ്ഥാപിക്കുന്നതിലും മുഖ്യപങ്കുവഹിച്ചു. നാശാത്മകവും ആപൽക്കരവുമായ ചുറ്റുപാടുകളിൽ നിന്ന് സമുദായത്തെ രക്ഷിച്ച് മുസ്‌ലിം സമുദായത്തിന്റെ കഴിവുകൾ മാതൃരാജ്യത്തിന്റെ ഭദ്രതയ്ക്കും പുരോഗതിയ്ക്കും ഉപയോഗപ്പെടുത്തുന്നതിന് അദ്ദേഹം ജീവിതകാലം മുഴുവൻ പ്രയത്നിച്ചു. അതുകൊണ്ടാണ് "പതറാത്ത പാദങ്ങളോടും ചിതറാത്ത ചിത്തത്തോടും കൂടി മാപ്പിളസമുദായത്തെ നയിക്കുന്ന ആ നേതാവിന്റെ നാമം മാപ്പിളമാർക്ക് ആവേശം നൽകുന്നതെന്ന് പുസ്തകത്തിന്റെ ചെറു അവതാരികയിൽ സി.എച്ച് എഴുതിയത്. അവരുടെ സാമുദായികവും രാഷ്ട്രീയപരവും സാമ്പത്തികവും സാമൂഹികവുമായ ചരിത്രത്തിന്റെ ഒട്ടധികം അധ്യായങ്ങൾ ആ രണ്ടക്ഷരം ഉൾക്കൊള്ളുന്നതായി സി.എച്ച് മുഹമ്മദ് കോയ അടിവരയിട്ട് പറഞ്ഞിട്ടുണ്ട്.

സീതിസാഹിബിനെക്കുറിച്ചുള്ള ആബുവിന്റെ ഈ ചെറുപുസ്തകത്തിന്റെ ദൗർബല്യങ്ങളിലൊന്ന് ചരിത്രരചനക്ക് അനുയോജ്യമല്ലാത്ത ആവേശം ആബു ചിലേടങ്ങളിൽ പ്രകടിപ്പിക്കുന്നുവെന്നതാണ്.

***** ***** *****

മഹാന്മാരുടെ കുട്ടിക്കാലം

'മഹാന്മാരുടെ കുട്ടിക്കാലം' എന്നൊരു പുസ്തകം ആബു എഴുതിയിട്ടുണ്ട്. ചെറിയ കുട്ടികൾക്കും വലിയവർക്കും പ്രയോജനം ചെയ്യുന്ന പുസ്തകമാണിത്. ഗാന്ധിജി, പട്ടേൽ, ടാഗോർ, നെഹ്റു - ഇവരുടെ കുട്ടിക്കാലമാണ് പുസ്തകത്തിൽ തെളിയുന്നത്. കുട്ടിക്കാലത്ത്, സ്കൂളിൽ പഠിക്കുന്ന സമയത്ത് അധ്യാപകനിൽ നിന്നു കിട്ടിയ സർട്ടിഫിക്കറ്റ് ഇതായിരുന്നു. "എന്റെ സുദീർഘമായ ജീവിതകാലത്തിനിടയ്ക്ക് ഇത്രത്തോളം ബുദ്ധിശൂന്യനായ ഒരു ബാലനെ ഞാൻ ഒരിക്കലും കണ്ടിട്ടില്ല." ഗാന്ധിജിയെ കുറിച്ചുള്ള ഈ നിരീക്ഷണം നമുക്ക് വിശ്വസിക്കാനാവുന്നില്ലെങ്കിലും ഇത് ഒരു സത്യമാണ് എന്ന് ആബു പറയുന്നു. ആറാം വയസ്സിൽ പോർബന്തറിലെ ഒരു ഗ്രാമീണവിദ്യാലയത്തിൽ വെച്ച് കിട്ടിയ സർട്ടിഫിക്കറ്റാണിത്. അന്ന് മോഹൻദാസ് ലജ്ജാലുവും മന്ദബുദ്ധിയുമായിരുന്നു. മറ്റൊരു അദ്ധ്യാപകൻ ഇങ്ങനെ ആശ്വസിപ്പിച്ചതും പുസ്തകത്തിലുണ്ട്: 'മറ്റു കുട്ടികളിൽ നിന്ന് വ്യത്യസ്തനാണ് നീയെന്നും അവരുമായി താരതമ്യപ്പെടുത്തമ്പോൾ പല പ്രത്യേകതകളും നിനക്കുണ്ടെന്നും സുശോഭനമായ ഭാവിയുടെ വിശാലകവാടം നിനക്കു വേണ്ടി തുറന്നു കിടക്കുന്നു'വെന്നും ആ അദ്ധ്യാപകൻ പറയുകയുണ്ടായി. അധ്യാപകന്റെ സ്നേഹഭരിതവും സ്വതന്ത്രവുമായ പെരുമാറ്റവും നയസമ്പ്രദായങ്ങളും മോഹൻദാസിന്റെ ഹൃദയത്തെ കുളിർപ്പിച്ചു. മോഹൻദാസ് ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് സ്കൂൾ ഇൻസ്പെക്ടർ ഗെയിൽസ് ഹൈസ്കൂൾ പരിശോധനയ്ക്ക് വന്നു. മോഹൻദാസിന്റെ ക്ലാസിൽ കേട്ടെഴുത്തു പരീക്ഷയാണ് നടന്നത്. എല്ലാ കുട്ടികളും ഇൻസ്പെക്ടർ പറഞ്ഞ വാക്കുകൾ കൃത്യമായി എഴുതിയെങ്കിലും മോഹൻദാസിന് കഴിഞ്ഞില്ല. സംഗതി മനസ്സിലാക്കിയ അദ്ധ്യാപകൻ

mappilaheritagelibrary.com

അടുത്ത കുട്ടിയുടെ സ്ലേറ്റിൽ നോക്കി പകർത്തു കൊള്ളാൻ ആ വിദ്യർത്ഥിക്ക് പല തവണ കണ്ണു കൊണ്ട് സൂചന നൽകി. എന്നാൽ മോഹൻദാസ് അധ്യാപകനെ അനുസരിച്ചില്ല. കട്ടെഴുതുന്ന കുട്ടി എന്ന വിശേഷണത്തേക്കാൾ അപ്രാപ്തനായ കുട്ടിയായി നിലകൊള്ളാനാണ് മോഹൻദാസ് തീരുമാനിച്ചത്. ക്ഷേത്രഗണിതം അവന് മനസ്സിലാക്കാൻ വലിയ ബുദ്ധിമുട്ടായിരുന്നു. പുസ്തക വായനയിലും തൽപരനായിരുന്നില്ല. ഹരിശ്ചന്ദ്രനാടകം മോഹൻദാസിൽ വലിയ സ്വാധീനമുണ്ടാക്കി. ഹരിശ്ചന്ദ്രന്റെ സത്യസന്ധത സ്വജീവിതത്തിലേക്ക് പകർത്തിയെടുപ്പാൻ ആ ബാലൻ ഹൃദയപൂർവ്വം ആഗ്രഹിച്ചു. മോഹൻദാസ് കളിയിലും തൽപരനല്ലായിരുന്നു. വിവാഹം നടത്തുന്ന കാര്യത്തിലും അദ്ധ്യാപകരാൽ പരിഹസിക്കപ്പെടുകയുണ്ടായി. പഠിക്കുന്ന കാലത്തും അല്ലാത്ത സമയത്തും കൂട്ടുകാരെ തെരെഞ്ഞെടുക്കുന്നതിൽ പോലും മോഹൻദാസിന് സ്വന്തമായ കാഴ്ചപ്പാടുകളുണ്ടായിരുന്നു. മോഹൻദാസ് സുഹൃത്തിന്റെ പ്രേരണയാൽ മാംസഭക്ഷണം കഴിച്ച കാര്യവും ആബു വിശദമാക്കിയിട്ടുണ്ട്. കുടുംബകലഹമുണ്ടായതും പുകവലിച്ചതും വിവരിക്കുന്നുണ്ട്. ആത്മഹത്യചെയ്യുന്നതിനെക്കുറിച്ച് ചിന്തിച്ചതും പുസ്തകത്തിലുണ്ട്.

പഠിക്കുന്ന കാലത്ത് സർദാർ വല്ലഭായി പട്ടേൽ വികൃതിയായിരുന്നു. അതേസമയം വഴിയിൽ കിടക്കുന്ന നടന്നുപോകുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന വസ്തുക്കളെ ദൂരെ വലിച്ചെറിയുന്നത് പട്ടേലിന്റെ സ്വഭാവമായിരുന്നു. മാതാപിതാക്കളിൽ നിന്നാണ് ബാലനായ പട്ടേലിന് സാമൂഹിക സേവന താത്പര്യം ലഭ്യമായത്. കുട്ടിക്കാലത്ത് ആരെയും ഉപദ്രവിച്ചില്ല, പരിഹസിച്ചില്ല. ചീത്ത കൂട്ടുകെട്ടിൽ പെട്ടില്ല. പഠിപ്പിലും കളിയിലും തൽപരനായിരുന്നു. അദ്ധ്യാപകന്റെ അധമമായ നിർദ്ദേശങ്ങൾ അംഗീകരിച്ചതുമില്ല. സ്വന്തമായി ചെയ്യാവുന്ന പ്രവൃത്തികൾ ചെയ്യാൻ മറ്റൊരാളെ കാത്തുനിന്നില്ല. തന്റെ ശരീരഘടനയ്ക്കും പിൽക്കാലത്തുണ്ടായ ജീവിത വികാസത്തിനും കാരണം കുട്ടിക്കാലത്തുണ്ടായ അനുഭവങ്ങളാണെന്നും പട്ടേൽ എഴുതിയിട്ടുണ്ട്.

ടാഗോറിന്റെ അഞ്ചാമത്തെ ജ്യേഷ്ഠനായ ജ്യോതിന്ദ്രനാഥടാഗോറാണ് കൊച്ചനുജനെ വളർത്തിക്കൊണ്ടുവരാൻ അവസരോചിതം പരിശ്രമിച്ചത്. ജ്യോതീന്ദ്ര ബാബുവിന്റെ സ്നേഹമസൃണമായ പ്രോത്സാഹനങ്ങൾ ലഭിച്ചിരുന്നില്ലെങ്കിൽ എന്നിലെ കവിതാവാസന വഴിമുട്ടി നശിച്ചു പോകുമായിരുന്നുവെന്നും എന്റെ ഭാവി ജ്യോതിസ്സറ്റതായിത്തീരുമായിരുന്നുവെന്നും മഹാകവി പറഞ്ഞിട്ടുണ്ട്. കടുത്ത നിയന്ത്രണങ്ങൾ അനുഭവിച്ചാണ് ടാഗോർ വളർന്നത്. നല്ല ഭക്ഷണമോ നല്ല ഉടുപ്പുകളോ ഞങ്ങൾക്ക് ലഭിച്ചിരുന്നില്ല. കീശയുള്ള കുപ്പായം ധരിക്കാൻ ഞാൻ പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്. പക്ഷെ എന്റെ ആശ അക്കാലത്ത് ഒരിക്കലും ഫലപ്രദമായിട്ടില്ല. ടാഗോർ പറയുന്നു.

സ്വർഗ്ഗീയ സുഖങ്ങളോടു കൂടിയതായായിരുന്നു ജവഹർലാലിന്റെ ബാല്യകാലം. ഇന്ത്യൻ ധാത്രിമാർക്ക് പുറമേ യൂറോപ്യൻ ആയമാരും ശിശുവിന്റെ

പരിചരണത്തിനായി ഉണ്ടായിരുന്നു. നിലത്തു വെച്ചാൽ ഉറുമ്പരിക്കും തല യിൽ വെച്ചാൽ പേനരിക്കും എന്ന മട്ടിലായിരുന്നു ആ കുഞ്ഞിനെ വളർത്തി ക്കൊണ്ടു വന്നത്. ഈ കുട്ടിയാണ് പിന്നീട് ഇന്ത്യയിലെ കുട്ടികളുടെ ചാച്ചാ ആയത്.

ഓരോ വ്യക്തിയും ഏതെല്ലാം സാഹചര്യങ്ങളിലൂടെയാണ് വളർന്നുവ രുന്നതെന്നും എങ്ങിനെയാണ് അവർ വലിയവരായിത്തീർന്നതെന്നും പഠി ക്കാൻ ഇത്തരം ചരിത്രരചനകൾ നമ്മെ സഹായിക്കുന്നു. പഠിച്ചു വളരുന്ന കുട്ടികൾക്ക് ഈ പുസ്തകം തങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്താൻ ഒരു പരിധിവരെ സഹായകമാകും. വലിയ മനുഷ്യരിലെ 'ചെറുമ'തിരിച്ചറിയാനും അതു വഴി ജീവിതത്തിന്റെ വൈവിധ്യങ്ങൾ മനസ്സിലാക്കാനും സഹായിക്കു ന്ന കൃതിയാണ് ആബുവിന്റെ 'മഹാന്മാരുടെ കുട്ടിക്കാലം.'

***** ***** *****

mappilaheritagelibrary.com

ഉബൈദും ആബുവും

മാപ്പിളപ്പാട്ടു പ്രസ്ഥാനത്തിലെ കവിത്രയം എന്ന് വിശേഷിപ്പിക്കാവുന്ന വരാണ് ഉബൈദും ഒ.ആബുവും പുന്നയൂർക്കുളം ബാപ്പുവും. ഈ മൂന്ന് പ്രതിഭാശാലികളെക്കുറിച്ച് ഇപ്പോഴും കാര്യമാത്രപ്രസക്തമായ പഠനങ്ങൾ നടന്നിട്ടില്ല. ഉബൈദും ആബുമാഷും തമ്മിലുണ്ടായിരുന്ന സൗഹൃദത്തിന്റെ ഒന്നാന്തരമൊരു തെളിവാണ് ദൈവത്തിന്റെ മനുഷ്യൻ എന്ന ആബുവിന്റെ കൃതിക്ക് ഉബൈദ് എഴുതിയ അവതാരിക. ഈ അവതാരികയിൽ ഉബൈദ് മാപ്പിളപ്പാട്ടുകളുടെ പൂർവ്വകാലമഹിമയേയും പിൽക്കാലത്തുണ്ടായ അപച യത്തെയും വിശദമാക്കുന്നുണ്ട്. മാപ്പിളപ്പാട്ടുകൾ കൈരളിയുടെ തനത് സമ്പ ത്താണെങ്കിലും അടുത്തകാലം വരെ അത് പൊതു ശ്രദ്ധയിൽ പെട്ടിരുന്നി ല്ല. പിന്നീട് അതിന് മാറ്റം വന്നു. എഴുത്തുകാരുടെയും നിരൂപകരുടെയും മാധ്യമങ്ങളുടെയും പ്രശംസയ്ക്ക് പാത്രീഭൂതമായി തീർന്നു. മാപ്പിളപ്പാട്ടു കൾ രചിക്കുകയും നന്നായി ആസ്വദിക്കുകയും ചെയ്യുന്ന ഒരു പുതിയ തല മുറ വന്നു. ഇതു കൈരളിയുടെ വൃത്തസമ്പത്ത് വർദ്ധിപ്പിച്ചു. പക്ഷെ ചില മാപ്പിളപ്പാട്ടു രചയിതാക്കളിലൂടെ ചില പാട്ടുകൾക്ക് ഉദ്ദിഷ്ട വൃത്തങ്ങളിൽ നിന്ന് വ്യതിചലിക്കേണ്ടിവന്ന ദുരന്തങ്ങളുമുണ്ടായി. ഈ പശ്ചാത്തലത്തിൽ നിന്നു കൊണ്ടാണ് ആബുവിന്റെ 'ദൈവത്തിന്റെ മനുഷ്യൻ' എന്ന കൃതിയെ ഉബൈദ് കാണുന്നത്. ഉൽപതിഷ്ണുവായ കവി, വിശ്രുതിപെറ്റ തൂലികാ കാരൻ എന്നീ നിലകളിൽ ഭാഷാസാഹിത്യലോകത്ത് സുപ്രതിഷ്ഠ ലഭിച്ച ആളായിട്ടാണ് ഉബൈദ് ആബുവിനെ കാണുന്നത്. ആബുവിനെ അനുവാച കർക്ക് പരിചയപ്പെടുത്തിക്കൊടുക്കേണ്ടതില്ല. കാരണം വായനക്കാർക്ക് അത്ര

കണ്ട് സുപരിചിതനാണ് അദ്ദേഹം. ആബുവിന്റെ കവിതാസമാഹാരത്തിന് അവതാരിക എഴുതാനുള്ള യോഗ്യത തനിക്കില്ല എന്നും ഉബൈദ് വിനീത നാവുന്നു.

മാപ്പിളപ്പാട്ടു പ്രസ്ഥാനവും ആബുസാഹിബുമായുള്ള ബന്ധത്തിന്റെ പഴക്കം എടുത്തു പറഞ്ഞു കൊണ്ട് ആ ഗാനങ്ങളുടെ അനുപമമായ മാധുരിയിൽ ആകൃഷ്ടനും ആവിഷ്ടനുമായി ആബു എഴുതിയ പാട്ടുകളെ ഉബൈദ് പ്രശംസിക്കുന്നു. മാപ്പിളപ്പാട്ടു സാഹിത്യത്തിലെ കർണ്ണാനന്ദകരമായ രീതികളെ അനുകരിക്കുക മാത്രമല്ല അതിലെ പ്രത്യേക ശൈലികളെയും തത്ഭവപദങ്ങളെയും മറ്റും അതേപടി പാട്ടുകളിൽ ഉപയോഗിക്കുക കൂടി ചെയ്യേണ്ടതാണെന്നുള്ള അഭിപ്രായക്കാരനാണ് ആബുവെന്നും അതനുസരിച്ച് ഈ സമാഹാരത്തിലെ ഗാനങ്ങളിൽ മലയാളികളിൽ ഒരു വിഭാഗം എപ്പോഴും ഉപയോഗിച്ചു വരുന്ന അറബിവാക്കുകളും ഗ്രാമ്യപദങ്ങളും നൂതനപ്രയോഗസമ്പ്രദായങ്ങളും കാണാമെന്നും ഇതിനെ എതിർക്കുന്നവരുണ്ടായാലും ഭാഷാഭിവൃദ്ധിക്ക് ഉപകരിക്കുന്ന അത്തരം പദങ്ങളെയും ശൈലികളെയും സാഹിത്യത്തിലേക്ക് സ്വാഗതം ചെയ്യേണ്ടിയിരിക്കുന്നുവെന്നുമാണ് അഭിപ്രായമെന്നും ഉബൈദ് സമ്മതിക്കുന്നു. ആബുവിന്റെ ഈ ധീരതയെ ഉബൈദ് ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. എന്നാൽ ഏതു പുരോഗമനത്തിനും കാലോചിതമായ പരിധിയും യുക്തി സഹമായ വ്യവസ്ഥയും വേണ്ടിയിരിക്കുന്നതിനാൽ അറബി പദങ്ങളെയും തമിഴ് പ്രയോഗങ്ങളെയും ഭാഷയിലേക്ക് പകർത്തുന്നതിൽ സാങ്കേതികമായ ആവശ്യകതയ്ക്ക് ഏറ്റവുമധികം പരിഗണന നൽകേണ്ടതാണെന്നുമുള്ള തന്റെ അഭിപ്രായത്തെ ഉബൈദ് ആവർത്തിക്കുന്നു. ഇഖ്ബാൽ സാഹിത്യത്തിൽ നല്ല പരിചയം സിദ്ധിച്ചിട്ടുള്ള ആബു സാഹിബിന്റെ ആശയങ്ങൾ പലതും സമുദായത്തിന്റെ മരവിച്ച ഹൃദയത്തിൽ ചൈതന്യം നൽകാൻ പര്യാപ്തമാണ്. ഇതിനുള്ള ഉദാഹരണമായി ഉബൈദ് ഉദ്ധരിക്കുന്നത്:

"ഖല്ലാവിൻ പടപ്പാകും
മനുഷ്യാ നീ ഉണർന്നില്ലേ
പൊല്ലാപ്പും പുതച്ചു നീ
മരിച്ചു പോയോ?"

എന്ന വരികളാണ് ഈ കൃതിയിലെ മിക്ക ഗാനങ്ങളും വൃത്ത നിയമങ്ങൾക്കനുസരിച്ചായതിനാൽ മാപ്പിളപ്പാട്ടുകൾ രചിക്കാൻ ആഗ്രഹിക്കുന്ന യുവകവികൾക്ക് വഴികാട്ടിയായി തീരുമെന്നും ഉബൈദ് എഴുതുന്നു. ആബു മാഷിന് ഉബൈദ് മാഷോട് ഉണ്ടായിരുന്ന ഹൃദയബന്ധത്തെ വ്യക്തമാക്കുന്ന ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു. "മാപ്പിളപ്പാട്ടുകളിലേക്ക് വിമർശകരുടെയും സാഹിത്യകാരന്മാരുടെയും കവികളുടെയും മറ്റു കലാകാരന്മാരടക്കമുള്ള കേരളീയ ബഹുജനത്തിന്റെയും ശ്രദ്ധയെ ആകർഷിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്ന കേരളത്തിലെ തലയെടുപ്പുള്ള ഒരു സാഹിത്യകാര

mappilaheritagelibrary.com

നാണ് ഉബൈദ്. പുത്തൻ തലമുറ മാപ്പിളപ്പാട്ടുകളെക്കുറിച്ച് കേട്ടതു തന്നെ അദ്ദേഹത്തിൽ നിന്നാണ്. മാപ്പിളപ്പാട്ടുകളെക്കുറിച്ച് അഭിപ്രായം പറയാൻ എല്ലാം കൊണ്ടും അർഹതയുള്ള ഒരു വ്യക്തിയാണ് ഉബൈദ് മാഷ്."

ജാതി മത ഭേദമന്യേ മാപ്പിളപ്പാട്ടിന്റെ മാധുര്യം ആസ്വദിക്കുന്ന ഒരു സഹൃദയലോകം നമുക്കുണ്ടാവുന്നതിന് പിന്നിൽ പ്രവർത്തിച്ച രണ്ടു സാഹിത്യനായകന്മാർ ഉബൈദും ആബുവുമാണെന്ന് സി.എച്ച്.മുഹമ്മദ് കോയ എഴുതീട്ടുണ്ട്. ഉബൈദ് മാഷുമായിട്ടുണ്ടായിരുന്നതുപോലെ രാഷ്ട്രീയ അടുപ്പവും സ്നേഹബന്ധങ്ങളും ആബുവുമായിട്ട് തനിക്ക് ഉണ്ടായിരുന്നില്ല എന്നും എങ്കിലും അദ്ദേഹത്തിന്റെ എഴുത്തുകളിലൂടെ കരുത്തുറ്റ തൂലികാകാരനെ താൻ പരിചയപ്പെട്ടിട്ടുണ്ടെന്നും സി.എച്ച് എഴുതിയിട്ടുണ്ട്. ഇഖ്ബാലിന്റെ ചിന്തകൾ മലയാളത്തിൽ പ്രചരിപ്പിക്കുന്നതിന് സുപ്രധാന പങ്കു വഹിച്ച, അനേകം ഇസ്ലാമികഗ്രന്ഥങ്ങൾ മലയാളത്തിലേക്കു തർജ്ജമ ചെയ്ത, അറബിമലയാളസാഹിത്യചരിത്രം എന്ന ഉൽകൃഷ്ടഗ്രന്ഥം കൈരളിക്ക് സംഭാവന ചെയ്ത, നാൽപതോളം കൃതികൾ എഴുതിയ ആബു, ഒരായുഷ്കാലം മുഴുവൻ എഴുതാൻ വേണ്ടി നീക്കിവെച്ച ആബു ഒരു സാഹിത്യതപസ്യ തന്നെയാണ് നിർവ്വഹിച്ചതെന്ന് സി.എച്ച് കണ്ടെത്തിയിട്ടുണ്ട്.

അറബിമലയാളസാഹിത്യശാഖയുടെ വളർച്ചയ്ക്ക് ജീവിതം സമർപ്പിച്ച ഉബൈദിനും ആബുവിനും സഹൃദയലോകം പൊന്നാട ചാർത്തി ആദരിച്ചിട്ടുണ്ട്. ഗദ്യവും പദ്യവുമായിരുന്നു രണ്ടുപേരുടെയും ആവിഷ്കാര മാധ്യമങ്ങൾ. വീക്ഷണങ്ങളിൽ വ്യത്യസ്തതകൾ ഉണ്ടായിരുന്നുവെങ്കിലും ഇരുവരുടെയും ലക്ഷ്യം ഒന്നായിരുന്നു. രണ്ടുപേരും ഗവേഷകരായിരുന്നു. മാപ്പിളസാഹിത്യം, മാപ്പിളപ്പാട്ട് വൃത്തങ്ങൾ എന്നിവ ഉബൈദ് മാഷിന്റെ ഗവേഷണവിഷയങ്ങളായിരുന്നു. ആബുവിന്റെ അറബിമലയാളസാഹിത്യചരിത്രം മൗലികത അവകാശപ്പെടാവുന്ന ഒരു കൃതി തന്നെ. അത്തരമൊരു പഠനം അതിന് മുമ്പോ പിമ്പോ ആരും എഴുതിയിട്ടില്ല. രണ്ടുപേരും പത്രപ്രവർത്തകർ കൂടിയായിരുന്നു. വിവർത്തനം രണ്ടുപേരുടെയും തപസ്യാസമാനമായ പ്രവൃത്തി തന്നെയായിരുന്നു. ശിവരാമകാരന്തിന്റെ "മറളിമണ്ണിഗെ" (മണ്ണിലേക്ക് മടങ്ങി), കുമാരനാശാന്റെ വീണപൂവ്(പതിതപുഷ്പ) തുടങ്ങിയ പ്രസിദ്ധകൃതികൾ ഉബൈദ് വിവർത്തനം ചെയ്തു. ആബു മാഷിന്റെ വിവർത്തനമേഖല ഇസ്ലാമികസാഹിത്യമായിരുന്നു. ഇവയെക്കുറിച്ച് ഒരു പ്രത്യേക പഠനം തന്നെ ഈ പുസ്തകത്തിലുണ്ട്. ഡോ.മുഹമ്മദ് ഇഖ്ബാൽ രണ്ടുപേരുടെയും പ്രിയപ്പെട്ട കവിയായിരുന്നു. ഇഖ്ബാലിന്റെ പ്രശസ്തകൃതിയായ ആവലാതിയും മറുപടിയും ഉബൈദ് മാഷ് വിവർത്തനം ചെയ്തു. ഖിസ്റെ റാഹ്, ദൈവത്തിന്റെ മനുഷ്യൻ തുടങ്ങിയവ ആബുവിന്റെ ഈ രംഗത്തെ വിവർത്തനങ്ങളാണ്. രണ്ടുപേരും കവികളും മാപ്പിളപ്പാട്ട് രചയിതാക്കളുമായിരുന്നു. ഉബൈദിന്റെ തിരഞ്ഞെടുത്ത കവിതകൾ എൻ.ബി.എസ് പണ്ടേ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആബു മാഷും കവിത്വമുള്ള പാട്ടുകൾ എഴു

തിയിട്ടുണ്ട്. ജീവചരിത്രശാഖ ആബു മാഷിനും ഉബൈദിനും ഇഷ്ടപ്പെട്ട സാഹിത്യമേഖലയായിരുന്നു. മാലിക്കുദ്ദീനാർ, ഖാസി മർഹൂം അബ്ദുല്ല ഹാജി, മുഹമ്മദ് ശെറൂൽ തുടങ്ങിയവ ഉബൈദ് എഴുതിയ ജീവചരിത്രഗ്രന്ഥങ്ങളാണ്. ലിയാഖത്ത് അലിഖാൻ, സീതിസാഹിബ്, ഇമാം ഗസ്സാലി തുടങ്ങിയവ ആബുവിന്റെ ഈ രംഗത്തെ സംഭാവനകളാണ്.

***** ***** *****

mappilaheritagelibrary.com

ആബു
വൈചിത്ര്യങ്ങളുടെ ആൾരൂപം

അറുപത്തിനാല് വർഷം നീണ്ട ആയുഷ്കാലത്തിൽ നാൽപത്തഞ്ചു വർഷവും എഴുത്തിൽത്തന്നെ മുഴുകിയ വിശേഷം ഒ.ആബുവിന്റെ ജീവിതത്തിനുണ്ട്. മലയാളം, ഹിന്ദി, ഇംഗ്ലീഷ്, ഉർദു, അറബി, സംസ്കൃതം എന്നീ ഭാഷകൾ അറിയാം. അധ്യാപകൻ, ഗുമസ്തൻ, കച്ചവടക്കാരൻ, പട്ടാളത്തിൽ ദ്വിഭാഷി, ഗവേഷകൻ, മാപ്പിളപ്പാട്ടു രചയിതാവ്, ജീവചരിത്രകാരൻ, ശ്രീനാരായണഗുരുപ്രേമി, ഇസ്ലാമികതത്ത്വചിന്തകൻ, വിവർത്തകൻ, പത്രപ്രവർത്തകൻ, സൂഫീമനസ്ഥിതിക്കാരൻ, കഥാകൃത്ത്, നാടകരചയിതാവ്, കവി, ഇഖ്ബാൽ പഠിതാവ്, ഭാഷയിലും ഭാഷാശാസ്ത്രത്തിലും പണ്ഡിതൻ, ലോഹ്യാസോഷ്യലിസ്റ്റ്, 'ഫിഖ്ഹ്' പണ്ഡിതൻ, അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും സ്ത്രീധനസമ്പ്രദായത്തിനുമെതിരെ നിരന്തരമായി പോരാടിയ വിപ്ലവകാരി, സ്വാതന്ത്ര്യസമരസേനാനി, മാപ്പിളകലാപണ്ഡിതൻ-ഇങ്ങനെ ജീവിതത്തിന്റെ നാനാതുറകളിൽ പ്രവർത്തിച്ചു. മൂർക്കോത്ത് കുമാരന്റെ സാഹിത്യസദസ്സിലെ പ്രമുഖാംഗം, ചരിത്രകാരനായ പി.എ. സെയ്ദു മുഹമ്മദിന്റെ പ്രിയപ്പെട്ട സുഹൃത്ത്, രണ്ടു ചായ വാങ്ങിക്കാൻ കഴിവില്ലാത്തതു കൊണ്ട് ഒന്നു വാങ്ങി ഉറ്റതോഴനായ കരുണാകരൻ മാഷുമായി പങ്കിട്ട സൗഹൃദത്തിന്റെ ഉടമ, ചായ പാനീയമായിട്ടല്ല ഭക്ഷണമായി കഴിച്ച മനുഷ്യൻ-ഇങ്ങനെയും ആബുവിന്റെ ജീവിതത്തിനു അനേകം പ്രത്യേകതകളുണ്ട്. ഏതു സമയത്തും ചായ, എത്ര കടുപ്പത്തിലും രസത്തിലും ചായ-അതു കൊണ്ടാകാം ഉച്ച ഭക്ഷണം അദ്ദേഹം ചായയിൽ ഒതുക്കുന്നത്. അടുത്തു വരുന്നവരെയെല്ലാം സൽക്കരിക്കും. ഏത് അഭിപ്രായങ്ങളും കേൾക്കും. തനിക്ക് ഇഷ്ടപ്പെടാത്ത അഭിപ്രായം ആരിൽ നിന്നുണ്ടായാലും

എതിർക്കും. ആബു മാഷിന്റെ എല്ലാ അഭിപ്രായങ്ങളും ശരിവയ്ക്കാൻ ആർ. എസ്.പ്രഭു എന്ന സുഹൃത്ത് ഉണ്ടായിരുന്നു. ആബുവിന്റെ ഭാഷാഗവേഷണപ്രയത്നങ്ങളിലെല്ലാം പ്രഭുവിന്റെ സഹായവും ഉണ്ടായിരുന്നു. അവർ തമ്മിൽ കണ്ടു മുട്ടാത്ത ദിവസങ്ങൾ നന്നേ കുറവായിരുന്നു. ആബുവിനോടൊപ്പം അറബിമലയാളത്തിന്റെ വേരുകൾ തേടിപ്പോയ പ്രഭു സാരസ്വത ബ്രാഹ്മണർക്കു വേണ്ടി ഒരു എഴുത്തുഭാഷ എന്ന ആശയത്തിൽ എത്തിച്ചേർന്നിരുന്നു. ആബുവിന്റെ ഇംഗ്ലീഷ്, ഉർദു, പാർസീകൃതികളുടെ തർജ്ജമകളിൽ പ്രഭുവും കരുണാകരൻ മാഷും മുഹമ്മദ് ഹനീഫ് മൗലവിയും സഹായിച്ചിരുന്നു. കരുണാകരൻ മാഷിന് പാർസി, ഉർദു പാണ്ഡിത്യം ഹനീഫ് മൗലവിക്ക് അറബി, ഉർദു ഭാഷകളിൽ പാണ്ഡിത്യം പ്രഭുവിന് ഇംഗ്ലീഷ്, സംസ്കൃതം,അറബിമലയാളം എന്നീ ഭാഷകളിൽ പ്രാവീണ്യം. ഇവരുടേത് ഒരു പണ്ഡിതസദസ്സ് തന്നെയായിരുന്നു. ചിത്രകാരനായ കരുണാകരൻ മാസ്റ്റർക്ക് ഇഖ്ബാൽ, ജലാലുദ്ദീൻ റൂമി, ഒമർഖയ്യാം എന്നിവരെക്കുറിച്ച് വലിയ അറിവുണ്ടായിരുന്നു. "ആബുവും പ്രഭുവും കരുണാകരൻ മാസ്റ്ററും ഒറ്റയ്ക്ക് നിൽക്കുമ്പോൾ സംസാരിക്കാത്ത അത്ഭുതജീവികളായേ അന്യർക്ക് തോന്നുകയുള്ളൂ. മൂവരും ഒരുമിക്കുമ്പോഴാവട്ടെ ഭയങ്കര ഒച്ചപ്പാടും. ആ ബഹളത്തിലേക്ക് ആരെങ്കിലും കയറിച്ചെന്നാൽ പിന്നെ ശ്മശാനമൂകത." (കാക്ക വിളക്കല്ല, പെട്രോമാക്സ് എന്ന അബൂ മുബാറക്കിന്റെ ലേഖനം)

ലോഗൻ സായ്പ്പിന്റെ സ്മാരകമായ ലോഗൻസ് റോഡിലെ മാളികമുകളിലായിരുന്നു ആബുവിന്റെ ശിൽപശാല. പണ്ഡിതന്മാരും പാമരന്മാരും അവിടെ വരും. നോട്ടീസുകൾ തയ്യാറാക്കാൻ, ഹരജികൾ എഴുതിക്കാൻ,അപേക്ഷാഫോറങ്ങൾ പൂരിപ്പിക്കാൻ... അങ്ങനെ പലതിനും. ചിലപ്പോൾ ആബു മാസ്റ്റർ എഴുതിയ നോട്ടീസിനുള്ള മറുപടി നോട്ടീസ് എഴുതിക്കൊടുക്കുന്നതും അദ്ദേഹം തന്നെയായിരിക്കും. രാവിലെ എട്ടുമണിക്ക് വന്ന് രാത്രി എട്ടുമണിക്ക് പോകുന്നതിനിടയിൽ ഉച്ചഭക്ഷണമില്ല. വിശക്കാഞ്ഞിട്ടാണെന്ന് പറയും. സത്യം അതാവാൻ വഴിയില്ല. പകരം ചായയുണ്ടല്ലോ. ലോഗൻസ് റോഡിലെ വാടകമുറിക്ക് കുടിശ്ശിക കൂടി വന്നപ്പോൾ ടി.സി റോഡിലെ മറ്റൊരു മുറിയിലേക്കു മാറി. അവിടെയും സാമ്പത്തികം പ്രശ്നമായപ്പോൾ സ്വന്തം വീട്ടിലേക്ക് തന്നെ ഉൾവലിഞ്ഞു. മാളികകളിലുണ്ടായിരുന്ന സമയത്തും മെഴുകുതിരി വെട്ടത്തിലായിരുന്നു മികച്ച കൃതികളുടെയെല്ലാം രചന.

കുപ്പായം ഊരിവെച്ചാൽ മാത്രം എഴുതാൻ കഴിഞ്ഞിരുന്ന മാഷ് തുടങ്ങിയത് തീർത്തിട്ടു മാത്രമേ എഴുനേൽക്കുകയുള്ളൂ. മൂഡ് മാറിയാൽ ശൈലി മാറിപ്പോകുന്നതുകൊണ്ടാണത്രെ അങ്ങിനെ ചെയ്യുന്നത്. അതിൽ തീർച്ചയായും ഒരു തിരിച്ചറിവ് ഉണ്ട്. മൂർക്കോത്ത് കുമാരന്റെ കൃതികൾ അദ്ദേഹം പറഞ്ഞുകൊടുക്കുകയും ആബു എഴുതുകയും ചെയ്യുന്ന നാളുകളുണ്ടായിരുന്നു. രാത്രിയുടെ ഏകാന്തതയും നിശ്ശബ്ദതയും എഴുത്തിന് പ്രചോദനമാകുമെന്ന വിശ്വാസം ആബുവിനുണ്ടായിരുന്നു. ഉറക്കമൊഴിച്ചെഴുതുക, ടോൾസ്റ്റോയിയെപ്പോലെ എന്ന സിദ്ധാന്തവും ആബുവിനുണ്ടായിരുന്നു.

mappilaheritagelibrary.com

അനാരോഗ്യം ഉണ്ടായപ്പോൾ മാത്രമാണ് വെളിച്ചത്തിരുന്ന് എഴുതിയത്.

ആബുവിന്റെ എഴുത്തിനോടുള്ള ആത്മാർത്ഥതയ്ക്കും അർപ്പണമനോഭാവത്തിനും ഉദാഹരണമായ ഒരു സംഭവം ആബുവിനെക്കുറിച്ച് എഴുതിയവരെല്ലാം ഒരു പോലെ ആവർത്തിക്കുന്നുണ്ട്. മുഹമ്മദ് നബിയുടെ വൈദ്യമുറകളെ സംബന്ധിച്ച പുസ്തകമായ 'തിബ്ബുന്നബി' തർജ്ജമ ചെയ്തുകൊണ്ടിരിക്കെ ഉർദുവിലുള്ള 'കിസ്ത് ബഹരി' എന്ന മരുന്നിന്റെ പേര് മലയാളത്തിലാക്കാൻ ആ പദത്തിന്റെ അർത്ഥം തേടി ആറുമാസക്കാലം ഒന്നും എഴുതാതിരുന്ന കാര്യമാണത്.

ഭൂമി ഉരുണ്ടതാണെന്നും പരന്നതാണെന്നും വാദിക്കുന്നവരോട് ഒരു പോലെ കലഹിച്ച ആബുമാഷ് ഗുസ്തി കാണുന്നതിലും അതിനെപ്പറ്റി എഴുതുന്നതിലും അതീവ തൽപരനായിരുന്നു. ചുറ്റുമുള്ളവരെ ഏറ്റവുമധികം അടുപ്പിക്കാനും അകറ്റാനും അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഏകാന്തത ഇഷ്ടപ്പെട്ട ഈ മനുഷ്യന് സ്വകാര്യ കത്തുകളെഴുതുന്നതിൽ ഹരം തന്നെ ഉണ്ടായിരുന്നു.

മലയാളത്തിലെ പ്രസിദ്ധനോവലിസ്റ്റായിരുന്ന കേശവദേവിനെപ്പോലെ എന്തിനെയും ഏതിനെയും എതിർക്കുക ഒരു ആബു വിശേഷത തന്നെയായിരുന്നു. മുകളിൽ പരാമർശിച്ചതു പോലെ ഇംഗ്ലണ്ടിൽ ഭൂമി പരന്നതാണെന്ന് വിശ്വസിക്കുന്ന സംഘമുണ്ടെന്ന് കേട്ടാൽ മതി ഭൂമി ഉരുണ്ടതാണെന്ന് വിശ്വസിക്കുന്നവരോടും എതിർപ്പ് പ്രകടിപ്പിക്കും. പലപ്പോഴും അങ്ങനെ ചെയ്യുന്നത് ഒരു രസത്തിനു വേണ്ടിയുമായിരിക്കും. മാറിക്കൊണ്ടിരിക്കുന്ന ശാസ്ത്രീയ സിദ്ധാന്തങ്ങളെ തെളിവിനു വേണ്ടി നിരത്തി വെക്കുകയും ചെയ്യും." (അബൂ മുബാറക്കിന്റെ ലേഖനം)

പ്രസംഗവേദിയോട് എന്നും അകന്നു നിന്നയാളാണ് ആബുമാഷ്. ജീവിതത്തിൽ രണ്ടു തവണ മാത്രമേ അദ്ദേഹം പ്രസംഗവേദിയിൽ കയറിയിട്ടുള്ളൂ എന്നാണ് ചിലരുടെ കണക്കെടുപ്പിൽ കാണുന്നത്. ഒന്ന് തലശ്ശേരിയിൽ വെച്ചാണ്. രണ്ടാമത്തേത് കൊച്ചിയിൽ പൊന്നാട സ്വീകരിക്കാനും. സംഗീതനാടകഅക്കാദമി അവാർഡ് ഏറ്റുവാങ്ങി തലശ്ശേരിയിൽ തിരിച്ചെത്തുമ്പോൾ വൻ സ്വീകരണം നൽകാൻ ഒരുക്കം കൂട്ടിയവരോട് പത്തോപതിനഞ്ചോ സുഹൃത്തുക്കളുടെ ഇടയിൽ മാത്രമേ പ്രസംഗിക്കുകയുള്ളൂവെന്ന് അദ്ദേഹം ശഠിച്ചു. ആ പ്രസംഗമാകട്ടെ നന്ദി എന്ന ഒറ്റവാക്കിലൊതുക്കുകയും ചെയ്തു. സംഗീതനാടകഅക്കാദമി അവാർഡ് ഏറ്റുവാങ്ങാൻ കൊച്ചിയിലെത്തുന്ന ആബുവിനെ സ്വീകരിക്കാൻ എറണാകുളം റയിൽവേസ്റ്റേഷനിൽ വമ്പിച്ച ഒരുക്കം കൂട്ടുന്നുവെന്ന് മനസ്സിലാക്കിയ ആബു അതിൽ നിന്നു രക്ഷപ്പെടാനായി ആലുവായിലിറങ്ങി കൊച്ചിയിലെത്തിയ സംഭവവും സുഹൃത്തുക്കൾ പറയുന്നുണ്ട്. അവാർഡ് സ്വീകരിക്കാൻ പോയതു തന്നെ ഒരു നിവൃത്തിയുമില്ലാത്ത വിധത്തിൽ സുഹൃത്തുക്കളും അക്കാദമി ഭാരവാഹികളും നിർബന്ധിച്ചതു മൂലവും. പ്രസംഗിക്കാൻ വേദിയിൽ കയറിയ രണ്ടു സന്ദർഭങ്ങളിലും നന്ദി എന്ന വാക്കുമാത്രം പറഞ്ഞ് പിൻവലിഞ്ഞുവത്രെ. അബൂ മുബാറക്ക് മറ്റൊരു സന്ദർഭം ഇങ്ങനെ വിശദീകരിക്കുന്നുണ്ട്. "തലശ്ശേരി

യിലെ ഇസ്‌ലാമിക് സെന്ററിൽ പ്രബന്ധം അവതരിപ്പിക്കുന്നത് മാസ്റ്റർ തന്നെ യായിരിക്കണമെന്ന് കുട്ട്യമ്മുസാഹിബ് നിർബന്ധം പിടിച്ചിരുന്നു. ആബു മുങ്ങിക്കളയുന്ന സ്വഭാവത്തെക്കുറിച്ച് നന്നായി മനസ്സിലാക്കിയ കുട്ട്യമ്മു സാഹിബ് അതു തടയാൻ രണ്ടു മൂന്നുപേരെ ചട്ടം കെട്ടുകയും ചെയ്തു. പതിവിനു വിപരീതമായി മാസ്റ്റർ സെമിനാറിൽ മുൻകൂട്ടി തന്നെ ഹാജരാ യി. കുട്ട്യമ്മു സാഹിബിന്റെ മുന്നിൽത്തന്നെ ഇരിപ്പുറപ്പിച്ചു. മാസ്റ്ററുടെ പ്രബന്ധം വൈകുന്നേരം 4.30ന് ആയിരുന്നു. 4.25 വരെ അവിടെ ഇരുന്ന മാസ്റ്റർ കൃത്യം അഞ്ച് മിനുട്ട് ബാക്കിയുള്ളപ്പോൾ ധൃതിയിൽ പുറത്തേക്ക് പോയ്ക്കളഞ്ഞു. അധ്യക്ഷൻ പ്രബന്ധം അവതരിപ്പിക്കുന്നതിനായി ക്ഷണി ച്ചപ്പോൾ താടിയും കണ്ണടയുമുള്ള ഒരു ചെറുപ്പക്കാരൻ സ്റ്റേജിൽ കയറിവന്നു. കുട്ട്യമ്മു സാഹിബിനെ നോക്കി പുഞ്ചിരിച്ചു കൊണ്ട് പ്രബന്ധം ഭംഗിയായി വായിച്ചു. അന്ന് ശ്രീ. എൻ.സി മമ്മൂട്ടിയെ ആബുവായി പലരും തെറ്റിദ്ധരി ച്ചിരുന്നു." നന്ദി എന്ന വാക്കിലൊതുക്കിയ പ്രസംഗത്തെ അബൂ മുബാറക്ക് അതി മനോഹരമായി ഇങ്ങനെ അവതരിപ്പിച്ചിട്ടുണ്ട്. "അവാർഡ് സ്വീകരി ച്ച് തലശ്ശേരിയിൽ എത്തിയ ആബുമാഷിന് സ്വീകരണം നല്കാനുള്ള ഒരു ക്കങ്ങൾ പൂർത്തിയായി. അടുത്ത സുഹൃത്തുക്കൾ മാത്രമടങ്ങുന്ന ആ സദ സ്സിനു മുമ്പിൽ താൻ ജീവിതത്തിൽ ആദ്യമായും അവസാനമായും സംസാ രിക്കാമെന്ന് മാഷ് ഏറ്റു. മാഷിന്റെ സംഭാവനകളെ പ്രകീർത്തിച്ചുകൊണ്ട് പ്രസംഗങ്ങൾ ധാരാളം ഉണ്ടായി. ഒടുവിൽ മാഷിന്റെ അവസരം വന്നു. എല്ലാ കണ്ണുകളും അദ്ദേഹത്തിൽ കേന്ദ്രീകരിച്ചു. മാഷ് വികാരം കൊണ്ട് വിറക്കു കയായിരുന്നു. അനാരോഗ്യം കൊണ്ട് ഇരുന്ന് പ്രസംഗിച്ചാൽ മതിയെന്ന് പലരും പറഞ്ഞു. മാസ്റ്റർ അത് വകവെക്കാതെ എഴുന്നേറ്റ് ഒരറ്റം മുതൽ മറ്റേ അറ്റം വരെയുള്ള എല്ലാവരെയും കണ്ണടക്കുള്ളിലൂടെ ഒരു മിനുട്ട് നേരം നോക്കി. ഒരു മന്ദസ്മിതം ആ ചുണ്ടുകൾക്കിടയിലൂടെ വിരിഞ്ഞുവോ എന്ന് സംശയം. അതിനിടയ്ക്ക് പ്രസംഗം സമാപിച്ചിരുന്നു. 'നന്ദി' ഒരു വാക്ക് മാത്രം. നാൽപതോളം ഗ്രന്ഥങ്ങളും നൂറുകണക്കിന് ലേഖനങ്ങളും രചിച്ചിട്ടുള്ള സാഹിത്യകാരന്റെ ജീവിതത്തിലെ ആ പ്രസംഗം ഒരൊറ്റ വാക്കിൽ പരിമിത മായി"

കേരളസംഗീതനാടകഅക്കാദമിയുടെ അവാർഡ് വാങ്ങുന്നതിൽ അദ്ദേഹം തൽപരനൊന്നുമായിരുന്നില്ല. അവാർഡ് നൽകുന്ന വിവരം പറ യാനും ചടങ്ങിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ക്ഷണിക്കാനുമായി അന്നത്തെ സംഗീതനാടകഅക്കാദമി സെക്രട്ടറി നേരിട്ട് ആബു സാഹി ബിന്റെ വീട്ടിൽ വരികയുണ്ടായി. അദ്ദേഹം രോഗിയായിരുന്നതിനാൽ തന്റെ യാത്രയുടെ അതിർത്തി കിടപ്പുമുറിയിൽ നിന്ന് വരാന്തവരെ മാത്രമാണെന്നു പറഞ്ഞ് ഒഴിഞ്ഞു മാറാനും ശ്രമിച്ചിരുന്നു. പൊന്നാട ചാർത്തൽ ഒഴിവാക്കി അവാർഡ് ഇവിടെ സ്വീകരിച്ചാൽ പോരേ എന്നും അന്വേഷിച്ചിരുന്നു. ചട ങ്ങിന്റെ വിശദാംശങ്ങളെല്ലാം ആസൂത്രണം ചെയ്തുപോയതു കൊണ്ട് ഏത് വിഷമം തരണം ചെയ്തും പരിപാടി വിജയിപ്പിക്കണമെന്ന് അക്കാദമി സെക്ര

mappilaheritagelibrary.com

ട്ടറി ഉസ്മാൻ സാഹിബ് നിർബന്ധം പിടിച്ചു. മാസ്റ്ററുടെ തുണയ്ക്ക് വരുന്ന ആൾക്കും ഒന്നാംക്ലാസ് ട്രെയിൻ ടിക്കറ്റ് വാഗ്ദാനം ചെയ്തു. അവസാനം കൂട്ടുകാരുടെ നിർബന്ധവും പ്രാർത്ഥനയും നിമിത്തം യാത്രയ്ക്ക് വഴങ്ങി. ഇക്കാര്യം ആബു സ്മരണികയിൽ ഒ.സുബൈർ വിശദീകരിച്ചിട്ടുണ്ട്. അദ്ദേ ഹവും സി.ടി ബഷീറും സഹയാത്രികരാവാൻ സമ്മതിച്ചു. സുഹൃത്തുക്ക ളുടെ നിർബന്ധം അദ്ദേഹത്തെ കണ്ണുനീരണിയിച്ചു. അന്ന് അദ്ദേഹത്തെ പ്രമേഹവും ക്ഷയരോഗവും ഒരു പോലെ അവശനാക്കിയിരുന്നു. തന്റെ മറു പടി പ്രസംഗം അദ്ദേഹം തയ്യാറാക്കുകയും ചെയ്തിരുന്നു. നാൽപതോളം വർഷക്കാലം താൻ താലോലിച്ചു വന്ന ആശയങ്ങളും വാദങ്ങളും അളന്നു മുറിച്ച പദങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയ പ്രബന്ധമായിരുന്നു അത്. പ്രസം ഗത്തിൽ വ്യക്തിപരമായ പ്രശ്നങ്ങൾ പാമർശിക്കണമെന്ന് സുബൈറും ബഷീറും നിർബന്ധിക്കുകയും ചെയ്തു. അതിന് അദ്ദേഹം പറഞ്ഞ മറു പടി അനാരോഗ്യം കണക്കിലെടുക്കാതെയും വിഷമതകൾ സഹിച്ചും താൻ ഈ യാത്ര ചെയ്യുന്നത് ഒ. ആബുവിന് വല്ല അവാർഡും കിട്ടാനായിരുന്നില്ല, മാപ്പിളപ്പാട്ടിനും അറബിമലയാളസാഹിത്യത്തിനും ലഭിക്കുന്ന അംഗീകാരം വാങ്ങുവാൻ വേണ്ടിയാണെന്ന് ആയിരുന്നു. ആബു എന്ന മനുഷ്യന്റെ വിന യവും നിസ്വാർത്ഥതയുമാണ് അതിലൂടെ പ്രകടമായത്. അവാർഡുദാനദിന ത്തിൽ അക്കാദമിയുടെ ഉപചാരങ്ങൾ സ്വീകരിക്കുന്നതിൽ വലിയ താൽപ ര്യവും കാണിച്ചില്ല. വേദിയിൽ ഉറൂബും പൊറ്റെക്കാടും ഭാസ്കരനും വൈക്കം ചന്ദ്രശേഖരൻ നായരും ഉണ്ടായിരുന്നു. ചന്ദ്രശേഖരൻ നായരുടെ ഗംഭീര മായ സ്വാഗതപ്രസംഗവും നടന്നു. അതുപോലെ ഉറൂബിന്റെ അധ്യക്ഷപ്രസം ഗവും നടന്നു. പി.ഭാസ്കരൻ പൊന്നാട ചാർത്തി ആദരിച്ചപ്പോൾ സദസ്സിൽ നിന്ന് നിലയ്ക്കാത്ത കയ്യടിയുണ്ടായി. ആബു മാഷിന്റെ എഴുതിത്തയ്യാറാ ക്കിയ പ്രസംഗം ബഷീർ വായിച്ചു. ഹ്രസ്വമായ ആ പ്രസംഗം മാപ്പിളപ്പാട്ടുക ളെക്കുറിച്ച് പലരും പുലർത്തിയ പല ധാരണകളേയും തിരുത്തി. അന്നത്തെ മറുപടി പ്രസംഗം അക്കാദമി പ്രസിദ്ധീകരണമായ 'സംഗമ'ത്തിൽ പ്രസി ദ്ധീകരിക്കുകയുണ്ടായി. അന്നും പതിവുപോലെ വീട്ടിൽ എത്താനായിരുന്നു അദ്ദേഹത്തിന് താൽപര്യം. "ആരോ ചവച്ചു തുപ്പിയ വെറ്റിലപ്പിണ്ടി പോലെ ഏതോ കോണിൽ കിടന്നിരുന്ന അറബിമലയാളത്തെ വ്യാകരണമുള്ള ഭാഷ യാക്കി, സാഹിത്യമാക്കി മാറ്റിയതിനാണ് അദ്ദേഹത്തിന് അവാർഡു കിട്ടിയ ത്" എന്ന് എഴുതിയാണ് ഒ. സുബൈർ 'അവിസ്മരണീയമായ അവാർഡു രാത്രി' എന്ന ലേഖനം അവസാനിപ്പിക്കുന്നത്.

രോഗം കാർന്നു തിന്നുമ്പോഴും എല്ലാദിവസവും തന്റെ എഴുത്ത് മേശയ്ക്കു മുമ്പിൽ വന്നിരിക്കും. വൈദ്യനിഘണ്ടുകൾക്കും ഫിക്ഹ് കിതാ ബുകൾക്കും ഗവേഷണറിക്കാർഡുകൾക്കുമിടയിലുള്ള ആ ഇരിപ്പ് അദ്ദേഹ ത്തിന്റെ അനിതരസാധാരണമായ ആത്മാർത്ഥതയെ ചൂണ്ടിക്കാട്ടുന്നു. ഖാജാ കമാലുദ്ദീൻ രചിച്ച 'ഖുർആൻ പഠനത്തിനൊരു മുഖവുര' എന്ന കൃതി വിവർത്തനം ചെയ്തപ്പോൾ ആബു ഖാദിയാനിയാണെന്ന് സംശയിക്കപ്പെട്ടി

ട്ടുണ്ട്. അത്തരം ചോദ്യങ്ങൾക്കും സംശയങ്ങൾക്കും അദ്ദേഹം മറുപടി പറഞ്ഞില്ല. കാരണം തന്റെ നിലപാടുകളെക്കുറിച്ച് അദ്ദേഹത്തിനു നല്ല ബോധ്യമുണ്ടായിരുന്നു.

പ്രമേഹരോഗത്തോടൊപ്പം ക്ഷയരോഗവും നല്ലതാണെന്ന് അഭിപ്രായപ്പെട്ട അദ്ദേഹം വൈദ്യശാസ്ത്രത്തെക്കുറിച്ച് മാത്രമല്ല, ഇസ്ലാമികകർമ്മശാസ്ത്രത്തെത്തെക്കുറിച്ചും എഴുതി. 1954-ൽ വൈദ്യന്മാരുടെ വലിയ സമ്മേളനം തലശ്ശേരിയിൽ സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകി.

പട്ടിണി സാഹിത്യജീവിതത്തിന് നല്ലതാണെന്ന ആബുവിന്റെ അഭിപ്രായം എം.ടിയുടെ ഒരു നിരീക്ഷണത്തെ ഓർമ്മിപ്പിക്കുന്നു. നിങ്ങളുടെ വേദനകളും കഷ്ടപ്പാടുകളും പരാജയങ്ങളും മോഹഭംഗങ്ങളുമെല്ലാം വിലപ്പെട്ട സമ്പാദ്യങ്ങളാണെന്ന് എം.ടി എഴുതിയത് ആബുവിനെപ്പോലുള്ള മറ്റനേകം എഴുത്തുകാർക്ക് കൂടി ബാധകമാകുന്ന കാര്യമാണല്ലോ. എം.ടിയെ സംബന്ധിച്ചു തന്നെ അതൊരു സത്യമായിരുന്നു. വേദനകളെ എഴുത്തുകാരൻ സംഗീതമാക്കുന്നു. രോഗങ്ങളെ പൂക്കളാക്കുന്നു. അനുഭവങ്ങളുടെ നെരിപ്പോടുകളിൽ നിന്ന് കല വിരിയിക്കുന്ന കലാകാരന്മാരാണ് എന്നും മികച്ച എഴുത്തുകാരായി മാറിയിട്ടുള്ളത്.

ഇസ്ലാമിക ഭക്തിഗീതങ്ങളുടെയും മാപ്പിളപ്പാട്ടുകളുടെയും പേരിൽ പ്രക്ഷേപണം ചെയ്യുന്ന ഗാനവൈകൃതങ്ങളുടെ നേർക്കുള്ള എതിർപ്പും കഠിനമായ പ്രതിഷേധവും പ്രകടിപ്പിക്കുവാനായി താനുമായി അഭിമുഖം നടത്താൻ വന്ന ആകാശവാണിക്കാരനെ അഭിമുഖം നൽകാതെ തിരിച്ചയച്ച ഈ എഴുത്തുകാരൻ ഒരിക്കൽ ഒപ്പന മത്സരത്തിന്റെ വിധികർത്താവായി നിന്നപ്പോൾ അവതരിപ്പിക്കപ്പെട്ട ഒപ്പനയുടെ തനിമയില്ലായ്മ കണ്ട് അവതരിപ്പിച്ച ഒരു ട്രൂപ്പിനും മാർക്കു നൽകാതെ സ്ഥലംവിട്ടത് ആബുവിന്ന് മാപ്പിളകലാസംസ്കൃതിയെ കുറിച്ചുണ്ടായിരുന്ന വീക്ഷണദാർഢ്യം സഹൃദയരെ ബോധ്യപ്പെടുത്തുന്നതായിരുന്നു. ലോകപ്രസിദ്ധ എഴുത്തുകാരനും തിരക്കഥാകൃത്തുമായ മുഹമ്മദ് അസദ് 'ഫിഖ്ഹ്' വിരുദ്ധനാണെന്നറിഞ്ഞപ്പോൾ അസദിന്റെ പ്രഖ്യാത കൃതിയായ 'ഇസ്ലാം വഴിത്തിരിവിൽ' (ഇസ്ലാം ഓൺ ക്രോസ് റോഡ്സ്) എന്ന പുസ്തകം മലയാളത്തിലേക്കു വിവർത്തനം ചെയ്തതിൽ ദുഃഖിച്ച എഴുത്തുകാരനാണ് ആബു. യുവജനോത്സവനടത്തിപ്പുകാർ ഒപ്പന എന്ന കലാരൂപത്തെ എന്താക്കാനാണ് പോകുന്നതെന്ന് കർക്കശമായ രീതിയിൽ ചോദിച്ച് തനിമയുടെ കാര്യത്തിൽ വിട്ടുവീഴ്ചയ്ക്കൊരുങ്ങാതെ ആബു നിലകൊണ്ടു. മുസ്ലിം സ്ത്രീകൾ അടുക്കളപ്പുഴുക്കളോ സന്താനോൽപാദന യന്ത്രങ്ങളോ ആവുന്നതിനെതിരെ നിരന്തരം പോരാടി. അയൽവീട്ടിലെ ചാത്തുവും കല്ല്യാണിയും പട്ടിണികിടക്കുമ്പോൾ തന്റെ കയ്യിലുണ്ടായിരുന്ന ഇത്തിരി ഭക്ഷണം അവരുമായി പങ്കിട്ട ഹൃദയവിശാലതയുള്ള ആളായിരുന്ന ആബു വിശപ്പിലും ദുഃഖത്തിലും വയറും മനസ്സും കത്തിനീറുമ്പോഴും ഉല്ലാസത്തിന്റെ മുഖാവരണമിട്ട് ജീവിച്ചു. സംഗീതനാടകഅക്കാദമി അവാർഡു കിട്ടിയപ്പോൾ ആ അംഗീകാരം

mappilaheritagelibrary.com

തനിക്കല്ലെന്നും അത് അറബിമലയാളസാഹിത്യത്തിന് കിട്ടിയതാണെന്നും പറഞ്ഞ് വിനയാനിതനായി. മാപ്പിളപ്പാട്ടുകളിലെ കള്ളക്കമ്മട്ടങ്ങളെ കണ്ടെത്തുകയും ആരോ ചവച്ചുതുപ്പിയ വെറ്റിലച്ചണ്ടിപോലെ ഏതോ മൂലക്കുണ്ടായിരുന്ന അറബിമലയാളഭാഷയും സാഹിത്യവും വ്യാകരണവുമുള്ള ഒരു പ്രത്യേക ഭാഷാസാഹിത്യ വിഭാഗമാണെന്ന് സ്ഥാപിക്കാൻ തന്റെ പുരുഷായുസ്സ് മുഴുവൻ പാടുപെടുകയും ചെയ്തു.

ഒ. ആബു എന്ന തലശ്ശേരിക്കാരന്റെ ബൗദ്ധിക അധ്വാനങ്ങളിൽ അത്യന്തം കൗതുകരങ്ങളായവയും ഉണ്ട്. ഏറ്റവും ഗൗരവമുള്ള വിഷയങ്ങൾ എഴുതുന്നതിനിടയ്ക്ക് അദ്ദേഹം ചെസ്സും ചതുരംഗവും (1958) തപാൽ മുദ്രകൾ(1957) എന്നീ വിഷയങ്ങളെക്കുറിച്ചും പുസ്തകങ്ങൾ രചിച്ചു. ഭാഷാചരിത്രം, വിവർത്തനം, നാടകം, കഥ എന്നിങ്ങനെ വൈവിധ്യമാർന്ന സാഹിത്യരൂപങ്ങളിൽ പ്രവർത്തിച്ച എഴുത്തുകാർ വേറെയും ഉണ്ടാവാം. എന്നാൽ ചെസ്സിന്റെയും തപാൽ മുദ്രകളുടെയും ചരിത്ര പാരമ്പര്യത്തിലേക്കുള്ള ആബുവിന്റെ സഞ്ചാരവും അവയെ ചിത്രസഹിതം വിശദീകരിക്കാൻ അദ്ദേഹം പ്രകടിപ്പിച്ച താൽപര്യവും ആ ജീവിതവൈചിത്ര്യത്തിന്റെ കൊടിയടയാളം തന്നെ.

അബൂ മുബാറക് അദ്ദേഹത്തിന്റെ ലേഖനത്തിൽ ഒ.ആബുവിന്റെ വേറെയും ചില വൈചിത്ര്യ ഭാവങ്ങളെക്കുറിച്ച് പറയുന്നുണ്ട്. ജീവിച്ചിരുന്നാളുകളിൽ താങ്കൾക്ക് എത്ര വയസ്സായി എന്നു ആരാരും ചോദിച്ചാൽ ആബു അതിന്ന് നൽകുന്ന മറുപടി പി.ഒ. എന്ന അദ്ദേഹത്തിന്റെ ഒരു സുഹൃത്തിന്റെ പ്രായം കൂട്ടി ചേർത്തിട്ടായിരുന്നുവത്രെ. തന്റെ വയസ്സ് 62 പി.ഒ. വിന് 60. ഈ പി.ഒ ആബുവിന്റെ കൂടെയാണ് എപ്പോഴും ഉണ്ടാവുക. ചെറുപ്പകാലങ്ങളിൽ തങ്ങൾ സംഘടിപ്പിച്ച അടികലശലുകളെപ്പറ്റിയും രാഷ്ട്രീയ സംവാദങ്ങളെപ്പറ്റിയും ആബു ധാരാളം കഥകൾ പറയും. പി.ഒ ഒരു ബുദ്ധിജീവിയാണത്രെ. അതുകൊണ്ട് അദ്ദേഹം അധികം സംസാരിക്കാറില്ല. പക്ഷെ കൈകൾ കൊണ്ട് പൊടുന്നനവെ സംസാരിക്കുമത്രെ. ഗുസ്തി മത്സരം ഉള്ളിടത്തെല്ലാം അവിടെ രണ്ട് പേരുമുണ്ടാവും. തലശ്ശേരിയിൽ ഇതുവരെ നടന്ന എല്ലാ ഗുസ്തി മത്സരങ്ങളെപ്പറ്റിയും പറഞ്ഞുകൊണ്ടേയിരിക്കുക ആബുവിന്റെ ഒരു സ്ഥിരം സ്വഭാവമാണ്. ഈ വർണ്ണന തുടങ്ങുമ്പോൾ എങ്ങിനെയെങ്കിലും വിഷയം മാറ്റിയില്ലെങ്കിൽ നൂറാമത്തെ തവണയും അത് ആവർത്തിക്കും.

ഒ.ആബു ആരായിരുന്നു. സുന്നിയാണോ? പ്രോഗ്രസീവ് ലീഗുകാരനാണോ? സോഷ്യലിസ്റ്റാണോ? ശ്രീനാരായണപ്രേമിയാണോ? ഇതൊന്നുമല്ലാത്ത ഖാദിയാനിയാണോ? വൈചിത്ര്യങ്ങൾ ധാരാളമുള്ള ഈ എഴുത്തുകാരനെക്കുറിച്ച് ഇങ്ങനെ പലരും പല ചോദ്യങ്ങളും ഉയർത്തിയിട്ടുണ്ട്.

***** ***** *****

ആബുവിന്റെ 'അറബീമലയാള'പര്യടനം

കേരള സംഗീത നാടക അക്കാദമി അവാർഡ് നൽകി ആദരിച്ച സാഹിത്യകാരനായ ഒ.ആബുവിന് ഇഷ്ടപ്പെട്ട മൂന്ന് ഗദ്യകർത്താക്കളായിരുന്നു മൂർക്കോത്തു കുമാരനും കുട്ടികൃഷ്ണ മാരാരും വക്കം അബ്ദുൽഖാദറും. തന്റെ ശേഖരത്തിൽ നിന്ന് പല കൃതികളും നഷ്ടപ്പെട്ടു പോയിരുന്നുവെങ്കിലും ഈ മൂന്നുപേരുടെയും കൃതികൾ അമൂല്യനിധിപോലെ അദ്ദേഹം സൂക്ഷിച്ചു വെച്ചിട്ടുണ്ടായിരുന്നു. ആബുമാസ്റ്ററുടെ പ്രതിഭയെയും പ്രവർത്തനത്തെപറ്റിയും ആദ്യമായി എഴുതി പ്രസിദ്ധീകരിച്ച ലേഖനത്തിൽ ഡോക്ടർ സി.കെ.കരീം ഒ.ആബുവെ അറബീമലയാളത്തിലെ കുട്ടികൃഷ്ണമാരാരെന്ന് വിശേഷിപ്പിച്ചതോർക്കുന്നു. മാരാരുടെ അതേ ശൈലിയിൽ വിരചിക്കപ്പെട്ട 'അറബീമലയാള സാഹിത്യചരിത്രം' എന്ന നിസ്തുല കൃതിയുടെ കർത്താവായ ആബുവെപ്പറ്റിയുള്ള പഠനം മാരാരുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് തുടങ്ങുന്നത് സമുചിതമായിരിക്കും.

"ഭാഷാ ചരിത്രത്തിന്റെ നീണ്ടു നീണ്ട സംവത്സരങ്ങളിലേക്ക് ഒന്ന് തിരിഞ്ഞുനോക്കുക. ലോകത്തിലെ ഓരോ ഭാഷക്കും അന്നന്നായി എത്ര പരിവർത്തനങ്ങൾ വന്നുകഴിഞ്ഞിരിക്കുന്നു. ഒരു മൂലഭാഷയുടെ ഉൾപ്പിരിവുകളായി ചിന്നിച്ചിതറിയ ഭാഷാന്തരങ്ങളിലേക്ക് തമ്മിലുള്ള വിപുല വ്യത്യാസങ്ങൾ പോകട്ടെ; ഓരോ ഭാഷതന്നെ എത്രയോ ശതാബ്ദങ്ങൾ കഴിയുമ്പോഴേക്ക് എങ്ങിനെയെല്ലാം മാറിമറഞ്ഞുകളയുന്നു! നമ്മുടെ പൂർവ്വികരായ മലയാളികളുടെ ഭാഷയിൽ എഴുതപ്പെട്ട ചിലപ്പതികാരം, രാമചരിതം, കണ്ണശ്ശരാമായണം മുതലായവ ഇന്ന് ഒരു സാധാരണ മലയാളിക്ക് മനസ്സിലാകാതിരിക്കുന്നല്ലോ. ഈ നിലയ്ക്കു നോക്കുമ്പോൾ ഒരു ഭാഷയിൽ പദവാക്യ പ്രമാ

mappilaheritagelibrary.com

ണങ്ങളെ ഏറെക്കാലത്തേക്കു നിലനിറുത്തുകയെന്നത് ദുഷ്കരമായിത്തോന്നും. എന്നാൽ അതുതന്നെയാണ് നാം ഏതാനും വ്യവസ്ഥകളെ അനുസരിക്കുക അത്യാവശ്യമാണെന്നതിലേക്കുള്ള കാരണവും. നമ്മൾ ഇന്നെഴുതുന്ന മലയാളം ഒരഞ്ഞൂറു സംവത്സരത്തിനു ശേഷം വരുന്ന മലയാളിക്ക് മനസ്സിലാകണമെങ്കിൽ ഒരു ഗവേഷണ ശാലയും, കുറേ പണ്ഡിതന്മാരുടെ നിരന്തര ഗവേഷണങ്ങളും വേണ്ടിയിരിക്കുമെന്ന് വരുന്നത് നല്ലതിനല്ലല്ലോ".

അറബീമലയാള ഭാഷയിൽ അറബിലിപികൾ ആദ്യവും ഭാഷയും സാഹിത്യവും ക്രമേണയുമുണ്ടായി. മതവിഷയങ്ങൾ എഴുതാൻ പാകത്തിൽ അറബിയിൽ സജാതീയ പ്രത്യേക ചിഹ്നങ്ങൾ നൽകിയാണ് അറബീമലയാളമെന്ന നവീനഭാഷ കരുപ്പിടിപ്പിച്ചത് അതിൽ എല്ലാ സ്വരങ്ങൾക്കും ഉപയോഗിക്കാവുന്ന 'അലിഫ്' എന്ന അകാരമടക്കം മുപ്പത്തഞ്ചക്ഷരങ്ങളാണ് ആദ്യ ദശയിൽ ഉണ്ടായിരുന്നത്. പത്തൊൻപത് വ്യഞ്ജനങ്ങളും പതിനഞ്ച് അക്ഷരങ്ങളും.

അറബിമലയാള ഭാഷയെ പരാമർശിക്കുമ്പോൾ ആ ഭാഷയുടെ പ്രധാന വിഭാഗമായ മാപ്പിളപ്പാട്ടുകളാണ് ആദ്യമായി സ്മൃതിപഥത്തിലെത്തുന്നത്. സംഗീതസാന്ദ്രമായ ആ കവിതാസമ്പത്താണ് എന്നും അറബീമലയാളത്തിന് ഉജ്ജീവനശക്തി പ്രദാനം ചെയ്തിട്ടുള്ളത്. മലയാള ലിപിക്ക് ഉൾക്കൊള്ളാനാവാത്ത ഏത് ഭാഷകളേയും സ്വീകരിപ്പാനുള്ള രൂപസംവിധാനം അറബീമലയാളത്തിന് ഉണ്ടായിരുന്നു. അറബി, പാർസി, തമിഴ്, കന്നഡ, സംസ്കൃതം എന്നീ ഭാഷകളിലെ പദങ്ങൾ അറബിലിപികൾക്ക് അനുയോജ്യമാകും വിധം രൂപപ്പെടുത്തി ആ ഭാഷയിൽ പ്രചരിപ്പിക്കപ്പെട്ടു. പ്രസ്തുത അക്ഷരമാല കൊണ്ട് മതപരവും മതേതരവുമായ ഏത് വിഷയവും അറബിമലയാളത്തിലെഴുതാൻ സാധിച്ചിരുന്നു.

ഇസ്ലാമിക സാങ്കേതിക പദങ്ങളുടേയും സ്രഷ്ടാവായ അല്ലാഹു, പ്രവാചകനായ മുഹമ്മദ് നബി, വേദഗ്രന്ഥമായ ഖുർആൻ എന്നീ പേരുകളുടെയും സൂക്ഷ്മോച്ചാരണം സുസാധ്യമാക്കാൻ അറബി മലയാളത്തിന്നാവുമായിരുന്നു. അക്കാരണത്താൽ മുസ്ലിംകളുടെ ഓത്തു പള്ളികളിലും മദ്രസകളിലും ഈ ഭാഷ നിത്യേന പഠിപ്പിച്ചു പോന്നു. ആ അർത്ഥത്തിൽ അന്നത്തെ ആണും പെണ്ണും സാക്ഷരരായിരുന്നു. വിദ്യയെന്നാൽ മത വിദ്യാഭ്യാസം എന്ന സങ്കൽപമായിരുന്നു അന്നെല്ലാം. ശിർക്കിൽ അധിഷ്ഠിതമായ ഹൈന്ദവികതയുടെ നിറസാന്നിദ്ധ്യമായി കരുതി മലയാളത്തോടും ആ ഭാഷയിലുള്ള സാഹിത്യകൃതികളോടും മുസ്ലിം സമുദായത്തിന് വല്ലാത്ത അസ്പൃശ്യതയുണ്ടായിരുന്നു. ഏകദൈവാധിഷ്ഠിതമായ സംസ്കാരത്തിന്റെ നാന്ദികുറിച്ച് നൂറ്റാണ്ടുകൾ അധികം കഴിയാത്ത ഒരു സാഹചര്യത്തിൽ വീണ്ടും ആ

സംസ്കാരത്തിലേക്കുള്ള ഒരു തിരിച്ചുപോക്കിന്റെ അസുഖകരമായ ചിന്ത കളായിരുന്നു മലയാളഭാഷാ പ്രസിദ്ധീകരണങ്ങൾ ഉണർത്തിയിരുന്നത്. സംസ്കൃതികൾ കെട്ടിപ്പടുക്കുന്നതിൽ ഭാഷയുടെയും സാഹിത്യത്തിന്റെയും പങ്ക് ചെറുതല്ലല്ലോ? പഹ്ലവി ലിപി കൈവിട്ട് പാർസിഭാഷ അറബിലിപികൾ സ്വീകരിച്ചു. അതിന്റെ സഹോദരഭാഷയായി ഉറുദുവും ജന്മംകൊണ്ടു. ആഗോളതലത്തിൽ സങ്കരഭാഷയായി അറബി ഇംഗ്ലീഷും റോമൻ ഉറുദുവും അല്പകാലമെങ്കിലും പ്രചരിച്ചു. തുർക്കി ഭാഷയും അറബി ലിപികൾ സ്വീകരിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. സാഹിത്യസമ്പത്ത് കൊണ്ടും സംഗീത സാന്ദ്രത കൊണ്ടും ഉറുദു വിനാശത്തെ അതിജീവിച്ച് ഏറെ പുഷ്കലമായി. അറബിമലയാളത്തിന് മാത്രമേ കാവ്യസമ്പത്തോടും ഇശൽപെരുമയോടും കൂടി ഉറുദുവോടൊപ്പം അല്പമെങ്കിലും തലയുയർത്തി നിൽക്കാനായിട്ടുള്ളൂ. നിലനിൽപ്പിന്റെ പ്രശ്നമാകയാൽ അറബീമലയാള ലിപി സ്വീകരിച്ചും അസ്തിത്വം വിളിച്ചുപറഞ്ഞു. മോയിൻകുട്ടി വൈദ്യരുടെ കൃതികൾ ടിപ്പണി ചേർത്ത് മലയാള ലിപിയിൽ പൂർണ്ണമായി പ്രസിദ്ധീകരിച്ചത് ധീരമായ ഒരു സംരഭമാണ്. ആബുവിന്റെ ആയുഷ്കാല അഭിലാഷമായിരുന്നു കപ്പപ്പാട്ടിന്നും നൂൽമദ്ഹിന്നും അത്തരം ഒരു ഭാഷ്യം രചിക്കൽ.

"അറബീമലയാള ലിപികൾ പലർ പലകാലത്തും പലവിധത്തിൽ പരിഷ്കരിപ്പിച്ചിട്ടുണ്ട്. അറബിമലയാളം അച്ചടിച്ച് വെളിച്ചംകണ്ടപ്പോൾ കൂടുതൽ പരിഷ്കരണത്തിന്റെയും ആവശ്യം ബോധ്യമായി. ആദ്യകാലത്ത് ഇരുപത്തെട്ടക്ഷരങ്ങളിൽ പരിമിതമായിരുന്നു അറബി മലയാളം. എ, ഓ എന്നീ ചിഹ്നങ്ങൾ അക്കാലത്തുണ്ടായിരുന്നില്ല. 'എ'ക്കു പകരം 'യ' യും 'ഒ' ക്കു പകരം 'വ'യും ഉപയോഗിക്കപ്പെട്ടു. അറബിയിലെ പത്താമത്തെ അക്ഷരത്തിന്റെ ചുവട്ടിൽ ഒരു കുത്ത് ഇട്ടുകൊണ്ട് 'ര' യെന്ന ശബ്ദത്തിനും പതിനഞ്ചാമത്തെ അക്ഷരത്തിന്റെ ചുവട്ടിൽ ഒരു കുത്ത് ഇട്ടുകൊണ്ട് 'ള' എന്ന ശബ്ദത്തിനും പിൽക്കാലത്ത് രൂപം നൽകുകയുണ്ടായി. പുതിയ അക്ഷരങ്ങൾ കണ്ടുപിടിക്കാതെ അറബീമലയാളം ഇന്നും അടിസ്ഥാന പരമായ ഇരുപത്തെട്ടക്ഷരങ്ങളിൽ ഒതുങ്ങിക്കിടക്കുന്നു.ലിപി പരിഷ്കരണ രംഗത്തു കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയതു വക്കം അബ്ദുൽഖാദർ മൗലവിയും കുളങ്ങരത്തു വീട്ടിൽ മൊയ്തു മുസല്യാരും ആണെന്നു കാണുന്നു.(അറബീമലയാള സാഹിത്യ ചരിത്രം)

കപ്പപ്പാട്ടും നൂൽമദ്ഹ് പാട്ടും രചിച്ചത് മതപണ്ഡിതനും ഭക്തകവിയും പ്രത്യുൽപന്നമതിയും രസികശിരോമണിയുമായിരുന്ന കുഞ്ഞായൻ മുസ്ല്യാരായിരുന്നു. കുഞ്ഞായൻ മുസ്ല്യാർ ഒരാളിൽ തുഞ്ചത്തെഴുത്തച്ഛനും കുഞ്ചൻ നമ്പ്യാരും ഒരുമിച്ചു. കപ്പപ്പാട്ടിന്റെ പ്രചാരം മാപ്പിളപ്പാട്ടിന്ന് 'സഫീനപാട്ടുകളെ'ന്ന പേരും സമ്പാദിച്ചു കൊടുത്തു. 'സഫീന'ക്ക് കപ്പൽ

mappilaheritagelibrary.com

എന്നർത്ഥമുള്ളതാണു കാരണം. കപ്പപ്പാട്ടിലും നൂൽമദ്ഹ് പാട്ടിലും ധാരാളം പ്രാചീന മലയാള പദങ്ങളും പഴമൊഴികളും കാണാം. നാൽപതു കൊല്ലങ്ങൾക്കിപ്പുറം നാം മാപ്പിളപ്പാട്ടുകളെന്നു വിളിക്കുന്ന പാട്ടുകളെല്ലാം അറിയപ്പെട്ടിരുന്നത് 'സഫീന'പ്പാട്ടുകളെന്നായിരുന്നു. തുഞ്ചത്തെഴുത്തച്ഛന്റെ ആദ്ധ്യാത്മ രാമായണം രചിക്കുന്നതിന് അഞ്ചു വർഷങ്ങൾക്കു മുമ്പ് വിരചിതമായ മുഹിയിദ്ദീൻ മാലക്കും കുഞ്ഞായൻ മുസ്ല്യാരുടെ നൂൽമദ്ഹിന്നുമിടയിൽ ഏതാണ്ട് നൂറ്റിമുപ്പത് കൊല്ലങ്ങളുടെ വിടവ് കാണാം. 'സുദീർഘമായ സുഷുപ്തി' യെന്ന് ഈ കാലവിളംബത്തെ പരിഹസിക്കാൻ ആബു മടിക്കുന്നില്ല. 'അറബീ മലയാള സാഹിത്യ ചരിത്രം' പോലെ ഭാഷാചരിത്രത്തിലേക്ക് വെളിച്ചം പകരുന്ന ഒരു കൃതിയില്ലെങ്കിൽ ഇസ്ലാം മതത്തോടൊപ്പം വളർന്നു പന്തലിച്ച ഒരു സാഹിത്യ സംസ്കൃതിയുടെ പാവന ചരിത്രം ഇരുൾമൂടിപ്പോകുമായിരുന്നു. പടപ്പാട്ടുകൾ, ഖിസ്സപ്പാട്ടുകൾ തുടങ്ങിയ ശാഖകളെ സംബന്ധിച്ചും താരതമ്യ പഠനമോ വിശദാംശ പഠനമോ നടത്തുവാൻ ആബുവിന് ആഗ്രഹമുണ്ടായിരുന്നു. അനാരോഗ്യം മൂലം അതിന്നു സാധിച്ചില്ല. പോർച്ചുഗീസുകാരുടെയും ഇംഗ്ലീഷുകാരുടെയും കയ്യേറ്റം മൂലം നശിച്ചുപോയ അറബീമലയാള കൃതികളെക്കുറിച്ചും അറബീമലയാളത്തിലെ അപ്രകാശിത കൃതികളെക്കുറിച്ചുമുള്ള പ്രത്യേക പഠനവും അദ്ദേഹത്തിന് മുഴുമിക്കാൻ കഴിഞ്ഞില്ല. ആ ഭാഷയിലെ ഛന്ദസ്സും അലങ്കാരവും അദ്ദേഹത്തിനു പ്രിയങ്കരങ്ങളായ വിഷയങ്ങളായിരുന്നു. അതേപ്പറ്റി പ്രത്യേക ഗ്രന്ഥം തന്നെ രചിക്കാനുള്ള അന്ത്യാഭിലാഷവും നിറവേറാതെ പോയി. ആബുവോടൊപ്പം മൺമറഞ്ഞുപോകുമായിരുന്ന എത്രയോ സ്വപ്ന കൃതികളിൽ ഒന്നാണ് നമുക്ക് കിട്ടിപ്പോയ 'അറബീമലയാള സാഹിത്യ ചരിത്ര'മെന്ന അനർഘകൃതി. ആബുവിന്റെ ദൗത്യം പൂർത്തീകരിക്കാൻ ഇനി നമ്മുടെ ചുറ്റുവട്ടത്ത് ആരാനുമുണ്ടാകുമോ? ആബു നൽകിയ സൂചനകളിൽ നിന്നു പുനർനിർമ്മിതി നടത്താനാവുന്ന ഒരു രമ്യഹർമ്യമാണ് അറബിമലയാളം. അതിന്റെ അകത്തളത്തിൽ വളയിട്ട കൈകളുടെ താള വൈചിത്ര്യമുണ്ട്. ഇശൽ മുറുക്കത്തിന്റെ പൊലിമയുണ്ട്. ഈണങ്ങളുടെ ആർദ്രതയുണ്ട്. ഇതൾവിരിഞ്ഞ സംസ്കൃതിയുമുണ്ട്.

അറബീമലയാള ഭാഷയെയും അതിന്റെ അനേകം ശാഖകളെയും പറ്റിയുള്ള ആബുവിന്റെ നിരീക്ഷണങ്ങൾ വരുംകാലത്തന് വെറുമൊരു ചരിത്രമാകാം. ഇങ്ങിനി വരാത്തവണ്ണം യാത്രയാക്കാൻ നാം ഒരുമ്പെടുന്ന ഒരു ഭാഷാംഗനയായി അറബീമലയാളം നിൽക്കുമ്പോൾ ആ ചാരു മുഖം ഒരിക്കൽ കൂടി ദർശിക്കുവാൻ ആരും കൊതിച്ചു പോകുമെന്ന സന്ദേശവും ആബു നൽകുന്നുണ്ട്.

ആബുവിന്റെ വീക്ഷണത്തിൽ, അറബീമലയാളഭാഷയിലെ ഗാനങ്ങളും കാവ്യങ്ങളും വിവർത്തനങ്ങളും ചരിത്രാഖ്യായികകളും അർത്ഥസമ്പുഷ്ട മായ, പദസംസ്കാര സമ്പന്നമായ വ്യാകരണ നിബദ്ധമായ സാഹിത്യശാ ഖയായി സഹൃദയ കേരളം മനസ്സിലാക്കുന്ന ഒരു കാലം അനതിവിദൂരമല്ല. ശതക്കണക്കിനുള്ള വൃത്തങ്ങളാണ് (ഇശലുകൾ) മാപ്പിളപ്പാട്ടിലുള്ളത്. താള പ്രധാനങ്ങളായ മാത്രാ വൃത്തങ്ങളാണ് ഏതാണ്ടെല്ലാം. വരും കാല ഭാഷാ വിദ്യാർത്ഥികൾക്ക് ഗുണകരമാവാൻ അതെല്ലാം റിക്കാർഡ് ചെയ്തു സൂക്ഷി ക്കേണ്ടതാണ്. പൂർണ്ണാർത്ഥത്തിലുള്ള ഒരു അറബീമലയാള- മലയാള നിഘ ണ്ടുവും മറ്റൊരു പര്യായ നിഘണ്ടുവും വരേണ്ട കാലം അതിക്രമിച്ചു. ലക്ഷ ണ നഹ്വു അറബീമലയാള നിഘണ്ടുവിൽ ഏതാണ്ട് ഇരുനൂറു പദങ്ങളേ കാണുന്നുള്ളൂ. അതിൽ രണ്ടായിരം പര്യായ ശബ്ദങ്ങൾ കാണുന്നു. ബാക്കി യുള്ള പദങ്ങൾ കൂടിച്ചേരുമ്പോൾ അവയുടെ പര്യായ ശബ്ദങ്ങളും വളരെ വർദ്ധിക്കാൻ സാധ്യതയുണ്ട്. ഭാഷാ ഗവേഷകനായിരുന്ന ശൂരനാട്ട് കുഞ്ഞൻപിള്ള, ടി.ഉബൈദിനെ തിരുവനന്തപുരത്ത് വിളിച്ചുവരുത്തി നിഘണ്ടു നിർമ്മാണത്തിൽ സഹകരിപ്പിച്ചിരുന്നു. മാപ്പിളഗാനങ്ങളുടെ ആലാ പനത്തിലും ഒപ്പന നൃത്തങ്ങളുടെ അവതരണത്തിലും ഇന്ന് എല്ലാ സമുദാ യക്കാരും മത്സരിക്കുന്നു. ഒപ്പന, ചിലപ്പോൾ നൃത്താഭാസവും മാപ്പിളഗാന ങ്ങൾ, നിലവാരം കുറഞ്ഞ സിനിമാ ഗാനങ്ങളേക്കാൾ താണതുമായി മാറി, ശൃംഗാരരസ പ്രധാനം മാത്രമായി അധഃപതിക്കുന്നതിനെ ശക്തിയുക്തം എതിർത്തുകൊണ്ട് വേദികളിൽ നിന്നും സദസ്സിൽ നിന്നും ആബു ഇറങ്ങി പ്പോയി. അക്ഷരശ്ലോകം പോലെ ചൊല്ലി, കുട്ടികൾ മത്സരിക്കുന്ന 'പൂപേച്ചൽ' തിരോഭവിച്ചിരിക്കുന്നു. വിരലിലെണ്ണാവുന്ന ഇശലുകളിലേ പുതിയ മാപ്പിള പ്പാട്ടുകൾ ഇന്ന് എഴുതപ്പെടുന്നുള്ളൂ. ബദ്ർ പടപ്പാട്ടിലും ഉഹ്ദു പാട്ടിലും ബദ്റുൽ മുനീറിലും ഇശൽ വൈവിധ്യങ്ങൾ കാണാം. സന്ദർഭങ്ങളുടെ വികാര തീവ്രത ഇശലുകൾ കൊണ്ട് അളക്കാനാവുമായിരുന്നു. മാപ്പിളപ്പാ ട്ടിനോടുള്ള കമ്പം മൂത്ത് കോഴിക്കോട്ട് റെയിൽവേ പോലീസിൽ ഓഫീസ റായിരുന്ന എഫ്.ഫാസറ്റ് തന്റെ കീഴിലുള്ള ഒരു പോലീസ് ഉദ്യോഗസ്ഥന്റെ സഹായത്തോടെ അവ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത് ചരിത്രരേ ഖകളിൽ കാണാം. ആസ്വാദകസമൂഹത്തിൽ വമ്പിച്ച സ്വാധീനം ചെലുത്തിയ ഹുസ്നുൽ ജമാലിന്നും ബദ്ർ പടപ്പാട്ടിന്നും അത്തരത്തിലുള്ള അംഗീകാരം പഴയകാലത്തു തന്നെ കിട്ടിയിരുന്നു. കാൽപനിക പ്രസ്ഥാനത്തിന് കുമാര നാശാൻ തുടക്കം കുറിക്കുന്നതിനു മുമ്പ് തന്നെ മോയിൻ കുട്ടി വൈദ്യർ അത് പ്രചാരത്തിൽ വരുത്തിയിരുന്നു. പ്രണയ പരവശയായ സ്ത്രീ കഥാ പാത്രങ്ങളെ കുമാരനാശാൻ സൃഷ്ടിക്കുന്നതിന്ന് മുപ്പത് കൊല്ലങ്ങൾക്കു മുമ്പ് മഹാകവി മോയിൻകുട്ടി വൈദ്യർ കേരളീയർക്കു പരിചയപ്പെടുത്തി കഴി ഞ്ഞിരുന്നു. കേരളീയ ചരിത്രത്തെ ആധാരമാക്കി രചിക്കപ്പെട്ട 'മലപ്പുറം പട പ്പാട്ട്' എന്ന മാപ്പിളകാവ്യം എഴുതി ദശകങ്ങൾ കഴിഞ്ഞാണ് ഉള്ളൂരിന്റെ അതേ രീതിയിൽ രചിക്കപ്പെട്ട 'ഉമാകേരളം' പ്രസിദ്ധീകരിക്കപ്പെടുന്നത്. മാപ്പി ളസാഹിത്യത്തിലും മലയാളത്തിലും ഒരേ പോലെ അവഗാഹം നേടിയ

mappilaheritagelibrary.com

മുസ്ലിം എഴുത്തുകാരുടെ അരങ്ങേറ്റത്തിനു വന്ന കാലവിളംബം മാത്രമാണ് ഈ അനഭിജ്ഞതക്കെല്ലാം മുഖ്യകാരണം. അമുസ്ലിം സമുദായത്തിൽ നിന്ന് അറബീമലയാള സാഹിത്യവും സംസ്കാരവും ഏറെക്കാലം മറഞ്ഞു നിന്നത് എന്തെല്ലാം തെറ്റിദ്ധാരണകൾക്കാണ് കാരണമായത്! വാരികക ളുടെയും മാസികകളുടെയും സുലഭത ഒരിക്കൽ അറബിമലയാളത്തിലായി രുന്നുവെന്നുകൂടി ഓർക്കേണ്ടതുണ്ട്.

ഒരു കാലത്ത് ഇസ്ലാമിക പ്രബോധനരംഗത്ത് ചൂടും ചൂരും പകർന്ന ഈ ഭാഷാകൗതുകത്തെ അടുത്തറിയുമ്പോൾ അതിനോടുള്ള അത്ഭുതാദ രവ് വർദ്ധിക്കുകയേ ഉള്ളൂ. അത് ഒരിക്കലും മലയാളത്തെ അവമതിക്കാൻ അരു നിന്നിട്ടില്ല. കൊണ്ടും കൊടുത്തും രണ്ട് സംസ്കാരങ്ങളുടെ മുന്നേ റ്റത്തെ സഹായിക്കുകയേ ചെയ്തിട്ടുള്ളൂ.

തൗഹീദ് സംരക്ഷണത്തിന്റെ പേരിൽ മാലപ്പാട്ടുകൾ ബഹിഷ്കരിക്ക ണമെന്ന് പറയുന്നവരോട് ആ പാട്ടുകളുടെ സാഹിത്യ മൂല്യത്തെ മാത്രം കാണാൻ ആബു ഉപദേശിക്കുന്നു. "മലയാള ഭാഷയിലുള്ള പ്രാചീന ഹൈന്ദ വസ്തോത്ര കൃതികളുടെയും മാലപ്പാട്ടുകളുടെയും രചനാ സമ്പ്രദായത്തിനു സാരൂപ്യം കാണുന്നുണ്ട്. പക്ഷെ അത് പ്രാചീന കേരളത്തിന്റെ കലാ സാം സ്കാരിക രംഗങ്ങളിലെല്ലാം കാണപ്പെടുന്ന സാരൂപ്യം മാത്രമാണ്. മുസ്ലിം പള്ളികളുടെയും അമ്പലങ്ങളുടെയും നിർമ്മിതിയിലുള്ള സാമ്യതപോലെ. ബാഹ്യമായ വ്യത്യാസങ്ങൾ കാത്തുസൂക്ഷിക്കുന്നുണ്ട്" എന്ന് നമ്മോട് തറ പ്പിച്ചു പറയുന്ന ആബു ഒരു വലിയ ഭവിഷ്യത്തിനെ പറ്റി മുന്നറിയിപ്പും തരു ന്നു."കേരളത്തിലെ മുസ്ലിം സമുദായത്തിന്റെ ബുദ്ധിപരമായ നേട്ടങ്ങളുടെ കലവറയായ അറബീമലയാള സാഹിത്യത്തിൽ നിന്നും അതിലെ സുപ്ര ധാനഘടകങ്ങളായ മാലപ്പാട്ടുകളെ ബഹിഷ്കരിക്കുവാൻ മുൻകൈയ്യെടു ത്തവർ, അങ്ങിനെ ചെയ്തത് എന്തിന്റെ പേരിലായാലും ശരി, തങ്ങളുടെ സാഹസികതയിലും അറബീമലയാളത്തിനു സംഭവിപ്പാനിടയുള്ള നഷ്ടത്തെ ക്കുറിച്ച് ഓർക്കാതിരുന്നത് അവിവേകപരമായ കഷ്ടമായിപ്പോയെന്ന് പറയാ തിരുന്നു കൂടാ. എലിയെ കൊല്ലാൻ ഇല്ലംചുടാവതല്ലല്ലോ".

തൗഹീദിന്റെ പ്രാധാന്യത്തെപറ്റി നല്ലപോലെ ബോധവാനായിരുന്നു ആബു. കലിമത്തുത്തൗഹീദ് തന്നെയാണ് മാപ്പിള സാഹിത്യത്തിന്റെജീവ നെന്നും ഇസ്ലാം മതതത്വങ്ങൾ പ്രചരിപ്പിക്കുകയും മതാധിഷ്ഠിത ജീവിത ത്തിന്ന് പ്രേരണ നൽകുകയുമായിരുന്നു അറബിമലയാള സാഹിത്യത്തിന്റെ മഹത്തായ ലക്ഷ്യമെന്നും സാക്ഷ്യപ്പെടുത്തുന്ന ആബു ഭാഷയുടെ ഹൃദയ സ്പന്ദനങ്ങൾ മനസ്സിലാക്കിയിട്ടില്ലെന്നു കരുതാൻ വയ്യ. പക്ഷെ പൗരാണി കതത്തിലുള്ള കടും പിടുത്തങ്ങളൊന്നും അദ്ദേഹം അന്ത്യം വരെ വിട്ടിട്ടില്ല. "ഇശലുകളും ഈണങ്ങളും വചനങ്ങളും അലങ്കാരങ്ങളും മാപ്പിള സാഹി ത്യത്തിന്റെ ചന്തവും ഗന്ധവും ചാർത്തുന്ന ബാഹ്യോപാധികൾ മാത്രമാകു ന്നു. അവ മാപ്പിള സാഹിത്യത്തിന്റെ ലക്ഷണങ്ങളല്ല. ഇശലുകളോ പദങ്ങളോ

ശൈലീ വിശേഷങ്ങളോ ഇസ്‌ലാം മതപ്രധാനമല്ലാത്ത ഒരു സാഹിത്യത്തെ മാപ്പിള സാഹിത്യമാക്കുകയില്ല. മുൻ പറഞ്ഞ ലക്ഷണയുക്തങ്ങളല്ലാത്ത സാഹിത്യം അതിന്റെ രൂപവുമായി എത്രതന്നെ അടുപ്പവും സാദൃശ്യവുമുണ്ടായാലും മാപ്പിളസാഹിത്യമല്ല"

മാപ്പിള സാഹിത്യത്തിലെ പദങ്ങൾ പലതും പരിഷ്കരണമർഹിക്കുന്ന വയാണെന്ന വാദത്തിനു മുഖവില പോലും കൽപിക്കരുതെന്നാണ് ആബു പറയുന്നത്. പരിഷ്കരണമർഹിക്കുന്നവയാണെന്നു പരക്കെ അഭിപ്രായമുള്ള പദങ്ങളെ ദുർബലപ്പെടുത്തുകയോ ഉപയോഗ ശൂന്യമാക്കുകയോ ചെയ്യുന്നതിനു മുമ്പ് ആ വക പദങ്ങൾ ഒരു വിദഗ്ധ ഭാഷാശാസ്ത്രജ്ഞക്കമ്മിറ്റിയുടെ പരിശോധനക്കും അഭിപ്രായത്തിനും സമർപ്പിക്കേണ്ടിയിരിക്കുന്നു. "ഒരു ഭാഷയിൽ നിന്ന് ഒരു വാക്ക് നശിച്ചുപോവുകയെന്നത് പലപ്പോഴും ആ ഭാഷ കൈകാര്യം ചെയ്ത ജനതയുടെ സാംസ്കാരിക ചരിത്രത്തിന്റെ ഒരു ഭാഗം നശിച്ചുപോവുന്നതിന് തുല്യമായിത്തീർന്നേക്കും. ഇംഗ്ലീഷിൽ മെറ്റാതിസീസ് എന്നു പറയുന്ന വർണ്ണവിപര്യയം മാപ്പിള സാഹിത്യത്തിലെ ഭൂരിപക്ഷം പദങ്ങൾക്കും ബാധകമായിട്ടുള്ളതായി കാണുന്നുണ്ട്. 'അതിശയം', "അശ്ക്യം" ആയത് അതിന്നൊരുദാഹരണമാകുന്നു. അറബിഭാഷയൊഴിച്ചുള്ള ഇതരഭാഷകളിൽ നിന്നു പദങ്ങൾ സ്വീകരിക്കുമ്പോൾ ആ പദങ്ങൾക്ക് മാപ്പിളത്വം നൽകിക്കൊണ്ടാണ് സ്വീകരിക്കപ്പെട്ടിട്ടുള്ളത്. തന്നിമിത്തം മാപ്പിളസാഹിത്യത്തിലെ വാക്കുകൾ പല നിലയിലും ഗവേഷണ പ്രധാനങ്ങളാണെന്ന സത്യത്തെ ധിക്കരിച്ചുകൊണ്ട് ആധുനീക മലയാള ഭാഷയിലേക്ക് ആ വക പദങ്ങളെ മാറ്റുകയോ നശിപ്പിക്കുകയോ ചെയ്യണമെന്ന് ശഠിക്കുന്നത് നീതിപൂർവ്വകമാകയില്ല."

പദാവലികളെപ്പറ്റിയുള്ള ആബുവിന്റെ നിരീക്ഷണങ്ങൾക്ക് അടിവരയിടുന്നതാണ് മലയാളകവിതാ സാഹിത്യചരിത്രത്തിന്റെ കർത്താവായ ഡോക്ടർ ലീലാവതിയുടെ അഭിപ്രായം: "പദാവലികളുടെ ചരിത്രമെന്നാൽ ഭാഷാചരിത്രം. അപ്പോൾ ഏതു കവിതാ ചരിത്രത്തിന്നും ഭൂമികയായി ഒരു ഭാഷാ ചരിത്രമുണ്ടായിരിക്കും. അതു തേടുന്നത് മാമരങ്ങളുടെ വേരുകൾക്കുള്ള അറ്റങ്ങൾ തേടും പോലെയാണ്."

പ്രാചീനമലയാളം തമിഴിൽനിന്നു മുക്തമായി സംസ്കൃത ഭാഷയുമായി കൈകോർത്ത് വളരെയധികം പുരോഗതി കൈവരിച്ചപ്പോൾ അറബീമലയാളം നിന്നേടത്തുനിന്നു. അതിൽ പുതിയ പദാവലികൾ പിറവികൊണ്ടില്ല. പദസംസ്കരണ പ്രക്രിയകളും നടന്നില്ല. പിൽക്കാലത്ത്.സാംസ്കാരികനായകന്മാരുടെ ആഹ്വാനം ശ്രവിച്ച് മുസ്‌ലിം സമുദായം മലയാളത്തോടും ഇംഗ്ലീഷിനോടുമുള്ള അസ്പൃശ്യത ഒഴിവാക്കാൻ ആരംഭിച്ചപ്പോൾ മെല്ലെയെങ്കിലും അറബി മലയാള ലിപികളോടുള്ള അവഗണന തുടങ്ങി. മാപ്പിളകാവ്യങ്ങൾ തൗഹീദിനു നിരക്കാത്ത പ്രതിപാദ്യങ്ങൾ നിറഞ്ഞതാണെന്ന പ്രചരണം ഈ അവഗണനക്കു ശക്തി കൂട്ടി. മാപ്പിളപ്പാട്ടിന്റെ മാധുര്യത്തേക്കാൾ കയ്പു

mappilaheritagelibrary.com

നിറഞ്ഞതാണ് ചരിത്ര സത്യങ്ങൾ ആയി അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും അത് തൗഹീദിന്നു നിരക്കാത്തതാണെന്നുമുള്ള വാദമുണ്ടായി. അങ്ങനെ ഒരു കാലത്ത് താലോലിച്ച കരങ്ങൾതന്നെ, അറബിമലയാളമെന്ന വളർത്തുപുത്രിയെ താഴെയിടുകയായിരുന്നു. മലയാളത്തോടുള്ള അസ്പൃശ്യത ഒഴിവാക്കേണ്ടതാണെന്നു പറഞ്ഞ സനാഉള്ളാ മക്തി തങ്ങളുടെയും വക്കം അബ്ദുൽ ഖാദർ മൗലവിയുടെയും നിതാന്തശ്രമങ്ങളോട് സഹകരിച്ചുവെങ്കിലും സാഹിത്യ സാരഥികളായ ഉബൈദും ആബുവും അറബിമലയാള സാഹിത്യത്തിന്റെ നിലനിൽപിന്നുവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചു. പൗരാണികമായ ഒരു ഭാഷയും സാഹിത്യവും നശിച്ചുപോകുന്നതിലായിരുന്നു അവരുടെ ഖേദം. കവിയും ഗായകനുമായിരുന്ന ഉബൈദിന്റെ വിപുലമായ സൗഹൃദബന്ധങ്ങളും പരിഷൽ സമ്മേളനങ്ങളിലെ പങ്കാളിത്തവും വൈകിയെങ്കിലും സാഹിത്യപ്രതിഭകളുടെ ശ്രദ്ധപിടിച്ചു പറ്റി ആബു തന്റെ രചനകളിലൂടെ ഇക്കാര്യം നിരന്തരം ഓർമ്മിപ്പിച്ചു. അറബിമലയാള സാഹിത്യത്തിലെ കാവ്യേതര ശാഖയെപ്പറ്റി മലയാള സാഹിത്യലോകം അജ്ഞത നടിച്ചുവെങ്കിലും മാപ്പിളപ്പാട്ടുകളെ അംഗീകരിക്കുന്നതിന് തുടക്കം കുറിച്ചത് മഹാകവി ഉള്ളൂരായിരുന്നു. തന്റെ കേരള സാഹിത്യചരിത്രത്തിൽ അദ്ദേഹം മാപ്പിളപ്പാട്ടുകളെ നാടൻ പാട്ടുകളുടെ ഗണത്തിൽ പെടുത്തി. "മലയാള സാഹിത്യ ചരിത്രം" രചിച്ച ഡോക്ടർ ലീലാവതി "ഉത്തരകേരളത്തിലെ നാടൻപാട്ടുകളിൽ ബദ്ർ പടപ്പാട്ട് മുതലായ ചില മാപ്പിളപ്പാട്ടുകളും ഉൾപ്പെടുമെന്നു" മാത്രമാണ് ഒറ്റവാക്കിൽ പറഞ്ഞത്. കുട്ടികൃഷ്ണമാരാർ തന്റെ പ്രസിദ്ധ കൃതിയായ വൃത്തശിൽപത്തിന്റെ മൂന്നാം പതിപ്പിൽ വൃത്തങ്ങൾക്ക് ഉദാഹരണം കാണിക്കുമ്പോൾ ഹുസ്നുൽ ജമാലിന്റെയും ബദ്ർപടപ്പാട്ടിന്റെയും ഇശലുകൾ ഉൾപ്പെടുത്തി. സി.പി ശ്രീധരൻ അൽപം രോഷം കൊണ്ടുതന്നെ ഉബൈദ് സ്മരണികയിൽ എഴുതി. "പുള്ളുവന്മാരും കണിയാന്മാരും പുലയന്മാരും മറ്റു ചെറിയ വിഭാഗങ്ങളും പാടിവന്ന പാട്ടുകൾ പോലും മലയാളസാഹിത്യ ചരിത്രത്തിന്റെ ഭാഗമായി കഴിഞ്ഞിരുന്നു. എന്നാൽ പത്തു മുപ്പതു ലക്ഷം വരുന്ന മാപ്പിളമാർ നൂറ്റാണ്ടുകളായി പാടിപ്പോന്ന അറബിമലയാള പാട്ടുകളും സാഹിത്യവും അഹല്യയെപ്പോലെ കല്ലായിക്കിടക്കുകയായിരുന്നു." അറബീമലയാളത്തിലായാലും മാപ്പിള ഗാനങ്ങൾ നിലനിൽക്കണമെന്ന കാര്യത്തിൽ ആർക്കും അഭിപ്രായാന്തരമുണ്ടായിരുന്നില്ല.

തലമുറകളായി നിലനിൽക്കുന്നതും ഭാഷാനിയമങ്ങൾക്കോ ഛന്ദശ്ശാസ്ത്രത്തിനോ വഴങ്ങാത്തവയുമായ പാട്ടുകളെയാണല്ലോ നാടൻ പാട്ടുകളായി ഗണിക്കുന്നത്. എന്നാൽ പഴയ മാപ്പിളപ്പാട്ടുകളിലെല്ലാം രചയിതാവിന്റെ പേർ, കാലം, അച്ചടി, അച്ചുകൂടത്തിന്റെ പേർ, പ്രസാധകരുടെ വിവരം എന്നിവയെല്ലാം വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. എഴുത്തച്ഛനു മുമ്പുള്ള മുഹിയിദ്ദീൻ മാലയിൽ പോലും അത് രചിച്ചത് ക്രി.വർഷം 1607 ലാണെന്നും കർത്താവിന്റെ പേർ ഖാസിമുഹമ്മദ് എന്നാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ധാരാളം അന്യഭാഷാ പദങ്ങളുള്ളതും ലിപി അറബിഭാഷയുടെ രൂപാന്തര

മായതുമാണ് അറബീമലയാളത്തെ ഒരു പ്രത്യേക ഭാഷയായി ഗണിക്കാൻ കാരണം. അതേ ഭാഷ മലയാള ലിപിയിലെഴുതി ടിപ്പണി ചേർക്കുമ്പോൾ എല്ലാ മലയാളിക്കും ഗ്രാഹ്യമാകുന്നതുകൊണ്ട് മലയാള ഭാഷയുടെ ഭാഗ മാണെന്നും വ്യാഖ്യാനിക്കപ്പെടുന്നു. മാപ്പിളപ്പാട്ടുകളുടെ ഈണങ്ങൾക്കു പല തിന്നും മലയാളവൃത്തങ്ങളോട് സാമ്യതയുണ്ട്. അറബി ഈണങ്ങൾ ആണ്, പാട്ടുകളെ മധുരങ്ങളാക്കുന്നതിലെ ഒരു ഘടകം. ചമ്പുക്കളുടെയും രാമചരി തത്തിന്റെയും ഭാഷാശൈലി മലയാളത്തെക്കാൾ തമിഴിനോട് ആഭിമുഖ്യം പുലർത്തുന്നതായിരുന്നു. അതുപോലെ മുഹിയിദ്ദീൻ മാലയിലും ധാരാളം തമിഴ്പദങ്ങൾ കാണും. "രാമചരിതത്തിലെ രണ്ടുവരികൾ ഉദ്ധരിക്കുന്നത് പ്രാചീന മലയാളത്തിന്റെ പ്രകൃതം മനസ്സിലാക്കാൻ ഉപകരിക്കും.

"താരിടം മണം പുണർന്തു തരുനിരൈ തടന്തു പായ്ന്ത
മാരുതേവൻ വന്തു വഴിയിതെന്റരുളിചെയ്താൻ"

അറബി മലയാളത്തിലെ സംസ്കൃത തമിഴ് കർണാടകപദങ്ങളും തത്തുല്യമായ മലയാള പദങ്ങളും ശ്രദ്ധിച്ചാൽ അല്പ സ്വല്പം വ്യത്യാസ മുള്ള അനേകപദങ്ങളെ കണ്ടെത്താനാവും.

സംസ്കൃതം	അറബീമലയാളം
ഐശ്വര്യം	ഐശിരിയം
ക്രോധം	കൊരോദം
തമിഴ്	**അറബീമലയാളം**
ഉതവി	ഉദവി
ഇമ്പർ	ഇമ്പർ
കർണ്ണാടകം	**അറബീമലയാളം**
ബീഡർ	വീടർ
അളുദ്	അളുദ്

അയ്യായിരത്തോളം ഗ്രന്ഥസമ്പത്തുള്ള ഒരു ഭാഷയെ എന്തിന്നവഗണി ക്കണം. ആ ഭാഷയിൽ, വേദഗ്രന്ഥങ്ങളായ ഖുർആന്റെയും ബൈബിളി ന്റെയും ഇതിഹാസമായ രാമായണത്തിന്റെയും വിവർത്തനങ്ങൾ വന്നതാ ണ്. ലോകോൽപത്തി മുതൽക്കുള്ള ചരിത്രം പറയുന്ന സഫലമാലയും വൈദ്യശാസ്ത്രത്തിന്റെ അടിസ്ഥാന ഗ്രന്ഥമായ "അഷ്ടാംഗഹൃദയ"ത്തിന്റെ വിവർത്തനവും ഇബ്നുഹജർ ഹൈത്തമിയുടെ കർമ്മശാസ്ത്ര ഗ്രന്ഥമായ തുഹ്ഫയുടെ പത്തു വാല്യങ്ങളും ചേറ്റുവായ് പരീക്കുട്ടിയുടെ "ഫുതു ഹുശ്ശാം" എന്ന മഹാകാവ്യവും അനേകം മറ്റു ഗ്രന്ഥങ്ങളും ആ ഭാഷയിൽ ലഭ്യമാണ്. ദീർഘിച്ചു പോകുന്നതു കൊണ്ട് കൃതികൾ എണ്ണിപ്പറയുന്നില്ല.

വ്യാകരണാധിഷ്ഠിതമല്ല, അറബി മലയാള ഭാഷ എന്ന് ഉറപ്പിച്ചു പറ യാനാവില്ല. നിർദ്ദേശക വ്യാകരണത്തിനും ഉപപാദവ്യാകരണത്തിനും കാലികവ്യാകരണത്തിനും ആനുഷംഗിക വ്യാകരണത്തിനും അതിൽ ഉദാ

mappilaheritagelibrary.com

ഹരണങ്ങളുണ്ട്. നിർദ്ദേശക വ്യാകരണമെന്നു പറഞ്ഞാൽ ഭാഷാ വിഷയ ങ്ങളെ വിഭജിച്ച് സംജ്ഞകളെ നിർവ്വചിച്ച് രൂപനിഷ്പത്തി കാണിച്ച് പ്രയോ ഗങ്ങളെ വിവരിക്കുകയെന്നതാണ്. ഉപപാദക വ്യാകരണമെന്നാൽ നിർദ്ദേ ശികാ വ്യാകരണത്തിലെ വിഷയങ്ങളെ യുക്തിയുക്തം വിവരിച്ച് ന്യായം പറയുക എന്നതാണ്. കാലിക വ്യാകരണമെന്നാൽ ഒരു ഭാഷയിൽ നടപ്പുള്ള പദങ്ങൾ, പ്രയോഗങ്ങൾ മുതലായവയുടെ മുൻകാല നിലകളെന്തായിരുന്നു വെന്നും, അവയിൽ ഏറ്റവും പഴക്കം ചെന്ന നില ഏതാണെന്നും നിർണ്ണയി ക്കുക എന്നതാണ്. ആനുഷംഗിക വ്യാകരണമെന്നാൽ കാലിക വ്യാകരണം നിർദ്ദേശിച്ചു തരുന്ന അതിപ്രാചീന രൂപങ്ങളെ സജാതീയ ഭാഷയിലെ, സമാന രൂപങ്ങളുമായി തട്ടിച്ചു നോക്കി സാമ്യാസാമ്യങ്ങളെ കാണിച്ചു തരുന്ന വ്യാകരണമാണത്.

അറബീമലയാളം ഏതെങ്കിലും ഒരു ഭാഷയുടെ വ്യാകരണത്തെ സ്വീക രിക്കേണ്ടതില്ലെന്നാണ് ആബുവിന്റെ പക്ഷം. മാപ്പിള സാഹിത്യം നല്ലപോലെ പഠിച്ച് അതിന്നിന്നോളമുണ്ടായിട്ടുള്ള വ്യാകരണഗ്രന്ഥങ്ങൾ അപര്യാപ്തമാ ണെന്നു വരികിൽ മാത്രം പുതിയ വ്യാകരണഗ്രന്ഥങ്ങൾ രചിക്കാവുന്നതാ ണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്.

പതിനഞ്ചാം നൂറ്റാണ്ടു വരെ ഐസ്ലാന്റിൽ നിലവിലുണ്ടായിരുന്ന 'സേഗ്' സാഹിത്യത്തോടാണ് ആബു മാപ്പിളകാവ്യങ്ങളെ താരതമ്യപ്പെടുത്തി യത്. സ്കേന്റിനേവിയൻ സമൂഹത്തിന്റെ പ്രത്യേക സാഹിത്യമായിട്ടായിരുന്നു 'സേഗ്' അറിയപ്പെട്ടിരുന്നത്. ക്രിസ്ത്യാനികൾ അവരുടെ മതസംസ്കാരം പ്രച രിപ്പിക്കുവാൻ സുറിയാനി 'കർസോനി' കണ്ടുപിടിച്ചു. സംസ്കൃതത്തിന്റെ മൂശ യിൽ വാർത്തെടുത്ത പുരാണേതിഹാസങ്ങളാണല്ലോ ആര്യവൽക്കരണകാ ലത്ത് പ്രത്യക്ഷപ്പെട്ടത്? ഇസ്ലാമിക സംസ്കാരത്തിന്റെ സൂക്ഷിപ്പിനായി അറ ബീമലയാളവും പിറവികൊണ്ടു. ലക്ഷദ്വീപിലെ എല്ലാ വ്യവഹാരങ്ങൾക്കുമുള്ള ഭാഷയായിരുന്നു. അത് കാസർഗോട്ടും തലശ്ശേരിയിലും കൊടുങ്ങല്ലൂരും പൊന്നാനിയിലും ആലുവയിലും കൊച്ചിയിലും ആ ഭാഷ ആധിപത്യം പുലർത്തിയിരുന്ന ഒരു കാലവുമുണ്ടായിരുന്നു.

ഉച്ചാരണം മലയാളത്തിന്റേത്, പദാവലികൾ പലഭാഷയുടെതും. ലിപി, മലയാളീകരിച്ച അറബിയിലും. സാഹിത്യത്തോടൊപ്പം കലാസാംസ്കാരിക രംഗങ്ങളിലും അത് സ്വാധീനം ചെലുത്തി. ഈണങ്ങളിൽ അത് വ്യത്യസ്തത പുലർത്തി. അതിന്ന് സുപ്രധാനമായ ഒരു ലക്ഷ്യമുണ്ടായിരുന്നുവെന്നും ആബു കണ്ടെത്തുന്നു- ഇസ്ലാമിക പ്രബോധനം. ഇതിന്നു വ്യതിയാനം സംഭവിച്ചത് അടുത്തകാലത്ത് മാത്രമാണ്. 'വ്യതിയാനത്തെ പുരോഗമനം' എന്നു വിളിച്ചുകൂടാ എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ഇതേ അഭിപ്രാ യമല്ലെങ്കിലും കവി ഉബൈദ് തത്വത്തിൽ ആബുവോട് യോജിച്ചിട്ടുണ്ട്. ആവ ശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതിന് ഉബൈദ് എതിരല്ലായിരുന്നു. ഉബൈദിന്റെ പരിശ്രമ ഫലം കൂടിയാണ് മാപ്പിളപ്പാട്ടുകളെ കാവ്യകേരളം ശ്രദ്ധിക്കാൻ തുടങ്ങിയത് ആബുവിന്റെ കൃതി വായിച്ചശേഷം സുഹൃത്തു

കൂടിയായ ഉബൈദ് അയച്ച കത്ത്.

".....സസ്നേഹം അയച്ച പുസ്തകം കൈപ്പറ്റി. നന്ദി. ആ പുസ്തകം കയ്യിൽ കിട്ടിയപ്പോൾ തന്നെ ഒന്നു മറിച്ചു നോക്കി. സംക്ഷിപ്തമായിട്ടെങ്കിലും 'അറബീമലയാള സാഹിത്യത്തിന്റെ എല്ലാ വശങ്ങളും നിങ്ങൾ സ്പർശിച്ചിട്ടുണ്ടെന്നു കാണുന്നതിൽ സന്തോഷിക്കുന്നു. ഇതേവരെ ആർക്കും സാധിച്ചിട്ടില്ലാത്ത ഈ മഹൽ സേവനം നിർവ്വഹിച്ച നിങ്ങളോട് മലയാളികൾ പൊതുവെയും മാപ്പിളസമുദായം പ്രത്യേകിച്ചും കടപ്പെട്ടിരിക്കുന്നു." (3.12.70)

ഇന്നു കാണിക്കുന്ന തരത്തിലുള്ള അറബിഭാഷാ പഠനത്തിന്നുള്ള ഉത്സാഹം ആബു ജീവിച്ചിരുന്ന കാലത്ത് മുസ്ലിംകൾക്കുണ്ടായിരുന്നില്ല. മലയാള പരിഭാഷകളെ ആശ്രയിച്ചുള്ള ഖുർആൻ പഠനങ്ങളായിരുന്നു സർവ്വത്ര. അറബിമലയാള ഭാഷയോടുള്ള ബന്ധവും അയഞ്ഞുതുടങ്ങിയിരുന്നു. ആബു ഖേദപൂർവ്വം എഴുതുന്നു: "അറബുഭാഷയോടെന്ന പോലെ തന്നെ അറബിമലയാള ഭാഷയോടും കേരള മുസ്ലിംകൾക്കുണ്ടായിരുന്ന ബന്ധം അയഞ്ഞുതുടങ്ങിയിരിക്കുകയാണെന്നുള്ളത് ഖേദകരമായ ഒരു വസ്തുതയാകുന്നു. ഈ ന്യൂനത പരിഹരിച്ചേ മതിയാകൂ. ഇപ്പോൾ മുസ്ലിംകൾ പൊതുവെ കൈകാര്യം ചെയ്തുവരുന്ന മലയാള ഭാഷയിലേക്ക് മാപ്പിളസാഹിത്യത്തിലെ പ്രധാന ഗ്രന്ഥങ്ങൾ പലതും വിവർത്തനം ചെയ്യേണ്ടതുണ്ട്. പക്ഷേ അറബി അക്ഷരമാലയിലെ 4,6,7,9,11,14,15,16,17,18,19,30,31 എന്നീ സ്ഥാനങ്ങളിൽ നിൽക്കുന്ന അക്ഷരങ്ങളുടെ ഉച്ചാരണങ്ങളെ പ്രതിനിധീകരിക്കാൻ പര്യാപ്തമായ വർണ്ണങ്ങൾ മലയാള അക്ഷരമാലയിലില്ല. ഈ ന്യൂനതക്ക് ഉചിതമായ പരിഹാരം കാണുന്നതിനു മുമ്പ് അറബിവാക്കുകൾ മലയാള ലിപിയിൽ എഴുതിത്തുടങ്ങാൻ കാട്ടിയ വ്യഗ്രത അപരാധമായിപ്പോയി" ഒരു ഗവേഷകന്റെ ശബ്ദമാണ് ആബു പലപ്പോഴും നമ്മെ കേൾപ്പിക്കാറ്. ലിപി പരിഷ്കരണവുമായി ബന്ധപ്പെട്ട് ആബു നടത്തിയ പരിശ്രമങ്ങൾ ഏറ്റുപിടിച്ച് 'റൈറ്റേഴ്സ് ലീഗിന്റെ' പ്രസിഡന്റും സാംസ്കാരിക നായകനുമായിരുന്ന ടി.പി.കുട്ട്യാമു സാഹിബ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലൂടെ ചില ശ്രമങ്ങൾ നടത്തിയിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ പല വിദഗ്ധന്മാരും പങ്കെടുത്ത ചർച്ചകളും അതെത്തുടർന്ന് ഒരു പദ്ധതിയും രൂപം കൊണ്ടു. പക്ഷെ അതെല്ലാം ഭരണരംഗത്തെ ചുകപ്പു നാടയുടെ നൂലാമാലകളിൽ പെട്ടുപോയി.

ആബു, മാപ്പിള മലയാളത്തിൽ പ്രസിദ്ധീകരിച്ച ആയിരത്തിൽ പരം ഗ്രന്ഥങ്ങൾ ശേഖരിക്കുകയും കീറിപ്പറിഞ്ഞ ഗ്രന്ഥത്തിന്റെ അവശിഷ്ടങ്ങൾ സൂക്ഷ്മമായി പരിശോധിച്ചും ചുക്കിച്ചുളിഞ്ഞ ഗ്രന്ഥത്താളുകൾ തലോടി നിവർത്തിയും കുറേ പഴയ ഗ്രന്ഥങ്ങളുമായി ക്ഷമാപൂർവ്വം നിരന്തരം മല്ലടിച്ചും മാപ്പിളഭാഷയിൽ വന്നുപെട്ട ദ്രാവിഡമദ്ധ്യ പൗരസ്ത്യ ഭാഷാ സങ്കലനത്തെ പറ്റി മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. ആദിമകാലത്തെ മാപ്പിള മലയാളത്തിന്റെ സ്വഭാവം നല്ലപോലെ മനസ്സിലാക്കുകയും ഏതെല്ലാം ഗ്രന്ഥങ്ങളിൽ ആ ഭാഷ ഉപയോഗിച്ചിട്ടുണ്ടെന്ന് പഠിച്ചറിയുകയും ചെയ്തിട്ടുള്ള

mappilaheritagelibrary.com

ഒരാൾക്കു മാത്രമേ അത്തരം ഒരു ഗവേഷണം സാധ്യമാകുമായിരുന്നുള്ളൂ. തിബ്ബുനബി (പ്രവാചക വൈദ്യം) തർജ്ജമ ചെയ്തുകൊണ്ടിരുന്നപ്പോൾ ക്രിസ്റ്റ് ബഹ്രി എന്ന ഉറുദുവാക്യത്തിന്റെ അർത്ഥം കിട്ടാത്തതുകൊണ്ട് എട്ടു മാസത്തോളം പരിഭാഷ നിർത്തിവെക്കേണ്ടിവന്നിരുന്നു. മാപ്പിളക്കവിയും രസികസാമ്രാട്ടുമായിരുന്ന കുഞ്ഞായിൻ മുസ്ല്യാരുടെ കപ്പപ്പാട്ടിന് ഒരു വ്യാഖ്യാനം രചിക്കുമ്പോൾ പായ്ക്കപ്പലിന്റെ ഘടനാവിശേഷങ്ങളും പദ്യത്തിലെ ചില പ്രയോഗങ്ങളെപറ്റിയും അവഗാഹം നേടേണ്ടതുണ്ടായിരുന്നു. തന്റെ ഒരു ബന്ധുവിന്റെ സഹായത്തോടെ വടകരക്കടുത്തുള്ള ഒരു വന്ദ്യവയോധികനെ കണ്ടുപിടിച്ചു. അയാളെ ഒരു ദിവസം തലശ്ശേരിയിൽ കൂട്ടിക്കൊണ്ടുവരികയും ചെയ്തിരുന്നു. അയാളുടെ വിലാസം അറിയാമായിരുന്ന ബന്ധുവിന്റെ അപ്രതീക്ഷിത മരണം എല്ലാം തകിടം മറിച്ചു. വന്ദ്യവയോധികന്റെ മാപ്പിളപ്പാട്ടിലുള്ള പാണ്ഡിത്യം അപാരമായിരുന്നു. അങ്ങിനെയുള്ള ഒരു വ്യക്തിയെ അൽപനേരം മാത്രം കൈയ്യിൽ കിട്ടി നഷ്ടപ്പെട്ടു പോയതിലുള്ള ആബുവിന്റെ ഖേദം ഒരിക്കലും അവസാനിക്കാത്തതും. പതിനൊന്നാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട ചില അറബിമലയാള ഗ്രന്ഥങ്ങൾ വരെ ശേഖരിക്കാൻ ആബുവിന് കഴിഞ്ഞിരുന്നു. ഭാഷ സമ്പുഷ്ടമാക്കിയ നബിചരിത്രവും കർമ്മശാസ്ത്ര ഗ്രന്ഥങ്ങളും വൈദ്യശാസ്ത്ര കൃതികളും അപൂർവ്വമായ പ്രേമകാവ്യങ്ങളും വാനശാസ്ത്രഗ്രന്ഥങ്ങളും അതിൽ പെടുമായിരുന്നു. അതിന്റെയെല്ലാം പിൻബലത്തിൽ കേരളയൂണിവേഴ്സിറ്റിയുടെ കീഴിൽ അറബി മലയാള സാഹിത്യസംബന്ധമായി ഗവേഷണം നടത്തിയ ജ: കെ. ബി.എം ഹുസൈൻ, കാലിക്കറ്റ് യൂണിവേഴ്സിറ്റിക്ക് കീഴിൽ ഗവേഷണം നടത്തിയ എം.എൻ.കാരശ്ശേരി എന്നിവർക്ക് ഗണ്യമായ സഹായം ചെയ്യാൻ ആബുമാസ്റ്റർക്ക് കഴിഞ്ഞു. അറബിമലയാളത്തെ വ്യാകരണ സാഹിത്യവുമുള്ള സംപുഷ്ടമായ ഒരു ഭാഷയായി അവതരിപ്പിച്ചതിന്നാണ് ആബുമാസ്റ്റർക്ക് കേരള സംഗീത നാടക അക്കാദമിയുടെ അംഗീകാരം കിട്ടിയത്. വ്യക്തിതാല്പര്യങ്ങൾ വിഗണിച്ച് ഈ സാത്വികനായ സാഹിത്യകാരൻ അറബിമലയാളത്തിന്റെ ഉന്നമനത്തിന്നു വേണ്ടി ഉത്സാഹിച്ചു.

'അറബിമലയാളം ഒരു ഭാഷാവൈകൃതമായിപ്പോയി' എന്ന് കരുതുന്നവരും മുസ്ലിംകൾ അത് അംഗീകരിച്ചത് തെറ്റായിപ്പോയി എന്ന് പരിതപിക്കുന്നവരും നമുക്കിടയിൽ ഉണ്ട്. അവർ കെ.പി.അപ്പന്റെ വാക്കുകൾ ശ്രദ്ധിക്കട്ടെ."തനിക്കുതന്നെ തെളിഞ്ഞുകിട്ടാത്ത കാര്യങ്ങൾ പറയാൻ ശ്രമിക്കുമ്പോഴും സ്വന്തം ചിന്തയില്ലാത്ത സർഗ്ഗാത്മക സങ്കീർണ്ണത ഉണ്ടെന്നു വരുത്തിത്തീർക്കാൻ കൃത്രിമമായി എഴുതാൻ തുനിയുമ്പോഴും ചില കപട രൂപങ്ങൾ ഉണ്ടാകുന്നു....."

കണ്ണശ്ശപ്പണിക്കന്മാരുടെ മലയാളവും രാമചരിതത്തിലെ ഭാഷയും ഭാഷാവൈകൃതങ്ങളായി ആരും വിശേഷിപ്പിക്കാറില്ല. മലയാള ഭാഷ അപൂർണ്ണതയിൽ നിന്ന് പൂർണ്ണതയിലേക്കെത്തിയത് എഴുത്തച്ഛന്റെ കാലത്ത് മാത്രമായിരുന്നു. സംസ്കൃതം മലയാളത്തിൽ എഴുതിയപോലെയായിരുന്നു മണി

പ്രവാളവും. എഴുത്തച്ഛന്നു മുമ്പുതന്നെ ഉണ്ടായിരുന്ന അറബീമലയാളഭാഷയിലെ ഏതാനും പദങ്ങളെ ചൂണ്ടിപറയുന്നവർ സ്വന്തം പാരമ്പര്യം സൗകര്യപൂർവ്വം മറക്കുന്നു. അയ്യായിരത്തോളം കൃതികൾ കൊണ്ട് സമ്പന്നമായിരുന്ന ഒരു ഭാഷയെ അത്രവേഗം തഴയേണ്ടതുണ്ടോ? നേരത്തെ സൂചിപ്പിച്ച പോലെ മലയാളത്തിന്റെ അതേ ശീഘ്രതയിൽ അറബീമലയാളം വളർന്നില്ല എന്നത് ഒരു വസ്തുതയാണ്. പ്രാദേശിക പദങ്ങൾ ഉച്ചരിക്കുവാൻ അറബിയിൽ സമാനങ്ങളായ അക്ഷരങ്ങൾ ഇല്ലാതിരിക്കുമ്പോൾ അതിന്നായി അറബി അക്ഷരങ്ങളിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തിത്തീർത്താണ് ഈ ഭാഷയുടെ പൂർവ്വകാല ചരിത്രം. 'ക്രോധം' 'കൊരോദ'മായി പരിവർത്തിക്കപ്പെട്ടത് ഒരു ഉദാഹരണം. അന്യഭാഷാ പദാവലികൾക്ക് പ്രവേഹിക്കാൻ മലർക്കെ വാതിൽ തുറന്നിട്ടു കൊടുത്തതായാണ് അറബീമലയാളത്തോട് അടുക്കുമ്പോൾ നാം കാണുക. മലയാളത്തിലെന്ന പോലെ അറബീമലയാളത്തിലും തമിഴിലെ ശൈലികളും പ്രയോഗങ്ങളും അധികമായുണ്ടായിരുന്നു. വില്യംലോഗൻ രേഖപ്പെടുത്തിയ മാപ്പിളപ്പെണ്ണുങ്ങൾ "തത്ത പാടും പോലെ" പാടിക്കേട്ടത് മാപ്പിളപ്പാട്ടിലെ ഈരടികളായിരിക്കണം. എല്ലാ ചുണ്ടിലും ഒരു കാലത്ത് മാപ്പിളപ്പാട്ടിന്റെ മാധുര്യം ഊറിയിരുന്നു- പ്രത്യേകിച്ചും വനിതാവിഭാഗത്തിന്റെ.

പൂർവ്വകാലത്തെ അക്ഷരാഭ്യാസവും വിജ്ഞാന സമ്പാദനവും അറബീമലയാളത്തിലായിപ്പോയത് കുറ്റകരമാവുന്നില്ല. മലയാളഭാഷയെ പരിഷ്കരിപ്പാനുള്ള ഭഗീരഥ ശ്രമങ്ങളൊന്നും അറബിമലയാളത്തിന്റെ രംഗപ്രവേശനത്തിനു വേണ്ടിയിരുന്നില്ല. പ്രവേശിച്ചപ്പോഴാകട്ടെ അത് പീലിവിടർത്തി ആടി. അപ്പോൾ അതിന്റെ സൗകുമാര്യവും സൗന്ദര്യവും എത്രയായിരുന്നു! ആദരവുകൾ അനാദരവുകളായി, അലംഭാവവും അവഗണനയുമായി മാറിത്തീർന്നപ്പോൾ നമുക്കാർക്കും അത് വേണ്ടാത്തതുമായി! അത്രയേയുള്ളൂ.

പതിനാറാം നൂറ്റാണ്ടിന്റെ മധ്യകാലത്ത് മാത്രമാണ് മണിപ്രവാളകാവ്യങ്ങൾ പ്രത്യക്ഷപ്പെട്ടത്. അതിന്നുമുമ്പ് തന്നെ അറബീമലയാള സാഹിത്യം നിലവിൽ വന്നിരുന്നു. അതിലെ പഴയപാട്ടുകൾ ഇന്ന് മിക്കവാറും മറഞ്ഞു നിൽക്കുകയാണ്. വട്ടെഴുത്തിന്റെയും കോലെഴുത്തിന്റെയും കാലത്തെ ഭാഷാസഹോദരിയെന്ന നിലക്കും അറബീമലയാളത്തിന് പഴയകാലത്ത് സ്ഥാനമുണ്ടായിരുന്നു. അറബീമലയാളത്തിൽ വർണ്ണങ്ങൾ വർദ്ധിക്കുകയും അറബി, പേർഷ്യൻ, കന്നട, തമിഴ്, സംസ്കൃതപദങ്ങൾ സ്ഥാനം പിടിക്കുകയും ചെയ്തത് രണ്ടാം ഘട്ടത്തിലാണ്. ഒരു സമ്പൂർണ്ണ ഭാഷയുടെ വളർച്ചയാണ് അതോടെ സംഭവിച്ചത്. പടപ്പാട്ട്, കിസ്സപ്പാട്ട്, കെസ്സുപാട്ട്, കത്തുപാട്ട്, ഉർദിപ്പാട്ട്, മദ്ഹ്പാട്ട്, കീർത്തനങ്ങൾ, മാലപ്പാട്ട്, കല്യാണപ്പാട്ട് എന്നിങ്ങനെ പല ഉപവിഭാഗങ്ങളുമുണ്ടായി. ഇവയ്ക്ക് ഘടനാവൈശിഷ്ട്യവും അലങ്കാര ഭംഗിയുമുണ്ടായിരുന്നു. കല്യാണപ്പാട്ടിൽതന്നെ മൈലാഞ്ചിപ്പാട്ട്, ഒപ്പനപ്പാട്ട്, അമ്മായിപ്പാട്ട് എന്നീ ഉപശാഖകളുണ്ട്. ഉത്തരേന്ത്യയിൽ ഉർദു എപ്രകാരമോ അപ്രകാരമായിരുന്നു കേരളക്കരയിൽ അറബീമലയാളം. 'കവിയും ഭാഷയും'

mappilaheritagelibrary.com

എന്ന ലേഖനത്തിൽ ഡോ: എം.ഗംഗാധരൻ ഇങ്ങനെ പറയുന്നു: "വാക്കുകളെ ഉപകരണങ്ങളായി ഉപയോഗിച്ചാണ് മനുഷ്യൻ തനിക്കുചുറ്റുമുള്ള വസ്തുപ്രപഞ്ചത്തെപ്പറ്റി ബോധവാനായത്. ഈ പ്രപഞ്ചത്തിന്റെ വിവിധവശങ്ങളെ സൂചിപ്പിക്കാനും,പലരീതിയിൽ സംയോജിപ്പിച്ചും വേർതിരിച്ചും വ്യവഹാരമാക്കാനും ചിഹ്നങ്ങളായ വാക്കുകൾ അടങ്ങുന്ന ഭാഷ മനുഷ്യനെ സഹായിച്ചു." അറബീമലയാളം ഇങ്ങനെ സഹായിച്ചത് ആറാം നൂറ്റാണ്ട് മുതൽ ഇവിടേക്കു വന്ന ഇസ്ലാമിക സംസ്കാരത്തെയും നവമുസ്ലിംകളെയുമായിരുന്നു. മലയാളത്തിലാണ് പരകീയ പദങ്ങൾ അധികം വന്നത് എന്ന് സി.വി.ഭട്ടതിരിപ്പാട് അഭിപ്രായപ്പെട്ടത് അറബീമലയാളത്തെ പറ്റി അറിവ് ലഭിക്കാത്തതുകൊണ്ട് മാത്രമായിരിക്കും. പരകീയ പദങ്ങളുടെ ഘോഷയാത്രയാണ് ഈ നവീന ഭാഷയിലുണ്ടായത്.

ഒരു കാലഘട്ടത്തിന് വിജ്ഞാനം പകരുകയും ഒരു സമൂഹത്തെ കോൾമയിർ കൊള്ളിക്കുകയും ചെയ്ത അറബീമലയാളത്തിലെ കാവ്യങ്ങൾ രണഭൂവിലിറങ്ങി രക്തസാക്ഷിത്വം വരിക്കാൻ പ്രേരിപ്പിച്ച ഒരു കാവ്യപ്രസ്ഥാനമായി അറിയപ്പെടുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്വശക്തിയും അതിന്നു മുമ്പ് പോർത്തുഗീസുകാരും ഈ ഭാഷയെ നശിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിയത് ഇതിലെ പടപ്പാട്ടുകളുടെ മാസ്മരിക ശക്തി കണ്ടും കേട്ടും അറിഞ്ഞതുകൊണ്ടായിരുന്നു. 1921 ലെ ലഹളക്കാലത്ത് അറബീമലയാള കൃതികൾ തേടിപ്പിടിച്ച് നശിപ്പിക്കാനുള്ള ശ്രമങ്ങൾ ആസൂത്രിതമായി നടന്നിരുന്നു.

1868-ൽ ബാസൽ മിഷ്യൻകാർ തലശ്ശേരിയിൽ സ്ഥാപിച്ച അച്ചുകൂടത്തിൽ നിന്നു അച്ചടിവിദ്യ ശീലിച്ച കുഞ്ഞഹമ്മദ് എന്നൊരാൾ സ്വന്തമായി ഒരു പ്രസ്സ് സ്ഥാപിച്ചതു മുതൽ അറബീമലയാള ഗ്രന്ഥങ്ങൾ അച്ചടിച്ചു തുടങ്ങീട്ടുണ്ട്. മലയാളത്തിൽ ഇന്ദുലേഖ പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് അറബീമലയാള ഭാഷയിൽ "ചാർ ദർവേശ്" എന്ന നോവൽ വെളിച്ചം കണ്ടു. ഫാർസി ഭാഷയിൽ നിന്നുള്ള വിവർത്തനമായിരുന്നു ഈ കൃതി. അറബീമലയാളത്തിൽ ധാരാളം നിഘണ്ടുക്കൾ രചിക്കപ്പെട്ടിട്ടുണ്ട്. ചാക്കീരിയുടെ പര്യായ നിഘണ്ടു, തഫ്സീർ ജലാലൈനിയെ ആശ്രയിച്ചുള്ള ഖുർആൻ വിവർത്തനം, ഇബ്നുഹജർ ഹൈത്തമിയുടെ"തുഹ്ഫ" എന്ന കർമ്മശാസ്ത്രഗ്രന്ഥത്തിന്റെ പത്തുവാള്യങ്ങൾ- ഇവ അറബീമലയാള സാഹിത്യത്തിലെ ക്ലാസിക്കുകളാണ്. പ്രാചീന മലയാളകൃതികളിൽ ഭഗവദ്ഗീതയും രാമായണവും ഭാഗവതവുമാണ് പശ്ചാത്തലമാവുന്നത്. മണിപ്രവാളത്തിൽ വൈശികതന്ത്രം തുടങ്ങിയവയും. ചമ്പുക്കളുടെ പ്രഖ്യാപിത ലക്ഷ്യവും ഭക്തിയായിരുന്നു. ഈ സാഹചര്യത്തിലാണ് അറബീമലയാള ഭാഷയുടെ അസ്തിത്വം അർത്ഥവത്താവുന്നത്. നിരണം കവികൾ സ്വീകരിച്ചത് മലയാളവും തമിഴും സംസ്കൃതവും കലർന്ന ഒരു മിശ്രഭാഷയായിരുന്നു. നാടൻപാട്ടുകളുടെ തുടർച്ചയെന്നോണം വന്ന "കൃഷ്ണഗാഥ" ഒരു ജനകീയ കൃതിയായി ഗണിക്കപ്പെടുന്നു. "സാമാന്യമായി പറഞ്ഞാൽ കൃഷ്ണഗാഥയിലെ ഭാഷാശില്പം മണിപ്രവാളം, പാട്ട്, നാടൻപട്ട് എന്നീ മൂന്ന് സാഹിത്യധാര

കളുടെയും സംയോജനത്തിൽ നിന്നുയിർകൊണ്ട നൂതനമായ ഒരു രൂപ സംവിധാനമാകുന്നു. അത് ഒരേ സമയം പഴയതിന്റെ സ്വാഭാവികമായ തുടർച്ചയും വ്യക്തമായ വൈലക്ഷണം പുലർത്തുന്ന വ്യത്യസ്തമായൊരു കാവ്യപാരമ്പര്യത്തിന്റെ നവാവതാരവുമാണ്. ചെറുശ്ശേരി പുതിയ മലയാളം സൃഷ്ടിച്ചുവെന്നല്ല ഇപ്പറഞ്ഞതിന്നർത്ഥം. 14 ഉം 15 ഉം ശതകങ്ങളിൽ 'ന്റ' രൂപങ്ങൾ നിറഞ്ഞമണിപ്രവാള കവിതകളും ഭാഷാമിശ്രമായ നിരണം കൃതികളും ജനിച്ച കാലത്തുതന്നെ നല്ല മലയാളത്തിലുള്ള രചനകൾ വടക്കൻ ദിക്കുകളിലുണ്ടായിട്ടുണ്ട്." (ചാത്തനാത്ത് അച്യുതനുണ്ണി)

അറബീമലയാളത്തിൽ സംസ്കൃത പദങ്ങൾ എഴുതുമ്പോൾ ലിപി പരിമിതിമൂലം അനുയോജ്യമായ മാറ്റം വരുത്തിയതിന്നുദാഹരണമാണ്. 'കൊരോദം'. 'ക്രോധം' തെറ്റിച്ചുച്ചരിച്ചതാണ് 'കൊരോദം' എന്ന വ്യാഖ്യാനം ശരിയല്ല. വായ്മൊഴി തെറ്റിപ്പോയതാണെന്നു സംശയിച്ചു പോകുന്ന പല പദങ്ങളും കൃഷ്ണഗാഥയിലുണ്ട്. ഒവ്വാതെ (ഒക്കാതെ) ഓർച്ച (ഓർമ) ഇടങ്ങാറ്(തടസ്സം) കൂറ്റ് (ശബ്ദം) തോലിയം (തോൽവി) ചെറുശ്ശേരിയുടെ ചില പ്രയോഗങ്ങൾ സംഭവിച്ചത് അനവധാനത മൂലമാണ് എന്ന് ഉള്ളൂർ അഭിപ്രായപ്പെട്ടിട്ടുമുണ്ട്.

അറബീമലയാള ഭാഷയിലെ വ്യാകരണം അന്യൂനമല്ലായിരിക്കാം. പക്ഷേ "ഒരു മിശ്രഭാഷയിൽ സംഭവിക്കാവുന്ന ന്യൂനതകളെ പെരുപ്പിച്ചു കാട്ടേണ്ടതില്ല. വ്യാകരണത്തിൽ പാണ്ഡിത്യമുള്ളവർ ഒത്തുചേർന്ന് പരിഹരിക്കേണ്ട പ്രശ്നമാണത്. കൃഷ്ണഗാഥയിൽ കാണുന്ന വ്യാകരണങ്ങൾ വ്യാകരണപരമായ സവിശേഷതകളായേ ഭാഷാശാസ്ത്രജ്ഞൻമാർ പറയുന്നുള്ളൂ- ഉള്ളൂരിനെപോലുള്ളവർ അംഗീകരിക്കുന്നില്ലെങ്കിലും" (കാവ്യഭാഷയിലെ പ്രശ്നങ്ങൾ- (പേജ് 135) ആബു പറയുന്നതും ഒരിക്കൽകൂടി ശ്രദ്ധിക്കുക. "മാപ്പിളസാഹിത്യം പഠിക്കുകയും അതിന്ന് ഇന്നോളമുണ്ടായിട്ടുള്ള വ്യാകരണഗ്രന്ഥങ്ങൾ അപര്യാപ്തമാണെന്ന് വരുന്ന പക്ഷം ഒരു വ്യാകരണ ഗ്രന്ഥം രചിക്കുകയുമാണാവശ്യം.

"രാമചരിതത്തിൽ കാണുന്നതുപോലെ സമ്പൂർണ്ണക്രിയാശബ്ദാന്ത്യമായി 'ത്തു' അറബിമലയാളത്തിലും ധാരാളമായി ഉപയോഗിച്ചു കാണാറുണ്ട്. സാങ്കേതിക പഠനത്തിന്നു വിധേയമാക്കിയവർ അറബിമലയാളത്തിന് രണ്ട് ലഘുവ്യാകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. മാറ്റത്തിരുത്തലുകളില്ലാതെ നിൽക്കുന്നത് സംസ്കൃത വ്യാകരണമാണ്." ഫാദർ ജോൺ കുന്നപ്പള്ളിയുടെ 'ശബ്ദസൗഭഗം' എന്ന വ്യാകരണഗ്രന്ഥത്തിന്റെ അവതാരികയിൽ കെ. വി.ആർ.പൈ പറയുന്നു: "വളർന്നുകൊണ്ടിരിക്കുന്ന ഭാഷയുടെ വ്യാകരണത്തിന്നു കൂടെക്കൂടെ പരിഷ്കരിച്ച പതിപ്പുകൾ ഉണ്ടാകാതെ വയ്യ. സംസ്കൃതത്തെ പോലെ മിക്കവാറും നിശ്ചലമായിരിക്കുന്ന ഭാഷകൾക്ക് 'അഷ്ടാധ്യായി' പോലെ സ്ഥിരമായ വ്യാകരണം മതിയായിരിക്കണം."

അറബിമലയാളഭാഷയുടെ അതിശക്തമായ വക്താക്കളിൽ ഒരാളായ ഒ.ആബു ആ ഭാഷയിൽ നിരന്തരമായ ഗവേഷണങ്ങൾ നടത്തിക്കൊണ്ടി

mappilaheritagelibrary.com

രുന്ന ഒരു വ്യക്തിയായി കൂടിയാണ് അറിയപ്പെട്ടത്. തന്റെ തന്നെ ചില നിഗമനങ്ങൾ മാറ്റിപ്പറയാൻ അദ്ദേഹം മടികാണിച്ചിരുന്നില്ല. സഫീനപ്പാട്ടുകളെപ്പറ്റിയുള്ള ഗവേഷണം "അറബിമലയാള സാഹിത്യ ചരിത്രത്തിനുമപ്പുറം അദ്ദേഹം കൊണ്ടുപോയി. "മഹാനായ കുഞ്ഞായൻ മുസ്ല്യാർ രചിച്ച "കപ്പപ്പാട്ട്" എന്ന കൃതിക്കുശേഷം എഴുതപ്പെട്ട അറബിമലയാള പദ്യകൃതികൾ സഫീനപ്പാട്ടുകൾ എന്ന പേരിൽ അറിയപ്പെട്ടു" എന്ന് അറബീമലയാളസാഹിത്യചരിത്രത്തിൽ ഞാൻ പറഞ്ഞത് ഇവിടെ തിരുത്തുകയാണ്. ആ പുസ്തകത്തിലെ ചില വസ്തുതകൾ ഈ പുസ്തകത്തിൽ വിശദീകരിക്കുമ്പോൾ ചില തിരുത്തുകൾ ആവശ്യമായി വന്നിട്ടുണ്ട്." പ്രസിദ്ധീകരിക്കാൻ വേണ്ടി എഴുതി അപൂർണ്ണമായി വെച്ചിട്ടുള്ള 'സഫീനപ്പാട്ടുകളുടെ ലക്ഷണം' എന്ന ഗ്രന്ഥത്തിലാണ് ഇങ്ങനെ കാണുന്നത്. അദ്ദേഹം തുടരുന്നു. "വ്യക്തിഹൃദയങ്ങളെ രസിപ്പിക്കുകയും,പവിത്രീകരിച്ചും ആത്മീയബോധവും ധർമ്മചിന്തയും ഉദ്ദീപിപ്പിച്ചും ജീവിതത്തെ കളങ്കരഹിതമായും സോദ്ദേശ്യപൂർണ്ണമായും നയിക്കുവാൻ പ്രേരിപ്പിക്കുക എന്നതാണ് സഫീനപ്പാട്ടുകളുടെ ഉദ്ദേശ്യം. ഈ ഉദ്ദേശ്യത്തെ മറികടക്കുന്ന കൃതികൾ അറബീമലയാളത്തിൽ എഴുതപ്പെട്ടാലും ഏതു രീതിയിൽ എഴുതപ്പെട്ടാലും ഏത് സൈസ് കടലാസിൽ ലേഖനം (മുദ്രണം) ചെയ്യപ്പെട്ടാലും സഫീനപ്പാട്ടുകളാവുകയില്ല. വ്യക്തമായിപ്പറഞ്ഞാൽ നാടോടിപ്പാട്ടുകളിൽ ചിലത് മലയാളസാഹിത്യത്തിൽ ഉൾപ്പെടുത്താൻ പറ്റാത്തവയായി നിൽക്കുന്നതു പോലെ മാപ്പിളപ്പാട്ടുകൾ എന്ന പേരിൽ രചിക്കപ്പെടുന്ന ചിലഗാനങ്ങൾ സഫീനപ്പാട്ടുകളിൽ പെടുത്താൻ പറ്റാത്തവയായി നിൽക്കുന്നുണ്ട്." മാപ്പിളപ്പാട്ടിന്റെ പരിശുദ്ധനാമം സഫീനപ്പാട്ടുകളെന്നാക്കണം എന്നായിരുന്നു ആബുവിന്റെ ആഗ്രഹം. കേരള സംഗീത നാടക അക്കാദമി നൽകിയ അവാർഡിന് നന്ദിപ്രകാശിപ്പിച്ചുകൊണ്ട് ഈ അഭിപ്രായം തന്റെ മറുപടി പ്രസംഗത്തിൽ കൊച്ചിയിലെ തുറന്ന വേദിയിൽ അറബീമലയാള ഭാഷയുടെ ആ കാവൽഭടൻ പ്രഖ്യാപിച്ചു.

കാസർഗോട്ടെ ഉബൈദിന്റെയും പുന്നയൂർകുളത്തെ ബാപ്പുവിന്റെയും തലശ്ശേരിയിലെ ആബുവിന്റെയും നിര്യാണത്തോടെ മാപ്പിളപ്പാട്ടിന്റെ വർണ്ണശബളമായ തൂവലുകൾ കൊഴിഞ്ഞുപോയി. ആബു മുഖ്യമായും കൈവെച്ചത് പൗരാണികമായ മാപ്പിളപ്പാട്ടുകളിലും ഗദ്യസാഹിത്യകൃതികളിലുമായിരുന്നു. മഹാകവി മോയിൻകുട്ടി വൈദ്യരുടെ കൃതികളുടെ പുനഃപ്രകാശനത്തിലൂടെയും സ്മാരകനിർമ്മാണത്തിലൂടെയും കാണുന്ന ഉണർവ്വ് മാപ്പിളപ്പാട്ടുകളുടെ മൂന്ന് മുൻ സാരഥികളുടെയും ആത്മാവിനെ സന്തോഷിപ്പിക്കുമായിരിക്കും.

***** ***** *****

ദൈന്യതയുടെ വടക്കേയറ്റം

ഇഖ്ബാൽ കവിതകളെപറ്റി ആഴത്തിൽ പഠിക്കുകയും മനനം ചെയ്യുകയും ആ മഹാകവിയുടെ ഒന്നിലധികം രചനകൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യുകയും ചെയ്ത രണ്ടു പ്രമുഖ ഗദ്യകാരന്മാർ കേരളത്തിന്റെ തെക്കും വടക്കും ജീവിച്ചിട്ടുണ്ടായിരുന്നു. പരവൂരിൽ വക്കം അബ്ദുൽ ഖാദറും തലശ്ശേരിയിൽ ഒ.ആബുവും. രണ്ടുപേരുടെയും ജീവിതത്തിൽ ഒരു പാട് സാമ്യതകൾ കണ്ടിരുന്നു. ഇരുവരും പ്രസംഗവേദികൾ ഒഴിവാക്കി ഗ്രന്ഥ രചനകളിൽ മുഴുകി. തുടക്കത്തിൽ രണ്ടുപേരും പത്രപ്രവർത്തനത്തിലാണ് ശ്രദ്ധിച്ചിരുന്നത്. രണ്ടു വൈദ്യന്മാരായിരുന്നു രണ്ടുപേർക്കും സാമ്പത്തിക സഹായവും മറ്റും ചെയ്തുകൊടുത്തത്. വക്കത്തിന് തോമസ് വൈദ്യരും ആബുവിന് മലയാള ഫാർമസി വൈദ്യർ എം.വി. മുഹമ്മദും, മഹാരഥന്മാരായ കേസരി ബാലകൃഷ്ണപ്പിള്ള വക്കം അബ്ദുൽ ഖാദറിന്നും മൂർക്കോത്ത് കുമാരൻ ഒ. ആബുവിന്നും മാർഗ്ഗദർശികളായി. മരണവുമായി മല്ലിട്ടു ജീവിക്കുമ്പോഴും അബ്ദുൽ ഖാദറും ആബുവും തങ്ങളുടെ ചികിത്സക്കുവേണ്ടി ഫണ്ട് ശേഖരിക്കുന്നതിനെ എതിർത്തു. വക്കം ഒരു ചികിത്സയും വേണ്ടെന്നു പറഞ്ഞ വ്യക്തിയായിരുന്നു. ആബു, തന്നെ ചികിത്സിച്ച ഡോക്ടർ ജോസിനോട് തമാശരൂപത്തിൽ ചോദിച്ചു. "ഡോക്ടർ, താങ്കൾ എന്നിൽനിന്നു ഫീസ് വാങ്ങാത്തത് എന്റെ രോഗങ്ങൾ മാറുകയില്ലെന്നു തീർച്ചയാക്കിയതു കൊണ്ടായിരിക്കും അല്ലേ?" ജോസ് ഡോക്ടർ ഈ പരാമർശത്തിനുശേഷം തന്റെ രോഗിയുടെ ആശ്വാസവും ആത്മവിശ്വാസവും മുൻനിറുത്തി ഫീസ് സ്വീകരിച്ചുതുടങ്ങി. രണ്ടുപേരും അറുപത്തിനാലാം വയസ്സിലാണ് കാലഗതി പ്രാപിച്ചത്.

mappilaheritagelibrary.com

തലായ് മാക്കൂട്ടം സ്കൂളിലും പൊന്ന്യം മാപ്പിള സ്കൂളിലും പഠിപ്പിച്ചതു കൊണ്ടാണ് യുവാവായിരിക്കുമ്പോൾ തന്നെ ആബുവിന് 'മാസ്റ്റർ' പട്ടം കിട്ടിയത്. ഒരു പരസ്യത്തിൽ ആകൃഷ്ടനായി അദ്ധ്യാപനം നിർത്തി മിലിട്ടറി സർവ്വീസിൽ ചേർന്നു. ദൂരെ ചിറ്റഗോങ്ങിലായിരുന്നു നിയമനം കിട്ടിയത്. മാസങ്ങൾ കഴിഞ്ഞപ്പോൾ മിലിട്ടറി ഓഫീസിലെ ജോലി മടുത്ത് രാജിവെച്ചു. നാട്ടിൽ തിരിച്ചെത്തിയ ശേഷം ഡോക്ടർ ലോഹ്യയുടെ ആഹ്വാനം കേട്ടാണ് ഉപ്പുസത്യഗ്രഹത്തിനു പുറപ്പെട്ടത്. സോഷ്യലിസ്റ്റ് പത്രമായ പൗരധ്വനിയിൽ എഴുതിത്തുടങ്ങുകയും പത്രത്തിന്റെ മാനേജർ സ്ഥാനം വഹിക്കുകയും ചെയ്തു. മൂർക്കോത്ത് കുമാരനുമായുള്ള അടുപ്പം ശ്രീനാരായണ സന്ദേശം പഠിക്കാൻ അവസരം നൽകി. സാമൂഹ്യരംഗത്തെന്നപോലെ തന്നെ അക്കാലത്ത് സാഹിത്യത്തിലും ശ്രീനാരായണ സന്ദേശത്തിന്റെ കാഹളധ്വനി മുഴങ്ങിയിരുന്നു. 1936-ൽ ആബു രചിച്ച ആദ്യത്തെ കവിതയുടെ പേരും 'എന്റെ ഗുരു'വെന്നായിരുന്നു. അതോടെ തന്റെ രംഗം ഗദ്യരചനയും കവിതയെഴുത്തും പത്രപ്രവർത്തനവുമാണെന്ന തിരിച്ചറിവുമുണ്ടായി. ജീവിതകാലം മുഴുവൻ എഴുത്തിൽ അടിയുറച്ചു നിൽക്കുകയും ചെയ്തു. ആബുവിന്റെ തൂലികയുടെ പിന്തുണ കിട്ടാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും ആഗ്രഹിച്ചു. ആ കരുത്ത് സമുദായത്തിന്റെ സംസ്കരണത്തിനും സമൂഹത്തിന്റെ ഉയിർത്തെഴുനേൽപിന്നും വേണ്ടി ഉപയോഗപ്പെടുത്താനാണ് ആബു തീരുമാനിച്ചത്. ശ്രീനാരായണസംഘം മാറ്റം വരുത്താൻ ആഗ്രഹിക്കുന്ന ചില അനാചാരങ്ങൾ തന്റെ സമുദായത്തിലും അള്ളിപ്പിടിച്ചിരിക്കുന്നുവെന്ന ബോധം അദ്ദേഹത്തിൽ ഉണർന്നു. സ്ത്രീധന സമ്പ്രദായത്തിന്നും, കാതുകുത്ത് കല്യാണത്തിനും മാർക്കക്കല്യാണത്തിനും എതിരെ ശക്തമായി തിരിഞ്ഞു. അതേപ്പറ്റി കുറേ രചനകൾ നടത്തി. "ഹറാമിന്റെ മക്കൾ" എന്ന സംഗീത നാടകം രചിച്ചതിന്ന് പല എതിർപ്പുകളും സമുദായത്തിൽ നിന്നുയർന്നു. പക്ഷെ അത് അരങ്ങേറിയ തലശ്ശേരിയിലും കണ്ണൂരിലും ആളുകൾ നാടകത്തിന്റെ യഥാർത്ഥ സന്ദേശം തിരിച്ചറിഞ്ഞു. കെ.ടി.മുഹമ്മദിന്റെ 'ഇതു ഭൂമിയാണ്' എന്ന നാടകവും പി.എൻ.എം ആലിക്കോയയുടെ 'വമ്പത്തീ നീയാണ് പെണ്ണും' അരങ്ങേറുന്നതിനു വളരെ മുമ്പ് ചെറുതല്ലാത്ത ചലനം സൃഷ്ടിക്കാൻ 'ഹറാമിന്റെ മക്കൾ'ക്കും' കഴിഞ്ഞിരുന്നു. വഞ്ചിപ്പാട്ട് രീതിയിൽ രചിച്ച നാടകത്തിലെ ഒരു ഗാനം വളരെ പോപ്പുലറായിരുന്നു.

"കാശുപണം കാശുപണം സമുദായം മുടിക്കുന്ന
നാശകാരീ, മഹാമാരീ നശിച്ചില്ലേ നീ
എത്രയെത്രയോഷമാരെ കരയിച്ചു നീ
ഇതളുകൾ വിരിയും മുമ്പെത്രയെത്രപൂമൊട്ടുകൾ
ഇറുത്തഹോ നിലത്തിട്ടു കരിച്ചില്ലേ നീ"

ഈ വരികൾ എഴുതി ദശകങ്ങൾ കഴിയുന്നതിനു മുൻപ് യാഥാർത്ഥത്തിലുള്ള ഒരു ഒളിച്ചോട്ട നാടകം തലശ്ശേരിയിൽ അരങ്ങേറി. മുകുന്ദ് ടാക്കീസിന്നു സമീപമുള്ള ഉന്നത തറവാട്ടിൽ നിന്നു ഒരു മുസ്ലിം പെൺകുട്ടി

അമുസ്‌ലിം യുവാവിന്റെ കൂടെ ഒളിച്ചോടിപ്പോയി. "ഇതളുകൾ വിരിയും മുമ്പെ ഒരു മനോഹര പുഷ്പം കൂടി നിലത്ത് വീണു ചവുട്ടി മെതിക്കപ്പെട്ടു". 'ഭാഗ്യ ലക്ഷ്മി'യായിത്തീർന്ന പ്രസ്തുത പെൺകുട്ടിക്ക് ഭാവിയിൽ സംഭവിക്കാ വുന്ന വിപത്തുകൾ ഭാവനയിൽ കണ്ടുകൊണ്ട് ആബു മാസ്റ്റർ രചിച്ച കൊച്ചു നോവൽ- ഒളിച്ചോടിയ പെണ്ണ് എത്രയോ പേരെ കരയിച്ചു. കരയിപ്പിക്കുക യും, ചിന്തിപ്പിക്കുകയും ചെയ്യുന്ന കുറേ കഥാപാത്രങ്ങൾ അതിലുണ്ടായിരു ന്നു. തുടർന്ന് മാസ്റ്ററുടെ വക, സമുദായ നേതൃത്വത്തിനു നേരെ വിരൽ ചൂണ്ടുന്ന ഒരു കവിതയും പ്രത്യക്ഷപ്പെട്ടു.

"തേനോ കുടിക്കൂല്ല കുടിപ്പിക്കൂല്ല
ദീനോ നടത്തൂല്ല നടത്തിക്കൂല്ല
നീയോ മരിക്കൂല്ല മരിപ്പിക്കൂല്ല
തീയോ കെടുത്തൂല്ല കെടുത്തിക്കൂല്ല"

എതിർപ്പുകളെ വകവെക്കാതെ സാമൂഹ്യനന്മക്കു വേണ്ടി തൂലിക ചലി പ്പിച്ച ആബു ഹൃദ്രക്തത്തിൽ മുക്കിയാണ് ചില വരികൾക്ക് ജീവൻ നൽകി യത്. ലോഹ്യയുടെയും കേശവദേവിന്റെയും പൊൻകുന്നം വർക്കിയുടെയും അതേ സ്വരം തന്നെയായിരുന്നു ആബുവും കേൾപ്പിച്ചുകൊണ്ടിരുന്നത്. മുഹ്‌യിദ്ദീൻമാലയിലെ സാഹിത്യാംശത്തെ കാണാതെ ആ കാവ്യത്തെ എതിർക്കുന്ന 'പുരോഗമനക്കാരെ' കണ്ടാൽ ആബു സുന്നീപക്ഷത്താകും. 'ഖുർആൻ പഠനത്തിന് ഒരു മുഖവുര' എന്ന ഖാജാ കമാലുദ്ദീന്റെ നിസ്തുല കൃതിയിലെ മനോഹരമായ ആശയങ്ങൾ കാണാതെ അതിനെ അന്ധമായി എതിർക്കുന്നവരെ കണ്ടാൽ അദ്ദേഹം ഖാദിയാനീ പക്ഷത്താവും. അയാൾ പ്രോഗ്രസീവ് ലീഗുകാരനാണെന്നു പറഞ്ഞുനടക്കുന്നവർ അദ്ദേഹം രചിച്ച സിഎച്ച്.മുഹമ്മദ് കോയ അവതാരിക എഴുതി പ്രസിദ്ധീകരിച്ച 'സീതിസാ ഹിബ്' എന്ന കൃതി കയ്യിലെടുക്കുമ്പോൾ ഇയാൾ ഒരു ലീഗുകാരനല്ലേ എന്ന് അത്ഭുതപ്പെടും. ലീഗുകാരനായ ഒ.മാഹിനാലി നടത്തിയ 'മുജാഹിദ്' പത്ര ത്തിന്റെ സഹപത്രാധിപരാണെങ്കിലും ആബുമാസ്റ്റർ ലീഗുകാരനുമായിരു ന്നില്ല. അക്കാലത്ത് ഒരു ലീഗുകുപ്പായമിട്ടിരുന്നെങ്കിൽ അദ്ദേഹത്തെ അന്വേ ഷിച്ച് എത്രയോ പണവും പ്രതാപവും വരുമായിരുന്നു. സൂഫിസത്തിന്റെ കവാടങ്ങളിലെല്ലാം മുട്ടിനോക്കിയ ആബുമാസ്റ്റർ ഇഖ്ബാലിന്റെ 'ജീവിതര ഹസ്യ'ത്തിലാണ് ഉറച്ചുനിന്നത്. സ്വതന്ത്രചിന്ത അദ്ദേഹത്തെ 'ഇമാം ഗസ്സാലി'യിലും 'ശ്രീനാരായണഗുരു'വിലും എത്തിച്ചിരുന്നു. ആബുവെന്ന അത്ഭുത പ്രതിഭാസത്തെ ആർക്കും സ്വന്തമാക്കാൻ കഴിഞ്ഞിരുന്നില്ല. ആബു വിന്റെ യഥാർത്ഥ മുഖം കണ്ടെത്താനാവുന്നവർ 'നാളെ'യുടെ വാതിൽക്കൽ കാത്തിരിക്കുന്നുണ്ടാവും. അദ്ദേഹവുമായി അടുത്തു പെരുമാറിയ ഒരു ശിഷ്യൻ ചോദിച്ചു: "ഞാൻ താങ്കളെ പോലുള്ള ഒരു എഴുത്തുകാരനാവാ ത്തതെന്താണ്?" മാസ്റ്ററെ ചൊടിപ്പിക്കാനായിരുന്നു ആ ചോദ്യം. ഉടനെ ഉത്തരം വന്നു: "നീ ഇതുവരെ പട്ടിണി ശീലിച്ചിട്ടുണ്ടോ?" മഹാ പണ്ഡി തനും ചരിത്രകാരനുമായിരുന്ന ഇബ്നു ഖൽദൂൻ ദാരിദ്ര്യത്തെ പറ്റിയും പട്ടി

mappilaheritagelibrary.com

ണിയെ പറ്റിയും എഴുതിയതെല്ലാം ആബുവിന്റെ ആത്മാവിന്റെ പഥ്യമായ ആഹാരമായിരുന്നല്ലോ.

കേരളത്തിന്റെ തെക്കുള്ള എഴുത്തുകാർ എപ്പോഴും ഭാഗ്യവാൻമാരാ യിരുന്നു. അവരെ ശ്രദ്ധിക്കാൻ ഏറെ പേർ കാണും. ആബു വടക്കേ മൂല യായ തലശ്ശേരിയിൽ ചുരുണ്ടുകൂടാൻ വിധിക്കപ്പെട്ടവനായിരുന്നു. അധ്യാപ നം, സൈനികസേവനം, പത്രപ്രവർത്തനം, ഗ്രന്ഥരചന എന്നീ രംഗങ്ങളിൽ ഭാഗ്യപരീക്ഷണം നടത്തിയ അദ്ദേഹത്തിന് കിട്ടിയ വരുമാനം എപ്പോഴും തുച്ഛമായിരുന്നു. കേന്ദ്ര സാഹിത്യ അക്കാദമിയുടെ പെൻഷൻ തുക ചെറിയ ആശ്വാസം നൽകി. തന്റെ നാല്പത് കൃതികളിൽ ഒന്നുപോലും സൂക്ഷിച്ചു വെക്കാതിരുന്നത് കേവലമായ അനാസ്ഥ കൊണ്ടായിരുന്നില്ല. സാമ്പത്തിക മായ പ്രത്യേക അവസ്ഥാവിശേഷം കൊണ്ടായിരുന്നു. കിട്ടിയ അവസാനത്തെ കോപ്പി പോലും ഓരോരോ പ്രതിസന്ധിയിൽ പെട്ട് വിറ്റുപോകും. ആബു ജീവിക്കാൻ ചക്രശ്വാസം വലിക്കുമ്പോൾ ചില പ്രസാധകർ അടുത്തുവന്നത് ഡ്രാക്കുളയെ പോലെയായിരുന്നു. മരിച്ചിട്ടും, ശവത്തിൽ കുത്തുന്ന കഴു കൻമാരെ പോലെ അദ്ദേഹത്തിന്റെ കുടുംബത്തെ അവർ വട്ടമിട്ടു. ഒരിക്കൽ അത്യപൂർവ്വമായ ഒരു ഗ്രന്ഥം ആബുവിന്റെ പക്കൽ കണ്ട ഒരു പ്രസാധ കൻ അതിന്റെ വിലയന്വേഷിച്ചു. മാസ്റ്റർ പല ഒഴിവുകഴിവുകൾ പറഞ്ഞിട്ടും അയാൾ പിന്മാറിയില്ല. അപ്പോൾ യഥാർത്ഥ വിലയുടെ ഇരട്ടി പറഞ്ഞു. പ്രസാ ധകൻ ആ ഗ്രന്ഥത്തിന്റെ അപൂർവ്വത മനസ്സിലാക്കി മാസ്റ്റർ പറഞ്ഞ വില കീശയിൽ നിന്നെടുത്തു കൊടുത്തു. ആബുസാഹിബ് ഒന്നും പറയാനാ വാതെ അയാളുടെ മുഖത്തേക്ക് ദയനീയമായി നോക്കി. മാസ്റ്ററുടെ ഒരു ത്തമസുഹൃത്ത് അവിടെ വെച്ചുപോയതായിരുന്നു ആ അമൂല്യ ഗ്രന്ഥം. കുറച്ചു ദിവസം കഴിഞ്ഞ് സുഹൃത്ത് വന്നു തിരക്കിയപ്പോൾ മാസ്റ്ററുടെ അവസ്ഥ കൂടുതൽ ദയനീയമായി. ഒന്നും പറയാനാവാതെ തലകുനിച്ചിരു ന്നപ്പോൾ സുഹൃത്തിന്റെ മട്ടു മാറി. വാക്കുകൾ സഭ്യതയുടെ അതിർവിട്ടു തുടങ്ങിയപ്പോൾ, മാസ്റ്ററുടെ കണ്ണിൽ നിന്ന് രണ്ടിറ്റു ചുടുകണ്ണീർ മാപ്പിളസാഹിത്യക്കുമ്പാരത്തിൽ വന്നു പതിച്ചു. അതോടെ മാസ്റ്റർക്കു നഷ്ട പ്പെട്ടത് അപൂർവ്വമായ ഒരു ഗ്രന്ഥവും ഒരു ചിരകാല സുഹൃത്തിനെയുമായി രുന്നു.!

മാസ്റ്ററുടെ കഴിവും അറിവും മനസ്സിലാക്കി സഹായ സഹകരണങ്ങൾ ചെയ്തുകൊടുത്തവരായിരുന്നു ചരിത്രകാരന്മാരായ പി.എ.സെയ്തു മുഹ മ്മദും ഡോക്ടർ സി.കെ.കരീമും. തങ്ങളുടെ ചരിത്രപരമായ ദൗത്യം ചെറിയ മട്ടിലെങ്കിലും ചെയ്തുവെന്ന ചാരിതാർത്ഥ്യം അവർക്കുമുണ്ടാവും. സെയ്തു മുഹമ്മദ് പലപ്പോഴും സംസ്കൃതത്തിലായിരിക്കും മാസ്റ്ററുമായി സംസാരി ക്കുക. കരീം ഇംഗ്ലീഷിലും. മൂർക്കോത്ത് കുമാരൻ, തിരുമുഖത്ത് കുഞ്ഞി രാമൻ വൈദ്യർ, ടി.സി പണിക്കർ, ഒതേനൻ ഗുരിക്കൾ-ഇവരിൽ നിന്ന് മാസ്റ്റർ സംസ്കൃതം പഠിച്ചിരുന്നുവെന്ന് അദ്ദേഹത്തിന്റെ ആത്മസുഹൃത്ത് കോട്ടുളി

അപ്പുക്കുട്ടൻ വൈദ്യർ രേഖപ്പെടുത്തിയിട്ടുണ്ട്. സെയ്ത് മുഹമ്മദിന്റെ അകാല ചരമത്തിൽ അതീവ ദുഃഖിതനായിരുന്നു ആബു മാസ്റ്റർ.

ഡോക്ടർ സി.കെ.കരീം എഴുതിയപോലെ "ഭാഷാസാഹിത്യ വേദിയിൽ ഉന്നതരോടൊപ്പം ആബുവെ പ്രതിഷ്ഠിക്കാൻ ആരും മിനക്കെട്ടില്ല. പണ്ഡിതോചിതവും, വൈജ്ഞാനികവുമായ ആ ഗ്രന്ഥങ്ങളെപ്പറ്റിയുള്ള പഠനമോ, ആസ്വാദനമോ, പരാമർശം പോലുമോ നടത്തുവാൻ അധികപേരും ഒരുങ്ങിയില്ല. ആബുസാഹിബിനെപ്പോലെ ജീവിതകാലം മുഴുവൻ സാഹിതീസപര്യ നടത്തി, ആ പ്രവർത്തനങ്ങളുടെ ഇടക്കു തന്നെ ചരമം പൂകിയ അധിക പേരെ കേരളം കണ്ടിരിക്കുകയില്ല. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും ഇസ്ലാമിക പ്രസ്ഥാനവുമായിട്ടുണ്ടായിരുന്ന ബന്ധവുമായിരുന്നു ഇതിന്നുള്ള കാരണങ്ങളിലൊന്ന്. തലസ്ഥാന നഗരിക്കു ചുറ്റുമുള്ള 'സംപൂജ്യർ"ക്കു മാത്രമേ അംഗീകാരം കിട്ടുള്ളൂ എന്നുള്ള ഒരു ദാരുണാവസ്ഥയും ഏറെക്കാലം നിലനിന്നിരുന്നു. മുസ്‌ലിം സമുദായമെങ്കിലും ഒ.ആബുവെന്ന മാപ്പിള സാഹിത്യകാരനോടുള്ള തങ്ങളുടെ കടപ്പാടുകൾ അദ്ദേഹത്തിന്റെ ജീവിത കാലത്തും മരിച്ചിട്ടും തീർത്തിട്ടുണ്ടോ എന്ന ചോദ്യവും ബാക്കിനിൽക്കുന്നു." ആബുവിന്റെ ഇടത്തും വലത്തുമായി ഉരുകിത്തീർന്ന മെഴുകുതിരി വെട്ടത്തിലായിരുന്നു അദ്ദേഹത്തിന്റെ പല പ്രശസ്തമായ കൃതികളും ജന്മം കൊണ്ടത്. വിശപ്പിനെ മെരുക്കിയെടുക്കാൻ അദ്ദേഹം കണ്ട പ്രതിവിധികളായിരുന്നു ചായയും, വാദ്ധ്യാർ ബീഡിയും. അറുപതിലും അദ്ദേഹത്തിന്റെ തലയിൽ നരകയറിയിട്ടുണ്ടായിരുന്നില്ല. വിശാലമായ നെറ്റിത്തടത്തിനു കീഴിൽനക്ഷത്രങ്ങൾ പോലെ രണ്ടു കണ്ണുകൾ ജ്വലിച്ചു നിന്നു. വലത്തേത് എന്റെതു പോലെ തെറ്റ് കണ്ണായിരുന്നു. ചുളിവ് വീഴാത്ത കൈകാലുകൾ പ്രായം വിളിച്ചു പറഞ്ഞില്ല. ബാഹ്യശരീരത്തിൽ അതിന്റെ പ്രകടനങ്ങളൊന്നുമുണ്ടായിരുന്നില്ല. ചെറുപ്പത്തിൽ ശീലിച്ച കളരിപ്പയറ്റ് ശരീരത്തെ വടിവൊത്തതായി സൂക്ഷിച്ചു. പക്ഷേ നിർനിദ്രരാവുകൾ ജീവസ്സുറ്റ കൃതികൾക്കൊപ്പം സമ്മാനിച്ച അസുഖങ്ങൾ എന്നും അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു.

ആബു ഒരു പാട് കൃതികൾ അപൂർണ്ണമായി വെച്ചാണ് വിടപറഞ്ഞത്. ഒന്നിലധികം ഒരേ സമയത്ത് തയ്യാറാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ശീലം. സരസ്വതീ ബ്രാഹ്മണർക്കുവേണ്ടി ഒരു ലിഖിത ഭാഷ, എന്ന അദ്ദേഹത്തിന്റെയും സുഹൃത്ത് ആർ.എസ്.പ്രഭുവിന്റെയും സ്വപ്നവും നിറവേറാതെ പോയി. പ്രഭുവിന്റെ പൊടുന്നനെയുള്ള മരണമായിരുന്നു പ്രധാന കാരണം.

ജൂബിലി റോഡിലുള്ള സാമാന്യം നല്ല വീട് വിറ്റപ്പോൾ അദ്ദേഹത്തിന്റെ കൈയ്യിൽ കുറേ കാശു വന്നു. അതു കൊണ്ട് കുറേ കടബാധ്യതകൾ തീർത്തു. ചേറ്റം കുന്നിലെ ഇടവഴിയിൽ ഒരു ചെറിയ ഭവനം വാങ്ങി, അവിടേക്കു താമസം മാറ്റി. ഏതു ഊടുവഴിയിലും ഇരിക്കാൻ ഒരു ചെറിയ മുറി കിട്ടിയാൽ അവിടേക്കു അദ്ദേഹത്തിന്റെ ഓഫീസ് മുറിയും മാറ്റും.

mappilaheritagelibrary.com

അൽപം വാടകകുറയണമെന്നേ ഉണ്ടായിരുന്നുള്ളൂ. മാസാന്തശല്യമായ വാടകയിൽ നിന്നു തീരെ മുക്തമാകാൻ ഒടുവിൽ തന്റെ വീട്ടിലെ കോലായിൽ തന്നെ മേശയും കസേരയും കൊണ്ടുവെക്കേണ്ടിവന്നു. ഓരോ മാളികപ്പുറം വിടുമ്പോഴും അവിടെ വിൽക്കാൻവെച്ച അന്യ പ്രസിദ്ധീകരണങ്ങൾ തുച്ഛമായ വിലക്ക് കൊടുത്ത് ഒഴിവാക്കേണ്ടിവരും. മതപരമായ പുസ്തകങ്ങൾ വാങ്ങാൻ ഓണം കേറാ മൂലയിൽ വരുന്നവർ വിരലിലെണ്ണാവുന്നവർ മാത്രം. ഹരജികളും നോട്ടീസുകളും തയ്യാറാക്കുവാൻ മാസ്റ്ററെ അന്വേഷിച്ചു നടക്കുന്നവർ അദ്ദേഹം പോകുന്നേടത്തെല്ലാം എങ്ങിനെയെങ്കിലും എത്തും. മാസ്റ്റർ പലപ്പോഴും തട്ടിക്കൂട്ടാറുള്ള ലഘുലേഖകൾ, മൂല്യവത്തായ കൃതികൾക്കിടയിലെ കൃമികളാണെങ്കിലും ചില സാമ്പത്തികനേട്ടങ്ങൾ വരുത്തുന്നവയാണ്. ജീവിതചക്രം മുന്നോട്ടുപോകാനുള്ള ചില ചെപ്പടി വിദ്യകൾ! ഇന്ന് എഴുത്തുകാരന്റെ ജീവിതം താരതമ്യേന ഭേദമാണ്. സ്വന്തം കൃതികളും പേറി വിൽക്കാൻ നടന്നവരുടെ കൂട്ടത്തിൽ ഒരു കാലത്ത് മഹാകവി വള്ളത്തോൾ പോലുമുണ്ടായിരുന്നെന്നാണറിവ്.

സാഹിതീസപര്യകൊണ്ട് ആബുവിന് കിട്ടിയ വരുമാനം വളരെ തുച്ഛമായിരുന്നു. എന്നാൽ എത്രയോ പുരുഷായുസ്സുകളെ ധന്യമാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ രചനകൾ. അത് വൈവിദ്ധ്യം കൊണ്ട് ശ്രദ്ധിക്കപ്പെട്ടു. അതിലെ വൈജ്ഞാനികമാനം ഉയർന്നതായിരുന്നു. മുസ്‌ലിംകളുടെ ഉന്നമനമായിരുന്നു അത് ലക്ഷ്യം വെച്ചിരുന്നത്. നവോത്ഥാന നായകനായിരുന്ന മുഹ്‌യിദ്ദീൻ ശൈഖിന്റെ ജീവചരിത്രവും ആ മഹാന്റെ പ്രശസ്ത കൃതിയായ 'ഫുതൂഹുൽ ഗൈബി'ന്റെ വിവർത്തനവും പതിനായിരക്കണക്കിന് കോപ്പികൾ വിറ്റു കാണും. പ്രസാധകന്മാരുമായി വിലപേശുന്ന സ്വഭാവം അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. ഓരോ കൃതിയുടെ രചനയിലൂടെ ലഭ്യമായ ആത്മ സായൂജ്യം നാണയക്കിലുക്കത്തേക്കാൾ നിർവൃതിദായകമായിരുന്നു. ഏതോ അശിക്ഷിതമായ കരങ്ങൾ ലോകപ്രശസ്തമായ "ഫതുഹുൽ മുഈൻ എന്ന കൃതി മലയാളത്തിലേക്ക് വിവർത്തനം ചെയ്തു വികൃതമാക്കിയതിനെ തന്റെ തൂലികസ്പർശത്താൽ വായിക്കാവുന്ന പരുവത്തിലാക്കിയപ്പോൾ ആബുവിനുണ്ടായ സന്തോഷം അപാരമായിരുന്നു!

ഒരു ഇടവേളയുണ്ടായിരുന്നു. അന്ന് പ്രസാധകന്മാർ ഗ്രന്ഥകർത്താക്കൾക്ക് തങ്ങളുടെ പ്രതിഫലമായി നൽകിയിരുന്നത് തുല്യവിലക്കുള്ള പുസ്തകമായിരുന്നു. മാസ്റ്ററുടെ ഇരുളടഞ്ഞ മുറിയിൽ നിന്നു അങ്ങിനെയുള്ള പുസ്തകങ്ങൾ വിറ്റുപോവുക സംഭവ്യമല്ലായിരുന്നു. അവയെല്ലാം അവിടെകിടന്നു പൊടി പിടിച്ചു ചുക്കിച്ചുളിയുമ്പോൾ പഴയ പുസ്തകങ്ങളാണെന്നു കരുതി പലരും എടുത്തുകൊണ്ടുപോകും. നിജസ്ഥിതി അറിയുന്ന അപൂർവ്വം ചിലർ ഇരട്ടി വില കൊടുത്തും വാങ്ങും. ചൂഷണങ്ങൾക്കു പല മുഖവുമുള്ള കാലത്ത് ജീവിച്ച പാവം എഴുത്തുകാരനായിരുന്നു, ആബു. "ലുഖ്മാനുൽ ഹക്കീമിന്റെ നൂറുപദേശങ്ങൾ"ക്കു നൂറു പൈസ പോലുമില്ലാത്ത ധന്യമായകാലമെന്നും ആ കാലം വിശേഷിപ്പിക്കപ്പെടുന്നു!

സൂഫിസത്തെപ്പറ്റി ആബു ധാരാളം എഴുതിയിട്ടുണ്ട്. അതിൽ സൂഫി വര്യന്മാരായ ഫരീദുദ്ദീൻ അത്താറിന്റെയും റൂമിയുടെയും ധാരാളം ഉദ്ധരണികൾ ഉണ്ടാവും. അദ്ദേഹത്തിന്റെ സൂഫി ആഭിമുഖ്യമുള്ള കൃതികളായിരുന്നു, ഫുതുഹുൽ ഗൈബും ഇസ്‌ലാമിന്റെ സൗന്ദര്യവും ഇച്ചയുടെ വിരുത്തങ്ങളും സൂഫിസം- ഒരു പഠനവും. ലൗകികസുഖാഡംബരങ്ങളോട് അദ്ദേഹത്തിന് നിശ്ശേഷം താല്പര്യമില്ലായിരുന്നു. ദാരിദ്ര്യം അദ്ദേഹത്തിന്റെ കൂട്ടുകാരനായിരുന്നുവെന്ന് പറയാം. അദ്ദേഹം വയറുനിറച്ച് ഒരു നേരമെങ്കിലും ഭക്ഷണം കഴിച്ച ദിവസങ്ങൾ വിരളമായിരുന്നു. അദ്ദേഹത്തിന്റെ മേശപ്പുറത്ത് കാണുക പലതരം പേനകളും ഡിക്ഷണറികളുമായിരിക്കും. പേനകൾ പലരിൽ നിന്നും സമ്മാനമായി വരുന്നവയാണ്. അതുമാത്രം എത്ര വിലകിട്ടിയാലും കൈവിടില്ല. ഇല്ലായ്മയും വല്ലായ്മയും അദ്ദേഹത്തിന്റെ ഇടത്തും വലത്തുമായി നടക്കുമ്പോഴും ആ ശിരസ്സ് ഉയർന്നുതന്നെ നിൽക്കും.

മലയാളഫാർമസി വൈദ്യർ എം.വി.മുഹമ്മദിന്റെ ചികിത്സാലയത്തിലെ ഒരു കൊച്ചു മുറിയിലായിരുന്നു "ആരോഗ്യ ബന്ധു" മാസികയുടെ ഓഫീസ്. വൈദ്യരുടെയും ഫാർമസിയുടെയും പേരും പ്രശസ്തിയും കേരളത്തിൽ മുഴുവനും പുറത്തും വിദേശത്തുപോലും വ്യാപിപ്പിച്ചത് "ആരോഗ്യ ബന്ധു"വായിരുന്നു. സഹപത്രാധിപരായിരുന്ന ആബു മാസ്റ്ററായിരുന്നു അതിന്റെ പിന്നിലെ ചാലകശക്തി. വൈദ്യരത്നം പി.എസ് വാരിയരുടെ "ധന്വന്തരി" ആരോഗ്യമാസികയെ പോലും പിന്നിലാക്കി ചുരുങ്ങിയ കാലം കൊണ്ട് കേരളത്തിലെ മിക്ക കുടുംബങ്ങളിലും "ആരോഗ്യ ബന്ധു" കടന്നുചെന്നു. കെട്ടിലും മട്ടിലും അത്യാകർഷകമായാണ് ആരോഗ്യ ബന്ധുവിന്റെ ഓരോ ലക്കവും പുറത്തിറങ്ങിയത്. പംക്തികൾ വൈവിധ്യം കൊണ്ട് ശ്രദ്ധിക്കപ്പെട്ടു. ഫാർമസിയുടെ ഉൽപ്പന്നങ്ങളായ പോത്തിൻ ദ്രാവകവും മദനമോഹന ലേഹ്യവും വാങ്ങി ഉപയോഗിക്കാത്ത വീടുകളില്ലെന്നായി. ഫാർമസി വൈദ്യർ കേരളത്തിലെ പ്രമുഖ ജില്ലാ ആസ്ഥാനങ്ങളിലെല്ലാം പോയി രോഗികളെ പരിശോധിക്കുന്ന സമ്പ്രദായവും "ആരോഗ്യ ബന്ധു" മാസികയിലൂടെ വളർത്തിയെടുത്തതായിരുന്നു. ഈ പ്രസിദ്ധീകരണത്തിന്റെ അസൂയാവഹമായ പ്രചാരം മനസ്സിലാക്കി വേറൊരു പ്രസിദ്ധീകരണാലയം തന്നെ തുടങ്ങിയാൽ തരക്കേടില്ല എന്നു വിചാരിച്ച് വൈദ്യർ തുടങ്ങിയതാണ് "അനീസ് പബ്ലിക്കേഷൻസ്". അതിന്റെയും ചാർജ്ജ് ആബു മാസ്റ്റർക്കു തന്നെ. ബന്ധങ്ങൾ ബന്ധനങ്ങളായി വരുന്നതിനെ പേടിച്ച ആബു മാസ്റ്റർ, ആത്മ സുഹൃത്തായ അപ്പുക്കുട്ടൻ വൈദ്യർക്ക് "ആരോഗ്യബന്ധു" മാസികയുടെ സഹപത്രാധിപസ്ഥാനം ഒഴിഞ്ഞുകൊടുത്ത് തന്റെ "മാനസികാരോഗ്യം" വീണ്ടെടുത്തു.

വടക്കേ മലബാറിലെ വ്യവസായ പ്രമുഖനായിരുന്ന എ.കെ. കുഞ്ഞിമായൻ ഹാജി ആബു മാസ്റ്ററെ പറ്റി അറിഞ്ഞത് അല്പം വൈകിയായിപ്പോയി. ആബുവിനെ വീട്ടിലേക്ക് കാറയച്ച് വിളിച്ചു വരുത്തി തന്റ "മൗണ്ട്

mappilaheritagelibrary.com

പ്ലസന്റ്"ബംഗ്ലാവിലിരുത്തി, സാമൂഹ്യപ്രശ്നങ്ങളും ലൗകിക കാര്യങ്ങളും ചർച്ചചെയ്തു. താൻ സുഖചികിത്സക്കു വേണ്ടി വെല്ലൂരിൽ പോകുമ്പോൾ മാസ്റ്ററെയും കൂടെ കൂട്ടി, പ്രമേഹരോഗത്തിന് വിദഗ്ധ ചികിത്സ ചെയ്തു കൊടുത്തു. രണ്ടു പേരും രണ്ടാഴ്ചയോളം വെല്ലൂരാശുപത്രിയിലെ അടുത്ത അടുത്ത കിടക്കയിൽ കിടന്നു. ആ വേളയിലാണ് മദ്ഹബുകൾ തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി ഹാജി സാഹിബ്, മാസ്റ്ററിൽ നിന്നു കൂടുതൽ വിവരങ്ങൾ മനസ്സിലാക്കിയത്. നാട്ടിൽ എത്തിയ ഉടനെ അതേപ്പറ്റി ഒരു ഗ്രന്ഥം രചിക്കണമെന്ന ഹാജിസാഹിബിന്റെ ആഗ്രഹം മുൻ നിറുത്തി, നൂറോളം പേജ് വരുന്ന ഒരു കൊച്ചുഗ്രന്ഥത്തിന് മാസ്റ്റർ രൂപം നൽകി. അത് ഏതോ പ്രസിദ്ധീകരണാലയക്കാർ വാങ്ങിക്കൊണ്ടു പോയെന്നാണ് മാസ്റ്ററുടെ ഓർമ്മ. അത് വേറൊരു രൂപത്തിൽ പിന്നീട് വെളിച്ചം കണ്ടതായും മാസ്റ്റർ പറയുന്നു. ഹാജിസാഹിബിനെ പറ്റി ആബു അനുസ്മരിക്കുന്നത് ഇങ്ങനെയാണ്. "അദ്ദേഹത്തിന്റെ വ്യക്തിത്വം അപഗ്രഥിച്ച് പഠിക്കുവാൻ ഞാൻ യത്നിച്ചിട്ടുണ്ട്. സ്തുതി പാഠകരുടെയും കെട്ടുകഥക്കാരുടെയും ശബ്ദങ്ങൾക്കും ഭാവനകൾക്കും ആ വ്യക്തിത്വത്തെ ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് പറഞ്ഞുകൂടാ. അസൂയാവഹമായ ആർജ്ജവവും പ്രതിസന്ധികളെ അഭിമുഖീകരിക്കാനുള്ള തന്റേടവും ലക്ഷ്യ പ്രാപ്തിയിലുള്ള അചഞ്ചലമായ ആത്മവിശ്വാസവുമാണ് ജ: കുഞ്ഞിമായൻ ഹാജി സാഹിബിനെ അസാധാരണ വ്യക്തിത്വത്തിന്റെ ഉടമയാക്കിത്തീർത്തിട്ടുള്ളതെന്നാണ് എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്."

അമ്പതുകഴിഞ്ഞ ആബുവെ പരിചയപ്പെടുമ്പോൾ എനിക്ക് മുപ്പതുവയസ്സ് പ്രായമേ ഉണ്ടായിരുന്നുള്ളൂ. ആദ്യമാദ്യം ഞങ്ങൾ തമ്മിൽ ഒരു കാര്യത്തിലും അഭിപ്രായ ഐക്യമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സുചിന്തിതമായ അഭിപ്രായങ്ങളോട് എന്റെ പക്വതയില്ലാത്ത സംസാരങ്ങൾ പലപ്പോഴും ഏറ്റുമുട്ടിയിരുന്നു. എന്റെ ഭാഗ്യത്തിന് സാധാരണ സംഭവിക്കാറുള്ള പൊട്ടിത്തെറി മാസ്റ്ററുടെ ഭാഗത്ത് നിന്നുണ്ടായില്ല. അദ്ദേഹം ഇരുപത് വർഷത്തെ പ്രായക്കുറവ് പരിഗണിച്ചിട്ടുണ്ടാകാം. ഞങ്ങളുടെ പൊതുസുഹൃത്തായ സി.പി ഉമ്മറുടെ ശാന്തമായ ഇടപെടലുകൾ ഞങ്ങൾക്കിടയിൽ സമാധാനാന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കും. മാസ്റ്ററുടെ സഹൃദയ സദസ്സിലേക്ക് പാർസി ഭാഷാപണ്ഡിതനായ കരുണാകരൻ മാസ്റ്ററോ ബഹുഭാഷാപണ്ഡിതനായ ആർ.എസ് പ്രഭുവോ ഉറുദു പണ്ഡിതനായ ഹനീഫ് മൗലവിയോ, ഡോക്ടർ സി.കെ കരീമോ കയറിവരുമ്പോൾ ഞാനും സി.പിയും മാളികമുകളിൽ നിന്നു മെല്ലെ ഇറങ്ങിവരും. മാസ്റ്റർ ക്രമേണ ആ സദസ്സിൽ കുറച്ചു നേരം ഇരിക്കാൻ എന്നെയും നിർബന്ധിച്ചു. ഒന്നും മിണ്ടാതെ, ആ സദസ്സിൽ നിന്നു കേട്ട ചർച്ചകളും സാരവത്തായ വാദങ്ങളും എന്നിലെ ഞാൻ എത്ര ചെറിയ മനുഷ്യനാണെന്ന് എന്നെ ബോധ്യപ്പെടുത്തി. ആബു മാസ്റ്ററുമായി സല്ലാപങ്ങളിൽ ഏർപ്പെട്ടവർ ക്രമേണ നല്ല പ്രസംഗകനോ എഴുത്തുകാരനോ ആയിത്തീരുമെന്ന് ആബു മാസ്റ്ററുടെ അടുത്ത സുഹൃത്ത് കോട്ടുളി അപ്പുക്കുട്ടൻ

വൈദ്യർ ഒരു ലേഖനത്തിൽ കുറിച്ചിട്ടത് ഓർമ്മയിൽ ഓടിയെത്തുന്നു.

ഞായറാഴ്ച വൈകുന്നേരങ്ങളിൽ ഞാനും സി.പി ഉമ്മറും ആബു മാസ്റ്ററും മാസ്റ്ററുടെ മാടത്തിൽ നിന്നിറങ്ങി കടപ്പുറത്ത് കാറ്റുകൊള്ളാൻ പോവുന്ന പതിവ് തുടങ്ങി. പ്രസിദ്ധമായ 'കപ്പപ്പാട്ടി'ന്റെയും "നൂൽമദഹ്" പാട്ടിന്റെയും കർത്താവും മതപണ്ഡിതനും ഹാസ്യസാമ്രാട്ടുമായിരുന്ന കുഞ്ഞായൻ മുസ്ല്യാർ അന്ത്യ വിശ്രമം കൊള്ളുന്ന പാലിശ്ശേരിയിലെ പഴയ ജുമുഅത്ത് പള്ളിക്ക് സമീപമുള്ള പൂഴി മണ്ണിലായിരിക്കും ഞങ്ങൾ ചെന്നിരിക്കുക. അപ്പോൾ ഓരോ മാപ്പിളപ്പാട്ടിന്റെ അർത്ഥവും സാരവും മാസ്റ്റർ ഞങ്ങളെകേൾപ്പിക്കും. സി.പി.ക്കു ഗസലുകളെപ്പറ്റിയും ഖവ്വാലിയെപറ്റിയുമായിരിക്കും പറയാനുണ്ടാവുക. ഞാൻ അടുത്തു വായിച്ച നിരൂപണങ്ങളെപ്പറ്റിയും കഥകളെപ്പറ്റിയും വാചാലനാവും. ചിലപ്പോൾ ഈസ്റ്റിന്ത്യാ കമ്പനിക്കാരുടെ ഇടിഞ്ഞുപൊളിഞ്ഞ കോട്ടയിലെ കൽസീറ്റുകളിലായിരിക്കും ചെന്നിരിക്കുക. വീരശൂര പരാക്രമിയായ പഴശ്ശിരാജാവിനെ കീഴടക്കാൻ ആർ. വെല്ലസ്ലി പടയൊരുക്കം നടത്തിയ ചരിത്രമാവും അപ്പോൾ മാസ്റ്ററിൽ നിന്നു കേൾക്കുക. പണ്ട് തലശ്ശേരി പട്ടണം കോട്ടയുടെ പിറകു വശത്തായിരുന്നെന്ന് ഹാമിൽട്ടൺ എന്ന ചരിത്രകാരൻ പറഞ്ഞിരുന്നുവത്രെ. ഇന്നത് മുൻ വശത്താണ്. കടലക്ക കൊറിച്ചിരുന്ന് സല്ലപിച്ചിരുന്ന സായംസന്ധ്യകൾ അങ്ങനെ സ്മൃതിമണ്ഡലത്തിൽ കടുംചുവപ്പുനിറം പൂശിനിൽക്കുന്നു.

അവസാനകാലത്ത് റമദാനിലെ അവസാനത്തെ പത്തുനാളുകളിൽ ആബു മാസ്റ്റർ ചെന്നിരുന്ന സ്ഥലമാണ് ഓടത്തിൽ പള്ളിയിലെ അകത്തളം. അവിടെ അത്യുഷ്ണകാലത്തും ശീതീകരിച്ച അന്തരീക്ഷമാണ്. കേയീ വംശ സ്ഥാപകനായ മൂസ്സക്ക സമ്പാദിച്ച മര ഉരുപ്പടികൾ കൊണ്ടു നിർമ്മിച്ച മനോഹരമായ പള്ളിയാണത്. പ്രാർത്ഥിച്ചും ദിക്ർ ചൊല്ലിയും ഖുർആൻ പാരായണം ചെയ്തും മാസ്റ്റർ അവിടെ ഏറെനേരം കഴിക്കും. 'അഹദവനു'മായുള്ള അഭിമുഖത്തിനു വേണ്ടി പൂർണ്ണമായി എഴുത്തും വായനയും നിറുത്തുന്ന പത്തു ദിവസങ്ങളാണത്.

രോഗാതുരനായി കഴിയുമ്പോഴായിരുന്നു ഒ.ആബുവെ തേടി കേരള സംഗീത നാടക അക്കാദമിയുടെ അവാർഡ് വരുന്നത്. മാപ്പിളസാഹിത്യത്തിനു വേണ്ടി അനർഘമായ സംഭാവനകളർപ്പിച്ചതിന്റെ പേരിൽ അക്കാദമിയുടെ സെക്രട്ടറി നേരിൽ വന്നുതന്നെ ക്ഷണിച്ചു. കൂടെപോകുന്ന ഒരാൾക്കുകൂടി എല്ലാ ചെലവും ഫ്രീ. സുഹൃത്തുക്കളെല്ലാം സ്നേഹപൂർവ്വം നിർബന്ധിച്ചതു കൊണ്ടും മാപ്പിളസാഹിത്യത്തിനു കിട്ടുന്ന അംഗീകാരമായതു കൊണ്ടും കൊച്ചിയിൽ പോയി അവാർഡ് സ്വീകരിക്കാൻ മാസ്റ്റർ തയ്യാറായി. ഞാനും ഒ.സുബൈറും കൂടെ പോയി. മാസ്റ്റർ വണ്ടിയിൽ കയറുമ്പോൾ മകൻ അഹ്മദ് ഒരു പൊതി കൈയ്യിൽ വെച്ചു കൊടുത്തു. പല നേരങ്ങളിലായി കഴിക്കേണ്ട ഗുളികകളായിരുന്നു അതിൽ. കൊച്ചിയിലെ നെഹ്റു മെമ്മോറിയൽ ടൗൺഹാളിൽ ആളുകൾ തിങ്ങിനിറഞ്ഞിരുന്നു. അറബിമലയാളം

mappilaheritagelibrary.com

വേരു പിടിച്ച സ്ഥലങ്ങളിൽ ഒന്നായിരുന്നല്ലോ, കൊച്ചി. മാസ്റ്റർ സ്റ്റേജിലേക്കു ആനയിക്കപ്പെട്ടപ്പോൾ എനിക്കും അദ്ദേഹത്തിന്റെ തൊട്ടു പിന്നിൽ കസേര തന്നു. മാസ്റ്റർക്കു പ്രസംഗിക്കാൻ വയ്യാത്തതുകൊണ്ട് അദ്ദേഹത്തിന്റെ മറുപടി പ്രസംഗം വായിക്കേണ്ട ഉത്തരവദിത്തം എനിക്കായിരുന്നു കിട്ടിയത്. എനിക്കു ചുറ്റും പ്രശസ്തരായ സാഹിത്യനായകന്മാരാണിരിക്കുന്നത്. പി. ഭാസ്കരൻ, വൈക്കം ചന്ദ്രശഖരൻ നായർ, ഉറൂബ്, എസ്.കെ പൊറ്റക്കാട്, എൻ.പി.മുഹമ്മദ്, പി.എൻ.എം ആലിക്കോയ എന്നിവർ. വൈക്കത്തിന്റെ മധുരമനോഹരമായ സ്വാഗതഭാഷണത്തിന്നുശേഷം എൻ.പി, ആബുവെ പരിചയപ്പടുത്തി. പി ഭാസ്കരൻ മാപ്പിള സാഹിത്യനായകനെ പൊന്നാട അണിയിച്ചു. അവാർഡ് പേടകവും നൽകി. സെക്രട്ടറി പ്രശംസാപത്രം വായിച്ചു. ഉറൂബിന്റെ അദ്ധ്യക്ഷപ്രസംഗത്തിനു ശേഷം എന്റെ ഊഴം. ഹൃദയസ്പൃക്കായ മറുപടി പ്രസംഗം മാസ്റ്റർ തന്നെ തയ്യാറാക്കിയതായിരുന്നു. ഞാനത് കഴിവതും അക്ഷരസ്ഫുടതയോടെ നിറഞ്ഞ സദസ്സിനു മുമ്പാകെ വായിച്ചു. പൊന്നാട ചാർത്തുമ്പോൾ കേട്ട കരഘോഷം പോലുള്ള ഒരു ആരവം മാസ്റ്റർ അതുവരെ ജീവിതത്തിൽ കേട്ടിരിക്കില്ല. തികച്ചും വികാരവിവശനായ അദ്ദേഹം വേദനകൾ കടിച്ചിറക്കി അവസാനം വരെ സ്റ്റേജിൽ ഇരുന്നു.

സാഹിത്യകാരന്മാരെല്ലാം ആബുവിന്റെ ചുറ്റുംകൂടി അഭിനന്ദനങ്ങളുടെ പൂക്കൂട ചൊരിഞ്ഞു. ഞങ്ങൾക്ക് തിരിച്ചുപോകാൻ എറണാകുളം വരെ കാർ ഏർപ്പാട് ചെയ്തിരുന്നു. കൊച്ചി കായലിലെ കുളിർകാറ്റ് അദ്ദേഹത്തെ തലോടി. താലപ്പൊലിയേന്തി നിൽക്കുന്ന പോലെ രണ്ടുഭാഗത്തും നിരന്നു നിന്ന വിളക്കുകാലുകൾ പ്രകാശരശ്മികൾ വാരിവിതറി. കഷ്ടിച്ച് രണ്ടുകൊല്ലമേ പിന്നെ ആബു ജീവിച്ചുള്ളൂ.

ആബുവിന്റെ കലാഹൃദയം നല്ലപോലെ തൊട്ടറിഞ്ഞത് തലശ്ശേരി മുസ്ലിം അസോസിയേഷൻ പ്രവർത്തകരായിരുന്നു. അവർ "ആബുസ്മാരക ഗ്രന്ഥ"ത്തിലൂടെ സ്വരൂപിച്ച ഇരുപതിനായിരത്തോളം ഉറുപ്പിക അദ്ദേഹത്തിന്റെ കുടുംബത്തിനു നൽകി. ഒ.ആബു കൃതികളിലൂടെ ജീവിക്കുന്നു; ആ സ്മരണികയിലൂടെയും.

***** ***** *****

ഗുരുശിഷ്യബന്ധത്തിന്റെ അനുപമ ചക്രവാളം

ആധുനിക മലയാള ഗദ്യത്തിന്റെ വളർത്തച്ഛൻ എന്നറിയപ്പെടുന്ന മൂർക്കോത്ത് കുമാരന്റെ ശിഷ്യനായാണ് ഒ.ആബു അറിയപ്പെടുന്നത്. മൂർക്കോത്തിന്റെ ശൈലിയെ മഹാകവി ഉള്ളൂർ വിശേഷിപ്പിച്ചത്, 'ശ്രവണ സുന്ദര മായ സംഗീതം' എന്നാണ്. തന്റെ രചനയെപ്പറ്റി മൂർക്കോത്ത് പറഞ്ഞത് ഇങ്ങിനെയാണ്: "ഞാൻ ചിലതെഴുതി; അത് ചിലരെ മുഷിപ്പിച്ചു. അവർ എന്നെ കുത്തിയെഴുതി. ഞാനും കുത്തിയെഴുതി. ഇങ്ങനെ കമ്പിളിക്കെട്ട് ഞാൻ വിട്ടിട്ടും എന്നെ വിടുന്നില്ലെന്ന് പറഞ്ഞപോലെ, ഞാൻ സാഹിത്യസ മുദ്രത്തിൽ കിടന്നു അലമുറിച്ചു നീന്തിക്കളിപ്പാൻ ഒരു വിധം പഠിച്ചു എന്നേ ഉള്ളൂ." ഉരുളക്കുപ്പേരി കൊടുക്കുന്ന പോലെ എതിരാളികളുടെ വാദമുഖ ങ്ങളെ നേരിടുന്നത് ആബു വശമാക്കിയത് തന്റെ ഗുരുവിൽ നിന്നായിരിക്ക ണം. വിവർത്തനത്തിന്റെ പല സാങ്കേതിക വശങ്ങളും ആബു മനസ്സിലാ ക്കിയത് ഗുരുവിൽ നിന്നു തന്നെ. ജോൺസന്റെ 'റാസലസിന്' തത്ത കണാ രൻ രചിച്ച ഒരു വിവർത്തനമുണ്ട്- 'രസലേശിക'. അതിന് മൂർക്കോത്ത് എഴുതിക്കൊടുത്ത അവതാരിക തർജ്ജമക്കിറങ്ങുന്നവർക്കെല്ലാം പ്രയോജ നപ്പെടും. ആ അവതാരികയിൽ നിന്ന്: "ഏതു വാക്യത്തിന്റെയും ജീവൻ അതിലെ ആശയമാകുന്നു. വാക്കുകൾ ആശയത്തിന്റെ ഭൃത്യരേ ആകുന്നു ള്ളൂ. ആശയത്തിന്മേലായിരിക്കണം പരിഭാഷകന്റെ നോട്ടം. മൂലക്കാരന്റെ ഹൃദയവുമായി പൂർണ്ണപരിചയം സമ്പാദിക്കുക. അത് കിട്ടിയെന്നു തീർച്ച യായാൽ, അപ്പോൾ മാത്രം അത് നിങ്ങളുടെ ഭാഷയിലാക്കാൻ കഴിയുന്ന ഉത്തമമാർഗ്ഗം ഏതെന്ന് ആലോചിക്കുക. ഇങ്ങിനെ ചെയ്യുന്നതിൽ മൂലഗ്ര ന്ഥത്തിലെ പദാനുക്രമങ്ങളെ കഴിയുന്നത്ര അനുസരിക്കേണ്ടതുണ്ട്. രണ്ടാ മത്തെ ഭാഷയിലെ ശൈലീവിശേഷങ്ങൾക്ക് അൽപംപോലും ഊനം വരു ത്തിക്കൂടാത്തതുമാകുന്നു." തന്റെ ഗുരുവിന്റെ ഉപദേശ നിർദ്ദേശങ്ങൾ

mappilaheritagelibrary.com

ആത്മാർത്ഥമായി അനുസരിച്ചതുകൊണ്ടാണ് ആബുവിന്റെ വിവർത്തനങ്ങൾ കുറ്റമറ്റതായത്. ഇസ്‌ലാമിന്റെ സൗന്ദര്യം, ഇസ്‌ലാം വഴിത്തിരിവിൽ, ഖുർആൻ പഠനത്തിന് ഒരു മുഖവുര, അൽഹിജാബ് എന്നീ കൃതികളുടെ വായനയിൽ അനുഭവവേദ്യമാകുന്നത് വിവർത്തനത്തിലെ ഇപ്പറഞ്ഞ കുലീ നത യാകുന്നു.

ഗുരുവും ശിഷ്യനും തമ്മിൽ നടന്നിട്ടുള്ളത് ഒരു തരം ആദാന പ്രദാന പ്രക്രിയയാണെന്നു വേണം നിനക്കാൻ. ഒരു പരിഷൽ സമ്മേളനത്തിൽ മൂർക്കോത്ത് പ്രസംഗിച്ചതു ശ്രദ്ധിച്ചാൽ തോന്നും അത് ആബുവിന്റെ ആശ യങ്ങളാണെന്ന്. "കുറേക്കാലം കഴിഞ്ഞാൽ ആ പദങ്ങൾ സ്വന്തമാണെന്ന് ധരിച്ചു പോകുമാറ് അതാത് ഭാഷയുമായി ഇഴുകിച്ചേരുകയും ചെയ്യും. മല യാളത്തിലേക്ക് ഇങ്ങനെ ഹിബ്രു, പേർസ്യൻ, അറബി എന്നീ ഭാഷകളിൽ നിന്ന് കടന്നുകൂടിയ പദങ്ങൾക്ക് ഒരു കയ്യും കണക്കുമില്ല. ഉദാഹരണത്തിനു "മുഖദാവിൽ" എന്ന പദം സംസ്കൃതത്തിന്റെ മുഖത്തിൽ നിന്നു വന്നതാ ണെന്ന് വിശ്വസിക്കുന്നവരുണ്ടാകാം. ഇത് "മുഖ്ത്താബിൽ' എന്ന അറബി പദത്തിന്റെ മലയാള തൽഭവമാണ്. സിറിയൻ ഭാഷയിൽ നിന്നു വന്ന "മൈത്രാൻ" ആരാണെന്ന് ഏറെക്കുറെ എല്ലാവർക്കുമറിയാം. "കീശയിലോ" "കീസയിലോ" ഉറുപ്പിക ഇടേണമെങ്കിൽ സിറിയക്കാരുടെ ഒത്താശവേണം. അറബിക്കാരോടാണ് നമ്മൾ ഒരു പാട് കടപ്പെട്ടിരിക്കുന്നത്. "മുൻഷിയും" 'മുൻസീപ്പും' അറബിയിൽ നിന്നുതന്നെ വന്നതാണ്. "ഖജാന' യുടെ അവ കാശവും അവർക്കാണത്രെ. 'ചെയ്ത്താനെ'യും, 'ഇബ്‌ലീസിനെ'യും കൊണ്ടുവന്നവർക്ക് 'റാക്കു' കൊണ്ടുവരാൻ എന്തുമടി? 'തകരാർ' ഉണ്ടെ ങ്കിൽ അതും അറബികളുടേതാണ്. 'ജാസ്തി' യുണ്ടെങ്കിൽ അതും 'ബാക്കി'യാവുകയുമാണെങ്കിൽ അതും അറബികളുടേതാണ്. ആബുവിന്റെ 'മാപ്പിളസാഹിത്യത്തിന്റെ ഉൽപത്തിയും വളർച്ചയും' പോലുള്ള ലേഖനങ്ങൾ വായിച്ചവർക്കു തോന്നുക, മൂർക്കോത്തിന്റെ ജിഹ്വയിലൂടെ ആബുവാണ് സംസാരിച്ചതെന്നാണ്.

മൂർക്കോത്ത് കുടുംബത്തിന്റെ ഉറ്റ ബന്ധുവായിരുന്നു ആബു. ആ ബന്ധുത്വമാകട്ടെ ഏകദേശം സാമ്യമുള്ള അഭിലാഷങ്ങളും അഭിരുചികളും ആദർശങ്ങളും അന്യോന്യം ഉൾക്കൊണ്ടതുമായിരുന്നു. "ശ്രീ നാരായണന്റെ ഏകലോകം" എന്ന കൃതിക്ക് അവതാരിക എഴുതിയ മൂർക്കോത്ത് കുഞ്ഞ പ്പയുടെ വാക്കുകളിൽ "ശ്രീ നാരായണഗുരുവിന്റെ ജീവിതമാകുന്ന സന്ദേ ശത്തെ നരവംശ ചരിത്രത്തിന്റെ ഏടുകളിൽ വെച്ചു ഘടിപ്പിച്ച് , ശാസ്ത്രീയ സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ പരിശോധിച്ച്, സാമ്പത്തിക വ്യവസ്ഥക ളെപ്പറ്റിയുള്ള വാദങ്ങളുമായി തട്ടിച്ചുനോക്കി, മതങ്ങളുടെ താരതമ്യ പഠനം കൊണ്ട് സാധൂകരിച്ച് എഴുതിയിരിക്കുന്ന ഈ ഉപന്യാസം ഒരു യഥാർത്ഥ വിശ്വാസിയായ മുസ്‌ലിമാണ് വിരചിച്ചത്, എന്നുള്ളതിൽ പ്രത്യേകമായൊരു ഔചിത്യവും രസവുമൊക്കെയുണ്ട്... എല്ലാ മതങ്ങളെയും ഞാൻ ഒരു പോലെ ബഹുമാനിക്കുന്നു; എനിക്കു മതമില്ല, എന്നു പറയുന്നവരെക്കാളും

ആത്മാർത്ഥതയും അർത്ഥവുമുള്ളത്, എന്റെ മതത്തോട് എനിക്കു ബഹുമാനവും അതിൽ എനിക്കു വിശ്വാസവും ഉള്ളതുകൊണ്ട്, ഞാൻ എല്ലാ മതങ്ങളെയും ബഹുമാനിക്കുകയും, അവയെ ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു എന്നു പറയുന്നതിലാണ് കിടക്കുന്നത്.” ആബുവിന്റെ ഇസ്‌ലാം മതത്തിലുള്ള അചഞ്ചല വിശ്വാസത്തെപ്പറ്റി നല്ലപോലെ അറിയുന്നതു കൊണ്ടായിരിക്കുമല്ലോ കുഞ്ഞപ്പയുടെ വളച്ചുകെട്ടില്ലാത്ത ഈ പ്രസ്താവം.

ശ്രീ നാരായണനെ കേട്ടറിഞ്ഞ് അദ്ദേഹത്തെ സന്ദർശിച്ചവരിൽ സ്വാമി വിവേകാനന്ദനും ഗാന്ധിജിയും ഉൾപ്പെടുമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതവും തത്ത്വചിന്തയും ഈ മഹാരഥന്മാരിൽ വളരെ മതിപ്പുളവാക്കി. തീർച്ചയായും ഒരു സമുദായ പരിഷ്കർത്താവും ഒരു സമുദ്ധാരകനുമായിരുന്ന ഈ സന്യാസി വര്യൻ. ഹിന്ദുമതത്തെ ഇസ്‌ലാമിക സിദ്ധാന്തങ്ങളുമായി അടുപ്പിക്കുന്നതായിരുന്നു. ശ്രീ നാരായണ ഗുരു സന്ദേശം. ോഗാന്ധിയിലൂടെയും ഇഖ്ബാലിലൂടെയും ശ്രീ നാരായണന്റെ സങ്കല്പത്തിലെ ഏക മനുഷ്യനിലും ഏകലോകത്തിലും എത്തുക എളുപ്പവുമായിരുന്നു.

മഹാശയന്മാർ എല്ലാവരും മാനവികൈക്യത്തിൽ ഊന്നിയാണ് തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിച്ചിട്ടുള്ളതെന്നാണ് ആബുവും വിശ്വസിക്കുന്നത്. ദൈവത്താൽ നിയുക്തരാകുന്ന സാമൂഹ്യ പരിഷ്കർത്താക്കളും ചിന്തകരും തത്ത്വജ്ഞാനികളും കവികളുമെല്ലാം അവരുടെ ദൗത്യ നിർവ്വഹണം ആദ്യം തങ്ങളുടെ ചുറ്റുപാടിലാണ് നടത്തുന്നത്. പിന്നെ അതിരുകൾക്കപ്പുറത്തുള്ളവരും അത് ശ്രദ്ധിക്കുന്നു. അതിരുകൾ ഇല്ലാത്ത ഒരു ലോകത്തിലെ ഉത്തമ പൗരന്മാരായി ലോകം അവരെ അംഗീകരിക്കാൻ അൽപം വൈകുന്നുവെന്നു മാത്രം. തന്റെ ഗുരുക്കളായ ഇഖ്ബാലും ശ്രീനാരായണ ഗുരു സ്വാമികളും ആദ്യമാദ്യം എതിർപ്പുകളും ബഹിഷ്കരണങ്ങളും അനുഭവിച്ചവരായിരുന്നു. കാലഘട്ടങ്ങൾ മുന്നോട്ടു പോയപ്പോൾ അവർ മഹാപുരുഷന്മാരായി. ഇഖ്ബാലിനെയും ശ്രീനാരായണ ഗുരുവിനെയും ഹാലിയെയും ഇബ്നുഅറബിയെയും പറ്റി ആബു ധാരാളം എഴുതി. മഹാന്മാരായ എല്ലാവരുടെയും കുട്ടിക്കാല ജീവിതത്തിലേക്കും അദ്ദേഹം കൗതുകത്തോടെ തിരിഞ്ഞുനോക്കിയിട്ടുണ്ട്. ഇഖ്ബാലിന്റെ ശിക്വയും ജവാബെ ശിക്വയും അദ്ദേഹം മലയാളികൾക്ക് പരിചയപ്പെടുത്തിത്തന്നിട്ടുണ്ട്. അല്ലാഹു മുസ്‌ലിം സമുദായത്തെ അവഗണിക്കുന്നതിലുള്ള പരിഭവങ്ങളായിരുന്നു ഇഖ്ബാലിന്റെ ശിക്വഃ. അല്ലാഹുവിന്റെ ആജ്ഞകൾ അക്ഷരംപ്രതി അനുസരിച്ച്, ലോകത്തിന്റെ എല്ലാ കോണുകളിലും പാഞ്ഞെത്തി, തൗഹീദിന്റെ ദൗത്യം ആത്മാർത്ഥമായി നിർവ്വഹിച്ച തങ്ങളുടെ നേർക്കോ ഇത്രമാത്രം കടുത്ത അവഗണനയും അവജ്ഞയും നിന്നിൽ നിന്നു കിട്ടിവരുന്നതെന്നുള്ള ആവലാതികളാണ് മുസ്‌ലിംകളുടെ പ്രതിനിധിയെന്ന നിലയിൽ ഇഖ്ബാൽ ദൈവത്തിന്റെ മുന്നിൽ വെക്കുന്നത്. അതുകേട്ട് മുസ്‌ലിം സമുദായം തന്നെ ഞെട്ടി. ഇത്ര കടുത്ത ഭാഷയിൽ അല്ലാഹുവെ ആക്ഷേപിക്കുന്ന കവിക്ക് കാഫിറിന്റെ സ്വരമാണുള്ളതെന്നായിരുന്നു മുസ്‌ലിം സമുദായം മുദ്രയടിച്ചത്.

mappilaheritagelibrary.com

എതിർപ്പുകളുടെ അഗ്നി ആളിപ്പടരട്ടെ എന്ന് ഇഖ്ബാലും നിനച്ചു. ഇഖ്ബാലിന്റെ ഘനഗംഭീരമായ മൗനം സമുദായത്തെ സർവ്വവിധത്തിലും ചൊടിപ്പിച്ചു. ഇഖ്ബാൽ തലതിരിഞ്ഞ ഒരു കവിയാണ്; അയാളുടെ ചിന്തകൾ മധുരത്തിൽ പൊതിഞ്ഞ പാഷാണമാണെന്നും മുൻവിധികൾ വന്നു. ഇഖ്ബാലിനെ ഒരു നാസ്തികനായും സമുദായം തെറ്റിധരിച്ചു. ഇഖ്ബാൽ ഒരാൾക്കു മാത്രമേ ആ പരാതികൾക്ക് മറുപടി പറയാനാവൂ എന്ന് ഒരു ദശകത്തിന്റെ വിടവിന്നു ശേഷം ഇഖ്ബാൽ തെളിയിച്ചു. ഇന്ന് ആ “ആവലാതികളും ആവലാതികൾക്കുള്ള മറുപടിയും” നാം ഒരുമിച്ച് പ്രസിദ്ധീകരിച്ചും വേഗത്തിൽ വായിച്ചു തീർത്തും ആശ്വാസം കൊള്ളുന്നു. ഇഖ്ബാലിന്റെ “ശിക്വ” വായിച്ച് വർഷങ്ങളുടെ പരിചിന്തനകൾക്കും, ചർച്ചകൾക്കും ശേഷം മാത്രമേ ജവാബെശിക്വ വായിക്കാവൂ എന്നുള്ള ഒരു നൂതനാശയം ആബു മുന്നോട്ടു വെച്ചിരുന്നു. മുസ്‌ലിംകൾ ഇഖ്ബാലിന്റെ ‘നയാശിവാല’ വായിച്ച് ഇനിയും സംശയം തീരാത്തവരാണെന്നും ആബു പറയുമായിരുന്നു. ‘നയാശിവാല’യിൽ വേദവിശാരദനായ വിപ്രനെ അഭിസംബോധന ചെയ്തു പറയുകയാണ്: “നിങ്ങൾക്ക് വെറുപ്പു തോന്നുകയില്ലെങ്കിൽ ഒരു സത്യം തുറന്നു പറയാം- പരസ്പരം വൈരം വെക്കാനാണ് പഠിപ്പിക്കുന്നതെങ്കിൽ നിങ്ങളുടെ വിഗ്രഹങ്ങൾ പഴഞ്ചനായിപ്പോയിരിക്കുന്നു. പരസ്പരം പഴിപറയുകയും വൈരം വർദ്ധിപ്പിക്കുകയും ചെയ്യുന്ന ‘വഅളു’ (രാപ്രസംഗങ്ങൾ) കേൾക്കുമ്പോൾ ഞാനും പള്ളികളെയും ഹറമിനെയും ഒഴിവാക്കാൻ നോക്കുകയാണ്. സാലഭഞ്ജികകളിൽ ദൈവമുണ്ടെന്ന് വിശ്വസിക്കുന്നവരാണ് നിങ്ങൾ; എന്റെ ദേശത്തിന്റെ ഓരോ തരി മണ്ണിലും ദേവതയുണ്ടെന്നു വിശ്വസിക്കുന്നവനാണ്, ഞാൻ. നമുക്ക് രണ്ടുപേർക്കും അപരിചിതത്വത്തിന്റെ മുഖാവരണം നീക്കാം. വേർപിരിഞ്ഞ എല്ലാ മനുഷ്യസഹോദരങ്ങളെയും ഒന്നിപ്പിക്കാം. നന്മകൾ കോരി നിറക്കാതെ ഹൃദയങ്ങളെല്ലാം മരുഭൂവായിപ്പോകുന്നു. വരൂ, നമുക്കൊരു പുതിയ ക്ഷേത്രം പണിയാം. എല്ലാ തീർത്ഥാടന കേന്ദ്രങ്ങളിലും മികച്ച ഒരു തീർത്ഥാടനകേന്ദ്രമാണത്. അതിന്റെ താഴികക്കുടം മാനം മുട്ടണം. എല്ലാ പ്രഭാതത്തിലും നമുക്കെല്ലാമൊരുമിച്ചിരുന്ന് മന്ത്രമാലപിക്കാം. എല്ലാ പൂജാരികളെയും സ്നേഹത്തിന്റെ മധു രുചിപ്പിക്കാം. യഥാർത്ഥ ഭക്തന്മാരുടെ ഗീതങ്ങളിൽ ശക്തിയും ശാന്തിയും ചോർന്നു പോയിട്ടില്ലെന്ന് ബോധിപ്പിക്കാം. സുഹൃദ് ബന്ധങ്ങളിലാണ് എല്ലാ യുക്തിയും കുടികൊള്ളുന്നത്.” ശ്രീനാരായണ ഗുരുവും കേൾപ്പിക്കാനുദ്ദേശിച്ചത് ഇതുതന്നെയാണ് എന്ന് ആബു വിശ്വസിക്കുന്നു. വിഗ്രഹങ്ങൾക്ക് പ്രാധാന്യം കൽപിക്കാത്ത സ്നേഹതീർത്ഥങ്ങൾ; അവിടെ എല്ലാ ജാതിമതസ്ഥന്മാരുടെയും ഹൃദയങ്ങൾ ഒന്നിക്കുന്നു. മാനവ സ്നേഹത്തിന്റെ മന്ത്രങ്ങൾ ഉരുവിട്ടു കേൾക്കുന്നു. അംബരചുംബിയായ, ഇഖ്ബാലിന്റെ ആശയമാണ് അരുവിപ്പുറത്തെ ശിവക്ഷേത്രം പണിയുന്നതിലൂടെ ഗുരു പ്രായോഗികയായി കാണിച്ചുതന്നതെന്ന് വിശ്വസിക്കുന്ന കൂട്ടത്തിലാണ് ഒ.ആബു. ഈ ഗ്രന്ഥകാരൻ കുടുസ്സായ മനസ്ഥിതിയുള്ള ഒരു പഴഞ്ചൻ സുന്നിയായ ‘കാക്ക’

യാണെന്ന് ധരിക്കുന്നവരുണ്ട്. മൂർക്കോത്ത് കുമാരൻ അതുകൊണ്ടാണ് പറഞ്ഞത് "ഇത് 'കാക്ക' വിളക്കല്ലാ, പെട്രോമാക്സ് ആണ്" എന്ന്.

'ഗുരുവിന്റെ ചിന്തകൾ ലോകമങ്ങോളമിങ്ങോളം വ്യാപിപ്പിക്കുന്നത് തൗഹീദിന്റെ സിദ്ധാന്തം പ്രചരിപ്പിക്കുന്നതിന് സമാനമാകുമെന്ന് ആബു ചിന്തിച്ചു. ശ്രീ നാരായണന്റെ അനുയായികൾ മഹത്തായ ഗുരുദർശനത്തെ അലംഭാവത്തോടെ കൈകാര്യം ചെയ്യുന്നത് മാനവകുലത്തോടു തന്നെ ചെയ്യുന്ന ക്രൂരതയാണെന്നും ആബു വിശ്വസിച്ചു. ലളിത സുന്ദരമായ ഒരു ആശയത്തിന്റെ മൂർച്ചയേറിയ ആയുധവും അതിന്നനുയോജ്യമായ സാഹിത്യ സമ്പത്തുമാണ് ഗുരുവിന്റെ ചുറ്റുമുള്ളത്. ജാതിവ്യവസ്ഥ കൊണ്ടും, പൗരോഹിത്യ മേധാവിത്വം കൊണ്ടും ചീഞ്ഞു നാറിയ കേരളമണ്ണിനെ ഉഴുതു മറിക്കുകയാണ് പണ്ട് മാലിക് ദീനാറും സംഘവും ചെയ്ത പോലെ ശ്രീ നാരായണ സംഘം ചെയ്യാൻ ശ്രമിച്ചത്. ആ ശ്രമം എവിടെയോവെച്ച് പാളിപ്പോകുന്നു. ജനതതികൾ വിദ്യാഭ്യാസം കൊണ്ട് പ്രബുദ്ധമാകണമെന്ന് ദീർഘദർശിയായ ഗുരു പറഞ്ഞ് മനസ്സിലാക്കിത്തന്നു. ആകാശം പോലെ പരന്ന ഒരു കാൻവാസായിരുന്നു അദ്ദേഹത്തിന്നുണ്ടായിരുന്നത്. "ഉൽഫുല്ലബാലരവി പോലെ കാന്തിമാ"നായിരുന്നു അദ്ദേഹം. അനന്തഷേണായിയെ പോലെയുള്ള ബ്രാഹ്മണന്, ആനന്ദ വർദ്ധനനായി ശ്രീ നാരായണ സംഘത്തിൽ ചേർന്നു പ്രവർത്തിക്കാൻ കഴിഞ്ഞു. അദ്ദേഹം ഉഴുതിട്ട മണ്ണിലായിരുന്നു എം.സി ജോസഫിനെപ്പോലുള്ളവരുടെ യുക്തിവാദം വേരോടിയത്. "മനുഷ്യന് മനുഷ്യത്വമാണ് ജാതി" എന്നു പറയുന്ന പ്രസ്ഥാനത്തോടടുക്കാൻ കുറ്റിപ്പുഴ കൃഷ്ണപ്പിള്ളക്കും തങ്ങൾ കുഞ്ഞു മുസ്ല്യാർക്കും വക്കം അബ്ദുൽ ഖാദർ മൗലവിക്കും എം.സി ജോസഫിനും സംശയിച്ചു നിൽക്കേണ്ടി വന്നിട്ടില്ല. ഇസ്ലാമിനും സനാതന ധർമത്തിനു തന്നെയും അപരിചിതമല്ലാത്ത ആശയമായിരുന്നു അത്. ഹിന്ദുവേദാന്തത്തിന്റെ മൗലികമായ ഒരു ദർശനം തന്നെയായിരുന്നു, സ്വാമിജി പൊടി തട്ടി പുറത്തെടുത്തത്. "നേടുന്നതിലല്ലാ നൽകുന്നതിലാണ്" ആനന്ദം കുടികൊള്ളുന്നതെന്ന് അദ്ദേഹം പറഞ്ഞു. "ഞാൻ എന്നും നീയെന്നുമുള്ള വിഭജനത്തിന്റെ മതിൽക്കെട്ടു തകർക്കാൻ" ആഹ്വാനം ചെയ്തു. പുരോഗതിയെ പറ്റി അദ്ദേഹത്തിന്റെ സങ്കൽപം 'നീതി സാർവ്വത്രികമാക്കുക' എന്നതായിരുന്നു. അധഃസ്ഥിതർ വിദ്യാഭ്യാസം കൊണ്ട് സമ്പന്നരാകണമെന്ന് ഗുരു ഉപദേശിച്ചു. 'ശ്രീനാരായണന്റെ ഏകലോകം' രചിക്കുമ്പോൾ മൂർക്കോത്ത് കുമാരനിൽ നിന്നു മനസ്സിലാക്കിയ ഗുരുവെപ്പറ്റിയുള്ള പാഠങ്ങളെല്ലാം ആബുവിന്റെ മനസ്സിൽ തളിരിട്ടു നിൽക്കുന്നുണ്ടായിരുന്നു. ശ്രീനാരായണ സ്വാമികളെപ്പറ്റി സ്വതന്ത്രമായ, ആഴത്തിലുള്ള പഠനങ്ങൾ അതിന്നു മുമ്പെ തന്നെ അദ്ദേഹം നടത്തിയിരുന്നു. പുതുമകൾ നിറഞ്ഞ ഒരു സമീപനം കൊണ്ട് ശ്രദ്ധേയമായതാണ് ആബുവിന്റെ ഗുരു കൃതി. അനേകം ഗുരുശിഷ്യന്മാർ നോക്കിക്കണ്ട രീതിയിലല്ല, ആ രചന. ആബു, പുരാതന യവനസംസ്കാരത്തെ തള്ളിക്കൊണ്ട് യുക്തിപരമായ ഒരു നീതിശാസ്ത്രം മുന്നോട്ടു വെച്ച സോക്രട്ടീ

mappilaheritagelibrary.com

സിനോട് ശ്രീനാരായണഗുരു സ്വാമികളെ ഉപമിച്ചിട്ടുണ്ട്. "പെട്ടെന്ന് യുക്തിപരമായ ഒരു നീതിശാസ്ത്രം മുന്നോട്ടുവെച്ചതിലുള്ള പിശക് സോക്രട്ടീസിന്നു പറ്റിപ്പോയിട്ടുണ്ടെങ്കിലും ഗുരു ശീഘ്രഗതിയിൽ ചരിത്രത്തെ രൂപപ്പെടുത്താൻ ശ്രമിച്ചില്ല. പ്രസിദ്ധ നിരൂപകനായ കെ.പി അപ്പന്റെ വാക്കുകളിൽ "അദ്ദേഹം വിഗ്രഹങ്ങളിൽ നിന്ന് ഏകദൈവത്തിലേക്കും, ക്ഷേത്രങ്ങളുടെ സ്ഥാനത്ത് വിദ്യാലയങ്ങൾ എന്ന ആശയത്തിലേക്കും ജനതയുടെ ആഗ്രഹങ്ങളെ താളത്തിൽ ലയിപ്പിക്കുന്ന രീതിയാണ് സ്വീകരിച്ചത്." ദൈവ കേന്ദ്രമാനവികതയിലായിരുന്നു ഗുരുവിന്റെ നോട്ടമെന്ന് ആബു കണ്ടെത്തി. ഇതു മതങ്ങളുടെയെല്ലാം കേന്ദ്രബിന്ദുവായിരുന്നു. ആചാരങ്ങൾക്കപ്പുറം, അനുഷ്ഠാനങ്ങൾക്കപ്പുറം ഒരു ദൈവഹിതമാണ് മാനുഷികത. ഈ മാനുഷികതയെ കുഴിച്ചു മൂടിക്കൊണ്ട് നിലനിൽക്കാമെന്ന് ഒരു മതവും വ്യാമോഹിക്കേണ്ട. "ദാഹിച്ചു വലഞ്ഞ ഒരു നായക്ക് വെള്ളം കോരിക്കൊടുത്ത ഒരു സ്ത്രീയെ" സ്വർഗ്ഗാവകാശിയാണെന്നോതിയ മുഹമ്മദ് നബിയും മാനവികതയുടെ മഹത്തായ മാതൃക കാണിച്ചിട്ടുണ്ട്. അതുകൊണ്ട് നല്ലവരായ എല്ലാ മനുഷ്യരും ചേർന്നാണ്, ഈഴവൻ മാത്രമല്ല, ഗുരുവിന്റെ സന്ദേശം പ്രചരിപ്പിക്കേണ്ടതെന്ന സന്ദേശമാണ് ആബുവിന്റെ ഉൽകൃഷ്ട കൃതി നൽകുന്നത്.

ആദ്യമാദ്യം കവിതകൾ രചിച്ചിരുന്നു ശ്രീ മൂർക്കോത്ത് പിന്നെ ഗദ്യ രംഗത്ത് കാലുറപ്പിച്ചത്, തന്നെക്കാൾ മികച്ച കവിതകളെഴുതിയിരുന്ന കുമാരനാശാനുമായി അടുത്ത ബന്ധം പുലർത്തിയതു മുതൽക്കാണെന്നറിയുന്നു. കുമാരനാശാന്റെ "വീണപൂവ്" കുമാരന്റെ "മിതവാദി"യിലായിരുന്നു ആദ്യമായി പ്രസിദ്ധീകരിച്ചിരുന്നത്. "ശ്രീനാരായണ കിളിപ്പാട്ടി"ന്റെ രചനയും അദ്ദേഹം വേഗത്തിൽ നിർത്തി. ആദ്യത്തെ ആദ്ധ്യായമായ,"മഹായോഗി' മാത്രമേ എഴുതിപ്പൂർത്തീകരിച്ചിരുന്നുള്ളൂ. ഇതിനകം ഗദ്യരംഗത്തെ മഹാകവിയായി ഗദ്യകവിയായി - ശ്രീ മൂർക്കോത്തിനെ സാഹിത്യലോകം വിശേഷിപ്പിച്ചു തുടങ്ങിയിരുന്നു. വിവർത്തനരംഗത്തെയും അതുല്യ പ്രതിഭയായിരുന്നു ഈ സാഹിത്യനായകൻ. ഗുരുസ്വാമികളുടെ സംസ്കൃതത്തിലെ വേദാന്ത ഗ്രന്ഥം മലയാളത്തിൽ വിവർത്തനം ചെയ്തതാണ് 'ദർശനമാല'. പ്രസന്ന മധുരവും നർമ്മചടുലവുമായിരുന്നു മൂർക്കോത്തിന്റെ ഭാഷ. ആ ശൈലിയുടെ വായ്ത്തലക്കു നല്ല മൂർച്ചയുമുണ്ടായിരുന്നു. നെടുനാളത്തെ പത്രപ്രവർത്തനമായിരുന്ന അദ്ദേഹത്തിലെ ഗദ്യകാരനെ വളർത്തിക്കൊണ്ടുവന്നത്. 'കേരള ചിന്താമണി', 'മിതവാദി', 'ആത്മ പോഷിണി', 'വിദ്യാലയം', 'ധർമ്മം' 'ദീപം'-ഇതെല്ലാം അദ്ദേഹം പത്രാധിപത്യം വഹിച്ച പത്രങ്ങളായിരുന്നു. ഇതിൽ മിക്കതിലും തലകാണിക്കാൻ ആബുവിനും അവസരം കിട്ടിയിരുന്നു. മൂർക്കോത്ത് കൈകൾ പിന്നിൽ പിണച്ചു കെട്ടി പറഞ്ഞു കൊടുത്ത പല ലേഖനങ്ങളും മാറ്റത്തിരുത്തലുകൾ ഒന്നും വരുത്താതെ പത്രമാഫീസുകളിലേക്കെത്തിച്ചു കൊടുത്ത അനുഭവം ആബു അനുസ്മരിച്ചിട്ടുണ്ട്. മൂർക്കോത്ത് കൈവെക്കാത്ത സാഹിത്യ ശാഖയില്ലെന്നു പറയാം. 'നോവലു'കളെ നൂതന പ്രസ്ഥാനമായി ലക്ഷണ നിർണ്ണയം നടത്തിയത് അദ്ദേഹ

മാണ്. 'നോവൽ'എന്ന പദം മലയാള ഭാഷ, അതേ പേരിൽ സ്വീകരിക്കണ മെന്ന് ആദ്യമായി പറഞ്ഞതും അദ്ദേഹമായിരുന്നു. എന്നാൽ കീറ്റ്സിന്റെ വിശ്വപ്രസിദ്ധമായ 'ഇസബെല്ല' എന്ന വിഷാദാന്തമായ കൃതി, ആശാകുല യായി വിവർത്തനം ചെയ്തപ്പോൾ അന്ത്യത്തിൽ വരുത്തിയ മാറ്റങ്ങളുടെ പേരിൽ മൂർക്കോത്തും വിമർശനങ്ങൾ ഏറ്റു വാങ്ങിയിട്ടുണ്ട്.

മുർക്കോത്ത് കുമാരന്റെ പുത്രൻ കുഞ്ഞപ്പയെഴുതിയ പിതാവിന്റെ ജീവചരിത്രത്തിൽ, പിതാവിന്റെ ചില സന്തത സഹചാരികളുടെ പേരുകൾ എടുത്തു പറഞ്ഞ കൂട്ടത്തിൽ ഒ. ആബുവുമുണ്ട്. മറ്റു പ്രമുഖർ സ്വാമി ഗുരു പ്രസാദും ടി.യു.ഗോപാലനും എം.പി. ചാത്തുക്കുട്ടി റജിസ്ട്രാറും കുറുക്കൻ കണ്ടി അബ്ദുള്ളയും യു.കെ.കണാരി വൈദ്യരുമാണ്. ഇവർക്ക് ഓരോരു ത്തർക്കും പിതാവിനെപ്പറ്റി പല വസ്തുതകളും പറയാനുണ്ടാകുമെന്നും അദ്ദേഹം പറയുന്നു. ആബുവെ പറ്റി പ്രത്യേകമായി ഇങ്ങനെ പരാമർശി ക്കുന്നു: "മൂർക്കോത്ത് കുമാരൻ ഒരു പൗരപ്രധാനി" എന്ന വിഷയത്തിൽ ഒ.ആബു വിചാരിച്ചാൽ ഒരു ഗ്രന്ഥം തന്നെ എഴുതാൻ സാധിക്കും. ആബു, കുമാരൻ മാസ്റ്ററുടെ ശിഷ്യനും പലപ്പോഴും അദ്ദേഹത്തിന്റെ ലേഖനങ്ങൾ എഴുതിക്കൊടുത്ത യുവാവുമായിരുന്നു." മൂർക്കോത്ത് രാമുണ്ണി എഴുതിയ അനുസ്മരണക്കുറിപ്പിൽ അദ്ദേഹവും ആബുവും ഒരുമിച്ചു കളരിപ്പയറ്റ് അഭ്യ സിക്കാൻ പോയ കാര്യം പറയുന്നുണ്ട്. ആബുവിന്റെ താമസസ്ഥലമായ ചേറ്റം കുന്നിന്റെ അടുത്തുള്ള പള്ളിക്കുന്നിലെ ഒരു ഓലമേഞ്ഞ കൊച്ചു ഭവനമാ യിരുന്നു മൂർക്കോത്തിന്റെ തറവാട് ഭവനം.

ആബു തന്റെ മാർഗ്ഗദർശിയായ ഗുരുവെപ്പറ്റി എഴുതി: "ഞാനിപ്പോൾ ആരോഗ്യവാനല്ല. മൂർക്കോത്തിനെപ്പറ്റി ഓർക്കുമ്പോൾ എന്റെ ഈ അനാ രോഗ്യാവസ്ഥയിൽ പോലും എനിക്ക് ശാരീരികമായ ഒരു ഉണർവ്വും മാന സിക പ്രസരിപ്പും അനുഭവപ്പെടുകയാണ്. കൈകൾ പിന്നിൽ പിണച്ചു കെട്ടി, വായനാമുറിയിലൂടെ അങ്ങോട്ടുമിങ്ങോട്ടും ലാത്തിയും കൊണ്ടും, ചിലപ്പോൾ ഓഫീസ് മുറിയിലെ ചാരു കസേരയിൽ കിടന്നും അദ്ദേഹം എന്നെക്കൊണ്ട് ലേഖനങ്ങൾ പറഞ്ഞെഴുതിച്ചു പോരാറുള്ളത് ഇപ്പോൾ അടുത്തെങ്ങാനു മെന്നോ ആയിരുന്നുവെന്ന് തോന്നിപ്പോകുന്നു. ഗുണചിത്തനായിരുന്ന ആ നല്ല മനുഷ്യൻ അന്നാ രീതിയിൽ പരിശീലനം നൽകിയിരുന്നതിൽ നിന്ന് ഉയിർകൊണ്ടാണ് ഇന്നു ഞാൻ ഇത്രയെങ്കിലും കുത്തിക്കുറിച്ചെഴുതാൻ പ്രാപ്തനായത് എന്ന് ഞാൻ സ്മരിക്കുന്നു." താനെഴുതിയ "ശ്രീനാരായ ണന്റെ ഏക ലോകം" എന്ന കൃതി ശ്രീ മൂർക്കോത്ത് കുമാരന്റെ പാവന സ്മരണക്കാണ് ആബു സമർപ്പിച്ചത്. ഹൃദയസ്പർശിയായ ഏതാനും വാക്കു കളിലായിരുന്നു സമർപ്പണം. "എന്റെ ദുർബ്ബലമായ കയ്യിൽ തൂലിക പിടിപ്പി ക്കുകയും അത് ചലിപ്പിക്കേണ്ടത് എങ്ങിനെയെന്ന് എന്നെ പരിശീലിപ്പിക്കു കയും ചെയ്ത, മൺമറഞ്ഞു പോയ കേരളഭാഷാ ചക്രവർത്തി ശ്രീ മൂർക്കോത്ത് കുമാരൻ അവർകളുടെ പാവനസ്മരണയ്ക്ക്." പുസ്തകം പ്രസി ദ്ധീകരിച്ച വർക്കല ശിവഗിരി മഠത്തിലെ ശ്രീനാരായണ ധർമ്മസംഘത്തിന്

mappilaheritagelibrary.com

ഗ്രന്ഥകർത്താവിനെപ്പറ്റി പ്രസ്താവിക്കാനുണ്ടായിരുന്നത് ഇങ്ങനെയായിരു ന്നു. "സഹൃദയനും വിശാലാശയനുമായ മി. ആബുവിനെ ഞങ്ങൾ ഒരി ക്കലും മറക്കുന്നതല്ല. ഈ ഗ്രന്ഥത്തിന്റെ പകർപ്പവകാശം ശ്രീനാരായണ ധർമ്മസംഘത്തിലേക്ക് തന്നിട്ടുള്ളതിന് ഒരു കൃതജ്ഞത മാത്രമേ ഞങ്ങൾ രേഖപ്പെടുത്തുന്നുള്ളൂ."

1930-ലാണ് മൂർക്കോത്ത് കുമാരന്റെ "ശ്രീനാരായണ ഗുരു" പ്രസി ദ്ധീകരിച്ചത്. അക്കൊല്ലത്തെ ഏറ്റവും നല്ല മലയാള ഗ്രന്ഥം എന്ന നിലയ്ക്ക് ഗവർമേണ്ട് ഗ്രന്ഥകാരന് 400 ക സമ്മാനം നൽകി. ധാരാളം ഗ്രന്ഥങ്ങൾ വായിച്ച് പഠിച്ചെഴുതിയ യോഗാഭ്യാസത്തെപ്പറ്റിയുള്ള വിശദമായ ഒരു ലേഖനം ഈ ഗ്രന്ഥത്തിന് മാറ്റു കൂട്ടിയിരുന്നു. മൂർക്കോത്തിന്റെ "യാദവകൃഷ്ണ"നും മറ്റൊരു നിസ്തുല കൃതിയായിരുന്നു. സ്വർണ്ണമെഡലിന്നർഹമായ 'ശ്രീനാരാ യണന്റെ ഏകലോകം' എന്ന ആബുവിന്റെ സുദീർഘമായ ലേഖനം 1954-ലായിരുന്നു ശ്രീ നാരായണ ട്രസ്റ്റ്, പുസ്തക രൂപത്തിൽ പ്രസിദ്ധീകരി ച്ചത്.

തന്റെ ശ്രേഷ്ഠരായ അദ്ധ്യാപകരായി മൂർക്കോത്ത് കുമാരൻ മൂന്നു പേരെ പ്രത്യേകം ഓർമ്മിച്ചിരുന്നതായി ആബു പറയുന്നത് ശ്രീമാൻമാർ പന ങ്ങോടൻ രാമനെയും തത്തക്കണാരനെയും ബ്രണ്ണൻ കോളേജിലെ പ്രഫ സർ റസാരിയേയുമായിരുന്നു.

'ശ്രീനാരായണന്റെ ഏകലോകം' എന്ന കൃതി ആബുവിന്റെ ആദ്യ കാല കൃതികളിലൊന്നാവാനാണ് സാധ്യത. ശ്രീനാരായണ ട്രസ്റ്റ് ഈ കൃതി പ്രസിദ്ധീകരിക്കുന്നതിൽ അൽപകാലതാമസം വരുത്തിയിരിക്കാം. ഇഖ്ബാ ലിനെ ഉദ്ധരിച്ചു കൊണ്ടാണ് ഇതിൽ ഇസ്ലാമിക ആശയങ്ങൾ വ്യക്തമാ ക്കുന്നത്. ഇത്തരം ഒരു കൃതി രചിക്കുമ്പോൾ ആവശ്യമായ, അസാധാരണ മായ ആത്മ സംയമനം പാലിച്ചു കാണുന്നതിൽ ഗ്രന്ഥകാരനെ എത്ര ശ്ലാഘി ച്ചാലും മതിയാവില്ല. ശ്രീനാരായണൻ നിർദ്ദേശിച്ച മാർഗ്ഗം മതങ്ങളുടെ ഏക ലോകത്തിലേക്കുള്ളതല്ല, മനുഷ്യരുടെ ഏകലോകത്തിലേക്കുള്ളതാണെന്നു വ്യക്തമാക്കാൻ അദ്ദേഹം മടിക്കുന്നില്ല. അത് വിശ്വാസികളും സ്നേഹശീല രുമായ മനുഷ്യരുടെ ഏക ലോകമാണ്. ഗാന്ധിജിയെ ഉദ്ധരിച്ചു പറയുന്നു. "ഏകമല്ലാത്ത ഒരു ലോകത്തിൽ ജീവിക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല". കൺഫ്യൂഷസ്സ് കുറച്ചു കൂടി വിസ്തരിച്ചാണ് പറഞ്ഞത്. "മനുഷ്യ ജീവിതം തുല്യപ്രധാനങ്ങളായ മൂന്നു ലക്ഷ്യങ്ങളെ ഉന്നം വെച്ചു കൊണ്ടാണ് മുന്നേ റുന്നത്. ഒന്ന് തന്നോടും കുടുംബത്തോടുമുള്ള കടപ്പാട്; രണ്ട് രാഷ്ട്ര ത്തോടുള്ള കടപ്പാട്; മൂന്ന്, ലോകത്തോടുള്ള കടപ്പാട്." "ബുദ്ധിജീവികൾ ഭരിക്കുന്ന ഒരു ലോകത്തിനു വേണ്ടിയാണ് Republic എന്ന ഗ്രന്ഥത്തിൽ പ്ലാറ്റോവും വാദിച്ചത്." മതവും ഏകലോകത്തെ ഉന്നം വെക്കുന്നു; എന്നാൽ മതസ്ഥരുടെ ചലനത്തിൽ കൂടിയാണല്ലോ മതത്തെ കണ്ടെത്തുക. വഞ്ചക നായ മതസ്ഥനാണ് എപ്പോഴും കുറ്റക്കാരൻ. "സ്വന്തം താൽപര്യങ്ങളുടെ ആധിപത്യം വഹിക്കുന്ന തലപ്പാവ്, മതങ്ങളുടെ തലയിൽ വെച്ചുകെട്ടുവാൻ

മതസ്ഥൻ ഉത്സുകനായിരുന്നില്ലെങ്കിൽ അപശബ്ദങ്ങളുടെ ഈ കാലഘട്ടം ഉണ്ടാവിക്കുമായിരുന്നില്ല." ആബുവിലെ പഴയ സോഷ്യലിസ്റ്റ് പറയുന്നു. "മത ങ്ങളെല്ലാം ഉണ്ടാവിച്ചത് മർദ്ദിത വർഗ്ഗത്തിന്റെ ഉദ്ധാരണത്തിനു വേണ്ടിയാണ്. ചോരപ്പുഴയൊഴുക്കലും പട്ടിണിത്തീയ്യിൽ ദഹിപ്പിക്കലും മതങ്ങളുടെ സ്വഭാ വമല്ല. പരിപാടിയിലും മാർഗ്ഗത്തിലും വ്യത്യസ്ത സ്വഭാവമുണ്ടെന്നിരിക്കിലും ലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം മതങ്ങൾക്കെല്ലാം പരമമായ ഒരൈക രൂപ്യം ഉണ്ടെന്നുള്ള വസ്തുത നിഷേധിക്കാവുന്നതല്ല. ശ്രീനാരായണന്റെ ഏകലോക സങ്കൽപത്തിന് മതങ്ങൾ ഒരിക്കലും എതിരല്ല; മതസ്ഥരാണ് എതിര് നിൽക്കുന്നതെന്ന് പറയുന്നത് "മനുഷ്യനെ" മതസ്ഥർ പലപ്പോഴും 'ഉള്ളവനും ഇല്ലാത്തവനും', 'ഉത്തമനും അധമനും', 'ഉൽപാദിപ്പിക്കുന്നവനും അനുഭവിക്കുന്നവനും', 'തൊഴിലാളിയും മുതലാളിയും' ആയിട്ടാണ് കാണു ന്നത്. മതാധിപതികൾ വിലക്കു വാങ്ങപ്പെടുകയും, മത ഗ്രന്ഥങ്ങളും ശാസ്ത്ര ങ്ങളുമെടുത്ത കൈകളിൽ കനത്ത ഖജാനകളുടെ താക്കോലുകൾ എടുക്ക പ്പെടുകയും ചെയ്യുന്നതായി ഗ്രന്ഥകാരൻ ആരോപിക്കുന്നു. "ശ്രീനാരായണ സന്ദേശങ്ങളുടെ മൂല്യവും കാന്തിയും ഗ്രഹിപ്പാൻ മനുഷ്യമുന്നേറ്റത്തിന്റെ കഥകളുടെ പശ്ചാത്തലത്തിൽ അവ പരിശോധിക്കപ്പെടേണ്ടിയിരിക്കുന്നു." "മതങ്ങൾ ആത്മാവിനെക്കുറിച്ച് സംസാരിക്കുന്നു. സാധാരണക്കാരനാവട്ടെ, വിശപ്പിനെക്കുറിച്ചും. "മനുഷ്യന്റെ മുന്നേറ്റത്തിലുള്ള വിജയങ്ങളെല്ലാം തന്നെ ആന്തരികമായ പ്രവർത്തന ഫലങ്ങളായിരിക്കണം എന്നു മതം പ്രബലമായി സിദ്ധാന്തിക്കുന്നു." ഈശ്വരനെയും മതതത്ത്വങ്ങളെയും ബലികഴിച്ചുള്ള ഒരു മുന്നേറ്റത്തെയും അംഗീകരിക്കുന്ന ആളല്ല ആബു. ദൈവനിഷേധിയായ ഹെഗലിനെപ്പറ്റി ആബു എഴുതിയത് ഇങ്ങനെയാണ്. "അദ്ദേഹം പ്രപഞ്ച തത്ത്വത്തെ അന്വേഷിച്ചന്വേഷിച്ച് വൈരുദ്ധ്യവാദത്തിൽ കൂടി അവസാനം എത്തിച്ചേർന്നത് ഈശ്വരനിലാണ്. പ്രപഞ്ചത്തിന്റെ ആദി കാരണമായി ഒരു ശക്തിയുണ്ടെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. വൈരുദ്ധ്യ വാദത്തിന്റെ അവതാര കനായ ഹെഗൽ ആദർശവാദിയായി പരിണമിച്ചു."

ചിന്താപരമായ ചില സ്ഖലിതങ്ങളിൽ വീണു പോവുന്നെങ്കിലും വേഗം അതിൽ നിന്നു ഉയിർത്തെഴുന്നേറ്റു ശരിയായ ഇസ്ലാമിക ധാരയിലേക്ക് ആബു വരുന്ന കാഴ്ച "ശ്രീനാരായണന്റെ ഏകലോക"ത്തിൽ കാണാം. ആബുവിൽ നിന്നു വന്ന ഇസ്ലാമികമല്ലാത്ത ഒരു വാക്യമാണ്. "ദൈവാ ജ്ഞക്കുപരിയായി കാലത്തിന്റെ കൽപനയ്ക്ക് ആദം നബിയുടെ ഹൃദയ ത്തിൽ പ്രേരണ ചെലുത്തുവാൻ കഴിഞ്ഞതു നിമിത്തം അദ്ദേഹവും പത്നിയും സ്വർഗ്ഗത്തിൽ നിന്ന് ബഹിഷ്കരിക്കപ്പെട്ടു." 'കാലത്തിന്റെ കൽപ നയ്ക്ക്' എന്നത് ഒരു പക്ഷേ പ്രസാധകർ വരുത്തിയ പരിഷ്കരണമാകുമോ?.

"മതമേതായാലും മനുഷ്യൻ നന്നാകണം" എന്നതിനെ "മതമേതാ യാലും മനുഷ്യൻ നന്നായാൽ മതി" എന്നു പറയുമ്പോൾ വരുന്ന അർത്ഥ വ്യത്യാസത്തെപ്പറ്റി ആബു വേണ്ടത്ര ജാഗ്രത പുലർത്തിയിട്ടുണ്ട്. ഹിന്ദുവും ക്യസ്ത്യാനിയും മുസൽമാനും അവന്റെ മതാധിഷ്ഠിതമായ ജീവിതം നയിച്ചു

mappilaheritagelibrary.com

കൊണ്ടാവണം നല്ല മനുഷ്യനാകാൻ എന്ന ശാഠ്യം അദ്ദേഹത്തിന്റെ വരിക ളിൽ കാണാം. ഒരു സർവ്വ മത സമ്മേളനം വിളിച്ചുകൂട്ടിയ ശ്രീനാരായണ സ്വാമികൾ സമ്മേളനാനന്തരം പ്രസ്താവിച്ചത് ഇങ്ങനെയാണ്. "എല്ലാ മത ങ്ങളുടെയും പരമോദ്ദേശ്യം ഒന്നാണെന്നും ഭിന്നമതാനുയായികൾ തമ്മിൽ കലഹിച്ചിട്ടാവശ്യമില്ലെന്നും ഈ മതമഹാ സമ്മേളനത്തിൽ നടന്ന പ്രസംഗ ങ്ങൾ വെളിപ്പെടുത്തിയിരിക്കുന്നു." മനുഷ്യൻ തട്ടിക്കൂട്ടിയ 'ലീഗ് ഓഫ് നാഷൻസ്' പൊളിഞ്ഞുപോയത് ധാർമ്മികാടിസ്ഥാനം ഇല്ലാത്തതുകൊണ്ടാ യിരുന്നുവെന്നും ആബു ചൂണ്ടിക്കാട്ടുന്നു.

കാളിദാസന്റെ രചനകളെല്ലാം ഹിന്ദു ഇതിഹാസങ്ങളെയും പുരാണ ങ്ങളെയും അടിസ്ഥാനമാക്കിയായിരുന്നെങ്കിലും അദ്ദേഹത്തെ മഹാകവിയെ ന്നല്ലാതെ, ഹിന്ദു മഹാകവി എന്നാരും മുദ്രയടിച്ചില്ല. എന്നാൽ വിശ്വമഹാ കവി ഇഖ്ബാലിനെ ഒരു ഇസ്ലാമിസ്റ്റ് മാത്രമായി സാഹിത്യ ലോകം തെറ്റി ദ്ധരിച്ചിട്ടുണ്ട്. ഇഖ്ബാൽ, സർ ആർനോൾഡ് നിക്കൽസണ് എഴുതിയ കത്തിൽ തന്റെ നിലപാട് വിശദീകരിച്ചത് ഇങ്ങനെയാണ്: "എന്റെ തത്ത്വചിന്ത കൾ സാർവ്വജനീനമാണെങ്കിലും അവ പ്രത്യേക സമുദായത്തെ സംബോ ധന ചെയ്യുന്നതാകയാൽ സങ്കുചിതമായിപ്പോയിട്ടുണ്ടെന്ന താങ്കളുടെ ആക്ഷേപം ഒരു വിധത്തിൽ ശരിയാണ്. മനുഷ്യത്വത്തിന്റെ ലക്ഷ്യം സാർവ്വ ജനീനമായ വിധത്തിൽ ഞാനെന്റെ കവിതകളിൽ പ്രതിപാദിച്ചിരിക്കുന്നു. എന്നാൽ താദൃശലക്ഷ്യത്തെ കൂടുതൽ ഫലവത്താക്കിത്തീർക്കുന്നതിനും, പ്രായോഗിക ജീവിതത്തിലേക്ക് അതിനെ ആനയിക്കുന്നതിനും കവികളെ യോ തത്ത്വചിന്തകരെയോ സാർവ്വത്രികമായ രംഗം അവലംബിക്കുന്നതിന് നിർബന്ധിച്ചു കൂടാത്തതാകുന്നു. ഒരു സ്ഥിരമായ വിശ്വാസവും ഒരു നിശ്ചിത ജീവിത പദ്ധതിയും ഉൾക്കൊള്ളുന്ന ഒരു പ്രത്യേക 'സൊസൈറ്റിയെ' അവർ തങ്ങളുടെ പ്രബോധനരംഗമായി പരിമിതപ്പെടുത്തുകയും പ്രായോഗിക മാ തൃകകളാലും പ്രവർത്തനങ്ങളാലും പ്രസ്തുത പരിധിയെ വിശാലപ്പെടുത്തി ക്കൊണ്ടിരിക്കുകയും ചെയ്യും തദനുകൂലമായ ഒരു സൊസൈറ്റി എന്നെ സംബന്ധിച്ചേടത്തോളം മുസ്ലിം സമുദായമാണ്. "മനുഷ്യലക്ഷ്യത്തിന്റെ പുരോഗമന മാർഗ്ഗമദ്ധ്യേയുള്ള പാറക്കെട്ടുകളാകുന്ന വർഗ്ഗമാഹാത്മ്യ ത്തെയും വർണ്ണ വ്യത്യാസത്തെയും ഇസ്ലാം എപ്പോഴും വിജയപൂർവ്വം എതിർത്തിട്ടുണ്ട്. മനുഷ്യത്വത്തിന്റെ മഹാശത്രു പ്രസ്തുത വർഗ്ഗങ്ങളിലുള്ള വിശ്വാസമാകുന്നു. മനുഷ്യവർഗ്ഗത്തെ സ്നേഹിക്കുന്നവരുടെ പ്രധാന കർത്തവ്യം പിശാചിനാൽ നിർമ്മിതമായ പ്രസ്തുത വിശ്വാസത്തിന്റെ നേരെ സമരപതാക ഉയർത്തുകയാണ്. വർഗ്ഗീയത, (അതിന്റെ അടിസ്ഥാനം വർഗ്ഗം അല്ലെങ്കിൽ ഭൂപരമായ അതിരുകളാണ്) മുസ്ലിമീങ്ങളുടെ ഇടയിൽ വേരൂന്നി വരുന്നതായി ഞാൻ കാണുന്നു. അതുകൊണ്ട് ഞാൻ, ഒരു മുസൽമാന്റെ നിലയിലും, അതിലും വിശേഷിച്ചു മനുഷ്യാനുഭാവിയെന്ന നിലയിലും, അവ രുടെ യഥാർത്ഥ ലക്ഷ്യം സമസ്ത ജനതയുടെ അഭിവൃദ്ധിയും വികാസവു മാണെന്ന് അവരെ ഉണർത്തുവാൻ ആഗ്രഹിക്കുന്നു."

ഇഖ്ബാലിന്റെ അനുയായിയായ ആബുവും "ശ്രീനാരായണന്റെ ഏക ലോകം" എന്ന കൃതിയുടെ രചനയിലൂടെ "ഒരു മുസൽമാന്റെ നിലയിലും അതിലും വിശേഷിച്ച് മനുഷ്യാനുഭാവിയെന്ന നിലയിലും" തന്റെ ദൗത്യം നിർവ്വഹിച്ചിരിക്കുകയാണ്. മൂർക്കോത്ത് കുമാരന്റെയും കുട്ടികൃഷ്ണമാരാരുടെയും കുലീനമായ ഭാഷാശൈലി സ്വായത്തമാക്കി, വൈവിദ്ധ്യം നിറഞ്ഞ നാൽപതോളം കൃതികളിലൂടെ കേരള സാഹിത്യകാരന്മാരുടെ മുൻനിരയിൽ തന്നെ ഗണ്യമായ ഒരു സ്ഥാനം ആബു നേടിയെടുത്തിരിക്കുന്നു. ഒരായുഷ്കാലം മുഴുവനുമാണ് അദ്ദേഹം സാഹിതീ സേവനത്തിനു വേണ്ടി നീക്കിവെച്ചത്.

***** ***** *****

mappilaheritagelibrary.com

നേതൃസ്മൃതി

ഒ. ആബു

ഇബ്രാഹിം ബേവിഞ്ച
സി.ടി. ബഷീർ

ഉദാരമതികളായ പണ്ഡിതൻമാർ പോലും
'അശുദ്ധ'മെന്ന് വിളിച്ച് ഭാഷാ ഭേദങ്ങളെ
വിചാരണ ചെയ്ത കാലത്ത്
അറബിമലയാളത്തെ കുറിച്ച് അഭിമാനത്തോടെ
സംസാരിച്ചുകൊണ്ടിരുന്ന ഭാഷാസ്നേഹിയാണ്
ഒ.ആബു.
അദ്ദേഹത്തിന്റെ കർമ്മമണ്ഡലങ്ങളെല്ലാം
അക്ഷരങ്ങളുമായി ബന്ധപ്പെട്ടതായിരുന്നു.
ഒ.ആബുവിന്റെ സാഹിത്യശ്രമങ്ങളെ അടുത്തു
നിന്ന് പരിശോധിക്കുകയാണ് ഈ ഗ്രന്ഥത്തിന്റെ
ആദ്യഭാഗത്ത് ഇബ്രാഹിം ബേവിഞ്ച.
വ്യക്തി ജീവിതത്തിലേക്ക് വെളിച്ചം വീശുന്നു,
അനന്തരഭാഗത്ത് സഹപ്രവർത്തകനായിരുന്ന
സി.ടി. ബഷീർ.

ജീവചരിത്രം

2011

വില : 75.00

Grace books